

# സി. എം. ഐ. മിഷൻ അന്നും ഇന്നും

# സി. എം. ഐ. മിഷൻ
# അന്നും ഇന്നും

ACHARYA PALACKAL JEEVASS KENDRAM
LIBRARY
18021
ALWAYE

**C. M. I. GENERAL SECRETARIAT FOR EVANGELIZATION**
PRIOR GENERAL'S HOUSE
KARIKKAMURI, ERNAKULAM
**COCHIN - 682 011**

M/255-731 4
EDA

(Malayalam)
**C M I MISSION ANNUM INNUM**
General Secretariat for Evangelization

First Published 1984

Published by
**Fr. Norbert Edattukaran, C M I**
General Secretary for Evangelization

Copy right to
the Publisher

Printed at
K. C. M. Press, Ernakulam, Cochin-682 011

Copies 1000

# അവതാരിക

സഭ സത്താപരമായി പ്രേഷിത ബദ്ധയാണെന്നു് നമുക്ക റിയാം. സഭയിൽ നാം ചെയ്യുന്ന സന്ന്യാസ സമപ്പണം അതി ലേറെ ഉദാത്തമായി, സിദ്ധിപരമായി പ്രേഷിത ചൈതന്യം നിറഞ്ഞതായിരിക്കണം. ഈ അടിസ്ഥാനാദശ്ത്തിന്റെ ആനു കാലികമായ ഒരവതരണവും സാക്ഷാത്കാരവുമായിരുന്നു 1831-ൽ മാന്നാനം കുന്നിൽ സമാരംഭിച്ച പ്രഥമ ഏതദ്ദേശീയ സന്ന്യാസസഭയായ സി. എം. ഐ. ദർശനസമൂഹം. ദൈവ വചനം സദാപി ശ്രവിച്ച്, അഗാധമായി ധ്യാനിച്ച് ആധി കാരികമായി ജീവിച്ച സി. എം. ഐ. സഭാസ്ഥാപക പിതാ ക്കന്മാരുടെ ദൈവാനുഭൂതിയുടെ വചന ജീവിതയാനം ഒരാദ്ധ്യാ ത്മിക നീക്കമായി മാന്നാനത്താണല്ലോ ആരംഭംകുറിച്ചതു്. പമ്പയും, ഭാരതപ്പുഴയും കടന്നു്, മദ്ധ്യഭാരതവും ഹിമവാനും പി ന്നിട്ട് യൂറോപ്പ്, ആഫ്രിക്ക, അമേരിക്ക ഭൂഖണ്ഡങ്ങളിലേക്കു് ദൈവപരിപാലനയാൽ വ്യാപിച്ച സി. എം. ഐ. പ്രേഷിത തീത്ഥാടനത്തിന്റെ ഒരു ചുരുങ്ങിയ ജീവിതകഥയാണു് ഈ മിഷൻ ചരിത്രം. സഭാചരിത്ര പ്രേമികൾക്കു് വളരെ രസക രവും ഉത്തേജനാത്മകവുമായിട്ടുള്ള നിരവധി കാര്യങ്ങൾ ഈ പേജുകളിൽ കാണുവാൻ കഴിയും. കേരളസഭയിൽ ഒരു നവോത്ഥാനത്തിനു് തുടക്കം കുറിച്ച സി. എം. ഐ. സഭയുടെ മിഷൻചരിത്രം ഒരു വലിയ പരിധിവരെ കേരളസഭയുടെ തന്നെ ചരിത്രമാണു്. ഭാരതമിഷൻ ചരിത്രത്തിൽ നിണ്ണായ കമായ ഒരു നാഴികക്കല്ലിട്ടുകൊണ്ടു് സി. എം. ഐ. സഭയെ കേരളത്തിനു പുറത്തേയ്ക്കു നയിച്ച ദിവംഗതനായ കാർഡിനൽ ടിസ്സറാങ്ങിന്റേയും മററു് മഹാ പ്രതിഭകളുടേയും പ്രവാചക ദൃഷ്ടി പ്രസ്പഷ്ടമാകുന്ന വസ്തുതകൾ വിവിധാദ്ധ്യായങ്ങളിൽ സമൃദ്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ടു്. ഇങ്ങനെ പല കാരണ ങ്ങളാൽ ഈ പുസ്തകം വളരെ വിലപ്പെട്ടതാണു്.

ദീർഘകാലം പ്രേഷിത വയലുകളിൽ ധാരാളം സംഭാവന കഠം നൽകിയ സി. എം. ഐ. മിഷൻ സമീപനങ്ങഠം കൂട്ട തൽ സാങ്കേതികവും, ദൈവശാസ്ത്രപരവുമായ സമീപന ങ്ങഠംക്ക വിധേയമാകട്ടെയെന്നതാണ് എൻെറ ആത്മാൎത്ഥമായ ആശംസ. ''സി. എം. ഐ. മിഷൻ അന്നും ഇന്നും'' ഇതുപോ ലുള്ള ഒരു പരിഗവേഷണത്തിനുത്തേജനമരുളട്ടെയെന്ന് പ്രാ ൎത്ഥിക്കുന്നു. ഈ പുസ്തകരചനയ്ക്കായി ധാരാളം ബുദ്ധിമുട്ടിയ ബ. നോബർട്ട്, എടാട്ടുകാരനച്ചൻ, കനീസിയൂസച്ചൻ, ലിഗോ രിയച്ചൻ, പീററർ തോമ്മസച്ചൻ തുടങ്ങിയെല്ലാവരും അനു മോദനം അർഹിക്കുന്നു. സി. എം. ഐ. യുടെ ഈ മിഷൻ തീ ൎത്ഥാടന ചരിത്രം കൂടുതൽ പ്രേഷിത ചൈതന്യം എല്ലാവൎക്കും നൽകട്ടെയെന്നയാശംസയോടെ അനുവാചക സമക്ഷം ഈ ഗ്രന്ഥം അവതരിപ്പിച്ചു കൊള്ളട്ടെ.

ഫാ. തോമ്മസ് അനിസിറററസ് ഐക്കര,

3-1-1984 സി. എം. ഐ.

പ്രിയോർജനറാഠം.

വിധാതാവു്



ചാവറ കുര്യാക്കോസ്ു് ഏലിയാസച്ചൻ

# ആമുഖം

പ്രവൃത്തികളിൽ സ്വതേ വ്യാപൃതനായ മനുഷ്യൻ അവയെ വിലയിരുത്തുക സ്വാഭാവികമാണ്. പ്രവൃത്തി വ്യക്തിയുടെയൊ സമൂഹത്തിൻെറയൊ ആയിക്കൊള്ളട്ടെ, ഒരു വിലയിരുത്തൽ അനിവാര്യമാണ്. ഓരോന്നിനേയും വേർതിരിച്ച്, വ്യവച്ഛേദിച്ച്, വ്യത്യസ്തമായി നോക്കിക്കാണുന്ന ഒരു സമീപനമാണ് ഇന്നാവശ്യം. വിമർശനം വിവേകപരമാകുന്നതു് അപ്പോഴാണ്. പ്രവൃത്തികളുടെ അഥവാ ചെയ്തികളുടെ സമാഹാരം സംലഭ്യമാകുന്നതോടെ അവലോകനം എളുപ്പമായി തീരുകയും ചെയ്യും.

ഒരു സന്ന്യാസ കൂട്ടായ്മയായ സി. എം. ഐ സമൂഹം ആരംഭംമുതലേ പ്രേഷിതബദ്ധമായിരുന്നു. ആ പരിശ്രമത്തിൽ അനേകർ ക്രിസ്തുവിനെ അറിഞ്ഞു സ്വീകരിച്ചു, ധന്യരായി. ആരെല്ലാമാണ് തങ്ങളെ സ്വീകരിച്ചതു്. ആരെല്ലാമാണ് തിരസ്കരിച്ചതു്. എന്തുകൊണ്ട്? ഇങ്ങനെ ചിലതെല്ലാം മനസ്സിലാക്കുന്നതുതന്നെ സ്വയം കണ്ടെത്തലിൻെറ ഭാഗമാണല്ലൊ.

"സി. എം. ഐ. മിഷൻ അന്നും ഇന്നും" വിഭാവനം ചെയ്യപ്പോഠം പരിമിതമായ ഈ ഉദ്ദേശമേ ഉണ്ടായിരുന്നുള്ളു. ഇതൊരു നിരൂപണാത്മക ചരിത്രമല്ല. അതിലേയ്ക്കു നയിക്കാവുന്ന ഒരു സംഭവ സമാഹാരംമാത്രം. ഇതു് സമാഹരിച്ചെടുക്കാൻ ബുദ്ധിമുട്ടിയവർ അനേകരാണ്. ചിലരെയെങ്കിലും ഓർക്കാതിരിക്കുക വയ്യ.

1978 മുതൽ 81 വരെ മിഷൻ സെക്രട്ടറിയായിരുന്ന ബ. കനീസിയൂസച്ചനാണ് ഇതു് ആസൂത്രണം ചെയ്തതു്. ബ. ലിഗോരിയച്ചൻആണ് ആദ്യത്തെ അദ്ധ്യായം എഴുതിയതു്. ബ. അന്തോനിയച്ചൻ രണ്ടാമത്തേതും. മൂന്നു മുതൽ ആറുവരെ അദ്ധ്യായങ്ങഠം ബ. പീററർ തോമസ് അച്ചനാണ് തയ്യാറാക്കിയതു്. അതിനായി അദ്ദേഹം അഞ്ചു് ഉത്തരേന്ത്യൻ മിഷനുകളും, മൂന്നു ദക്ഷിണേന്തിൻ മിഷനുകളും സന്ദർശിക്കുകയുണ്ടായി

ഒന്നാമത്തെ അനുബന്ധം (Appendix) ഒരു ചരിത്രരേഖയാണ്. മാർ ഇവാനിയോസ് തിരുമേനി കത്തോലിക്കാ സഭയുമായുള്ള പുനരൈക്യം സ്വപ്നം കാണുന്നതിനു മുമ്പുതന്നെ ക്രാന്തദർശിയായ ഒരു സി. എം. ഐ. വൈദികൻ—ഫാ. ഗ്രിഗരി നീരാക്കൽ —പരിശുദ്ധ സിംഹാസനത്തെ രേഖാമൂലം ചില കാര്യങ്ങൾ അറിയിക്കുകയുണ്ടായി. പുനരൈക്യം ശക്തിപ്പെടണമെങ്കിൽ അന്ത്യോക്യൻറീത്ത് മലങ്കരയിൽ സ്ഥാപിക്കണമെന്നായിരുന്നു ഈ കത്തിന്റെ താല്പര്യം. 1924-ൽ പേപ്പൽ പ്രതിനിധിക്കു ബ. ഗ്രിഗറിയച്ചൻ അതിനായി സമർപ്പിച്ച ഈ അപേക്ഷ ഒരു അമൂല്യരേഖയാണ്. അതിന്റെ പകപ്പാണ് അനുബന്ധത്തിൽ ഒന്നാമത്തേത്. ബ. കനീസിയൂസച്ചൻ 1980-ൽ നടത്തിയ മിഷൻ പര്യടനത്തിനുശേഷം മിഷനറിമാർക്കെഴുതിയ കത്താണ് അനുബന്ധം II. ഭോപ്പാലിലെ ''പൂർണ്ണോദയ'' മിഷൻ ഇൻസ്റ്റിട്യൂട്ടിനെക്കുറിച്ചുള്ള വിവരണം III ഉം, കെനിയാമിഷനെക്കുറിച്ചുള്ളത് IVഉം. രണ്ടും എഴുതിയത് ബ. അഗാപ്പിററസച്ചനും. അവസാനത്തേത് ദർശന ഇൻസ്റ്റിട്യൂട്ട് ഓഫ് ഫിലോസഫിയാണ്. എഴുതിയത് റെക്ടർ ബ. തോമസ് കാടൻ കാവിലച്ചനും.

പൂർവ്വമിഷനറിമാരുടെ ഫോട്ടോകൾ കുറെയെല്ലാം ശേഖരിക്കാൻ കഴിഞ്ഞു. അവ അതതു ഭാഗങ്ങളിൽ ചേർത്തിട്ടുണ്ട്. ഈ ചിത്രങ്ങൾ ശേഖരിച്ചത് ബ. ഡൊമിനിക്കച്ചനും, ജോൺബോസ്കോ അച്ചനുംകൂടിയാണ്. ബ. ഡൊമീഷ്യനച്ചനും, ജോസഫ് വലിയതാഴത്തച്ചനും ഭാഷാപരമായ തിരുത്തലുകൾ നടത്തുന്നതിൽ സഹായിച്ചിട്ടുണ്ട്. മുദ്രണം ഏറ്റെടുത്ത ബ. ബർട്ടിനച്ചനേയും ഓർക്കുന്നു. എല്ലാവർക്കും പ്രത്യേകം നന്ദി.

സി. എം. ഐ. പ്രേഷിത പൈതൃകമെന്തെന്ന് മനസ്സിലാക്കാനും, കൂടുതൽ കാര്യക്ഷമമായി അതു് വളർത്തി എടുക്കാനും, "സി. എം. ഐ. മിഷൻ അന്നും ഇന്നും'' സഹായിക്കട്ടെ എന്ന പ്രാർത്ഥനയോടെ,

എറണാകുളം — ഫാ. നോർബർട്ട് എടാട്ടുകാരൻ സി.എം.ഐ
മാർച്ച് 19, 1984. — ജനറൽ സെക്രട്ടറി
ഫോർ എവാൻഞ്ചലൈസേഷൻ

# ഉള്ളടക്കം

അവതാരിക

ആമുഖം.

I. സി. എം. ഐ മിഷൻ ദശാബ്ദങ്ങളിലൂടെ

— ഫാ. ലിഗോരി സി. എം. ഐ.

II. കേരള സഭയും അമലോത്ഭവ മാതാവിൻെറ കർമ്മലീത്തരും.

— ഫാ. ആൻറണി സി. എം. ഐ.

III. ഇടക്കാലമിഷൻ പ്രവർത്തനങ്ങൾ

— ഫാ. പീററർ തോമസ് സി. എം. ഐ.

IV. മിഷൻ രൂപതകളിലൂടെ

— ഫാ. പീററർ തോമസ്സ് സി. എം. ഐ.

V. ഭാരതത്തിനു പുറത്ത്

— ഫാ. പീററർ തോമസ്സ് സി. എം. ഐ.

VI ഓർമ്മകളിലൂടെ

— ഫാ. പീററർ തോമസ്സ് സി. എം. ഐ.

VII. അനുബന്ധം



ഫാ. തോമസ് ഐക്കര

[പ്രിയോർ ജനറാൾ]

# മിഷൻ സെക്രട്ടറിമാർ



ഫാ. കനീസിയൂസ്



ഫാ. നോർബർട്ട്

# ഗ്രന്ഥകർത്താക്കൾ



ഫാ. ലിഗോരി



ഫാ. ആൻറണി



ഫാ പീററർ തോമസ്

# I

# സി. എം. ഐ. മിഷൻ

## —ദശാബ്ദങ്ങളിലൂടെ

**ആമുഖം**

നിത്യഹരിതമായ കേരളത്തിന്റെ ഫലഭൂയിഷ്ഠമായ മണ്ണിൽ വി. തോമാശ്ലീഹാ ദൈവവചനമാകുന്ന വിത്തു് വിതറി. അതു കിളുത്തു. പ്രതിബന്ധങ്ങളേയും പ്രതിലോമശക്തികളേയും തരണംചെയ്തു് അതു് വളൎന്നു് വേരൂന്നി. നൂററാണ്ടുകൾ തന്നെ പിന്നിട്ട ആ സഭാതരു ഒരുവൻ വൃക്ഷമായി പടൎന്നുയൎന്നു. കാലാന്തരത്തിൽ ആന്തരികമായ അസ്വസ്ഥതകൾ അതിനെ അലോഹ്യപ്പെടുത്തി. വിദേശാക്രമണങ്ങളും അധികാരമേധാവിത്വത്തിന്റെ വടംവലികൊണ്ടുണ്ടായ ഉരസലുകളും ആ സഭാഗാത്രത്തിന്റെ തളൎച്ചയ്ക്കും തകൎച്ചയ്ക്കും കുറെഒക്കെ വഴിതെളിച്ചു. ക്രൈസ്തവജീവിതംതന്നെ മന്ദീഭവിച്ചു. എങ്കിലും അനന്തമായ ദൈവപരിപാലനയിൽ, അടിയുറച്ച ആദ്ധ്യാത്മിക ജീവിതാൎപ്പണത്തിലൂടെ—തപസ്യയിലൂടെ—നവ ചൈതന്യവും, ഓജസ്സും പകൎന്നു്, കേരളസഭയിൽ ഒരു നവോത്ഥാനത്തിന്നു വഴി തെളിക്കാനെന്നവണ്ണം മാന്നാനംകുന്നിൽ 1831–ൽ ഒരു സന്യാസ സമൂഹം സമുദ്ഘാടിതമായി— സി. എം. ഐ. സഭ — ''അമലോത്ഭവകന്യകാമറിയത്തിന്റെ ദാസന്മാർ'' എന്നാണു് അവർ അന്നു് അറിയപ്പെട്ടിരുന്നതു്. പാവന സ്മരണാർഹനായ പാലയ്ക്കൽ തോമാച്ചൻ, പോരൂക്കര തോമാച്ചൻ, ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ എന്നീ മഹാത്മാക്കളുടെ ചോതോവികാരങ്ങളും പ്രബുദ്ധമനസ്സുകളും വിദഗ്ധകരങ്ങളുമാണു് അതിനുപിന്നിൽ പ്രവൎത്തിച്ചതു്. വൈവിധ്യത്തിൽ ഏകത്വം നിഴലിക്കുന്ന, അദ്ധ്വാനിക്കുന്ന കൎഷകരുടെ കൎമ്മഭൂമിയാണു് കേരളം. ഹിമവൽസാനു പ്രദേശങ്ങളിൽ ''ഓം'' കാരശബ്ദം പുറപ്പെടുത്തി ഭാരതത്തിന്റെ അന്തരാത്മാവിനെ തൊട്ടുത്തുണൎത്തുവാൻവേണ്ടി വേദമന്ത്രങ്ങൾ ഉരുവിടുന്ന ഋഷിവരേണ്യരുടെ ഉൽക്കടമായ ചൈതന്യവിശേഷം ആവഹിച്ചെടുക്കുവാനും, സഹധൎമ്മികളുമായി അതിൽ പങ്കുചേരുവാനും കേരളത്തിലെ കൎമ്മയോഗികളായ അഭിനവ സന്യാസികൾ ഉററു ശ്രമിച്ചു. പ്രാൎത്ഥനയ്ക്കും, സേവനത്തിനും പ്രേഷിതത്വത്തിനുമായി അവർ തങ്ങളുടെ ജീവിതം കാഴ്ചവച്ചു.

ഭാരതത്തിന്റെ അന്തരാത്മാവിൽ സന്യാസസമർപ്പണത്തിന്റെ കൈത്തിരി കത്തിനിൽപുണ്ടല്ലൊ. 1831–ൽ സമാരംഭിച്ച ആ മഹൽ സംഭവത്തിന്റെ മധുരസ്മരണ അയവിറക്കുന്ന ഒരു സുവർണ്ണഘട്ടമാണല്ലോ ഇതു്. 150 വർഷങ്ങൾ പിന്നിട്ട സി. എം. ഐ സഭയ്ക്കു് അഭിമാനിക്കാൻ വകയുണ്ടു്; വഴികളുണ്ടു്; ആധുനിക സംവിധാനങ്ങളും വികസനത്തിന്റെ പ്രതീക്ഷകളും അതിനെ മാടിവിളിക്കുന്നു.

## ആത്മാക്കളെ തേടി

ബഹുമുഖങ്ങളായ പ്രവർത്തനമേഖലകളെ അപ്പസ്തോലിക രംഗത്തു് തേടിപ്പിടിച്ച സി.എം.ഐ സന്യാസികൾ ക്രിസ്തീയ വെളിച്ചം കടന്നു ചെല്ലാത്ത അന്ധകാരനിബിഡമായ മേച്ചിൽ പുറങ്ങൾ തേടി പുറപ്പെടാനും മറന്നില്ല. "സഭ സ്വഭാവത്താലെ തന്നെ മിഷനറിയാണു്" എന്നു് രണ്ടാം വത്തിക്കാൻ സൂനഹദോസ് ഉദ്ഘോഷിക്കുന്നതിനു് എത്രയോ മുമ്പുതന്നെ കേരളത്തിലെ പ്രഥമ ഏതദ്ദേശിയ സന്യാസസഭയായ സി എം. ഐ സഭ ഉണർന്നു പ്രബുദ്ധമായി പ്രവർത്തിച്ചിരുന്നു–ഈ സന്യാസസഭ അതിന്റെ ആരംഭകാലം മുതൽ തന്നെ പ്രേഷിതരംഗത്തു് അവഗാഢമായ ശ്രദ്ധ ചെലുത്തിയിരുന്നുവെന്നു കാണാം. പത്തുലക്ഷത്തോളം ആളുകളെ പ്രേഷിത പ്രവീണനായ വിശുദ്ധ ഫ്രാൻസിസ് സേവ്യർ മാനസാന്തരപ്പെടുത്തിയ കഥ നമുക്കറിവുള്ളതാണ്. അതു പ്രധാനമായും നമ്മുടെ തീരപ്രദേശങ്ങളിലെ അവശരുടേയും അനാഗതരുടേയും ഇടയിൽ നിന്നായിരുന്നു. 16–ാം നൂററാണ്ടിലെ പ്രസിദ്ധിയാർജ്ജിച്ച ഒരു പ്രേഷിത നേട്ടവുമായിരുന്നു അതു്. നൂററാണ്ടുകൾക്കു മുമ്പു് മുതൽ അനേകം വൈദേശികർ പ്രേഷിതദൗത്യവുമായി കേരളത്തിന്റെ മണ്ണിൽ കടന്നുവന്നിട്ടുണ്ടു്. വിവിധ സമൂഹങ്ങളിൽപ്പെട്ട സന്യാസികളും അല്മായരും അവരിൽപ്പെടും. എന്നാൽ അവരാരുംതന്നെ അധഃകൃതർ എന്നറിയപ്പെട്ടിരുന്നവരും സമുദായത്തിലെ താഴേക്കിടയിൽ മാത്രം പരിഗണിക്കപ്പെട്ടിരുന്നവരുമായ ഹരിജനങ്ങളുടെ കാര്യത്തിൽ വേണ്ടത്ര ശ്രദ്ധപതിച്ചിരുന്നില്ല. കൊവേന്തകളുടെ പ്രിയോരായിരുന്ന ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ, മാന്നാനത്തെ സന്യാസസമൂഹം കാനോനികമായിരൂപംകൊള്ളുന്നതിനു് മുമ്പേ തന്നെ അധഃകൃതസമുദായങ്ങളുടെ ഉദ്ധാരണത്തിലും വേദപ്രചാരവേലയിലും അതീവതാല്പര്യം പ്രദർശിപ്പിച്ചിരുന്ന മഹാത്മാവാണു്. അക്കാലത്തെ സാമൂഹ്യവ്യവസ്ഥിതിയും സവർണ്ണമേധാവിത്വവും അധഃകൃതരായിട്ടുള്ളവരെ സഭയിലേക്കു് സ്വീ

കരിക്കുന്നതിനു് ഇഷ്ടപ്പെട്ടിരുന്നില്ല. എന്നുവരികിലും, ചാവറ യച്ചന്റെ തീക്ഷ്ണമായ നേതൃത്വം അവരെ സഭയിലേക്കു് ചേർക്കുന്നതിനുള്ള സംഘടിതമായ ഒരു ശ്രമം അക്കാലത്തുതന്നെ സമാരംഭിക്കുന്നതിനിടയാക്കി. സ്നേഹത്തിന്റെ കൈത്തിരിയു മായി അദ്ദേഹം ദുർബലവിഭാഗത്തിന്റെ മദ്ധ്യത്തിലേക്കിറ ങ്ങി വന്നു. ജാതീയമായ അസമത്വങ്ങൾ അംഗീകരിക്കാത്ത ക്രിസ്തീയ സന്ദേശം അവരുടെ ഇടയ്ക്കു് പ്രചരിപ്പിച്ചു. ക്രിസ്തു വിനെ അറിയുമ്പോൾ ക്രിസ്ത്യാനിയായിത്തീരുന്നതിനുള്ള അഭി നിവേശം അവരിൽ സ്വാഭാവികമായി സംജാതമാകുമെന്നു് അദ്ദേഹത്തിനറിയാമായിരുന്നു.

സന്യാസസഭാപിതാക്കന്മാരുടെ പ്രധാനോദ്ദേശ്യം അന്ന ത്തെ ക്രൈസ്തവരുടെ വിശ്വാസമൂല്ല്യങ്ങളെ സജീവമാക്കുക, ക്രൈസ്തവ ജീവിത ശൈലിയെത്തന്നെ വികസിപ്പിക്കുക എന്നതായിരുന്നല്ലോ. 1831 മേയ് 11-നു് സന്യാസാശ്രമ ത്തിനു് കല്ലിട്ട നാൾതുടങ്ങി സ്ഥാപകപിതാക്കന്മാർ പള്ളി കളിൽ ചുററി സഞ്ചരിച്ചു് ഞായറാഴ്ചകളിലും കടമുള്ള തിരു നാളുകളിലും വിശ്വാസികളോടു് ദൈവവചനം പ്രസംഗിക്കുക യും മതപരമായ കാര്യങ്ങൾ അവരെ പഠിപ്പിക്കുകയും ചെയ്തു വന്നു. അവരുടെ സാമൂഹ്യ വൈതരണികളെ ചൂണ്ടിക്കാണിച്ചു് അവയ്ക്കു പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിച്ചു കൊടുക്കുകമാത്രമല്ല അവ പ്രാവർത്തികമാക്കുന്നതിനുള്ള പ്രചോദനവും പ്രോത്സാ ഹനവും പ്രദാനംചെയ്തിരുന്നു. അങ്ങനെ ക്രൈസ്തജീവിത ത്തിനു് ആകമാനം ഒരുണർവ്വും ഉന്മേഷവും അന്നത്തെ പിതാ ക്കന്മാർ കൈവരുത്തി. അതേസമയം സമുദായത്തിലെ ദുർബലവിഭാഗത്തിൽപ്പെട്ട പുലയർ, പറയർ തുടങ്ങിയവരുടെ ഉന്നമനത്തിനും ഉദ്ധാരണത്തിനും അവരുടെ ഹൃദയവേദിയിൽ ക്രിസ്തീയ വെളിച്ചം വീശുന്നതിനും മറന്നില്ല എന്നതു് ഒരു തുറന്ന സത്യമാണു്. ഇക്കാര്യത്തെ സംബന്ധിച്ചു് മാന്നാനം ആശ്രമത്തിന്റെ നാളാഗമം വേണ്ടത്ര വെളിച്ചം പകരുന്നുണ്ടു്. പൊതുപ്രിയോരായിരുന്ന ചാവറ അച്ചൻ എഴുതുകയാണു് "നമസ്കാരം പഠിക്കാൻ പുന്നത്തുറ തുടങ്ങിയ സ്ഥലങ്ങളിൽ നിന്നുപോലും പുലയർ, പറയർ ആദിയായവർ വരികയും, അവർ വൈകുന്നേരം അഞ്ചുമണിവരെ ഇവിടെ താമസി ക്കുകയും ചെയ്യുന്നതുകൊണ്ടു്, അവർക്കു് രണ്ടുനേരം ഭക്ഷണവും, മററും കൊടുക്കുവാൻ ശട്ടംകെട്ടി. ഇതിനായി വെച്ചൂർ, മുട്ടം, പള്ളിപ്പുറം മുതലായ പള്ളികളിലേക്കു് എഴുത്തും കൊടുത്തു് ആളെ അയക്കുകയും, വേണ്ട അരിയും കാശും പിരിഞ്ഞു കിട്ടു കയും ചെയ്തിരുന്നു." (നാളാഗമം I. P. 129)

അധഃകൃതരുടെ നന്മയും ആത്മരക്ഷയും പരിഗണിച്ച് മാന്നാനത്ത് ആദ്യമായി 1853-ൽ ഒരു വേദാദ്ധ്യയനശാല തുടങ്ങി. വളരെപ്പേരെ ഈ ശാലയിലിരുത്തി പഠിപ്പിച്ച് അവർക്ക് ജ്ഞാനസ്നാനം നല്കിവന്നു. ആത്മാക്കളെത്തേടി ദാഹിച്ച് നടന്ന വി ഫ്രാൻസിസ് സേവ്യറിന്റെ കാലത്തിനുശേഷം ഇത്തരമൊരു സംരംഭം മാന്നാനത്തെ പ്രസ്തുത വേദാദ്ധ്യയനപാഠശാലയിലാണ് ആദ്യമായി സമാരംഭിച്ചത്. അന്ന് മൊട്ടിട്ട ആ വേദപ്രചാരപ്രസ്ഥാനം കാലാന്തരത്തിൽ വികസിച്ച് കേരളത്തിന്റെ മാത്രമല്ല ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിലും പടർന്നു പന്തലിച്ച്, സി എം ഐ സഭയുടെ അതിപ്രധാനമായ അപ്പസ്തോലിക പ്രവർത്തനപരിപാടിയായി ഇന്നത്തെ രൂപംകൊണ്ടുകഴിഞ്ഞിരിക്കയാണ്. മാന്നാനത്തെ വേദാദ്ധ്യയന പാഠശാലയെ അനുകരിച്ച് എടത്വാ, കൈനകരി, പുളിങ്കുന്ന് തുടങ്ങിയ കുട്ടനാട്ടിലെ പലയിടവകകളിലും വേദപാഠശാലകൾ സ്ഥാപിതമായി. പ്രേഷിതവേല വിജയകരമായി ത്വരിതപ്പെട്ടു. സമുദായത്തിന്റെ അധോമണ്ഡലത്തിൽ കഴിഞ്ഞുകൂടിയ സാധുക്കളുടെ സാമൂഹ്യവും ആദ്ധ്യാത്മികവുമായ ഉന്നമനം സമുദായത്തിലെ മേലേക്കിടയിലുണ്ടായിരുന്ന അന്നത്തെ സവർണ്ണ ഹിന്ദുക്കൾക്ക് എന്നപോലെ ചില ക്രൈസ്തവ മേലാളന്മാർക്കും രുചിച്ചില്ല എന്നു പറയുന്നതിൽ തെറ്റില്ല. പ്രതിലോമശക്തികളുടെ എതിർപ്പിനെ അതേ നാണയത്തിൽ തിരിച്ചടിച്ചുകൊണ്ട് കുര്യാക്കോസ് ഏലിയാസച്ചനും കൂട്ടരും മുന്നേറി. ഇങ്ങനെ സംഘടിതമായ ഒരു ശ്രമം വേദപ്രചാരണത്തിനായി സുറിയാനിക്രസ്ത്യാനികളുടെയിടയിൽ സമാരംഭിച്ചതുതന്നെ സി. എം ഐ. സമൂഹത്തിന്റെ ആഭിമുഖ്യത്തിലും പുണ്യശ്ലോകനായ ചാവറ അച്ചന്റെ നേതൃത്വത്തിലുമാണ്.

ആശ്രമങ്ങൾ ഇല്ലാതിരുന്ന സ്ഥലങ്ങളിൽ, പ്രത്യേകിച്ച് മാന്നാനത്തിനു സമീപസ്ഥലങ്ങളായ ആർപ്പൂക്കര, അതിരമ്പുഴ, കോട്ടയം മുതലായ ഇടങ്ങളിൽ മിഷൻവേല ഊർജ്ജിതമായി നടത്തുന്നതിന് അന്നത്തെ തീക്ഷ്ണമതികളും പ്രബുദ്ധരുമായ പല വൈദികസത്തമന്മാർ മുമ്പോട്ടുവന്നു. ബ. തച്ചിലച്ചനും കുര്യാക്കോസ് പോരൂക്കര അച്ചനും ബ്രദർ റോക്കിയും മററും ഈ രംഗത്ത് വിജയങ്ങൾ കൈവരിച്ചവരാണ്. ഇക്കാലഘട്ടത്തിൽ തെള്ളകത്തും വിജയപുരത്തും പ്രേഷിതവേലയുടെ അലയടികൾ എത്തിച്ചേരുകയുണ്ടായി. വിജയപുരം കേന്ദ്രമാക്കി ബ്ര റോക്കി മിഷൻ പ്രവർത്തനം നടത്തിയിരുന്നതു മന്നാനം ആശ്രമവാസിയായിട്ടായിരുന്നു. 1887-ൽ നടന്ന ലത്തീൻ-സുറിയാനി വിഭജനത്തിൽ വിജയപുരം കേന്ദ്ര

മാക്കിട്ടുള്ള സ്ഥാപനങ്ങൾ ലത്തീൻ വിഭാഗത്തോടു ചേക്ക്പ്പെട്ടു. അതോടുകൂടി കേരളത്തിലുണ്ടായിരുന്ന വിദേശ മിഷനറിമാരും വേദപ്രചാര വേലയിൽ ശ്രദ്ധപതിപ്പിച്ച് സജീവമായി പ്രവർത്തിക്കാൻ തുടങ്ങി. അവരിൽ ജോസഫ് ഏലിയാസ് എന്ന മിഷനറിയുടേയും, പിന്നീട് മെത്രാനായി ഉയർത്തപ്പെട്ട മർസലിനസ് മിഷനറിയുടേയും നാമങ്ങൾ പ്രത്യേകം സ്മർത്തവ്യങ്ങളാണ്.

സി. എം. ഐ. സഭയിലെ വന്ദ്യവൈദികരായിരുന്ന ജോസഫ് തയ്യിൽ, അലക്സാണ്ടർ കട്ടക്കയം, (വലിയ ചാണ്ടിയച്ചൻ) അപ്രേം കളത്തിൽ, ജേക്കബ്ബ് പാലക്കന്നേൽ തുടങ്ങിയവർ അക്കാലത്തെ ഊർജ്ജസ്വലരായ മിഷൻ പ്രവർത്തകരായിരുന്നു. അവരിൽ പ്രമുഖനും പ്രഗത്ഭനുമായിരുന്ന വലിയചാണ്ടിയച്ചനു പില്ക്കാലത്ത് ''മിഷനറി അപ്പസ്തോലിക്'' എന്ന ബഹുമതി പുണ്യശ്ലോകനായ വി. പത്താം പീയൂസ് പാപ്പായിൽനിന്നും ലഭിക്കുകയുണ്ടായി എന്നതും സ്മരണീയമാണ്.

മാനസാന്തരങ്ങൾ അടിക്കടി വദ്ധിച്ചുവന്നപ്പോൾ മാനസാന്തരപ്പെട്ടവരുടെ സംരക്ഷണത്തിനും, പരിശീലനത്തിനുമായി പ്രത്യേകം വൈദികർ ആവശ്യമായിത്തീൎന്നു. പുളിങ്കുന്നിൽ ആരംഭിച്ചിരുന്ന വേദാദ്ധ്യയനശാലയിൽ ബ. മത്തിയാസ് ഈരാവേലി അച്ചൻ അതീവതാല്പര്യത്തോടെ സേവനനിരതനായിരുന്നു. അദ്ദേഹത്തിന്റെ മിഷൻ തീക്ഷ്ണതയും ത്യാഗപൂർണ്ണമായ സേവനതല്പരതയും അനേകരെ സഭാതലത്തിലേക്ക് ആനയിച്ചിട്ടുണ്ട്. പ്രേഷിതവരേണ്യനായ ബ. മത്തിയാസച്ചൻ 1933-ൽ ദിവംഗതനായപ്പോൾ 'നസ്രാണി ദീപിക' യിലൂടെ പ്രസിദ്ധ പണ്ഡിത ശ്രേഷ്ഠനായ ശ്രീമാൻ ഐ. സി. ചാക്കൊ, മത്തിയാസച്ചന്റെ പ്രേഷിത ചൈതന്യത്തെ പ്രകീർത്തിച്ച് ഒരു അനുസ്മരണക്കുറിപ്പെഴുതുകയുണ്ടായി.

ആദ്യകാലങ്ങളിൽ സ്ഥാപിതമായ എല്ലാ ആശ്രമങ്ങളിലും, അവയോടനുബന്ധിച്ച വേദപാഠശാലകളിലും, ഒരോ വൈദികൻ വേദപ്രചാര ഡയറക്ടറായി നിയമിതനായിരുന്നുവെന്നു കാണാം. അതു് അപ്പസ്തോലികവേലയെ എന്മാത്രം ശക്തിപ്പെടുത്തിയെന്നു് പറയേണ്ടതില്ലല്ലോ. ഇന്നത്തെ പുത്തൻപള്ളി ആശ്രമത്തിന്റെ ആരംഭംതന്നെയും ഒരു വേദപാഠശാലയായിട്ടായിരുന്നു. 1923 വരെയുള്ള ചുരുങ്ങിയ ഒരു കാലഘട്ടത്തിനുള്ളിൽ അവിടെ ആറായിരത്തിൽപരം പേരെ ക്രിസ്തു

വിൻെറ മൗതിക ശരീരത്തിൻെറ അംഗങ്ങളാക്കിത്തീർക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഇരുന്നൂറിൽപരം അകത്തോലിക്കാസഹോദരങ്ങളെ മാതൃസഭാഗാത്രത്തോട് ചേർക്കുകയും, മാതൃസഭയുമായി പുനരൈക്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. മററാശ്രമങ്ങളിലും മാനസാന്തരവേല ഊർജ്ജിതമായി പുരോഗമിച്ചുകൊണ്ടിരുന്നു.

പ്രേഷിതാദർശനായ ബ. മത്യാസച്ചനുശേഷം, പുളിങ്കുന്നിൽ ബ. ഗ്രിഗരി കരിക്കമ്പള്ളി അച്ചൻെറ നേതൃത്വത്തിൽ പ്രതിവർഷം മൂന്നൂറിൽപരം മാനസാന്തരങ്ങൾ ഉണ്ടായിരുന്നതായി രേഖകളുണ്ട്. ത്യാഗോജ്ജ്വലജീവിതത്തിൻെറ ഉടമകളായിരുന്ന ബ. കെറുബിനച്ചനും ഇഗ്നേഷ്യസച്ചനും ബ. ഗ്രിഗരിയച്ചൻ കൊളുത്തിയ ദീപശിഖ ഏററുവാങ്ങി സ്തുത്യർഹമായി പ്രവർത്തിച്ചവരാണ്. അവരെ അനുകരിച്ച് ബ. ഹില്ലാരിയോൻ വടക്കനെച്ചനും പുളിങ്കുന്നിൽ മാനസാന്തരവേലയിൽ അതീവ താല്പര്യവും ത്യാഗവും കാഴ്ചവക്കുകയുണ്ടായി. 2800ൽ പരം മാനസാന്തരങ്ങൾ അക്കാലത്തുണ്ടായിരുന്നതായി രേഖകളിൽ കാണുന്നുണ്ട്.

ചെത്തിപ്പുഴയിലും മാന്നാനത്തും പ്രേഷിതവേല ത്വരിതപ്പെട്ടുകൊണ്ടിരുന്നു. അവിടെ ഇക്കാലഘട്ടത്തിലാണ് പുത്രൈക്രസ്തവക്കായി പ്രത്യേകം പള്ളികൾ തന്നെ പണികഴിപ്പിച്ചതു്. അവ ഇടവകകളായി തിരിച്ച് അവരുടെ പ്രത്യേകാവശ്യങ്ങളും സൗകര്യങ്ങളും പരിഗണിച്ച് ആരാധനക്രമങ്ങളും മററുസംവിധാനങ്ങളും സൗകര്യപ്രദമായ വിധത്തിൽ സജ്ജീകരിച്ച് നടത്തിവന്നു. ഒരു ഇടവക വികാരിയുടെ സാധാരണ അധികാരങ്ങളും അവകാശങ്ങളും വേദപ്രചാര ഡയറക്ടർക്കു് നൽകപ്പെട്ടിരുന്നതിനാൽ കൂടുതൽ കാര്യക്ഷമമായി ഇടവക ഭരണം മാത്രമല്ല, സുവിശേഷവല്ക്കരണവും വിജയപ്രദമായിത്തന്നെ പ്രസ്തുത ഇടവകകളിൽ നിർവ്വഹിക്കപ്പെട്ടുവന്നു. അങ്ങനെ സുവിശേഷവേലക്ക് സഭാധികാരികളിൽനിന്നും പൊതുജനങ്ങളിൽനിന്നും ഉത്തേജനവും പ്രോത്സാഹനവും നിർല്ലോപമായി ലഭിച്ചതു് അന്നത്തെ വലിയ നേട്ടമായി. തന്മൂലം കേരളസഭയുടെ ഇരുളടഞ്ഞ കോണുകളിൽ മങ്ങിക്കത്തിക്കൊണ്ടിരുന്ന വിശ്വാസവിളക്കുകളിൽ തീക്ഷ്ണതയുടെ എണ്ണ പകരാനും സിരകളിൽ ക്രിസ്തീയജീവിതത്തിൻെറ ചുടുരക്തം പ്രസരിപ്പിക്കാനും സി.എം.ഐ. സഭാംഗങ്ങൾക്കു സാധിച്ചു. മാത്രമല്ല, മെച്ചമായ പ്രേഷിത സങ്കേതങ്ങളും ഉപാധികളും ആനുകാലികമായി കണ്ടെത്തുവാൻ അവക്കു സാധിച്ചുവെന്നതും ആശാസകരമാണ്. സഭയുടെ മാതൃഭവനമായ മാന്നാനത്തെ പ്രേഷിത സംരംഭങ്ങൾ മററാശ്രമങ്ങളേയും, ആശ്രമനിവാസി

കളേയും പ്രചോദിതരാക്കി. വാഴക്കുളത്തും എൽത്തുരുത്തിലും അമ്പഴക്കാട്ടും മുത്തോലിയിലും പുതിയ വേദാദ്ധ്യയനശാല കാം ഉയർന്നു. ക്രിസ്തീയവിശ്വാസം സ്വീകരിച്ച് സഭാംഗങ്ങളായിത്തീരുന്നവരെ പ്രബുദ്ധരാക്കുന്നതിനും അവരുടെ സമഗ്രമായ വികാസത്തിന് ആക്കം കൂട്ടുന്നതിനും ഉപയുക്തമായ പദ്ധതികാം ആസൂത്രണം ചെയ്യപ്പെട്ടു.

1900-ാമാണ്ടിലാണ് അമ്പഴക്കാട്ട്, കോട്ടയ്ക്കൽ വി. അമ്മത്രേസ്യായുടെ കൊവേന്തയോടനുബന്ധിച്ച് ഒരു വേദാദ്ധ്യയനശാല സമാരംഭിച്ചത്. പ്രേഗ്ഗണ്ണിയുടെ നാമത്തിലും മദ്ധ്യസ്ഥതയിലുമാണ് അത് നടന്നുപോന്നത്. ജ്ഞാനസ്നാനാർത്ഥികാംക്ക് വേണ്ട എല്ലാ സഹായങ്ങളും അവിടെനിന്നുതന്നെ ലഭിച്ചിരുന്നു. അവരെ മേൽപറഞ്ഞ കേന്ദ്രത്തിൽ താമസിപ്പിച്ച് പഠിപ്പിക്കുകയും, അവക്കുവേണ്ട ഭക്ഷണം, വസ്ത്രം, ആദിയായവ ആശ്രമത്തിൽനിന്നുതന്നെ നൽകുകയും ചെയ്തിരുന്നു. അടുത്തകാലംവരെയുള്ള കണക്കുകളിൽനിന്ന് അവിടെ ഏതാണ്ട് മൂവായിരത്തി അഞ്ഞൂറോളം മാനസാന്തരങ്ങാം ഉണ്ടായതായി കാണുന്നുണ്ട്.

ക്രി. വർഷം 1902-നോടുകൂടിയാണ് എൽത്തുരുത്ത് കേന്ദ്രമാക്കി ഒരു മതാദ്ധ്യാപനശാലയ്ക്ക് തുടക്കം കുറിച്ചത്. അന്നുദിനമെന്നോണം അനേകർ ക്രിസ്തീയവിശ്വാസംതേടി എൽത്തുരുത്ത് വന്ന് ജ്ഞാനസ്നാനം സ്വീകരിച്ച് സഭയെ ആശ്ലേഷിച്ചിരുന്നു. അതിൻെറ പിന്നിൽ നിസ്വാർത്ഥമതികളുടെ തീക്ഷ്ണമായ കരങ്ങാം അവിരാമം പ്രവർത്തിച്ചുകൊണ്ടിരുന്നുവെന്നതു് മറക്കാനാവില്ല. പുതുക്രൈസ്തവരുടെ വദ്ധമാനമായ സംഖ്യ കണക്കിലെടുത്ത് അവിടെ അവർക്കായി ഒരു പുതിയ അദ്ധ്യയനശാല സ്ഥാപിതമായി. എൽത്തുരുത്തുനിന്നു തന്നെയല്ല, തൃശ്ശൂർ, എറണാകുളം, മൂഴിക്കുളം, അങ്കമാലി തുടങ്ങിയ സ്ഥലങ്ങളിൽ നിന്നുപോലും ആളുകാം ജ്ഞാനസ്നാനത്തിനായി എത്തിയിരുന്നു. വന്ദ്യരായ പോാം കല്ലൂക്കാരനച്ചനും മൈക്കിാം ചാലിശ്ശേരി അച്ചനും മാനസാന്തരവേലയിൽ അക്കാലത്ത് മുന്നണിയിൽനിന്നു പ്രവർത്തിച്ചവരാണ്. 1966 വരെയുള്ള കണക്കനുസരിച്ച് അവിടെ 1578 പേർ ജ്ഞാനസ്നാനം സ്വീകരിച്ചിട്ടുള്ളതായി കാണുന്നുണ്ട്.

മാന്നാനം കുന്നിൻെറ ചെറുപതിപ്പായ വാഴക്കുളം കർമ്മലാശ്രമത്തോടനുബന്ധിച്ച് പ്രേഷിതവേല അക്കാലത്ത് ആരംഭിച്ചു കഴിഞ്ഞിരുന്നു. സമൂഹത്തിലെ താഴ്ന്ന ജാതിയിൽനിന്നും ദുർബല വിഭാഗങ്ങളിൽ നിന്നുമുള്ള മാനസാന്തരങ്ങ

ളായിരുന്നു കൂടുതൽ അവരെ സംരക്ഷിക്കുവാനും, അവരുടെ ആദ്ധ്യാത്മികവും സാംസ്കാരികവുമായ ഉൽഗതിയെ ഉന്നംവച്ചു പ്രവർത്തിക്കാനുമായി പ്രത്യേകം ഒരു വേദപ്രചാര ഡയറക്ടറെയും നിശ്ചയിച്ചിരുന്നു. അദ്ദേഹത്തിൻെറ പരിലാളനയിൽ ഒരു പുതിയ ആരാധനാസമൂഹം തന്നെ പുതു ക്രൈസ്തവരിൽനിന്നും ആവിർഭവിച്ചു. ചുരുക്കത്തിൽ, മാന്നാനം കുന്നിലെ ആ കൊച്ചിളം കാററ്—പ്രേഷിതവേലയുടെ തീക്ഷ്ണമായ സംഘാതസംരംഭം—കേരളക്കരയിൽ അങ്ങോളമിങ്ങോളം അനുസ്യൂതം വീശിയടിച്ച് അലതല്ലിയിരുന്നുവെന്നു പറയാം.

## ചില വഴിത്തിരിവുകൾ

എന്നാൽ കാലാന്തരത്തിൽ സാമൂഹ്യതലത്തിൽ പൊന്തിവന്ന ചില ചിന്താധാരകളും സംസ്ഥാന നിയമനിർമ്മാണസഭ പാസ്സാക്കിയ മൗലികാവകാശ ധ്വംസനപരമായ നിയമങ്ങളും മാനസാന്തരവേലയ്ക്കും, പ്രേഷിതപ്രവർത്തനങ്ങൾക്കും പ്രതിബന്ധങ്ങളായി പരിണമിച്ചു. ഏതാണ്ട് ഒരു ശതാബ്ദംമുമ്പ് കേരളസഭയിലുണ്ടായ ആ കോളിളക്കം — റോക്കോസ്, മേലൂസ് ശീശ്മങ്ങളുടെ പ്രവേശനംമൂലം ഉണ്ടായ ഹാലിളക്കം — അന്നുവരെ പടർന്നുപന്തലിച്ചുവന്ന പ്രേഷിതപ്രസ്ഥാനത്തെ തളർത്തിയെങ്കിൽ, ഇന്നേയ്ക്ക് അരശതാബ്ദത്തിനപ്പുറം, കൃത്യമായി പറഞ്ഞാൽ 1936, നവംബർ മാസം 13-ാം തിയതി അന്നത്തെ തിരുവിതാംകൂർ സംസ്ഥാനത്ത് പുറപ്പെടുവിച്ച ക്ഷേത്ര പ്രവേശന വിളംബരവും, തുടർന്ന് തിരുവിതാംകൂർ ദിവാനായിരുന്ന സർ സി. പി. രാമസ്വാമി അയ്യർ ക്രിസ്ത്യാനികളോട്ട് എടുത്ത മർദ്ദനമുറകളും, അതേസമയം ഹിന്ദുക്കളായ അധഃകൃതക്ക് നൽകിയ സഹായവാഗ്ദാനങ്ങളും, വിപുലമായ സാമ്പത്തിക സംരക്ഷണവും മാനസാന്തരവേലയെ ദോഷകരമായി ബാധിച്ചുവെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു.

വാസ്തവത്തിൽ അക്കാലത്ത് വളരെ ഏറെപ്പേർ ക്രിസ്തുമതം ഉപേക്ഷിച്ച് ഹിന്ദുമതത്തിലേയ്ക്ക് തിരികെപ്പോവുകയുണ്ടായി. ഇങ്ങനെ മടങ്ങിച്ചെല്ലുന്നവർക്ക് ഗവണ്മെണ്ടിൽനിന്ന് ഹൃദ്യമായ സ്വാഗതവും വിപുലമായ ആനുകൂല്യങ്ങളും നിഷ്പ്രയാസം ലഭിച്ചുവന്നു. തന്മൂലം പില്ക്കാലത്ത്, അതായത് 1937 മുതൽ ഹിന്ദുക്കളിൽനിന്നു കുടുംബസമേതമുള്ള മാനസാന്തരങ്ങൾ മന്ദീഭവിക്കയും, കേവലം അംഗുലീപരിമിതമാകുകയും ചെയ്തു. വിവാഹം തുടങ്ങിയ പ്രത്യേകസാഹചര്യങ്ങളിൽ ഉണ്ടാകാറുള്ള ഒററപ്പെട്ട ചില മാനസാന്തരങ്ങൾ

# വേദപാഠശാലകൾ




മാന്നാനം: നെയ്ത്തുശാല




എൽത്തുരുത്ത്: നവാഗതർ

# പുനരൈക്യ ശില്പികൾ



ഫാ. പ്ലാസിഡ്



ഫാ. ഹയസിന്ത്



ഫാ. ലീന്നൂസ്



ബ്ര. സൈമൺ

മാത്രമായി ഫലം. ഈ വഴിത്തിരിവുകൾ ഉണ്ടായിട്ടും സുവിശേഷവേലയെ ഉജ്ജീവിപ്പിക്കുവാൻ സി. എം. ഐ. സഭാംഗങ്ങൾ തീവ്രമായി പരിശ്രമിച്ചുകൊണ്ടേയിരുന്നു. വൈതരണികൾ സമുദായമദ്ധ്യേ വീണ്ടും തലപൊക്കി.

റീത്തുവഴക്കിൻേറയും സ്വാതന്ത്ര്യദാഹത്തിൻെറയും പേരിൽ അന്നോളം തീക്ഷ്ണതയോടെ വളർത്തിവന്ന സുവിശേഷവല്ക്കരണത്തിനും മിഷൻപ്രവർത്തനങ്ങൾക്കും വീണ്ടും ആഘാതം ഏല്ക്കേണ്ടതായി വന്നു. ''നാട്ടു മെത്രാന്മാരെ'' ലഭിക്കാനുള്ള പരിശ്രമങ്ങളിൽ സുറിയാനി സമുദായത്തിനു് സി. എം. ഐ. സഭാംഗങ്ങൾ ത്യാഗോജ്ജ്വലമായിത്തന്നെ നേതൃത്വം നല്കി. പാശ്ചാത്യരായ ചില മിഷനറിമാർക്കും പാശ്ചാത്യ മേലദ്ധ്യക്ഷന്മാർക്കും ഈ സംരംഭം ഒട്ടും രസിച്ചില്ല എന്നു വരുന്നതു് കേവലം സ്വാഭാവികമാണല്ലോ. ഈ സംരംഭങ്ങളിൽ സഹകരിച്ചതിൻെറ പേരിൽ സഭാംഗങ്ങളിൽ പ്രമുഖരായ ചിലർക്കെങ്കിലും അന്നത്തെ വൈദിക മേലദ്ധ്യക്ഷൻെറ ശിക്ഷണ നടപടികൾക്കു വിധേയരാകേണ്ടിവന്നു. തന്മൂലം തങ്ങൾ മാതൃസമാനം സ്നേഹിച്ചു് സേവിച്ചുവന്ന സന്യാസ സമൂഹത്തിൽ നിന്നു് അവർ ബഹിഷ്കൃതരാകുകപോലും ചെയ്തു. ''ഏഴവ്യാകുലങ്ങൾ'' എന്ന പേരിൽ ആക്കാലത്തു് അറിയപ്പെട്ടിരുന്നവർ വാസ്തവത്തിൽ മലബാർ സഭയുടെ ''ഏഴു് സന്തോഷങ്ങളായി'' പില്ക്കാലത്തു് പരിണമിക്കയാണുചെയ്തതു്. അവരിൽ ഒരുവനാണല്ലോ എറണാകുളം വികാരി അപ്പസ്തോലിക്കായി 1896_ൽ ഉയർത്തപ്പെട്ട പഴേപറമ്പിൽ മാർ ളൂയീസ് മെത്രാൻ. അദ്ദേഹത്തെ കൂടാതെ വേറെ രണ്ടു മെത്രാന്മാരെക്കൂടി സ്വസമുദായത്തിൽ നിന്നു് കേരള സുറിയാനി സഭക്കു് ലഭിക്കുകയുണ്ടായി, ഒരേ സമയത്തു്. അഭിവന്ദ്യരായ മാക്കീൽ മാർ മത്തായി മെത്രാനും, മേനാച്ചേരി മാർ യോഹന്നാൻ മെത്രാനും.

## പുതിയ മേച്ചിൽപ്പുറങ്ങൾ

സ്വജാതീയരായ മെത്രന്മാരെ ലഭിച്ചതും കേരള സുറിയാനി സഭാ മണ്ഡലത്തെ മൂന്നു പ്രാദേശിക സമൂഹങ്ങളായി (local churches) വിഭജിച്ചതും സുവിശേഷവല്ക്കരണത്തിനും പ്രേഷിത പ്രവർത്തനങ്ങൾക്കും കൂടുതൽ ആക്കവും ആവേശവും പകരുന്നതിനിടയാക്കി. അതോടെ ഭിന്നതയുടെ കരിനിഴലുകൾ പാടെ അപ്രത്യക്ഷമായി എന്നു പറയാവുന്നതാണു്. രൂപതാദ്ധ്യക്ഷന്മാരോടു് ചേർന്നു സി. എം. ഐ. സന്യാസികൾ

സഭാസേവനത്തിലും പ്രേഷിത ചൈതന്യത്തിലും നവോന്മേഷത്തോടെ മുന്നേറുന്നതിന് സർവ്വാത്മനാ പരിശ്രമിച്ചു. അസാധാരണമായ രീതിയിൽ എന്നുപറയട്ടെ, സുറിയാനിസമൂഹത്തിന്റെ സേവന മണ്ഡലം കേരളത്തിൽ, തെക്ക് പമ്പാനദിയും, വടക്ക് ഭാരതപ്പുഴയും, കിഴക്ക് സഹ്യാദ്രിയും, പടിഞ്ഞാറ് അറബിക്കടലും എന്ന അതിർത്തിവരമ്പുകൾ കൊണ്ട് പരിമിതിപ്പെടുത്തിയിരുന്നെങ്കിലും, സി. എം. ഐ സന്യാസികളുടെ വൈയക്തികമായ സേവനങ്ങൾ ഈ അതിർത്തികൾക്കപ്പുറം വടക്കേ മലബാറിലും, കൊല്ലം, കോട്ടാർ തിരുവനന്തപുരം തുടങ്ങിയ രൂപതകളിലും വ്യാപിക്കുകയും, ഏതാണ്ട് അരനൂററാണ്ടു മുമ്പ് മുതൽ അവിടെയെല്ലാം അവർ അജപാലനവും സുവിശേഷവല്ക്കരണവും യഥാവിധി നിർവ്വഹിച്ചു പോരുകയും ചെയ്തുവന്നു. മാത്രമല്ല, ടിപ്പുവിന്റേയും ഹൈദ്രാലിയുടേയും നാട്ടിലേക്കും, തമിഴ്നാട്ടിലെ കോയമ്പത്തൂർ, സേലം, കന്യാകമാരി, തുത്തുക്കുടി എന്നീപ്രദേശങ്ങളിലേക്കും സുവിശേഷസന്ദേശവുമായി എത്താൻ സഭാംഗങ്ങൾക്ക് സാധിച്ചിട്ടുണ്ട്. ക്രിസ്തീയസന്ദേശം എത്തിച്ചേരാത്ത ആർഷഭാരതത്തിന്റെ ഇരുളടഞ്ഞ ഇടങ്ങളിലേയ്ക്കും സുവിശേഷവെളിച്ചവുമായി അവർ ഇറങ്ങിത്തിരിച്ചു. പാവനസ്മരണാർഹനും ധീരോദാത്തനും ഒരുജ്ജ്വലപ്രേഷിതനുമായിരുന്ന റയ്ഗാർ-അംബികാപ്പൂർ മെത്രാൻ, ഡോക്ടർ സെവറാൻ, എസ്സ്. ജെ. തിരുമേനിയുടെ ആഹ്വാനവും അഭ്യർത്ഥനയുമനുസരിച്ച് ഒരു കാല്നൂററാണ്ടുമുമ്പ് (1955-ൽ) മദ്ധ്യപ്രദേശിലെ റയ്ഗാർ-അംബികപ്പൂർരൂപതയിൽ സി. എം. ഐ. മിഷനറിമാർ സുവിശേഷപ്രഘോഷണവും മാനസാന്തരവേലയും ആരംഭിച്ചതാണ്. ബ. കാസിയൂസച്ചനും അദ്ദേഹത്തിന്റെ സഹപ്രവർത്തകരായിരുന്ന ബ ദിയാഗോ, ബ. വിയാന്നി, ബ. റൊമുവാൾഡ്, ബ. ക്രിസ്റ്റ്യൽ എന്നീ ബ. അച്ചന്മാരും മദ്ധ്യപ്രദേശിലെ പരിചയസമ്പന്നരായ ആദ്യ സി. എം. ഐ. മിഷനറിമാരാണ്. അവരുടെ ഇതിഹാസാത്മകമായ അനുഭവകഥകൾ ആരേയും കോരിത്തരിപ്പിക്കതന്നെ ചെയ്യും. ചിലതെല്ലാം അന്യത്രചേർത്തിരിക്കുന്നതുകൊണ്ട് ആ ഭാഗം ഇവിടെ വിവരിക്കുന്നില്ല.

ഭാരതീയ ജീവിതത്തിന്റെ വൈവിധ്യവും, വൈചിത്ര്യവും തുടിച്ചു നില്ക്കുന്ന മദ്ധ്യഭാരതത്തിന്റെ ഹൃദയഭാഗത്താണ് ഛാന്ദാ സ്ഥിതി ചെയ്യുന്നത്. സീറോ-മലബാർ ഹയരാക്കിയുടെ ബാഹ്യകേരളഭാഗമായി രൂപംകൊണ്ട ആദ്യത്തെ പ്രേഷിതരൂപതയാണത് നാഗപ്പൂർ രൂപതയുടെ ഭാഗമായിരുന്ന ഈ പ്രദേശം 1962 ലാണ് സി. എം. ഐ. സഭയുടെ പ്രേഷിത രംഗമായി പ. സിംഹാസനം പ്രഖ്യാപിച്ചതും,

സഭയെ ഏല്പിച്ചതും. ഈ മിഷന്റെ വിജയത്തെയും, ഭാവിയെയുംപററി ഉത്തര ഇൻഡ്യയിലെ ചില രൂപതാ കേന്ദ്രങ്ങളിലും, മേലാദ്ധ്യക്ഷന്മാരിലും പൊന്തിവന്ന സംശയങ്ങളും ആശങ്കകളും അസ്ഥാനത്തായിരുന്നു വെന്നു് കാലംതന്നെ തെളിയിച്ചു. ഛാന്ദായുടെ അസൂയാർഹമായ പുരോഗതിയിലും വികാസത്തിലും സന്തുഷ്ടയായി, പുതിയ പുതിയ മേച്ചിൽ സ്ഥലങ്ങളും, വിസ്തൃതമായപ്രേഷിതവയലുകളും സി. എം. ഐ. സഭയെ ഏല്പിക്കുന്നതിനു് പരി. സിംഹാസനം തന്നെ മുമ്പോട്ടുവന്നു. അങ്ങനെയാണു് 1968-ൽ മദ്ധ്യപ്രദേശത്തിലെ സാഗാർരൂപത ജന്മം കൊണ്ടതു്. ദാരിദ്ര്യത്തിന്റെ വിളി ഒരു വശത്തു്; സമ്പന്നതയുടെ ധൂമപടലം മറുവശത്തു്. ഇതാണു് സാഗാർമിഷന്റെ സ്ഥിതിവിശേഷം. 1972–ൽ ഉത്തരപ്രദേശത്തു് ഹിമവാന്റെ ഇടതിങ്ങിയ ഗിരി ശൃംഗങ്ങളേയും സാനുപ്രദേശങ്ങളേയും ഗംഗാസമതലത്തിലെ ഉത്തരഭാഗങ്ങളേയും ഒതുക്കിക്കെട്ടി കൊണ്ടു് ഹൈന്ദവ ഇതിഹാസങ്ങളാൽപൂരിതയും പുണ്യഭൂമിയുമായ ബിജ്നോർരൂപതയും, മദ്ധ്യപ്രദേശത്തിന്റെ കിഴക്കേ അററത്തു് ഗിരിവർഗ്ഗക്കാർ എന്നറിയപ്പെടുന്ന ആദിവാസികളുടെ കൂടായ ബസ്തർ, കാങ്കർ ജില്ലകൾ ഉൾപ്പെടുന്ന ജഗദൽപൂരും സി. എം. ഐ സഭയുടെ മിഷൻ രൂപതകളായിത്തീൎന്നു. 1977–ലാണു് മഹാത്മഗാന്ധിയുടെ ജന്മനാടു് ഉൾക്കൊള്ളുന്ന രാജക്കോട്ടു് രൂപത സി. എം. ഐ. സഭയുടെ വേറൊരു പ്രേഷിതവയലായി പൂൎണ്ണരൂപം പ്രാപിച്ചതു്. അഹമ്മദാബാദു് രൂപതയുടെ ഭാഗമായിരുന്ന സൗരാഷ്ട്രയിലെ ഭവനഗർ, ആംറേലി, ജൂനാഗഡു്, രാജക്കോട്ടു്, സുരേന്ദ്രനഗർ, ജാംനഗർ, കച്ചു് എന്നീജില്ലകളിൽ ഉൾക്കൊള്ളിച്ചുള്ളതാണു് രാജക്കോട്ടു് രൂപത. അറേബ്യൻകടലിനെ തൊട്ടുരുമ്മിയാണു് അതിന്റെ കിടപ്പു്. അങ്ങനെ അതിവിസ്തൃതങ്ങളായ അഞ്ചു് മിഷൻ രൂപതകൾ ഭാരതത്തിന്റെ വിരിമാറിൽ സി. എം. ഐ സഭ ഏറെറടുത്തു് വിശ്വാസത്തിന്റെ വിത്തു് പാകി വരുന്നു. സ്നേഹാത്മകമായ ക്രിസ്തുവിന്റെ രക്ഷാകരസന്ദേശം പ്രചരിപ്പിച്ചു വരുന്നു. ഈ സുവിശേഷവേലയിൽ അവരെ അഹോരാത്രം സഹായിച്ചുകൊണ്ടിരിക്കുന്ന, വിവിധസന്യാസ സഭാംഗങ്ങളായ അഞ്ഞൂറിൽപരം സഹോദരികളും അമ്പതോളം അൽമായ വേദാദ്ധ്യാപകരും കൎമ്മവേദിയിലുണ്ടെന്നുള്ളതും കൃതജ്ഞതയോടെ സ്മരിക്കേണ്ടിയിരിക്കുന്നു.

ദേശീയവും പ്രാദേശികവുമായ മേച്ചിൽപ്പുറങ്ങൾ കടന്നു് വിദേശങ്ങളിലേക്കും സുവിശേഷ ദൗത്യവുമായി സി. എം. ഐ സഭ ഇന്നു് പ്രയാണം ആരംഭിച്ചിരിക്കയാണു്. പൂൎവ്വകാലസ്മരണകളെ അയവിറക്കിക്കൊണ്ടും, പ്രേഷിത ചൈതന്യം ഉൾ

ക്കൊണ്ടു സത്യവിശ്വാസത്തിൽ തങ്ങളുടെ ജനയിതാക്കളായി രുന്നവരുടെ ജന്മനാടുകളിലേക്കു് തന്നെ ആനുകാലികമായ വിളികേട്ടു് പുറപ്പെടുകയായി. അങ്ങനെ ഭാരതത്തിന്റെയും കേരളത്തിന്റെയും പ്രതിനിധികൾ എന്നവണ്ണം ഏതാനും സി. എം. ഐ. സന്യാസികൾ ഇറാക്കിലും, ബാഗ്ദാദിലും, തുടർന്നു് അമേരിക്കയിലെ ഐക്യനാടുകളിലും, തെക്കേ അമേരിക്കയിലെ പെറുവിലും, ഇദാനീന്തനനാളുകളിൽ പശ്ചിമ ജർമ്മനിയിലും, ഇററലിയിലും, ആഫ്രിക്കയിലും മിഷനറിമാരായി എത്തിച്ചേർന്നിട്ടുണ്ടു്; അവിടെയുള്ള വിശ്വാസവെളിച്ചം അണയാതെ സംരക്ഷിക്കുന്നതിനായി, എണ്ണത്തിൽ താരതമ്യേന കുറവാണെങ്കിലും പൂർവ്വികന്മാരുടെ സന്താന പരമ്പരകളുടെ ഇടയിലേക്കു് കടന്നുചെന്നു് അവർക്കും വിശ്വാസവെളിച്ചം പകർന്നു കൊടുക്കുക, വലിയൊരു ഭാഗ്യവും അഭിമാനവുമായി ആരുംതന്നെ കരുതുകകയില്ല! ആരറിഞ്ഞു അനതിവിദൂരമായ ഭാവിയിൽ കേരളതനയർ തന്നെ പശ്ചിമഭൂഖണ്ഡങ്ങളിലെ ക്രൈസ്തവ സമൂഹങ്ങൾക്കു് താങ്ങും തണലുമായി പരിലസിക്കയില്ലന്നു്.

## നൂതനാഭിമുഖ്യങ്ങൾ

കാലത്തിന്റെ ചുവരെഴുത്തും തിരുസ്സഭയുടെ ആഹ്വാനവും ആവശ്യങ്ങളും കണക്കിലെടുത്തു കൊണ്ടു് പ്രേഷിതരംഗത്തിറങ്ങാൻ സി എം. ഐ. സഭാംഗങ്ങൾ മടിച്ചുനിന്നിട്ടില്ല. സഭാപിതാക്കന്മാരുടെ അതേകാഴ്ചപ്പാടിൽ ചുവടുറപ്പിച്ചു് അടിപതറാതെ അടർക്കളത്തിലിറങ്ങി, ആധുനിക ചിന്താധാരകളേയും പ്രവർത്തന ശൈലികളേയും സമഞ്ജസമായി സമന്വയിച്ചു കൊണ്ടു് സഭാംഗങ്ങൾ കേരളത്തിലും, സഹ്യാദ്രിക്കപ്പുറം കടന്നു് ഹിമവാന്റെ മടിത്തട്ടിലും, ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിലും ക്രിസ്തുവിന്റെ സഭസ്ഥാവിത്തുപാകാൻ ഇറങ്ങിക്കഴിഞ്ഞവിവരം മേല് സൂചിപ്പിച്ചുവല്ലോ. ഇന്നു് സി. എം. ഐ. സഭയുടെ ചിന്താരീതിയാൽ മിഷനറിമനോഭാവവും ചിറകടിച്ചു് നില്ക്കുന്നതു് സ്പുടമായികാണാം. സന്യാസജീവിതത്തിനു് ഭംഗംവരാതെതന്നെ മിഷനറി ആകാൻ സാധിക്കുമെന്നു് അവർ കാണിച്ചു കൊടുക്കുകയാണു് ഭാരതത്തിന്റെ അന്തരാത്മാവിൽതന്നെ സന്യാസചിന്തയുടെ അന്തർധാര ചുഴന്നു നില്ക്കുന്നുണ്ടെന്നുള്ളവസ്തുത മേൽസൂചിപ്പിച്ചിട്ടുണ്ടല്ലോ തിരുസ്സഭ സ്വഭാവത്താലെ മിഷനറിയാണെങ്കിൽ സന്യാസസഭയുടെ മനോഭാവവും മററൊന്നാകാൻ തരമില്ല. ക്രിസ്തുവിനെ ധ്യാനിച്ചു് പ്രണമിച്ച സന്യാസികൾ ക്രിസ്തുവിനെ ജീവി

ക്കകയും ക്രീസ്തുവനുഭവത്തിലൂടെ ക്രിസ്തുബദ്ധമായൊരു സമൂഹത്തിനു് രൂപവും ഭാവവും നല്കി, വ്യക്തികളെ ക്രിസ്തുവിൽ വളന്ന വ്യക്തികളാക്കി രൂപവല്ക്കരിക്ക എന്ന ദൗത്യനിവ്വഹണത്തിനായി അണിനിരന്നിരിക്കയാണു്.

അജപാലനകൃത്യങ്ങളിൽ നിന്നു വ്യതിരിക്തമായ ഒരു കമ്മമണ്ഡലവും, പ്രക്രിയയുമാണു് പ്രേഷിതപ്രവത്തനം അഥവാ സുവിശേഷവേല (evangelization) എന്നു് രണ്ടാം വത്തിക്കാൻ സുനഹദോസു് തെളിവായി പ്രസ്താവിക്കയുണ്ടായി. പ്രസ്തുത സുനഹദോസു് തന്നെ വിശദീകരിക്കുന്നതു പോലെ 'മിഷൻ' എന്നു വച്ചാൽ 'സുവിശേഷപ്രഘോഷകരെ തിരുസ്സഭ വേരൂന്നിയിട്ടില്ലാത്ത സമൂഹങ്ങളിലേക്കും സ്ഥലങ്ങളിലേക്കും പറഞ്ഞയച്ചു് അവിടങ്ങളിൽ ക്രിസ്തുവിലുള്ള വിശ്വാസം ബീജാവാപം ചെയ്തു് സഭയെ നട്ടുവളത്തുന്നതാണു് (Ad gentes No. 6). അജപാലനവൃത്തിയുൾപ്പടെ ഏതു സൽപ്രവൃത്തിയും, ധമ്മദാനവും മിഷൻപ്രവത്തനമാണെന്നു് ധരിച്ചു് വശായ ഒരു കാലഘട്ടമുണ്ടായിരുന്നു. സാമുദായികോദ്ധാരണ നടപടികളും മിഷൻപ്രവത്തനമായി അന്നു് പരിഗണിക്കപ്പെട്ടിരുന്നു. ക്രിസ്തുവിന്റെ അതേ സ്രോതസ്സിൽ നിന്നുയിർക്കൊള്ളുന്ന ചൈതന്യവിശേഷമാണു് 'മിഷൻ'. അവിടത്തെഅന്ത്യശാസനം അതിനു് ഉപോൽബലകമത്രെ. (വി മാക്കോസു് 6: 15; വി. മത്തായി 28: 19; ലൂക്കാ 24:47). 1977–ലെ 'മിഷൻ സണ്ടേ' സന്ദേശത്തിൽ ഭാഗ്യസ്മരണാർഹനായ 6–ാം പോറം മാപ്പാപ്പ പ്രസ്താവിക്കയുണ്ടായി " missionary activity therefore, is not any and every activity undertaken in the so-called "third world". If this were so, it would lose its special character and its very existance would become precarious. For, many Countries in which the church has not yet taken root, do not belong to the "Third world". വിശ്വവീക്ഷണവും, ആത്മാത്ഥമായ അപ്പണബോധവും, ശരിയായ മിഷൻപരിശീലനവും ലഭിച്ചവക്കു മാത്രമേ യഥാത്ഥത്തിൽ മിഷൻ പ്രവത്തനം ത്വരിതപ്പെടുത്തുവാനാവൂ. ദൈവികവും മാനുഷികവുമായ മൂല്യങ്ങളെ മുറുകെപ്പിടിക്കുകയും പ്രതിസന്ധികളെ വിജയത്തിന്റെ കോണിപ്പടികളായി മാററുകയും ചെയ്യാനുള്ള കഴിവു് ഓരോ മിഷനറിക്കും ഉണ്ടായിരിക്കണം. മാത്രമല്ല, 6–ാം പോറം പാപ്പാ തന്നെ 'മിഷൻ' ആശയം വിശദീകരിച്ചുകൊണ്ടു് പുറപ്പെടുവിച്ച "Evangelii Nuntiandi' എന്ന അപ്പസ്തോലിക ഉപദേശത്തിൽ പ്രസ്താവിച്ചിട്ടു

ള്ളതുപോലെ നമ്മുടെ കർത്താവിന്റെ സുവിശേഷം, എല്ലാവർക്കും അക്രൈസ്തവർക്കും, അവിശ്വാസികൾക്കും, ക്രിസ്തീയവിശ്വാസത്തിൽനിന്നു് വ്യതിചലിച്ചവർക്കും വിശ്വാസികൾക്കും വേണ്ടിയുള്ളതാണു്. പ്രേഷിതചൈതന്യവും, പ്രേഷിതവേലയും എല്ലാവരിലും, എല്ലായിടത്തും, എപ്പോഴും വേണ്ടതാണു്. സഭാസമൂഹം സ്ഥാപിക്കുന്നതുകൊണ്ടും, വളർത്തിവികസിപ്പിക്കുന്നതുകൊണ്ടും മാത്രം ദൈവജനത്തിന്റെ പ്രേഷിതവേല തീരുന്നില്ല. പ്രാദേശിക സഭകൾ, പ്രാദേശികസംസ്കാരങ്ങളിൽക്കൂടി വളർന്നുവരേണ്ടതും അതേ ചൈതന്യത്തിൽ അവയെ വളർത്തേണ്ടതും മിഷൻ പ്രവർത്തനത്തിന്റെ പരിധിയിൽപ്പെടുന്ന കടമകൂടിയാണെന്നു് പ പിതാവു് ഉദ്ബോധിപ്പിച്ചിട്ടുണ്ടു്. തന്മൂലം മനുഷ്യഹൃദയങ്ങളിലും, സമൂഹതലത്തിലും സമൂലപരിവർത്തനം അഥവാ സമഗ്രമായ വിമോചനം കൈവരുത്തേണ്ടതാണു്. ഒരു പുതിയ ലോകമാണു് ഈ പരിവർത്തനം കൊണ്ടു് വിവക്ഷിക്കപ്പെടുന്നതു്.

ചുരുക്കത്തിൽ, മിഷൻ പ്രവർത്തനം സി.എം.ഐ. സഭയുടെ ഊടും പാവുമായി മാറിക്കഴിഞ്ഞിരിക്കയാണു്. മാന്നാനംകുന്നിൽ കൊളുത്തപ്പെട്ട ഭദ്രദീപം കേരളത്തിലുടനീളം പ്രകാശം പരത്തി. കേരളത്തിന്റെ അതിർത്തിമതിലായി നീണ്ടുനിവന്നു് ഇടതിങ്ങി നില്ക്കുന്ന സഹ്യാദ്രിയുടെ ഉള്ളറകളിലേയ്ക്കും ഉത്തുംഗശൃംഗങ്ങളിലേയ്ക്കും കയറിച്ചെന്നു് അവിടം വിളഭൂമിയാക്കി പകർത്തുകയും കുടിപാർപ്പുള്ള താമസസ്ഥലങ്ങളാക്കി തീർക്കുകയും ചെയ്ത കർഷകരുടെയിടയിൽ വിശ്വാസസമൂഹങ്ങളും പ്രാർത്ഥനാമണ്ഡലങ്ങളും ആരാധനാലയങ്ങളും അവർ രൂപീകരിച്ചു് ക്രിസ്തീയപ്രകാശം പ്രസരിപ്പിച്ചു. ഇന്നത്തെ എക്യുമെനിക്കൽ പ്രസ്ഥാനത്തിന്റെ മുന്നോടി എന്നവണ്ണം, പുനരൈക്യപ്രസ്ഥാനത്തിന്റെ ശീതളസന്ദേശവാഹകരായി സി. എം. ഐ. സഭാംഗങ്ങൾ, യാക്കോബായർ, മാർത്തോമർ ആദിയായ അകത്തോലിക്കാസഹോദരങ്ങളുടെയിടയിലേയ്ക്കും കടന്നുചെന്നു് സത്യവിശ്വാസത്തിന്റേയും ഐക്യത്തിന്റേയും ചലനം സൃഷ്ടിച്ചുവെന്നതും അവരുടെപ്രേഷിതവേലയുടെ വേറൊരു വമ്പിച്ച നേട്ടമായി പരിഗണിക്കാവുന്നതാണു്.

കേരളസീമകൾക്കപ്പുറം സഹ്യാദ്രിയും, വിന്ധ്യാനിരകളും കടന്നു് റയിഗാർ അംബികപ്പൂർ മേഖലകളിൽ ആ ഭദ്രദീപം മിന്നിനിന്നു. അതിൻെറ പ്രകാശകിരണങ്ങൾ ഛാന്ദായിലും ഉത്തരഇൻഡ്യയിലെ ഇതരസംസ്ഥാനങ്ങളിലും, പ്രത്യേകിച്ച് ആന്ധ്ര, മഹാരാഷ്ട്ര, മദ്ധ്യപ്രദേശ്, ഉത്തരപ്രദേശ്, ഗുജറാത്ത് തുടങ്ങിയ പ്രദേശങ്ങളിലും മിഷൻ രംഗങ്ങൾ ആരംഭിക്കാൻ വഴി തെളിച്ചു. അവിടംകൊണ്ടും ഒതുങ്ങാതെ ഭാരതസീമകൾക്കപ്പുറം, ഇറാക്ക്, വടക്കേ അമേരിക്ക, തെക്കേ അമേരിക്ക, ജർമ്മനി ഇററലി തുടങ്ങിയ വിദൂരരാജ്യങ്ങളിലും വിശ്വാസത്തിൻെറ ഒളി വിതറിയിരിക്കുന്നു. കാലത്തിൻെറ നെട്ടോട്ടത്തിൽ സി എം ഐ സമൂഹം ലോകമൊട്ടാകെ ഒന്നായിക്കണ്ടു് അതിനെ വിശ്വവ്യാപകമായ പ്രേഷിതരംഗമാക്കാൻ ശ്രമിച്ചുവരികയാണു്. ജറുസലേമിൽനിന്നു് ജറീക്കോയിലേയ്ക്കുള്ളപാത ലോകത്തിൻെറ വിദൂരാതിർത്തികളിലേക്കുതന്നെ നീണ്ടിയിരിക്കുന്നു. ഇരുപാർശ്വങ്ങളിലുള്ളവരെല്ലാം നമ്മുടെ അയൽക്കാരാണു്. ഈ വീക്ഷണത്തിൽ വേണം സുവിശേഷപ്രഘോഷണവും, പ്രേഷിതവേലയും നൂതനാഭിമുഖ്യങ്ങളോടെ മുന്നേറാൻ. സി.എം.ഐ. സഭയുടെ ഇന്നോളമുണ്ടായ കൂട്ടായ പ്രേഷിതപ്രവർത്തനത്തിൻെറ ഇതിഹാസങ്ങളിൽ നിന്നു് അടർത്തിയെടുത്ത ഏതാനും ചില വിവരങ്ങളാണു് ഈ അദ്ധ്യായത്തിൽ ചുരുങ്ങിയരീതിയിൽ അവതരിപ്പിച്ചിരിക്കുന്നതു്. ഒററപ്പെട്ടതും വൈയക്തികവുമായ മിഷനറി പ്രവർത്തനങ്ങളുടെ ചുരുൾ നിവർത്തിയാൽ രോമാഞ്ചജനകമായ പലേ ഏടുകളും നമുക്കവിടെ കാണാൻ സാധിക്കും. മുകളിൽ വരച്ചുവച്ച നഖചിത്രങ്ങളുടെ ഏതാണ്ടൊരു പൂർണ്ണരൂപം അടുത്ത താളുകളിൽ കണ്ടെത്താവുന്നതാണു്.

II

# കേരളസഭയും അമലോദ്ഭവമാതാവിൻെറ കർമ്മലീത്തരും

— ഫാ. ആൻറണി, സി. എം. ഐ.

സീറോ_മലബാർ സഭയിലെ മൂന്നു ധന്യവൈദികരായ ഫാ. തോമസ് പാലക്കൽ, ഫാ. തോമസ് പോരൂക്കര, ഫാ. കുര്യാക്കോസ് ഏലിയാസ് ചാവറ എന്നിവർ 1831_ൽ സ്ഥാപിച്ച അമലോത്ഭവമാതാവിൻെറ കർമ്മലീത്താസഭയുടെ ചരിത്രവും പുരാതനമായ മാർത്തോമ്മാ ക്രിസ്ത്യാനികൾ തങ്ങളുടെ തനിമയ്ക്കുവേണ്ടി 19_ാം നൂററാണ്ടിൽ നടത്തിയ യത്നത്തിൻെറ ചരിത്രവും തമ്മിൽ അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. ഒന്നിനു മററതിനെ കൂടാതെ നില്ക്കാനാവില്ല. ഇവിടെ തനിമയ്ക്കു് വേണ്ടിയുള്ള യത്നം എന്ന വാക്ക് അല്പം വിശദീകരണം അർഹിക്കുന്നു.

## രണ്ടാം വത്തിക്കാൻ സൂനഹദോസ്

പൗരസ്ത്യസഭകളെക്കുറിച്ചുള്ള ഡിക്രിയിൽ രണ്ടാം വത്തിക്കാൻ സൂനഹദോസ് പ്രഖ്യാപിക്കുന്നു ''പൗരസ്ത്യസഭയുടെ സ്ഥാപനങ്ങൾ, ആരാധനക്രമങ്ങൾ, ക്രൈസ്തവജീവിതരീതി, എന്നിവയെല്ലാം വലിയ മതിപ്പോടെയാണ് കത്തോലിക്കാസഭ വീക്ഷിക്കുന്നതു്. കാരണം, അഭികാമ്യമായ അവരുടെ പൗരാണികത്വം ഒരു പ്രത്യേകസ്ഥാനം അവക്കു നല്കുന്നുണ്ട്. ഈ പാരമ്പര്യമാകട്ടെ സാർവത്രിക സഭയുടെ ദൈവാവിഷ്കൃതവും അവിഭാജ്യവുമായ പിതൃസ്വത്തിൻെറ ഒരു ഭാഗമാണ്,'' സാർവത്രികസഭ രൂപം കൊണ്ടിരിക്കുന്നതു് വ്യത്യസ്തസഭകളുടെ അഥവാ, റീത്തുകളുടെ ഐക്യത്തിലൂടെയാണെന്നും അതിനാൽ, ഓരോ സഭയുടെയും സംരക്ഷണത്തിനും വളർച്ചയ്ക്കും വേണ്ടി എല്ലാശ്രദ്ധയും നല്കണം എന്നും ഡിക്രി തുടന്നു വ്യക്തമാക്കുന്നുണ്ട്. (Cfr. Nos. 1, 2, 4, 5.)

## മാർത്തോമ്മാക്രിസ്ത്യാനികൾ

16-ാം നൂററാണ്ടിൽ തീക്ഷ്ണമതികളായ പടിഞ്ഞാറൻ മിഷനറിമാർ കേരളത്തിലെത്തി. ലത്തീൻ റീത്തിൽപ്പെട്ടവക്കു് ഒരേയൊരു റീത്തിനെക്കുറിച്ചേ അറിയാമായിരുന്നുള്ളു–അവരതിനെ സ്നേഹിച്ചിരുന്നു; സേവിച്ചിരുന്നു. പക്ഷേ, പൌരസ്ത്യറീത്തുകളെക്കുറിച്ചു വ്യത്യസ്തമായ ആശയങ്ങളായിരുന്നു അവക്കുണ്ടായിരുന്നതു്. തങ്ങളുടേതിൽനിന്നു് തികച്ചും വ്യതിരിക്തമായ ആരാധനാശൈലിയും സഭാഭരണക്രമവും, ശിക്ഷണവും, ആധ്യാത്മികവും സാംസ്കാരികവുമായ പാരമ്പര്യങ്ങളും ഉണ്ടായിരുന്നവരും എന്നാൽ, ഒരേവിശ്വാസം ഏററുപറഞ്ഞിരുന്നവരും റോമായിലെ പാപ്പാക്കു് വിധേയത്വം നല്കിയിരുന്നവരുമായ സഭാംഗങ്ങളെ അവർ ഭാരതത്തിൽ കണ്ടു. ഇന്ത്യയിലെ ഈ മാർത്തോമ്മാ ക്രിസ്ത്യാനികൾക്കു് ഹൈരാർക്കിക്കൽ തലത്തിലും ആരാധനാപരമായും, സെലൂസിയ ക്ടെസിഫോൺ കേന്ദ്രമാക്കിയിരുന്ന സീറോകാൽഡിയൻ സഭയുമായിട്ടായിരുന്നു ബന്ധമുണ്ടായിരുന്നതു്. കേരളത്തിൽ അങ്കമാലി ആസ്ഥാനമാക്കിയിരുന്ന ഒരു മെത്രാപ്പൊലീത്തയാണു് ഇന്ത്യൻ സഭ ഭരിച്ചിരുന്നതു്. ''മെത്രാപ്പോലീത്തയും ഇന്ത്യമുഴുവന്റെയും കവാടവും'' എന്നൊരു സ്ഥാനപ്പേരും അദ്ദേഹത്തിനുണ്ടായിരുന്നു. ഇന്ത്യൻ ക്രൈസ്തവരുടെ പരിശുദ്ധസഭയുടെ ഭരണാധികാരവും അദ്ദേഹത്തിനുണ്ടായിരുന്നു. (Vat. Syriac Codex XXII written in 1301 quoted by Fr. Placid). മെസപ്പൊട്ടാമിയായിൽനിന്നും വന്നിരുന്ന മെത്രാപ്പോലീത്ത, തന്റെ മെത്രാധികാരം ഉപയോഗിച്ചിരുന്നുവെങ്കിലും, സഭാഭരണം ഇന്ത്യാക്കാരനായ ആച്ചഡീക്കനായിരുന്നു നടത്തിയിരുന്നതു്. അദ്ദേഹമാകട്ടെ ''ഇന്ത്യമുഴുവനിലും അടുത്തുള്ളതുമായ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ രാജാവായിരുന്നു;'' രാജാവിനടുത്ത എല്ലാ ആനുകൂല്യങ്ങളും അനുഭവിച്ചിരുന്നു.

## പടിഞ്ഞാറിനെതിരെ കിഴക്കു്

ഏറെക്കുറെ ഒരു നൂററാണ്ടുകാലം പോർത്തുഗീസുകാരും ഇന്ത്യൻ സഭയും പരസ്പരധാരണയോടെ നീങ്ങി. എന്നാൽ, പോർത്തുഗീസുകാർ തങ്ങളുടെ രാഷ്ട്രീയവും വ്യാവസായികവുമായ താല്പര്യങ്ങൾ ഇന്ത്യയിൽ ഉറപ്പിക്കുകയും ഇന്നാട്ടുകാരായ അനേകരെ ക്രിസ്തുമതത്തിൽ ചേർക്കുകയും ഗോവയിലും കൊച്ചിയിലും ലത്തീൻ രൂപതകൾ സ്ഥാപിക്കുകയും ചെയ്തതോടെ,

മാർത്തോമ്മാക്രിസ്ത്യാനികളെ അവരുടെ ആദ്ധ്യാത്മികപാരമ്പ ര്യങ്ങരം ഉപേക്ഷിച്ച് ലത്തീൻ ക്രമങ്ങരം സ്വീകരിക്കാൻ സമ്മർദ്ദം ചെലുത്താൻ തുടങ്ങി. ഇതു് സുറിയാനിക്കാർ വിസ മ്മതിച്ചു. എന്നാൽ നിർഭാഗ്യമെന്നുപറയട്ടെ, ലത്തീനീകര ണവും പാശ്ചാത്യവൽക്കരണവും നിരന്തരമായി അടിച്ചേല്പിച്ചു കൊണ്ടിരുന്നു. സുറിയാനി മെത്രാന്മാർക്കു പകരം ലത്തീൻ മെത്രാന്മാർ അവരോധിക്കപ്പെട്ടു. പുരാതന ലിററർജി ഭംഗപ്പെ ടുത്തി ലത്തീനീകരിച്ചു. സുറിയാനിക്കാരുടെ വിസമ്മതം ശക്തി പ്രാപിച്ച് യാക്കോബായ സഭയുടെ ആവിർഭാവമുണ്ടായി. ഈ വിഘടിതഗ്രൂപ്പിൻെറ (പുത്തൻകൂറുകാർ) പുനരൈക്യത്തി നായുള്ള പരിശ്രമം വിദേശഭരണാധികാരികളുടെ എതിർപ്പു മൂലം നിഷ്ഫലമായി ഈ വിദേശാധിപത്യം മൂന്നു നൂററാ ണ്ടുകാലം നീണ്ടുനിന്നു.

## ഇരുണ്ട അദ്ധ്യായം

ഇന്ത്യൻ സഭയുടെ, പ്രത്യേകിച്ച് കേരളസഭയുടെ, ഇക്കാ ലഘട്ടത്തെ, മിഷനുകളുടെ ചരിത്രത്തിലെ ഏററവും ഇരുണ്ട ഒരദ്ധ്യായമായിട്ടാണ് പ്രശസ്ത ജർമ്മൻ പണ്ഡിതനും പൗരസ്ത്യ സഭാശാസ്ത്രജ്ഞനുമായ ഡോ. ജോൺ മാഡേ വിവരിക്കുന്നതു്. (The particular oriental vocation of the Nazarani Church in union with Rome, P. 79) കാർഡിനൽ സംഘത്തിൻെറ ഡീനും ദീർഘകാലം പൗരസ്ത്യതിരുസംഘത്തിൻെറ സെക്രട്ടറിയുമായി രുന്ന കാർഡിനൽ ടിസറാങ്ങ്, ഈ ലേഖനകർത്താവിനോട് ഒരിക്കൽ പറഞ്ഞകാര്യം സ്മരിക്കട്ടെ: ''ഫാദർ ആൻറണി, നി ങ്ങളുടെ സഭയോടു വത്തിക്കാൻ എന്തു വലിയ ഉപദ്രവം ചെയ്തു വെന്നു് എനിക്കറിയാം. ലെയോ മൗറീൻ, ഇഗ്നേഷ്യസ് പെർസീക്കോ എന്നീ പേപ്പൽ ഡലഗേററുകളുടെ റിപ്പോർട്ട് 1886-ൽ കിട്ടുന്നതുവരെ (Propaganda Con. Report, Dec. 1886, No. 26, quoted by Fr. Placid) കേരളസഭയെക്കുറിച്ച് അ റിയുന്നതിന് വത്തിക്കാൻ അധികാരികരംക്ക് യാതൊരു മാർഗ്ഗവുമുണ്ടായിരുന്നില്ല ''

കൊളോണിയലിസത്തിൻെറ ആക്രമണവും ആന്തരിക ഛിദ്രവുംമൂലം തകന്ന ഈ പുരാതനസഭയെ അതിൻെറ തനിമ യിലേക്കു് കൊണ്ടുവരുന്നതിന് അത്മായരുടെയും വൈദികരു ടെയും സമ്പൂർണ്ണസഹകരണത്തോടെ നടത്തിയ ശ്രമത്തിൽ, സി.എം.ഐ. സഭ അവരുടെ കരുത്തരായ നേതാക്കളുടെ കീ ഴിൽ സുപ്രധാനമായ ഒരു പങ്ക് നിർവഹിക്കുയുണ്ടായി.

## ദ്വിമുഖയത്നം

സ്ഥാപകപിതാക്കന്മാരുടെ ലക്ഷ്യം, ജനക്കൂട്ടത്തിൽനിന്ന കന്ന് പ്രാർത്ഥനയുടെയും ധ്യാനത്തിന്റെയും ഒരുജീവിതം നയി ക്കണമെന്നതായിരുന്നു. എന്നാൽ, അന്നത്തെ വികാരി അപ്പ സ്തോലിക്കയും കർമ്മലീത്താക്കാരനും സഭാസ്ഥാപനത്തിന് അനുവാദം നല്കിയയാളുമായ മോൺസിഞ്ഞോർ സ്തബിലീനി, തങ്ങളുടെ പുണ്യപൂർണ്ണതയ്ക്കുള്ള താല്പര്യം ദൈവൈക്യവും സഭാസേവനവും സാമൂഹ്യസേവനവുമായി ഐക്യപ്പെടുത്താൻ അവരോട് നിർദ്ദേശിച്ചു. ഈ നിർദ്ദേശം സ്വീകരിച്ചുകൊണ്ടുള്ള ഒരു സമൂഹജീവിതത്തിനാണ് അവർ രൂപം കൊടുത്തത്. നിർദ്ദിഷ്ടസമയങ്ങളിൽ സമൂഹപ്രാർത്ഥന, ധ്യാനം, ജപമാല, ധ്യാനപ്രസംഗം കുദാശാപരികർമ്മം തുടങ്ങിയവ മാന്നാനത്ത് സമൂഹജീവിതത്തിന്റെ ബാഹ്യപ്രകടനങ്ങളായിരുന്നു. അങ്ങ നെ, ഈ സമൂഹത്തിന് ദ്വിമുഖങ്ങളുണ്ടായിരുന്നു എന്നു പറ യാം – ധ്യാനയോഗവും അതിന്റെ നിറഞ്ഞൊഴുക്കായ മനുഷ്യ സേവനമെന്ന കർമ്മയോഗവും.

## വൈദികപരിശീലനം

പിതാക്കന്മാരുടെ ശ്രദ്ധ ആദ്യമായി തിരിഞ്ഞത് വൈദി കപരിശീലനത്തിലായിരുന്നു. ഫാ തോമസ് അക്കാലത്തെ പ്രസിദ്ധനായ മല്പാനായിരുന്നു. അദ്ദേഹം പരിശീലനം നല്കി യ വൈദികരിൽ ഏററവും പ്രഗത്ഭനായിരുന്നു, ഫാ. കുര്യാ ക്കോസ് ചാവറ. 1833_ൽ ഒരു സെമിനാരി ആരംഭിച്ചു, മാന്നാനത്ത്. 1841_ൽ ഫാ. തോമസ് മരിക്കുമ്പോഴം, ഈ സെമിനാരി എല്ലാ അർത്ഥത്തിലും നന്നായി പ്രവർത്തിക്കുന്നു ണ്ടായിരുന്നു. ഫാ. കുര്യാക്കോസ് ചാവറയുടെ സെമിനാരി ഭരണശേഷിയിൽ സംപ്രീതനായ അന്നത്തെ വികാരി അപ്പ സ്തോലിക്ക മോൺസിഞ്ഞോർ ഫ്രാൻസീസ് സേവിയർ അദ്ദേഹത്തെ മല്പാനും വിദ്യാർത്ഥികളുടെ പരീക്ഷകനുമായി നി യമിക്കയുണ്ടായി. ആ കത്ത് ശ്രദ്ധേയമാണ്:

''താങ്കളുടെ സുകൃതങ്ങളും കഴിവും എന്നെ ധൈര്യപ്പെടുത്തു ന്നതുകൊണ്ട് എന്റെ ഭരണസീമയിലെ സുറിയാനിറീത്തിൽ പ്പെട്ട എല്ലാ വിദ്യാർത്ഥികളുടെയും പരീക്ഷകനും സഭാസംബ ന്ധമായ എല്ലാ പഠനങ്ങളുടെയും മല്പാനുമായി ഞാൻ താങ്കളെ നിയമിക്കുന്നു

''പരിശോധിക്കപ്പെട്ടവരും ഗുണങ്ങളുള്ളവരുമായവർക്കു് പൗരോഹിത്യം നല്കാനും, വൈദികക്ക് പള്ളിയിൽ പ്രസംഗിക്കാനും കുമ്പസാരം കേൾക്കാനും അനുവാദം നല്കുന്നതിനു് ഇതിനാൽ ഞാൻ താങ്കളെ അധികാരപ്പെടുത്തുന്നു.''

ആർച്ച്ബിഷപ്പ് ഫ്രാൻസീസ് സേവിയർ

പുതിയ സെമിനാരികൾ തുടങ്ങുക എന്ന ചുമതല സി. എം. ഐ. സഭയെയാണ് ഏല്പിച്ചതു്. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള വൈദികാർത്ഥികൾക്കു് പരിശീലനം നല്കാൻ കൊവേന്തയോടനുബന്ധിച്ച് വാഴക്കുളം, എൽത്തുരുത്തു് പുളിങ്കുന്നു് എന്നിവിടങ്ങളിൽ സെമിനാരികൾ സ്ഥാപിക്കപ്പെട്ടു. മല്പാന്മാരുടെ കീഴിലുള്ള നിരവധി സെമിനാരികളുടെ പ്രവർത്തനം നിർത്തിവയ്ക്കാൻ കല്പന നല്കപ്പെട്ടു. എന്നാൽ, സി.എം.ഐ. വൈദികർ മല്പാന്മാരുടെ കാലടികളെ പിൻചെന്നു്, സീറോ മലബാർ സഭയുടെ ചരിത്രപരമായ പാരമ്പര്യങ്ങളോടും ആരാധനക്രമങ്ങളോടുമുള്ള പ്രതിപത്തി വൈദികവിദ്യാർത്ഥികളിൽ വളർത്താൻ പ്രത്യേകം ശ്രദ്ധിച്ചു. അങ്ങനെ, സഭാസ്ഥാപനം തൊട്ട് അമ്പതു കൊല്ലത്തോളം സീറോ മലബാർ വൈദികരെ പരിശീലിപ്പിച്ചിരുന്നതു് മുഖ്യമായും സി.എം ഐ. വൈദികരായിരുന്നു. വരാപ്പുഴയുടെ ഭരണാധികാരത്തിൽനിന്നു മാററി, സുറിയാനിക്കാരുടെ ഭരണത്തിനായി നിയമിക്കപ്പെട്ട മോൺ. ചാറൽസ് ലവീഞ്ഞ്, മോൺ. എ. മെഡ്ലിക്കോട്ട് എന്നീ ലത്തീൻ മെത്രാന്മാരുടെ കല്പനകളനുസരിച്ച്, 19–ാംനൂററാണ്ടിൽ സി എം ഐ. സെമിനാരികൾ പ്രവർത്തനം നിറുത്തി സി.എം ഐ. സഭാസെമിനാരികൾ ഇല്ലാതാക്കിയതു് സീറോമലബാർ സഭയ്ക്കു് ഒരു കനത്ത പ്രഹരമായിരുന്നു എന്നു് പിൽക്കാലസംഭവങ്ങൾ തെളിയിച്ചു. സുറിയാനി വിദ്യാർത്ഥികളും പഠിക്കേണ്ടിയിരുന്ന പുത്തൻപള്ളി സെമിനാരിയിൽ, സുറിയാനി സഭയുടെ ആരാധനക്രമം, ചരിത്രപാരമ്പര്യങ്ങൾ തുടങ്ങിയവയുമായി പരിചയപ്പെടുന്നതിനു വേണ്ടത്ര സൗകര്യങ്ങൾ നല്കിയിരുന്നില്ല.

## മുദ്രണാലയങ്ങൾ

കേരളസഭയിലെ മുദ്രണാലയപ്രസ്ഥാനത്തിന്റെ എളിയ വലിയ തുടക്കമായിരുന്നു, കുര്യാക്കോസ് ചാവറയച്ചൻ മാന്നാനത്തു സ്ഥാപിച്ച പ്രസ്സ്. അന്നു് തിരുവിതാംകൂർ സംസ്ഥാ

നത്തു് രണ്ടേ രണ്ടു് അച്ചടി ശാലകളേ ഉണ്ടായിരുന്നുള്ളൂ_തിരുവനന്തപുരത്തെ സർക്കാർ പ്രസ്സും, കോട്ടയത്തെ സി.എം.എസ്. പ്രസ്സും. തങ്ങളുടെ പ്രസ്സു് കാണാൻ പോലും കത്തോലിക്കാ പുരോഹിതനായ കര്യാക്കോസ് ചാവറയെ പ്രോട്ടസ്റ്റൻറുകാർ അനുവദിച്ചില്ല. അതിനാൽ, ചാവറയച്ചൻ തിരുവനന്തപുരത്തുപോയി പ്രസ്സ്കണ്ടു മനസ്സിലാക്കി; അതിൻെറ ഒരു മാതൃക ഉണ്ടാക്കി. സ്ഥലത്തെ ആശാരികളുടെയും കൊല്ലന്മാരുടെയും സഹായത്തോടെ അദ്ദേഹം അച്ചടിയന്ത്രം ഉണ്ടാക്കി മാന്നാനത്തു് സ്ഥാപിച്ചു പ്രവർത്തനം തുടങ്ങി. 1846_ൽ ആദ്യത്തെ ഗ്രന്ഥമായി 'ആധ്യാത്മികാമൃതം' പ്രസിദ്ധീകരിച്ചു. സി. എം. ഐ. സഭ വിദ്യാസേവനം ചെയ്യുന്ന വലുതായ ഒരു മേഖലയിലേക്കുള്ള പ്രവേശനമായിരുന്നു അതു്.

കോട്ടയം, എൽത്തുരുത്തു്, തൃശ്ശൂർ, തേവര, എറണാകുളം തുടങ്ങിയ വിവിധസ്ഥലങ്ങളിൽ സി. എം. ഐ. സഭ അച്ചടിശാലകൾ ആരംഭിച്ചു. 1930_ൽ ഫാദർ എമ്മാനുവേൽ പുതിയനിയമത്തിൻെറ മലയാള പരിഭാഷ പ്ശീത്തയിൽ നിന്നും 1978_ൽ ഒരു വിദഗ്ധസംഘം പുതിയനിയമപരിഭാഷ മൂലത്തിൽ നിന്നും തയ്യാറാക്കിയതു് പ്രത്യേകം സ്മർത്തവ്യമാണ്. കുടുംബമാസികകളായി 'കർമ്മലകുസുമം' മാന്നാനത്തുനിന്നു പ്രസിദ്ധീകരിക്കാൻ തുടങ്ങിയിട്ടു് 78_ഉം 'കുടുംബദീപം' തേവരയിൽനിന്നു് ആരംഭിച്ചിട്ടു് 50_ഉം വർഷങ്ങൾ കഴിഞ്ഞിരിക്കയാണു്. സഭയ്ക്കും സമൂഹത്തിനും വേണ്ടി സേവനനിരതയായ ദീപിക ദിനപ്പത്രം ആരംഭിച്ചിട്ടു് 93 വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു. ആരോഗ്യകരമായ സാമൂഹികസാമ്പത്തിക തത്വങ്ങൾക്കും ജനാധിപത്യത്തിനും, അധഃസ്ഥിതരുടെയും പിന്നോക്കക്കാരുടെയും അവകാശങ്ങൾക്കും വേണ്ടി യത്നിച്ച ഒരു ചരിത്രമാണു് ദീപികയുടേതു്.

## കാനോനികാംഗീകാരം

മാന്നാനത്തെ ഈ സമൂഹത്തിനു് കാനോനികമായ അംഗീകാരം കിട്ടുന്നതിനുമുമ്പേ, തങ്ങളുടെ പ്രാർത്ഥനാജീവിതം, ആനുകാലികസാമൂഹിക സാഹചര്യങ്ങളെക്കുറിച്ചുള്ള അവബോധം, സഭയ്ക്കു നല്കിയ സമ്പൂർണ്ണസേവനം തുടങ്ങിയവയാൽ കേരളസഭയുടെ നവീകരണയജ്ഞത്തിൽ സുപ്രധാനമായ പങ്കുവഹിച്ചിരുന്നു. വ്രതവാഗ്ദാനം നടത്താൻ അനുവാദം ലഭിച്ചതോടെ, 1955_ൽ കാനോനികാംഗീകാരം നല്കപ്പെട്ടു.

മാന്നാനത്തു് ആരംഭിച്ച ആ സമൂഹം കർമ്മലീത്താ സമൂഹമായി അറിയപ്പെട്ടു. കർമ്മലീത്താക്കാരായിരുന്നു അവരെ ഭരിച്ചിരുന്നതു്; അവരുടെ നിയമങ്ങളാണു് നല്കപ്പെട്ടതു്; കർമ്മലീത്ത സന്യാസപരിശീലനവും അവർക്കു ലഭിച്ചു. ('കർമ്മലമാതാവിന്റെ ദാസസംഘം എന്നനാമം ഔദ്യോഗികമായി അവർ സ്വീകരിച്ചു') ഫാ. കുര്യാക്കോസ് ഏലിയാസ് ചാവറ അതിന്റെ പ്രിയോരായി തിരഞ്ഞെടുക്കപ്പെട്ടു. രണ്ടുകൊല്ലത്തിനുള്ളിൽ ഈ സമൂഹം കർമ്മലീത്താ നിഷ്പാദുക മൂന്നാം സഭയാക്കപ്പെട്ടു (T O C D). ഈ സംഭവം പിതാക്കന്മാരുടെ അറിവോടുകൂടെയായിരുന്നുമില്ല.

## റോക്കോസ് ശീശ്മ

ഫാദർ കുര്യാക്കോസിന്റെ കീഴിലുള്ള സുറിയാനി കർമ്മലീത്തർക്കു കഠിനപരീക്ഷണമായ ഒരു സാഹചര്യം കേരള സഭയിലുണ്ടായി വിദേശലത്തീൻഭരണത്തിനു് കേരളസുറിയാനിക്കത്തോലിക്കരോടുണ്ടായിരുന്ന മനോഭാവം ദുസ്സഹമായിരുന്നുവെന്നു സൂചിപ്പിച്ചിട്ടുണ്ടല്ലോ. യാക്കോബായ സഭയിൽ ചേർന്നവർക്കു് തങ്ങളുടെ റീത്തിലും രാജ്യത്തിലുംപെട്ട മെത്രാന്മാരെ ലഭിച്ചു ഇന്ത്യയിലൊട്ടാകെ മാതൃരാജ്യസ്നേഹം പുനർജീവിച്ചുവന്ന കാലവുമായിരുന്നു, അതു്. കഴിവുററവരും സാഹസികരുമായ ആന്റണി കൊടക്കച്ചിറ, ആന്റണി തൊണ്ടനാട്ട് എന്നീ സുറിയാനി വൈദികർ, സുറിയാനി ഭരണം പുന: സ്ഥാപിക്കുന്നതിനായി മെസപ്പൊട്ടാമിയായിലെ കൽദായ പാത്രിയർക്കീസിനെ സമീപിച്ചു. അവരുടെ താല്പര്യമനുസരിച്ചു് പാത്രിയർക്കീസ് മാർ ഔദോ, തോമസ് റോക്കോസ് എന്ന മെത്രാനെ മലബാർ സന്ദർശിക്കാനായി 1861 ൽ ഫാ. ആന്റണി തൊണ്ടനാടിനോടും സഹചരന്മാരോടും കൂടി അയച്ചു. (ഫാ. ആന്റണി കൊടക്കച്ചിറ ബാഗ്ദാദിൽവച്ചു് 1858_ൽ മരണമടഞ്ഞു.)

റോം ഈ നീക്കത്തിനു് എതിരായിരുന്നു. എന്നാൽ, നിയമാനുസൃതം വന്നെത്തിയ റോക്കോസ് മെത്രാനെ സുറിയാനിക്കാരിൽ ഭൂരിപക്ഷവും സഹർഷം സ്വാഗതം ചെയ്തു. സാഹചര്യത്തിന്റെ ഗുരുത്വം ഗ്രഹിച്ച വരാപ്പുഴ വികാരി അപ്പോസ്തോലിക്ക ഫാ കുരിയാക്കോസ് ചാവറയെ വികാരി ജനറലാക്കുകയും, ഈ ശീശ്മക്കു് എതിരെ നീങ്ങാൻ അസാധാരണമായ അധികാരം നല്കുകയും ചെയ്തു. റോമിൽ നിന്നു് കൃത്യമായവിവരം ആവശ്യപ്പെട്ടു ഒമ്പതാംപീയൂസ് പാപ്പാ

യുടെ കയ്യൊപ്പോടെ സുറിയാനിയിലും ലത്തീനിലും മറുപടി ലഭിച്ചു. കുര്യാക്കോസച്ചൻ ശീശ്മക്കെതിരെ രംഗത്തിറങ്ങി. വൈദികരും ഒപ്പമുണ്ടായിരുന്നു. 1862_ൽ റോക്കോസിനു് കേരളത്തിൽ നിന്നു് പിൻവലിയേണ്ടിവന്നു.

## മെത്രാൻ സ്ഥാനത്തേക്കു് നാമനിർദ്ദേശം

റോക്കോസ്ശീശ്മയുടെ കാലത്തു്, മലബാർസഭക്കു് സ്വറീത്തിൽപെട്ട ഒരു മെത്രാനെ നിയമിക്കേണ്ടതിന്റെ ആവശ്യകയതയെക്കുറിച്ചു റോമിലെ കമ്മലീത്താജനറാളിനു് ഫാ. കുര്യാക്കോസ് എഴുതിയിരുന്ന കാര്യം പ്രത്യേകം സ്മരണീയമാണു്. അടുത്തകാലത്തു് റോമിലെ ഗ്രന്ഥശേഖരങ്ങൾ പരിശോധിച്ചപ്പോൾ, ഫാ കുര്യാക്കോസിനെ മെത്രാനായി നിയമിക്കാൻ വത്തിക്കാനു് താല്പര്യമുണ്ടായിരുന്നതായി തെളിവുലഭിച്ചിട്ടുണ്ടു്. അതു യാഥാർത്ഥ്യമാകാതെ പോയതു്, വരാപ്പുഴ രൂപതാധികാരികളുടെ എതിർപ്പു മൂലമായിരുന്നു.

ദൈവസ്നേഹത്താൽ ജ്വലിച്ചിരുന്ന ഫാ. കുര്യാക്കോസ് കഠിനാധ്വാനം കൊണ്ടു ക്ഷീണിച്ചു. അദ്ദേഹം 1871 ജനുവരി മൂന്നിനു് ദിവംഗതനായി. അദ്ദേഹത്തിന്റെ പിൻഗാമി കുര്യാക്കോസ് എലിസേവൂസ് പോരൂക്കര ആയിരുന്നു.

തോമസ് റോക്കോസ്ശീശ്മക്കു്ശേഷം പതിന്നാലുകൊല്ലവും കുര്യാക്കോസ് ഏലിയാസച്ചന്റെ മരണത്തിനുശേഷം മൂന്നുവർഷവും കഴിഞ്ഞപ്പോൾ 1874ൽ ബിഷപ്പ് മാർ ഏലിയാസ് മേലൂസ് വേറൊരു ശീശ്മയുമായി മലബാറിലെത്തി. അദ്ദേഹം തൃശ്ശൂർ കേന്ദ്രമാക്കിയാണു് പ്രവർത്തിച്ചതു് ഫാ. ആൻറണി തൊണ്ടനാട്ടായിരുന്നു അദ്ദേഹത്തിനു സ്വാഗതം നല്കിയതു്. വികാരി അപ്പസ്തോലിക്കയുടെ പ്രത്യേക കമ്മീഷൻ അനുസരിച്ചു് സുപ്പീരിയർ ജനറാൾ ഫാ. കുര്യാക്കോസ് എലിസേവൂസിന്റെ നേതൃത്വത്തിൽ കമ്മലീത്താ വൈദികർ ശീശ്മയെ വിജയകരമായി നേരിട്ടു. ഈ ശീശ്മയുടെ ഫലമാണു് തൃശ്ശൂർ ഭാഗത്തുള്ള നെസ്തോറിയൻ സഭക്കാർ.

## സമൂഹത്തോടൊത്തു്

സുറിയാനി കത്തോലിക്കർ പാപ്പായോടും വിശ്വസ്തത പുല ത്തിക്കൊണ്ടു് സഭൈക്യത്തിനുവേണ്ടി അധ്വാനിച്ചു. സ്വസ ഹോദരന്മാരോടു് എതിർക്കുക എന്ന വേദനാജനകമായ കാര്യ മാണു് അവർ ചെയ്തതു്. അവരുടെ ആശയഗതിയോടു് ആഭിമുഖ്യമില്ലാഞ്ഞിട്ടല്ല, അവർ സ്വീകരിച്ച മാർഗ്ഗത്തോടായി രുന്നു എതിർപ്പു്, സുറിയാനിസഭയിൽ വിദേശമെത്രാന്മാ രുടെ പിടിമുറുകുന്നതിനു് തങ്ങളെ കരുക്കളാക്കുകയായിരുന്നോ എന്നവർ ഭയപ്പെട്ടു. തങ്ങളെ ലത്തീൻ മെത്രാന്മാരുടെ അധി കാരത്തിൽ നിന്നു് വിമുക്തമാക്കി സ്വന്തം റീത്തിൽപ്പെട്ട മെ ത്രാന്മാരുടെ കീഴിലാക്കണമെന്നുള്ള അഭ്യർത്ഥന അവർ മാർ പാപ്പയ്ക്കു് സമർപ്പിച്ചു. പേപ്പൽ ലെഗേററായിരുന്ന ലെയോ മൗറീനു് മാന്നാനത്തുവച്ചു് സുറിയാനിക്കാർ 1885ൽ നല്കിയ മെമ്മോറാണ്ടത്തിന്റെ ആദ്യഖണ്ഡിക തന്നെ ഇതു വ്യക്തമാക്കു ന്നുണ്ടു്.

''സഭാപരവും സാമൂഹികവുമായ കാര്യങ്ങളിൽ ഞങ്ങളുടെ യാക്കോബായ സഹോദരങ്ങളേക്കാൾ ശൈഥില്യം തങ്ങൾ ക്കു് ഉണ്ടായിരിക്കുന്നതിന്റെ കാരണം ഞങ്ങളുടെ സമുദായ ത്തിലും റീത്തിലും പെട്ട ഒരു മെത്രാന്റെ അഭാവമാണു്. അവക്കു് സ്വന്തസമുദായത്തിലും റീത്തിലും പെട്ട മെത്രാനുണ്ടു്. അവക്കു് സർവ്വകലാശാലാ പരീക്ഷ പാസ്സാകാൻ പ്രോത്സാ ഹനം ലഭിക്കുന്നു. മാത്രമല്ല, ഗവൺമേണ്ടിൽ ഉത്തരവാദിത്വ മുള്ള ഉദ്യോഗങ്ങൾ അവർ വഹിക്കുന്നു. അങ്ങനെ യാക്കോ ബായക്കാരെ അപേക്ഷിച്ചു് കത്തോലിക്കരെ അജ്ഞരായ ഒരു സമൂഹമായി വിലയിടിച്ചുകാണുന്നു''. quoted by Fr. Bernard vol. 1. P. 346)

## മെത്രാൻ ശിക്ഷിക്കുന്നു, മാർപാപ്പാ ഇടപെടുന്നു

ഈ സംഭവവികാസങ്ങളിൽ ക്ഷുഭിതനായ, വരാപ്പുഴ വികാർ അപ്പസ്തോലിക്ക മോൺ. ലെയോനാർഡു് മെല്ലാനോ ഒ. സി. ഡി. സഭയിൽനിന്നു് ഏഴു് പേരെ ബഹിഷ്ക്കരിച്ചു. സമൂഹത്തിലേക്കു് പുതിയ അംഗങ്ങളെ സ്വീകരി ക്കുന്നതു വിലക്കി. സന്യാസജീവിതം ആഗ്രഹിക്കുന്നവർക്കു വേണ്ടി പുതിയ ഒരു സന്യാസസമൂഹം അദ്ദേഹം സ്ഥാപിക്കുക യുംചെയ്തു. സ്ഥലത്തെ മെത്രാന്റെ ക്രൂരമായ നടപടികൾ വ്യക്ത

മാക്കിക്കൊണ്ട് ഫാ. കുര്യാക്കോസ് എലിസേവൂസ് പോരുക്കര മാർപാപ്പയ്ക്ക് ടെലഗ്രാം അയക്കുകയുണ്ടായി:

''വികാരിമാരും സന്യാസികളും വൈദികരും വേറെ മെത്രാനുവേണ്ടി പല അപേക്ഷകളും അയക്കുന്നു—അതിനാൽ, മെത്രാപ്പോലീത്ത ഞങ്ങളുടെ കൊവേന്തകൾ നശിപ്പിക്കുന്നു—ഞങ്ങളെ ക്രൂരമായി പീഡിപ്പിക്കുന്നു—സഹിക്കവയ്യ—വരാപ്പുഴ—കൊല്ലം ഒഴികെ ആരെയെങ്കിലും ഞങ്ങൾക്കു മെത്രാനായി നിയമിക്കുക''. (Quoted by Fr. Placid, Hierarchy of the Syro—Malabar Church P. 178).

ഇംഗ്ലീഷ് ഭാഷയിലുള്ള ഈ ടെലഗ്രാമിൻെറ ഇററാലിയൻ പരിഭാഷ റോമിൽ നടത്തിയതു് ഇങ്ങനെയാണ്: ''തീരുമാനമുണ്ടാകുന്നതുവരെ വാരാപ്പുഴത്തെയൊ കൊല്ലത്തെയൊ അല്ലാതെ യാതൊരു മെത്രാനും ഞങ്ങൾക്കു സ്വീകാര്യമല്ല''.

വികാർ അപ്പസ്തോലിക്കയുടെ നടപടികൾ റോമിൻെറ പെട്ടെന്നുള്ള ഇടപെടൽ മൂലം തടയപ്പെട്ടു. പുതിയ അംഗങ്ങളെ സ്വീകരിക്കരുതെന്ന കല്പനയും റദ്ദാക്കപ്പെട്ടു. രണ്ടുകൊല്ലത്തിനുള്ളിൽ, അതായതു് 1887ൽ ലെയോ പതിമൂന്നാമൻ പാപ്പാ, സീറോമലബാർ ഹൈരാർക്കിയുടെ പുന:സ്ഥാപനത്തിൻെറ മുന്നോടിയായി സുറിയാനിക്കാരെ വരാപ്പുഴയുടെ അധികാരത്തിൽ നിന്നു മാററി. വിദേശികളായ കർമ്മലീത്ത സഭക്കാരുടെ (O C D) നിയന്ത്രണത്തിൽ നിന്നും കോൺഗ്രിഗേഷനെയും സ്വതന്ത്രമാക്കി.

## ആധുനിക വിദ്യാഭ്യാസം

വിദ്യാഭ്യാസ സൗകര്യത്തിൻെറ അഭാവത്തിൽ തങ്ങളുടെ യാക്കോബായ സഹോദരങ്ങളെക്കാൾ തലമുറകൾ താഴെ വീണുപോയതായി, പേപ്പൽ പ്രതിനിധിക്കു് സമർപ്പിച്ച നിവേദനത്തിൽ സുറിയാനിക്കാർ പരാതിപ്പെട്ടതായി സൂചിപ്പിച്ചിരുന്നുവല്ലോ? ഇതു് 1885ൽ ആയിരുന്നു. ഇന്നത്തെ സി എം എസ്സ്, കോളെജ് 1816ൽ തന്നെ ബ്രിട്ടിഷ് പ്രോട്ടസ്റ്റൻറ് മിഷനറിമ്മാർ കോട്ടയത്തു് സ്ഥാപിച്ചു. ആധുനിക വിദ്യാഭ്യാസഭാഷ ഇംഗ്ലീഷ് ആയിരിക്കണമെന്ന 1834ൽ പ്രഖ്യാപിക്കുന്നതിനു് 18 കൊല്ലം മുമ്പായിരുന്നു ഇതു്. വരാപ്പുഴ മിഷനറിമ്മാരുടെ ഇംഗ്ലീഷ് വിദ്യാഭ്യാസത്തോടുള്ള മുൻ

വിധി കത്തോലിക്കക്ക് അതു് നിക്ഷേധിക്കത്തക്കവിധം സങ്കുചിതമായിരുന്നു. കത്തോലിക്കക്കായി ഒരു കോളെജ് ആരംഭിക്കുവാൻ കുരിയാക്കോസച്ചനു് അതിയായ ആഗ്രഹമുണ്ടായിരുന്നു. പക്ഷേ, 1846ൽ മാന്നാനത്തു് ഒരു സംസ്കൃതസ്കൂൾ തുടങ്ങി അദ്ദേഹത്തിനു് തൃപ്തിയടയേണ്ടിവന്നു. ആധുനിക വിദ്യാഭ്യാസത്തിനായി, സിറിയൻ കത്തോലിക്കർക്കുവേണ്ടി ആരംഭിച്ച പ്രഥമസ്ഥാപനം മാന്നാനത്തെ സെൻറ് എഫ്രേമായിരുന്നു. കോട്ടയത്തു് സി. എം. എസ്സ്. കോളെജ് സ്ഥാപിച്ച് ഏതാണ്ട് 70 കൊല്ലം കഴിഞ്ഞ് 1885ൽ ആയിരുന്നു അതു് 1903ൽ സെൻറ് എഫ്രേം പൂർണ്ണവളർച്ച പ്രാപിച്ച ഹൈസ്കൂളായി. 1905ൽ പാവറട്ടി സെൻറ് ജോസഫ് ഹൈസ്കൂൾ സ്ഥാപിതമായി. മററു സ്കൂളുകൾ തുടർന്നുണ്ടായി. 1914 മാർച്ച് 1നു് ഇന്ത്യയിലെ പേപ്പൽ പ്രതിനിധി മോൺ. സെലസ്കി പ്രീയോർ ജനറാളിനയച്ച റിപ്പോർട്ടിൽ ഇപ്രകാരമെഴുതി ''സ്കൂളും ബോർഡിങ്ങും ഇപ്പോൾ സഭയുടെ പ്രധാന പ്രവർത്തനങ്ങളിൽ ഒന്നാണു്. ഈ കാര്യത്തിൽ നിങ്ങൾക്കുള്ള കഴിവിനു് വേണ്ടത്ര തെളിവുകളായിക്കഴിഞ്ഞിരിക്കുന്നു. (Quoted by Fr. Romeo Thomas). 20 ഹൈസ്കൂൾ ഉൾപ്പെടെ 50 ലധികം സ്കൂൾ സഭയിന്നു നടത്തുന്നുണ്ട്.

## ഉന്നത വിദ്യാഭ്യാസം

സർവ്വകലാശാലാ വിദ്യാഭ്യാസത്തിനായി സി. എം. ഐ. സഭ ആരംഭിച്ച ആദ്യത്തെസ്ഥാപനം തേവരയുള്ള സേക്രഡ് ഹാർട്ട്കോളേജാണു്. 1944 – ലാണു് അതാരംഭിച്ചതു്. ചാവറ കുര്യാക്കോസ് ഏലിയാസച്ചൻെറ ആഗ്രഹം നൂറുകൊല്ലാം കഴിഞ്ഞപ്പോഴാണ് യാഥാർത്ഥ്യമായതു്. യൂറോപ്പിൽനിന്നു വന്ന മിഷനറിമാർക്കു് ഇംഗ്ലീഷ്ഭാഷയോടുണ്ടായിരുന്ന നിഷേധാത്മക മനോഭാവമാണു് ഈ കാലതാമസത്തിനുണ്ടായ പ്രധാനഹേതു. എന്നാൽ സി എം ഐ ക്കർ ഈ കാര്യം ഏറെറടുത്തു അതു് ഉന്നതമായ രീതിയിൽത്തന്നെ ചെയ്യുകയുണ്ടായി. 1960–കൾക്കുശേഷം യാതൊരു സന്യാസസമൂഹമോ, സഭാഘടകമോ ഉന്നത വിദ്യാഭ്യാസത്തിനായി ഇത്രമാത്രം ആളും അർത്ഥവും സി.എം.ഐ.ക്കാരെപ്പോലെ വിനിയോഗിച്ചിട്ടില്ല. ഇന്നു് ഈ സഭാസമൂഹം ഏഴ കോളേജുകൾ നടത്തുന്നുണ്ട്.

## മിഷൻ ചൈതന്യം

സി.എം.ഐ. വൈദികർ ആരംഭംമുതൽക്കേ മിഷനറി ചൈതന്യമുള്ളവരായിരുന്നു. സ്ഥലകാലസാഹചര്യങ്ങളനുസരിച്ച് ഈ മിഷനാഭിമുഖ്യം വിവിധഭാവങ്ങൾ സ്വീകരിച്ചിട്ടുണ്ട്. ജാതിവ്യവസ്ഥിതിയുടെ കൂത്തരങ്ങായ ഇന്ത്യൻ സമൂഹത്തിൽ ഹരിജനങ്ങൾ (ദൈവജനം) മർദ്ദിതരും അടിച്ചമർത്തപ്പെട്ടവരുമായിരുന്നു. കൊവേന്തകളോടനുബന്ധിച്ച്, ഈ മർദ്ദിതർക്കുവേണ്ടി സുവിശേഷ പ്രഘോഷണത്തിനായി മതപഠനക്ലാസുകൾ നടത്തിയിരുന്നു. അനേകർ കത്തോലിക്കാമതത്തിൽ ചേർന്നിരുന്നു ഇത്തരം പിന്നോക്കവർഗ്ഗത്തിൽ പെട്ടവർക്ക് ഹിന്ദുക്കളായാലും ക്രൈസ്തവരായാലും ഗവണ്മെണ്ട് സ്കൂളുകളിൽ പ്രവേശനം ലഭിച്ചിരുന്നില്ല. എന്നാൽ, സി. എം. ഐക്കാരും മററു ക്രൈസ്തവമാനേജർമാരും ഈ ജാതികളിൽ നിന്നുള്ള കുട്ടികൾക്കായി തങ്ങളുടെ സ്ഥാപനങ്ങൾ തുറന്നുകൊടുത്തു. ഇതവരുടെ ഉന്നമനത്തിന് വലിയ സംഭാവനകൾ നല്കി.

യാക്കോബായ സഹോദരന്മാരുടെയിടയിൽ നടത്തിയ എക്യുമെനിക്കൽ പ്രവർത്തനങ്ങളാണ് ശ്രദ്ധേയമായ വേറൊന്ന് പ്രശസ്തനായ മാർ ഇവാനിയോസ് പുനരൈക്യ പ്രവർത്തനം തുടങ്ങുന്നതിന് ഏറെമുമ്പ്, യാക്കോബായക്കാരുടെയിടയിൽ പുനരൈക്യത്തിന്റെയും എക്യുമെനിസത്തിന്റെയും സന്ദേശമെത്തിക്കാൻ സി എം ഐ ക്കാർ യത്നിച്ചിരുന്നു. ആ പ്രസ്ഥാനങ്ങൾ സമാരംഭിച്ചപ്പോൾ ഉദാരമായി സഹകരിക്കയും ചെയ്തു.

## കുടിയേററക്കാരുടെയിടയിൽ

1887ൽ സുറിയാനികത്തോലിക്കരെ വരാപ്പുഴഭരണത്തിൽ നിന്ന് വിടർത്തിയപ്പോൾ അവരുടെ പ്രവർത്തനമേഖല തെക്ക് പമ്പാനദിക്കും വടക്ക് ഭാരതപ്പുഴക്കും ഇടയ്ക്കുള്ള പ്രദേശം മാത്രമായി ചുരുക്കപ്പെട്ടു അതിനുമുമ്പ് ഭാരതം മുഴുവനുമായിരുന്നു. എന്നാൽ, പരമ്പരാഗതമായികാർഷിക വൃത്തിയിലേർപെട്ടിരുന്ന സുറിയാനിക്കാർക്ക് ഈ പ്രദേശത്ത് ഒതുങ്ങിക്കഴിയാനാ

വുമായിരുന്നില്ല. അവർ വടക്കോട്ടും തെക്കോട്ടും കുടിയേറാൻ തുടങ്ങി. സ്ഥലത്തെ മെത്രാന്മാരുടെ അനുവാദത്തോടെയും അഭ്യർത്ഥനയനുസരിച്ചും ഈ കുടിയേററക്കാർക്കു് സേവനമനുഷ്ഠിക്കാൻ സി എം ഐ ക്കാർ മുന്നോട്ടുവന്നു. അതു്, ഈ പ്രദേശങ്ങളിലേക്കും സീറോമലബാർ ഭരണാധികാരം വ്യാപിക്കുന്നതിനു് വഴിയൊരുക്കി.

## വടക്കേ ഇന്ത്യയിലേക്കു്

സീറോ മലബാർ സഭയുടെയും സിറിയൻ കർമ്മലീത്താ കോൺഗ്രിഗേഷൻെറയും അധുനിക മിഷൻചരിത്രത്തിലെ ഒരു സുപ്രധാന വർഷമാണു്, 1962. മദ്ധ്യഭാരതത്തിൽ ഛാന്ദാ എക്സാർക്കേററു് രൂപവൽക്കരിച്ചു്, പരിശുദ്ധ സിംഹാസനം അതു് സി.എം.ഐ. സഭയെ ഏല്പിച്ചു. കേരളത്തിനു പുറത്തു് സീറോമലബാർസഭയ്ക്കു് സുവിശേഷപ്രചാരണത്തിനായി ലഭിച്ചആദ്യത്തെ രൂപതയാണിതു്. ഛാന്ദാ മിഷനിലേക്കു് പോകുന്ന കർമ്മലീത്താ വൈദികർ അവിടെ തങ്ങളുടെ സീറോ കൽദായ റീത്തു് പാലിക്കണമെന്നു് പൗരസ്ത്യസഭകൾക്കു വേണ്ടിയുള്ള തിരുസംഘത്തിൻെറ ഇതു സംബന്ധിച്ചുള്ള പ്രഖ്യാപനത്തിൽ പ്രത്യേകം എടുത്തു പറഞ്ഞിട്ടുണ്ടു്. പിന്നീടു് സി. എം. ഐ ക്കാരെ നാലു രൂപതകളും വിൻസെൻഷ്യൻ സഭയെയും സെൻറു് തോമസു് സൊസൈററിയെയും ഓരോ രൂപതയും ഏല്പിക്കയുണ്ടായി. മർത്തോമ്മാ ക്രിസ്ത്യാനികളുടെ അഖിലേന്ത്യാ സ്വഭാവം പുന:സ്ഥാപിക്കണമെന്നും ഇന്നത്തെ കാലത്തിൻെറ പ്രശ്നങ്ങളും ആവശ്യങ്ങളും പരിഗണിച്ചു്, ഇന്ത്യയിലുള്ള മൂന്നു റീത്തുകളും തമ്മിൽ ''അത്ഭുതകരമായ സാഹോദര്യം തഴച്ചു വളരുന്ന'' ഒരവസ്ഥയുണ്ടാകണമെന്നുമാണു് പരിശുദ്ധ സിംഹാസനത്തിൻെറ താല്പര്യം എന്നു വ്യക്തമാണു്.

## ശ്രദ്ധേയമായ ചരിത്രം, പൂർത്തിയാകാത്ത യത്നം

ലുവെയിനിലെ സെൻറർ ഫോർ സോഷ്യോ റിലീജിയസു് റിസർച്ചിൻെറ ഡയറക്ടറും പ്രഗത്ഭനായ ബൽജിയം സോഷ്യോളജിസ്ററുമായ ഫാ. എഫ്. എച്ച്. ഹൗത്താർട്ടു് കേരള സഭയെക്കുറിച്ചും, സി.എം.ഐ. സഭയുടെ 'ചരിത്രം ഇന്നത്തെ സ്ഥിഥി എന്നിവയെക്കുറിച്ചു് പ്രത്യേകിച്ചും, പഠനം നടത്തുകയുണ്ടായി രണ്ടുവർഷം നീണ്ടുനിന്ന പഠനത്തിൻെറ നിഗമനത്തിൽ അദ്ദേഹം പറയുകയുണ്ടായി: ''മാർത്തോമ്മാ ഇന്ത്യ

യിൽ സംസ്ഥാപിച്ചതും പതിനാറാം നൂററാണ്ടുമുതൽ അമിത തീഷ്ണമതികളായ മിഷനറിമാരാൽ തെററായ പശ്ചാത്യവൽക്കരണ–ലത്തീനീകരണ നയങ്ങളാൽ തകക്കപ്പെട്ടതുമായ സുറിയാനി കത്തോലിക്കാസഭയുടെ തനിമ വീണ്ടെടുക്കുന്നതിനായുള്ള ചരിത്രപരമായ കടമ സി എം.ഐ. സഭ നിർവഹിച്ചിട്ടുണ്ട്. തങ്ങളുടെ സഭയുടെ തനിമയ്ക്കു വേണ്ടി സി എം.ഐ. ക്കാർ നടത്തിയ യത്നം അന്യാദൃശമാണ്. പുരാതന സഭയുടെ ആദ്ധ്യാത്മികവും സാംസ്കാരികവുമായ പാരമ്പര്യങ്ങൾക്കനുസരണമായി വൈദികൾക്കു നല്കിയ പരിശീലനം, ശീശ്മക്ക് എതിരായി നടത്തിയ വിജയകരമായ സമരത്തിന്റെ നേതൃത്വം, ഹൈരാർക്കിയുടെ പുനഃസ്ഥാപനം, കത്തോലിക്കാ വിജ്ഞാനീയത്തിനായി നടത്തിയ മുദ്രണാലയ പ്രവർത്തനങ്ങൾ, പത്രപ്രവർത്തനം, വിദ്യാഭ്യാസത്തിനായി പ്രാഥമിക വിദ്യാലയംതുടങ്ങി കലാശാലകൾ വരെയുള്ള സ്ഥാപനങ്ങൾ, സുവിശേഷപ്രഘോഷണം, ഹരിജനോദ്ധാരണ പ്രവർത്തനങ്ങൾ, വേർപെട്ടുനില്ക്കുന്നവരുടെയിടയിൽ എക്യുമെനിസ–പുനരൈക്യപ്രവർത്തനങ്ങൾ, ഭാരതത്തിന്റെ–ഉത്തര–മദ്ധ്യപ്രദേശങ്ങളിലെ മിഷൻ പ്രവത്തനങ്ങൾ, കേരളത്തിനു പുറത്തുള്ള കുടിയേററക്കാരുടെയിടയിലെ പൗരോഹിത്യ ശുശ്രൂഷപ്രവത്തനങ്ങൾ, തുടങ്ങിയവ തീർച്ചയായും തനിമയ്ക്കുവേണ്ടിയുള്ള അത്യുദാത്തയജ്ഞങ്ങളാണ്. ഫ. ഹ്ഹത്താർട്ട് മതപരമായ വീക്ഷണത്തിലൂടെയല്ല, സാമൂഹികശാസ്ത്രജ്ഞനെന്ന നിലയിലാണ് ഇതു പറയുന്നതു്. രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെയോ, പാപ്പാ അടുത്തകാലത്ത് നടത്തിയ ഉൽബോധനങ്ങളുടെയൊ മാനദണ്ഡമനുസരിച്ചു്, സീറോമലബാർ സഭയുടെ തനിമയ്ക്കായുള്ള യത്നം പൂർത്തിയായി എന്നു പറയാനാവില്ല.

## കരിംമുകിലുകൾ, എന്നാൽ രജതരേഖ

പൗരസ്ത്യ സഭകളെക്കുറിച്ചുള്ള പ്രമാണരേഖ രണ്ടാംവത്തിക്കാൻ സൂനഹദോസ് അംഗീകരിച്ച് പ്രസിദ്ധീകരിച്ചിട്ട് പതിനഞ്ചു വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു. എന്നാൽ നിർഭാഗ്യകരമെന്നുപറയട്ടെ, അവ പ്രാവർത്തികമാക്കുന്നതിന് ഉത്തരവാദപ്പെട്ടവർ വേണ്ടത്ര ശ്രദ്ധയെടുക്കുന്നതായി കാണുന്നില്ല സഭയുടെ പ്രബോധനാധികാരത്തെ അനുസരിക്കുകയേ വേണ്ടു എങ്കിൽ, എങ്ങനെയാണു് തെരെഞ്ഞെടുക്കുക? എന്നാൽ, ക്രിസ്തുവിനെപ്പോലെ, സഭയും ഒരിക്കലും ആരെയും നിർബന്ധിക്കാറില്ല. അവളുടെ നാഥനെപ്പോലെ അവളും ആവത്തിച്ചു ക്ഷണിക്കുന്നു. ഏററവും പുതിയതു് സെമിനാരികളി

ലെ ലിററർജിക്കൽ പരിശീലനത്തെക്കുറിച്ച്, വിദ്യാഭ്യാസത്തിനു വേണ്ടിയുള്ള തിരുസംഘം 48_ാം നമ്പറായി പ്രസിദ്ധീകരിച്ച രേഖയാണ്. 1980 ഏപ്രിൽ 21—ന് ''ഒസർവത്തോരെ റൊമാനോ''യിൽ അതു് പ്രസിദ്ധീകരിച്ചിട്ടുണ്ട്. [ഈ ലേഖനത്തിൻെറ ആരംഭത്തിൽ ചേർത്തിരിക്കുന്ന, പൗരസ്ത്യ സഭകളെക്കുറിച്ച് രണ്ടാം വത്തിക്കാൻ സൂനഹദോസിൻെറ ഡിക്രിയിൽ നിന്നുള്ള അതേ ഉദ്ധരിണി തന്നെയാണ് 48_ാം നമ്പർ രേഖയിലുമുള്ളതു്. അതു് 1979 നവമ്പറിൽ ആദ്യമായി തയ്യാറാക്കിയതാണ്] കേരളത്തിനു പുറത്തുള്ള മാർത്തോമ്മാ ക്രിസ്ത്യാനികളുടെ അപ്പസ്തോലിക വിസീററായി ചങ്ങനാശ്ശേരി മെത്രാപ്പോലീത്താ മാർ ആൻറണി പടിയറയെ നിയോഗിച്ചതും സഭയുടെ താല്പര്യം പ്രകടമാക്കുന്നതാണ്. മാർ ആൻറണി പടിയറയെ അപ്പസ്തോലിക വിസിററായി നിയോഗിക്കുന്നതാണ് ജോൺ പോൾ ഒന്നാമൻ ഒപ്പുവച്ച ഏക നിയമനപത്രം.

## എരിയുന്ന ദീപം

രണ്ടാം വത്തിക്കാൻ സൂനഹദോസിനുമുമ്പ്, സീറോ മലബാർ സഭയുടെ അവകാശങ്ങളെക്കുറിച്ച പറയുക പലക്കും ശാപകരമായിരുന്നു. അത്ര ശക്തമായിരുന്നു, അക്കാലത്തെ മുൻവിധി. ഫാദർ പ്ളാസിഡ് സി.എം.ഐ. ഇക്കാര്യത്തിൽ അനേകരുടെ ശരവ്യനായിരുന്നു. സീറോ മലബാർ സഭയെക്കുറിച്ച് ആധികാരികമായി പറയുവാൻ കഴിയുന്ന വ്യക്തി എന്ന നിലയിൽ, പ്രസിദ്ധീകരണക്കാരും നിരൂപകരും പരിഗണിക്കുന്ന പണ്ഡിതനാണ് അദ്ദേഹം. ഇന്നു് അദ്ദേഹം ഏകനല്ല. അനേകം യുവപണ്ഡിതരും ദൈവശാസ്ത്രജ്ഞന്മാരും പല മെത്രാന്മാരും, പൗരസ്ത്യസഭാശാസ്ത്രപഠനത്തിൽ വ്യാപൃതരായിട്ടുണ്ട്. അവർ ഗ്രന്ഥങ്ങളും പ്രസിദ്ധീകരിക്കുന്നു. നാളം അണയാതെ നിലനിറുത്തും എന്നതിനു് ഒരു തെളിവാണിതു്. ഫാ. പ്ളാസിഡിൻെറ "The Rise and Decline of the Indian Church of the Thomas Christains" Publised by the Oriental Institute of Religious Studies, India, Kottayam - 10 എന്ന ഗ്രന്ഥത്തിലേക്കു് വായനക്കാരുടെ ശ്രദ്ധ ഞാൻ ക്ഷണിക്കുന്നു.

## പാരമ്പര്യം സംരക്ഷിക്കുക
## – പോപ്പ് ജോൺ പോൾ രണ്ടാമൻ

ഇത്തരുണത്തിൽ, യു. എസ്. ഏ. യിലെ യുക്രേനിയൻ സഭാംഗങ്ങളോട്, 1979 ഒക്ടോബർ നാലിന് ഫിലാഡൽഫിയായിൽ വച്ച് ജോൺപോൾ രണ്ടാമൻ പാപ്പ നടത്തിയ പ്രഭാഷണത്തിലേക്ക് കണ്ണയച്ചുകൊണ്ട് ഈ ലേഖനം ഉപസംഹരിക്കുക സമുചിതമാണ്. പാപ്പായുടെ വാക്കുകൾ ഇന്ത്യയെ സംബന്ധിച്ചും അർത്ഥവത്താണ്, പ്രത്യേകിച്ച്, മാർത്തോമ്മാ ക്രിസ്ത്യാനികൾക്ക് ഇന്ത്യമുഴുവനിലും 15 നൂററാണ്ട കാലത്തോളം അധികാരമുണ്ടായിരുന്നു എന്നതിന്റെ പശ്ചാത്തലത്തിൽ.

''വിശുദ്ധ പത്രോസിന്റെ പിൻഗാമിയെയും ഓരോ റീത്തിന്റെയും വ്യക്തിത്വവും പാരമ്പര്യങ്ങളും സംരക്ഷിക്കുന്നതോടൊപ്പം സാർവത്രികസഭയുടെ ഐക്യം അഭംഗുരം സംരക്ഷിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുക എന്ന അദ്ദേഹത്തിന്റെ ശുശ്രൂഷയേയും അംഗീകരിക്കുക എന്നതു കൂടി കത്തോലിക്കാ ഐക്യം ആവശ്യമാക്കുന്നുണ്ട്. യുക്രേനിയൻ സഭയും അതുപോലെ മററ് പൗരസ്ത്യ സഭകൾക്കും കൗൺസിലിന്റെ പഠനങ്ങൾക്കനുസരണമായി (പൗരസ്ത്യസഭകൾ_5) തങ്ങളുടെ സഭാപരവും ആധ്യാത്മികവുമായ പാരമ്പര്യം സംരക്ഷിക്കാനുള്ള അവകാശവും ചുമതലയുമുണ്ട്. ഈ വൈയക്തികപാരമ്പര്യങ്ങൾ സാർവത്രിക സഭയെ സമ്പന്നമാക്കുന്നു എന്നതിനാൽതന്നെ, റോമിലെ അപ്പസ്തോലിക സിംഹാസനം അവയോരോന്നും സംരക്ഷിക്കുകയും പരിപാലിക്കയും ചെയ്യുന്നു. സാർവത്രിക സഭയോടുള്ള അജപാലന ചുമതലയുടെ ഭാഗമെന്നനിലയിൽ, നമ്മുടെ മുൻഗാമികളും ഞാനും ക്രിസ്തുവിന്റെ മൗതിക ശരീരത്തിന്റെ ക്ഷേമത്തിനുവേണ്ടി യുക്തമെന്നുകരുതി, കൃത്യമായി പാലിക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ളവ സ്നേഹത്തോടും ബഹുമാനത്തോടുംകൂടി കാത്തുസൂക്ഷിക്കുവാൻ, ഈ പാരമ്പര്യങ്ങൾ പിൻതുടരുന്ന സമൂഹങ്ങൾക്ക് കടമയുണ്ട്.'' (Voice of the Church, No 1979)



ഫാ. ഡാമിയൻ



ഫാ. സ്റ്റീഫൻ



ഫാ. ഫ്രാൻസീസ് സാലസ്

# കുടിയേററക്കാരോടുകൂടി

## മലബാറിൽ



ഫാ. അത്തനാസിയൂസ്



ഫാ. കെറൂബിൻ



ഫാ ബന്നാഡിൻ

# III

# ഇടക്കാല മിഷൻ പ്രവർത്തനങ്ങൾ

തങ്ങളെത്തന്നെ വെറുമയാക്കിക്കൊണ്ടുള്ള സഭാംഗങ്ങളുടെ കേരളസഭാസേവനം നസ്രാണി സമൂഹത്തിന്റെ ഏതൊരാവശ്യത്തിനും തങ്ങളെ സംലഭ്യരാക്കുക എന്നതിലൂടെയാണവർ പ്രാവർത്തികമാക്കിയതു്. സഭാംഗങ്ങൾ വർദ്ധിക്കുകയും സമൂഹത്തിന്റെ ആവശ്യങ്ങൾ ബഹുമുഖങ്ങളാവുകയും ചെയ്തതോടുകൂടി, അംഗങ്ങളുടെ സംഘടിതഗ്രൂപ്പുകൾ നിർദ്ദിഷ്ട തലങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചു പ്രവർത്തിച്ചുതുടങ്ങി. നസ്രാണി സമുദായത്തിൽതന്നെ കത്തോലിക്കാ വിശ്വാസത്തിൽനിന്നു തെറ്റിപ്പിരിഞ്ഞവരുടെയിടയിലും മലബാർ, മൈസൂർ, ഹൈറേഞ്ച് മുതലായ കുടിയേറ്റക്കാരുടെയിടയിലും തെക്കൻ തിരുവിതാംകൂർ, കോയമ്പത്തൂർ മുതലായി തമിഴരുടെയിടയിലും വടക്ക് റയ്ഗാർ – അംബികാപൂരിലുമെല്ലാം സി. എം. ഐ. സഭാംഗങ്ങൾ വ്യക്തിമുദ്ര പതിച്ചു. സി.എം.ഐ.സഭയ്ക്കു തനതായ മിഷൻരൂപതകൾ ലഭിക്കുന്നതുവരെയുള്ള കാലഘട്ടത്തിൽ നടന്ന ആ പ്രവർത്തന പരമ്പരയെക്കുറിച്ചു് തുടർന്നുവരുന്ന പേജുകളിൽ നമുക്കു ചർച്ചചെയ്യാം.

## പുനരൈക്യ പ്രസ്ഥാനം

### ആമുഖം

''തിരുവനന്തപുരം കോട്ടയുടെ പല ഗോപുരവാതിലുകളിൽ ഏതിൽക്കൂടെയെങ്കിലും ഒരുവനു് കോട്ടയ്ക്കകത്തു പ്രവേശിച്ചു് കൊട്ടാരത്തിലേക്കുവരാം. അതുപോലെ ഏതു മതസ്ഥർക്കും സ്വന്തവേദാചാരമാർഗ്ഗേണ നിർവിഘ്നം സ്വർഗ്ഗത്തിൽ പ്രവേശിക്കാം.'' തിരുവിതാംകൂറിലെ വിശാഖം തിരുനാൾ മഹാരാജാവിന്റെ വാക്കുകളാണിവ. ''മതം ഏതായാലും വേണ്ടില്ല, മനുഷ്യൻ നന്നായാൽ മതി'' തുടങ്ങിയ ചിന്താരീതികൾ കേരളത്തിൽ മുഴങ്ങിക്കൊണ്ടിരുന്ന ഒരു കാലഘട്ടത്തിലാണു് ''ഒരു കർത്താവും ഒരു വിശ്വാസവും ഒരു മാമ്മോദീസായും'' (എഫേ. 4:5) എന്ന സത്യത്തിലടിയുറച്ചുകൊണ്ടു് സി. എം. ഐ. സഭാംഗങ്ങൾ ഭിന്നിച്ചുനില്ക്കുന്ന സഹോദരങ്ങളായ യാക്കോബായക്കാരുടെ മദ്ധ്യത്തിലേക്കു് പുനരൈക്യത്തിന്റെ മധുര മന്ത്രവുമായിറങ്ങിയതു്.

## ചില വൈതരണികഠം

ആധുനിക കാലത്തു് കാണപ്പെടുന്ന മതനിഷ്പക്ഷത, അധികാരത്തോടുള്ള അനാദരവു്, സ്വതന്ത്രമായ വേദപുസ്തക പാരായണം, വേദപുസ്തകം എല്ലാററിനും സാക്ഷിയാണെന്ന വാദം, വിശ്വാസത്തിലും മതാനുഷ്ഠാനങ്ങളിലുമുള്ള മാന്ദ്യം, സഭയിലെ വൈദിക മേധാവിത്വം തുടങ്ങിയവ യാക്കോബായ സഹോദരങ്ങളെ കത്തോലിക്കാ സഭയുമായി ഐക്യപ്പെടുന്നതിൽ നിന്നു് മാററി നിറുത്താൻ കാരണമായിത്തീരുന്നുണ്ടു് എന്നതു് ഒരു ദുഃഖസത്യമാണു്. ഈ കാര്യങ്ങളെപ്പററി വിദഗ്ദ്ധവും ശക്തവുമായ പഠനം അവക്കുണ്ടാകേണ്ടിയിരിക്കുന്നു. യാക്കോബായ വിശ്വാസം എന്തിൽ അടങ്ങിയിരിക്കുന്നുവെന്നറിയാത്ത യാക്കോബായക്കാരാണു് അധിക ഭാഗവും എന്നു തോന്നുന്നു.

## ചില സത്യങ്ങഠം

സാവ്വ്ത്രിക സഭയുമായി അഭേദ്യബന്ധം സദാ പുലത്തിയിരുന്ന കേരളസഭയിൽ, ഗോവായിലെ പാശ്ചാത്യ മേധാവിത്വം മൂലം 1599 ലെ ഉദയംപേരൂർ സൂനഹദോസോടുകൂടി ഭിന്നിപ്പിന്റെ വിത്തു വീണു. 1653 ലെ കൂനൻ കുരിശു സത്യത്തോടെ കേരള സുറിയാനി ക്രിസ്ത്യാനികഠം ഈശോസഭക്കാരായ മെത്രാന്മാരുടെ ലത്തീൻ മേധാവിത്വത്തെ തള്ളിപ്പറഞ്ഞു. സഭയിലുണ്ടായ മുറിവുണക്കുവാൻ കമ്മലീത്തരായ വൈദികരെ റോമിൽ നിന്നു് പിന്നീടു് നിയോഗിക്കുകയും പന്ത്രണ്ടു കൊല്ലത്തിനകം കേരളത്തിലെ 84 ക്രൈസ്തവ ഇടവക സമൂഹങ്ങളിൽ 52 സമൂഹങ്ങഠം സാവ്വ്ത്രിക സഭയുമായി അനുരഞ്ജനത്തിലാവുകയും ചെയ്തു. 31 സമൂഹങ്ങഠം പിന്നെയും വിഘടിച്ചുനിന്നു. ആ സമൂഹങ്ങളിൽ വലിയൊരു വിഭാഗം 1930–ൽ ഭിന്നിപ്പിന്റെ പാതയിൽ നിന്നു് പിൻവാങ്ങി സാവ്വ്ത്രിക സഭയുമായുള്ള ഐക്യം സ്ഥാപിച്ചു എന്നതു് സ്മരണീയമായ ഒരു സംഭവവും അനുഭവവുമാണു്.

## മുന്തിരിത്തോപ്പിൽ

1930 സെപ്ററംബർ 20നു് മാർ ഇവാനിയോസും മാർ തെയോഫിലോസും കത്തോലിക്കാസഭയെ ആശ്ലേഷിക്കുന്നതിനുമുമ്പുതന്നെ സി. എം. ഐ. വൈദികർ പുനരൈക്യരംഗത്തു പ്രവേശിച്ചിരുന്നു. കേരളത്തിലെ സുറിയാനിക്കത്തോ

ലിക്കർ തങ്ങളുടെ യാക്കോബായ സഹോദരങ്ങളുടെ പുന:സമാഗമത്തിന് നിരന്തരം പരിശ്രമിച്ചുകൊണ്ടാണിരുന്നത്. സി. എം. ഐ. സഭ എന്നും ഇക്കാര്യത്തിൽ ജാഗരൂകയുമായിരുന്നു. സഭയുടെ വകയായി അകത്തോലിക്കാകേന്ദ്രങ്ങളിൽ ഭവനങ്ങൾ ഇല്ലാതിരുന്നത് പ്രസ്തുത പ്രവർത്തനങ്ങളുടെ പുരോഗമനത്തിന് വിഘാതമായി അനുഭവപ്പെട്ടു.

കൊല്ലംമെത്രാൻ പുണ്യശ്ലോകനായ അലോഷ്യസ് ബൻസിഗർ തിരുമേനിയുടെ പക്കൽ പന്തളം, തുമ്പമൺ പ്രദേശങ്ങളിൽ നിന്നു് ചിലർ വന്ദ്യനായ പസുരേത്ത് തോപ്പിൽ ചാണ്ടപ്പിള്ളക്കത്തനാരുടെ നേതൃത്വത്തിൽ തുടർച്ചയായി സമർപ്പിച്ച അപേക്ഷകളുടെയും, അന്നു് കേരള കർമ്മലീത്താ സഭയുടെ പ്രീയോർ ജനറാളായിരുന്ന കട്ടക്കയത്തിൽ കൊച്ചുചാണ്ടിയച്ചനുമായി അഭിവന്ദ്യ ബൻസിഗർ തിരുമേനി നടത്തിയ ചർച്ചകളുടെയും ഫലമായി 1921 ഡിസംബർ 21-നു് പന്തളം കേന്ദ്രമായി ഒരു കത്തോലിക്ക മിഷൻ സ്ഥാപിക്കപ്പെട്ടു. അവിടെ തയ്യിൽ ബ. എസ്തപ്പാനോസച്ചന്റെ നേതൃത്വത്തിൽ ഫാദേഴ്സ് ഗ്രിഗറി നീരാക്കൽ, ഹയസ്സിന്തു് കുന്നേൽ തുടങ്ങിയ സി. എം. ഐ. സഭാംഗങ്ങൾ നിസ്തുല്യമായ വിധത്തിൽ പുനരൈക്യവേലകൾ തീക്ഷ്ണതയോടെ നടത്തി. പ്രസംഗങ്ങളെയും ചർച്ചാവേദികളെയും വിട്ട്, പ്രാർത്ഥനാനിരതരായി വീടുകളിൽ വ്യക്തികളെ സന്ദർശിച്ചു പുനരൈക്യശ്രമങ്ങളിൽ വ്യാപൃതരായിരുന്നു അവർ. ചലനാത്മകമായ അവരുടെ സംരംഭം ശക്തിപ്പെടുന്നതിനു ഇനിയും പദ്ധതി ആവശ്യമായി വന്നു.

യാക്കോബായ കേന്ദ്രങ്ങളായ അയിരൂർ, പുതുപ്പള്ളി എന്നിവിടങ്ങളിലും പ്രാർത്ഥനാകേന്ദ്രങ്ങൾ തുറന്നു് പുനരൈക്യശ്രമങ്ങൾ ത്വരിതപ്പെടുത്തി. പിന്നീട്, തുമ്പമണ്ണിലും കൊട്ടാരക്കരയിലും സഭാംഗങ്ങൾ വാസമുറപ്പിച്ചുകൊണ്ടു തലവൂർ, കിഴക്കേത്തെരുവ്, അടൂർ, ചന്ദനപ്പള്ളി, ഓമല്ലൂർ, നീർലാകം, പുത്തൻകാവ്, ചെങ്ങന്നൂർ എന്നീ സ്ഥലങ്ങളിലും പുനരൈക്യത്തിനുള്ള ശ്രമങ്ങൾ നടത്തിയിട്ടുണ്ടു്. സി. എം. ഐ. ക്കാരുടെ പ്രവർത്തനങ്ങൾകൊണ്ടു് പല യാക്കോബായ കുടുംബങ്ങളും കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടു വന്നു. പലരുടെയും തെറ്റുധാരണകൾ മാറുന്നതിനും ഇതു് ഇടയാക്കി

1923 ലാണ് ഫാദർ ഡാമിയൻെറ നേതൃത്വത്തിൽ പുതുപ്പള്ളിയിൽ പുനരൈക്യശ്രമങ്ങൾ സമാരംഭിച്ചത്. ഫാദർ ലീനോസും, ബ്രദർ സൈമണും, അദ്ദേഹത്തെ സഹായിച്ചുവന്നു. ഒരു നല്ല വിഷവൈദ്യൻ കൂടിയായിരുന്ന ബ്രദർ സൈമൺ അന്നാട്ടുകാർക്ക് എന്നും പ്രിയംകരനായിരുന്നു. ബ. പ്രോത്താസിസ്, സിറിൾ, എവുസേബിയസ്, സൈമൺ, സാബാസ് തുടങ്ങിയവർ പുതുപ്പള്ളി കേന്ദ്രത്തിൽ അക്ഷീണം പ്രവർത്തിച്ചിരുന്ന ആത്മീയ ഇടയന്മാരാണ്. കാലത്തിൻെറ പുരോഗതിയിൽ പുതുപ്പള്ളി ആശ്രമം സെൻറ് ജോസഫ് പ്രവിശ്യയുടെ കേന്ദ്രഭവനം കൂടി ആയിത്തീർന്നു. അവിടെ പുനരൈക്യ പ്രവർത്തനങ്ങളും അജപാലനവും വഴി പ്രേഷിത വേല സജീവമായി നിലനിന്നു പോരുന്നുണ്ട്.

1925-ലാണ് ഐക്കരയിൽ ഒരാശ്രമം കർമ്മലീത്താ സഭയിൽ നിന്നുതുടങ്ങിയതും പുനരൈക്യ പ്രവർത്തനങ്ങൾ സജീവമായി സമാരംഭിച്ചതും. ആത്മായപ്രമുഖരായ നൈനാൻ വർഗ്ഗീസ്, പത്രോളിൽ ചാക്കോ മുതലായവർ ഇക്കാലസന്ധിയിൽ കത്തോലിക്കാ സഭയുമായിട്ട് പുനരൈക്യപ്പെട്ടവരാണ്. യാക്കോബായ കേന്ദ്രങ്ങളായ മാന്നാർ, പുല്ലാട് എന്നീ സ്ഥലങ്ങളിലും കർമ്മലീത്താ വൈദികർ മിഷൻ പ്രവർത്തനങ്ങളിൽ വ്യാപൃതരായിരുന്നിട്ടുണ്ട്. തീക്ഷ്ണമതികളായ ഫാ. ഹെൻട്രി, ഗ്രേഷ്യൻ, റെയ്മണ്ട്, ഡാമിയൻ എന്നിവർ മാന്നാറിലും, ഫാ. ഫിലിപ്പ് കാളാശ്ശേരി, ഫാ കല്ലിസ്റ്റസ് തുടങ്ങിയവർ പുല്ലാട്ടിലും പ്രവർത്തിച്ചിരുന്നവരാണ്.

മലങ്കരയിൽ അന്ത്യോക്യൻ റീത്തിൻെറ ആവിർഭാവത്തോടുകൂടി മാത്രമേ യാക്കോബായ സഹോദരരുടെ സംഘാതമായുള്ള പുനരൈക്യം സാധ്യമാവുകയുള്ളവെന്ന് പല പ്രഗല്ഭമതികളും മനസ്സിലാക്കിയിരുന്നു. അവരിൽ ചിലരാണ് ഫാ. ഗ്രിഗരി നീരാക്കൽ, സി. എം. ഐ.. ഫാ. എബ്രാഹാം കോർ എപ്പിസ്ക്കോപ്പാ, ഫാ. എബ്രാഹാം മാരോട്ട് എന്നിവർ. മലങ്കര പുനരൈക്യ സുവർണ്ണ ജൂബിലി സുവനീറിൽ എ. മാരോട്ട ഇങ്ങനെ എഴുതുന്നു :

''പുണ്യശ്ലോകനായ ബൻസിഗർ തിരുമേനിയുടെ ആഗ്രഹവും നിർബന്ധവുമനുസരിച്ച് 1921-ൽ കൊല്ലം രൂപതയിൽ മിഷൻ പ്രവർത്തനം സംഘടിപ്പിച്ച വൈദികരിൽ പ്രമുഖനാണ് ഫാ ഗ്രിഗരി നീരാക്കൽ സി. എം. ഐ. പന്തളം, തുമ്പമൺ, കൊട്ടാരക്കര തുടങ്ങിയ യാക്കോബായ കേന്ദ്രങ്ങളിലാണ് അദ്ദേഹം സഹപ്രവർത്തകരായ സ്റ്റീഫൻ

തയ്യിൽ, ഹയസ്സിന്ത് കുന്നുങ്കൽ, ഹെൻട്രി വടക്കേൽ, ഇഗ്നേഷ്യസ് മിത്രങ്കരി എന്നീ കർമ്മലീത്താ വൈദികരുമൊത്ത് പ്രവർത്തിച്ചിരുന്നതു്. എതാനും വർഷത്തെ നിസ്തന്ദ്ര പരിശ്രമങ്ങൾക്കുശേഷവും യാക്കോബായക്കാരുടെ ഇടയിൽ പുനരൈക്യരംഗത്തു് ആഴത്തിൽ വേരോട്ടമുണ്ടായില്ല. അതിന്റെ കാരണവും ഗ്രിഗരിയച്ചൻ കണ്ടെത്തി. 1924 ൽ മാർപ്പാപ്പയുടെ പ്രതിനിധിയായി ഭാരതം സന്ദർശിച്ച ആർച്ച്ബിഷപ്പ് ലപ്പീസ്യേ തിരുമേനിക്ക് ഗ്രിഗരിയച്ചൻ ഒരു നിവേദനം സമർപ്പിച്ചു. അതിൽ യാക്കോബായക്കാരുടെ പുനരൈക്യത്തിനു് അന്ത്യോക്യൻറീത്ത് അനുവദിച്ചുകിട്ടേണ്ടത് അത്യന്താപേക്ഷിതമാണെന്നു് അദ്ദേഹം ശക്തമായി വാദിക്കുകയും സമർത്ഥിക്കുകയും ചെയ്തു. നിവേദനത്തിന്റെ പ്രസക്ത ഭാഗങ്ങൾ താഴെചേർക്കുന്നു. സിറിയായിൽ ശുദ്ധസുറിയാനിക്കത്തോലിക്കർ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന സ്വന്തമായ അന്ത്യോക്യൻ റീത്ത് തങ്ങൾക്കും അനുവദിച്ചുകിട്ടുന്നപക്ഷം തങ്ങളുടെ സ്വാധീനത്തിലുള്ള കുറെ കുടുംബങ്ങളോടുകൂടി ഉടൻതന്നെ കത്തോലിക്കാ സഭയിൽ ചേരുവാൻ തയ്യാറാണെന്നു് ആത്മാർത്ഥമായി പറയുകയും പുനരൈക്യത്തിനുവേണ്ടി പരിശ്രമിക്കുകയും ചെയ്യുന്ന ചില യാക്കോബായ വൈദികർ ഈ പ്രദേശത്തുണ്ടു്. സ്വന്തം റീത്തും ആരാധനക്രമങ്ങളും മാററി, മലബാർ റീത്തു സ്വീകരിക്കുവാൻ പ്രയാസമാണെന്നത്രേ അവരുടെ അഭിപ്രായം ... ....... മെമ്മോറാണ്ഡത്തിൽ കാണിച്ചിരിക്കുന്ന ആവശ്യങ്ങൾ റോമിൽനിന്നു് അനുവദിച്ചുകിട്ടുവാൻ വേണ്ടതൊക്കെ ചെയ്യാമെന്നു് ഉറപ്പ് നല്കിക്കൊണ്ടു് ഒരു മറുപടിയും ഗ്രിഗരിയച്ചനു് ലഭിക്കുകയുണ്ടായി.''

## പുത്തൻ ചക്രവാളം

അഭിവന്ദ്യനും പ്രഗത്ഭനും ചരിത്രപുരുഷനുമായ മാർ ഇവാനിയോസ് മെത്രാപ്പോലീത്തയുടെ നേതൃത്വത്തിൽ 1930 സെപ്റ്റംബർ 20-ാം തീയതി നടന്ന ചരിത്രസംഭവമാണ് 'പുനരൈക്യം' എന്ന മഹാപ്രസ്ഥാനത്തിനു് തന്നെ വഴി തെളിച്ചതു്. ആ മഹാസംഭവത്തിന്റെ കനകജൂബിലി 1980 ഡിസംബറിൽ കോട്ടയത്തു വച്ച് സാഘോഷം നടത്തപ്പെട്ടു. അനേകതരത്തിലുള്ള അഗ്നിപരീക്ഷണങ്ങൾ തരണം ചെയ്താണ് മാർ ഇവാനിയോസ് പുനരൈക്യ പ്രസ്ഥാനത്തിന്റെ മലർക്കാവിൽ എത്തിച്ചേർന്നതു്. അദ്ദേഹത്തെ അതിൽ നിന്നു പിന്തിരിപ്പിക്കാൻ തല്പരകക്ഷികൾ കഴിവതു പണിപ്പെട്ടു. എങ്കിലും, ദിവ്യതേജസ്സിന്റെ ആന്തരികശോഭയിൽ താൻ

കണ്ടെത്തിയ സത്യത്തിന്റെ പാതയിൽനിന്നു് പിന്മാറാൻ അദ്ദേഹം തയ്യാറായില്ല. താൻ സ്ഥാപിച്ച ബഥനി ആശ്രമത്തിൽനിന്ന വെറുംകൈയായി ഇറങ്ങിപ്പോരുവാൻ നിർബ്ബന്ധിതനായ അദ്ദേഹം എല്ലാം നേടുകയായിരുന്നുവെന്നു് കാലം തെളിയിക്കുകതന്നെ ചെയ്തു.

പുനരൈക്യ ജൂബിലിസ്മാരകത്തിൽ അന്നത്തെ പ്രവർത്തനങ്ങളെപ്പററി നല്കിയിരിക്കുന്ന വിവരണമാണു താഴെ കൊടുക്കുന്നതു്.

''ബഥനിയിലെ ആർച്ചുബിഷപ്പും തിരുവല്ലായിലെ ബിഷപ്പും പുനരൈക്യത്തിനു ചുക്കാൻ പിടിച്ചു. അവരുടെ റീത്തും ആരാധനക്രമവും അന്യൂനമായി പാലിച്ചുകൊണ്ടു് അവർ പുനരൈക്യപ്പെടുത്തിയവരെയും മററു വഴിയിൽ പുനരൈക്യപ്പെട്ടവരെയും ഉൾക്കൊള്ളിച്ചു് രണ്ടു രൂപതകൾ യഥോചിതം ജന്മം പ്രാപിച്ചു. പ്രസ്തുത മെത്രാന്മാരുടെ ക്ഷണമനുസരിച്ചു്, സി.എം.ഐ. വൈദികർ കൂടുതലായി മുന്നോട്ടുവന്നു് രംഗത്തിറങ്ങി. ധ്യാനപ്രസംഗങ്ങൾ, ചർച്ചകൾ, സംവാദങ്ങൾ, എന്നിവ വഴി പലരുടെയും തെററായ ധാരണകൾ നിമ്മാർജ്ജനം ചെയ്തു കത്തോലിക്കാ തത്വങ്ങൾ നേരായ വിധത്തിൽ ഗ്രഹിക്കുവാൻ ഇട നല്കി. മാർ ഇവാനിയോസ്, മാർ തെയോഫിലോസ് എന്നീ പിതാക്കന്മാരോടൊപ്പം ഒന്നടങ്കം കത്തോലിക്കാസഭയെ ആശ്ലേഷിച്ച ബഥനി സഹോദരന്മാരുടെ കൂടെ ഒരു സി.എം ഐ. വൈദികൻ – ഫാദർ പ്രൊത്താസീയൂസ് – സഹവസിച്ചു് വേണ്ട സഹായസഹകരണങ്ങൾ നല്കിവന്നു. കൂടാതെ ചെത്തിപ്പുഴ ആശ്രമത്തോടനുബന്ധിച്ചുള്ള ബംഗ്ലാവിൽവച്ചു് ധ്യാനങ്ങളും ചർച്ചകളും വഴി പുനരൈക്യപ്പെട്ട വൈദികരെ കത്തോലിക്കാ സത്യങ്ങൾ പഠിപ്പിച്ചിരുന്നു. ഇതിനു് നേതൃത്വം നല്കിയതു പ്ളാസിഡു്, ചാൾസ്, മർസലീൻ, പയസ്സ് എന്നീ സി.എം.ഐ വൈദികരാണ്. കുമ്പസാരം, വിശ്വാസസത്യങ്ങൾ, കത്തോലിക്കാവൈദികരുടെ ജീവിതരീതികൾ എന്നിവയെല്ലാം മനസ്സിലാക്കാൻ പററുന്ന ഒരു സാഹചര്യമായിരുന്നു ഈ ബംഗ്ലാവിലുണ്ടായിരുന്നതു്. ഇപ്രകാരമുള്ള സൗകര്യം പല കൊവേന്തകളുടെയും സമീപത്തു്, പുനരൈക്യപ്പെട്ട അൽമായർക്കും ലഭിച്ചിരുന്നുവെന്നതു വലിയ ഒരനുഗ്രഹമായിരുന്നു. ഇതിനുവേണ്ടിവന്ന സകല സാമ്പത്തിക ചെലവുകളും സി. എം. ഐ സഭതന്നെയാണു് വഹിച്ചിരുന്നതു്. അവിടെയും ഇവിടെയും ഒററ ഒററയായി പുനരൈക്യപ്പെടുന്നവരെയും കൊവേന്തകൾ യഥാവിധി സഹായിച്ചു കൊണ്ടിരുന്നു; പ്രത്യേകിച്ചു് മാന്നാനത്തു്.

"സി. എം. ഐ. വൈദികർ പ്രസിദ്ധീകരണമാധ്യമങ്ങഠം വഴിയും പുനരൈക്യപ്രസ്ഥാനത്തെ യഥാവിധി സഹായിച്ചു. ഇക്കാലയളവിൽ കൊട്ടാരക്കര, കൈപ്പട്ടൂരിനു് സമീപമുള്ള ചന്ദനപ്പള്ളി എന്നിവിടങ്ങളിൽ നിന്നു് അനേകംപേർ പുനരൈക്യപ്പെട്ടു് കത്തോലിക്കാസഭയുടെ മടിത്തട്ടിൽ എത്തിച്ചേർന്നിട്ടുണ്ടു്.

''കാരയ്ക്കാടു് കേന്ദ്രമാക്കി കർമ്മെലീത്താ വൈദികർ പുനരൈക്യശ്രമങ്ങഠം നടത്തിയിട്ടുണ്ടു്. ബ. ടൈററസച്ചൻ, ഫ്രെഡറിക്കച്ചൻ, ബീഡച്ചൻ, സിപ്രിയാനച്ചൻ എന്നിവർ ചെങ്ങന്നൂർ പ്രദേശത്തു് സജീവമായി യത്നിച്ചവരാണു്. ഫാ. റോച്ചു് കൊട്ടാരം ബഥനി ആശ്രമത്തിൽ യോഗാത്ഥികളെ ലാററിൻഭാഷ പഠിപ്പിച്ചിരുന്നുവെങ്കിൽ ഫാദർ അംബ്രോസ് പാലാക്കുന്നേൽ തിരുവല്ല ബഥനി ആശ്രമ സുപ്പിര്യർ ആയി ബഥനി സന്യാസികഠംക്കൊരാലംബമായിരുന്നു. ഗാസ്പർ കാളാശ്ശേരി, സെലസ്റ്റിൻ കോടങ്കണ്ടം, തുടങ്ങിയവർ രൂപതാ തലത്തിൽ നിസ്വാത്ഥ സേവനം അപ്പിച്ചവരാണു്. തിരുവല്ലാരൂപതയിലെ പുത്രക്ക, കുന്നക്കുരുടി, വെങ്ങോല എന്നിവിടങ്ങളിലും കോതമംഗലത്തും പുനരൈക്യത്തിൻെറ സജീവ പ്രവത്തകരായി വത്തിച്ചിട്ടുള്ള ബ. ദാനിയേൽ, ബക്കുമാൻസു്, തോബിയാസു്, അന്തോനീനൂസു്, കാസിയൂസു് തുടങ്ങിയ സി. എം. ഐ. വൈദികരുടെ പ്രയത്നങ്ങഠം ഇന്നും കനിചൂടി വികസിച്ചുവരികയാണു്. ഇവക്കെല്ലാം ഉപരിയായി, സി. എം. ഐ. സഭയിലെ വെരി. റവ. ഫാദർ ഫ്രാൻസിസു് സാലസു്, മാർ ഇവാനിയോസു് തിരുമേനിയുടെ വലംകൈയായി അദ്ദേഹത്തിൻെറ അമേരിക്കൻ പര്യടനകാലത്തും, മററവസരങ്ങളിലും അതിരൂപതയുടെ അഡ്മിനിസ്റ്റേററായി സേവനം അനുഷ്ഠിച്ചിട്ടുള്ള മഹാവ്യക്തിയാണു്. അതിരൂപതയുടെ മറക്കാനാവാത്ത ഗുണകാംക്ഷിയും തിരുമേനിയുടെ ഉപദേഷ്ടാവും ആപ്തമിത്രവും ആയിരുന്നു ഫാദർ സാലസു്. അതുപോലെതന്നെ, സി. എം. ഐ. സഭയുടെ ജ്ഞാനയോഗികളിൽ അഗ്രഗണ്യനും സുപ്രസിദ്ധ ചരിത്രപണ്ഡിതനും സഭാനിയമവിദഗ്ദ്ധനും പ്രഗല്ഭ വാഗ്മിയും പ്രശസ്തദൈവശാസ്ത്രജ്ഞനും ആയ ഫാദർ പ്ലാസിഡു് പൊടിപാറ, തൻെറ അനിതരസാധാരണമായ കഴിവുകഠം പുനരൈക്യപ്രസ്ഥാനത്തിനുവേണ്ടി അദ്യാപി സമപ്പിച്ചിട്ടുള്ള ഒരു മഹാരഥനാണു്. സീറോ-മലങ്കര സഭയുടെ കാനൻ നിയമവും അതിൻെറ ഉറവിടങ്ങളും (FONTES) തയ്യാറാക്കിയതും ബ. പ്ലാസിഡച്ചൻതന്നെയായിരുന്നു. പുനരൈക്യപ്പെട്ട വൈദികക്കു് ആദ്യകാലങ്ങളിൽ സഭാതത്വങ്ങളിലും, ദൈവ

വിജ്ഞാനീയത്തിലും, പരിശീലനം നല്കിയതു് പ്രധാനമായി ബ. പ്ലാസിഡച്ചൻതന്നെയായിരുന്നു. റവ. ഫാദർ ഹഡ്രീയാൻ, സി. എം. ഐ. തന്റെ അസാമാന്യമായ നിർമ്മാണസിദ്ധിയും, എഞ്ചിനിയറിംഗിലുള്ള സാങ്കേതികജ്ഞാനവും മാർ ഇവാനിയോസ് കോളെജിന്റെ നിർമ്മിതിയിലും സയൻസ് ലാബുകളുടെ സംവിധാനത്തിലും വിദഗ്ദ്ധമായി പ്രകടമാക്കിയിട്ടുണ്ടു്. വിദ്യാഭ്യാസതലത്തിൽ സിറോ-മലങ്കര രൂപതകളെ അങ്ങേഅററം സഹായിക്കുകയും ഉപദേശംകൊണ്ടും പ്രേരണകൊണ്ടും സ്വാധീനശക്തികൊണ്ടും സർവ്വോപരി ത്യാഗപൂർണ്ണമായ ജീവിത മാതൃകകൊണ്ടും പിൻബലം നല്കിയിട്ടുള്ള വലിയ ഗുണകാംക്ഷിയും പ്രതിഭാശാലിയുമായിരുന്നു ഫാദർ വില്ല്യം, സി. എം. ഐ.''

(മലങ്കര പുനരൈക്യ സുവർണ്ണജൂബിലി സുവനീർ, 1980)

## ചില സാക്ഷ്യങ്ങൾ

പുനരൈക്യപരിശ്രമങ്ങളുടെ ഒളിമിന്നലുകൾ യാക്കോബായ ചക്രവാളങ്ങളിൽ ചില അന്തരണനങ്ങൾ സൃഷ്ടിച്ചുകൊണ്ടിരുന്നു. എങ്കിലും ശക്തമായ രീതിയിൽ വളർന്നുവരാൻ കാലം കുറെ പിടിച്ചു. സി എം.ഐ സഭാംഗങ്ങൾ പുനരൈക്യ പ്രസ്ഥാനത്തിന്റെ തലത്തിൽ പ്രവർത്തിച്ചതിനെപ്പററി സുപ്രസിദ്ധ ചരിത്രപണ്ഡിതനായ ഫാ. പ്ലാസിഡ്, സി എം.ഐ. രേഖപ്പെടുത്തുന്നു: ''സി.എം.ഐ. സഭയുടെ നേതൃത്വത്തിലും പുനരൈക്യശ്രമങ്ങൾ ആരംഭിച്ചു. യാക്കോബായക്കാർ ധാരാളമുള്ള ആയിരൂരിലും പുതുപ്പള്ളിയിലും ആശ്രമങ്ങൾ തുടങ്ങിയതും പുനരൈക്യപ്രവണതകളെ ത്വരിതപ്പെടുത്തുകയെന്ന ലക്ഷ്യംവച്ചുകൊണ്ടാണ്. പമ്പാനദിയുടെ തെക്കുള്ള പ്രദേശങ്ങളിൽ സുറിയാനി കത്തോലിക്കർക്ക് പ്രവർത്തനസ്വാതന്ത്ര്യം ഇല്ലാതിരുന്ന അക്കാലത്തു് കൊല്ലം മെത്രാനായ ബൻസിഗർ തിരുമേനി പുനരൈക്യശ്രമങ്ങൾക്ക് നേതൃത്വം കൊടുക്കുകയും അനേകം ആളുകളെ കത്തോലിക്കാ സഭയിലേയ്ക്കു് ആനയിക്കുകയും ചെയ്തു. അന്നത്തെ സാഹചര്യമനുസരിച്ച് കൽദായ ആരാധനക്രമം സ്വീകരിച്ചുകൊണ്ടാണ് അവർ കത്തോലിക്കാ സഭയിൽ ചേർന്നതു്. പഴയ കൂറിലുള്ള ഏതദ്ദേശീയ മെത്രാന്മാരുടെ പരിശ്രമഫലമായി, പുനരൈക്യപ്പെട്ടവർക്ക് അന്ത്യോക്യൻ റീത്തിൽതന്നെ ചേരുന്നതിനു് റോമിൽനിന്നു് പ്രത്യേകാനുവാദം ലഭിച്ചു



ഫാ. ഫൗസ്റ്റിൻ



ഫാ. എവരിസ്റ്റസ്



ഫാ. ഹദ്രിയാൻ



ഫാ. അന്തൊണിന്നൂസ്





ഫാ. ഉറുമീസ്

ഫാ. ഷാബോർ





ഫാ. ബർത്തുലൂമിയൊ

ഫാ. സേർജിയൂസ്

''കൊല്ലം മെത്രാന്റെ പ്രത്യേകക്ഷണമനുസരിച്ച് സി. എം.ഐ. വൈദികർ പമ്പാനദിക്ക് തെക്കുള്ള സ്ഥലങ്ങളിൽ പുനരൈക്യശ്രമങ്ങൾ കേന്ദ്രീകരിച്ചു. അന്നത്തെ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തവരിൽ ബ. എസ്തപ്പാനോസ്, ഗ്രീഗരി എന്നീ വന്ദ്യവൈദികരുടെ പേരുകൾ എടുത്തുപറയേണ്ടതാണ്. ഇക്കാലത്താണ് മാർ ഇവാനിയോസ് തിരുമേനി പുനരൈക്യപ്രസ്ഥാനത്തെക്കുറിച്ച് ആഴമായി ചിന്തിക്കുകയും റോമുമായി എഴുത്തുകുത്തുകൾ നടത്തുകയും ചെയ്തത്. മാവേലിക്കരക്കാരൻ റെബേറോ എന്ന കത്തോലിക്കാ വൈദികൻ ഇക്കാര്യത്തിൽ ഏറെ സഹായിച്ചു. 1930 സെപ്റ്റംബർ. 30–ാംനു- കൊല്ലം മെത്രാൻ ബൻസിഗറിന്റെ സാന്നിദ്ധ്യത്തിൽ മാർ ഇവാനിയോസ്, മാർ തെയോഫിലോസ് തുടങ്ങിയവരുൾപ്പെട്ട ഒരു വലിയ സമൂഹം കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടു.

''മാർ ഇവാനിയോസ് തിരുമേനി പുനരൈക്യപ്പെട്ട ശേഷം എറണാകുളം മെത്രാപ്പോലീത്താ കണ്ടത്തിൽ മാർ ആഗസ്തീനോസ് തിരുമേനി, മാത്യു പോത്തനാമൂഴി അച്ചനെ തിരുവനന്തപുരം അതിരൂപതയിൽ സഹായത്തിനായി വിട്ടുകൊടുത്തു. അദ്ദേഹം അവിടെ മൈനർ സെമ്മിനാരിയുടെ ചുമതല വഹിക്കുകയുണ്ടായി. ബഥനി സന്യാസസമൂഹത്തെ നയിക്കുവാൻ ഫാ. പ്രൊത്താസിയൂസ് സി എം.ഐ. നിയുക്തനായി. ഫാ. ലീനൂസ്, സി എം. ഐ. പ്രത്യേകാനുവാദത്തോടെ അന്ത്യോക്യൻ റീത്ത് സ്വീകരിച്ച് പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തി. പുനരൈക്യപ്പെട്ട വൈദികരെ ചെത്തിപ്പുഴ ആശ്രമത്തോടനുബന്ധിച്ചുള്ള കെട്ടിടത്തിൽ താമസിപ്പിച്ച് കത്തോലിക്കാതത്ത്വങ്ങൾ പഠിപ്പിച്ചിരുന്നു. മാർ ഈവാനിയോസ് തിരുമേനിക്കു മുമ്പുതന്നെ പുനരൈക്യപ്പെട്ട ഫാ. അബ്രാഹം മാരോട്ട്, പുനരൈക്യത്തിനു മുമ്പും അതിനുശേഷവും പ്രസ്തുത രംഗത്ത് ഏറെ പ്രവർത്തിച്ച തോട്ടാശ്ശേരിലച്ചൻ (ചങ്ങനാശ്ശേരിരൂപത), സീറോമലങ്കരറീത്തുകളിൽ വിശിഷ്ട സേവനമനുഷ്ഠിച്ച സർഗീസ്, ഹെർമീസ് തുടങ്ങിയ സി. എം ഐ വൈദികർ, 'ഡോട്ടേഴ്സ് ഓഫ് മേരി' സന്യാസിനീസമൂഹത്തെ കരുപ്പിടിപ്പിച്ച പാലാരൂപതയിലെ കുഴിഞ്ഞാലിലച്ചൻ എന്നിങ്ങനെ നിരവധി ആളുകളെ പ്രത്യേകം ഓർമ്മിക്കേണ്ടതായിട്ടുണ്ട്....'' (ദീപിക 1980 ഡിസം. 27)

കർമ്മലീത്താ വൈദികരുടെ ത്യാഗോജ്ജ്വലമായ പുനരൈക്യശ്രമത്തിന്റെ ചില സ്മരണകൾ പ്രൊഫസർ മാത്യു മാവേലിൽ കുറിച്ചിട്ടുള്ളത് ഇവിടെ ഉദ്ധരിക്കുന്നത് സമീചീനമായി

രിക്കുമെന്നു കരുതുന്നു. ''ഹരിജനങ്ങളുടെയും അക്രൈസ്തവരുടെയും ഇടയിലേയ്ക്കു് ക്രിസ്തുനാഥന്റെ സന്ദേശം വ്യാപിപ്പിക്കണമെന്നു് മാർ ഈവാനിയോസ് തിരുമേനി നിശ്ചയിച്ചു. ഇക്കാര്യത്തിൽ അദ്ദേഹത്തിന്റെ സഹായത്തിനെത്തിയതു് കമ്മലീത്താ വൈദികരായിരുന്നു. തെക്കൻ തിരുവിതാംകൂറിൽ മിഷനറി റവ. ഫാ. അംബ്രോസിസ് പാലക്കുന്നേലിനെ മാർ ഈവാനിയോസ് തിരുമേനിയുടെ ഉപദേശപ്രകാരം കമ്മലീത്താസന്യാസികളുടെ റീജിയണൽ സുപ്പീരിയറാക്കി. തിരുവല്ല ബഥനി ആശ്രമസുപ്പീരിയർകൂടി ആയിരുന്ന ഫാദർ അംബ്രോസ് ബാലരാമപുരത്തേയ്ക്കു താമസം മാററി. തുടന്നു് കിരാത്തൂർ, കളിയിക്കവിള തുടങ്ങിയ കേന്ദ്രങ്ങളിലേയ്ക്കു് മിഷൻ പ്രവത്തനം വ്യാപിപ്പിച്ചു. ഹെൻട്രി വടക്കേടം, ടൈററസ് ചക്കാലയ്ക്കൽ, സിൽവേരിയൂസ് കരിമററം, ഫിലത്തേവൂസ് പുത്തേത്തു്, ജയിംസ് പള്ളിവാതുക്കൽ തുടങ്ങിയ സന്യാസവൈദികർ നെല്ലിക്കാക്കുഴി, വെണ്ണിയൂർ മുതലായ കേന്ദ്രങ്ങളിൽ സ്തുത്യർഹമായ പ്രേഷിതപരിശ്രമങ്ങളിൽ ഏർപ്പെട്ടുകയുണ്ടായി. ഫാ. പഫ്നൂഷ്യസ് കൊടങ്ങാവിള എന്ന സ്ഥലത്തു് പ്രവത്തിച്ചിരുന്നു. ഫ്രെഡറിക്കച്ചൻ, ഹോർമിസച്ചൻ, എഗ ബർട്ടച്ചൻ, ആമോസച്ചൻ, ജോഷപാച്ചൻ, ജൂലിയൂസച്ചൻ, അന്തൊനീനൂസച്ചൻ എന്നിവർ കളയിക്കാവിള കേന്ദ്രമാക്കിയും പ്രവത്തിച്ചിരുന്നു''.

## സമാപനം

സി.എം.ഐ സഭാംഗങ്ങൾ പുനരൈക്യപ്രസ്ഥാനത്തിന്റെ വഴിയിലൂടെ എമ്മാത്രം സഞ്ചരിച്ചുവെന്നും എത്രയൊക്കെ നേടിയെന്നുമുള്ള വസ്തുത മനസ്സിലാക്കാൻ മേല്പറഞ്ഞ വിവരണങ്ങൾ ഒട്ടേറെ സഹായിക്കുമെന്നതു് തീർച്ചയാണു്. മുകളിൽ പേർ പറയപ്പെടാത്ത പലേ അംഗങ്ങളും പുനരൈക്യപാതയിലുണ്ടു്. അവരുടെയെല്ലാം അഭിലാഷം പൂർണ്ണമായി പൂവണിയാൻ നമുക്കു പ്രാത്ഥിക്കാം : ''അവരെല്ലാവരും ഒന്നാകണമെ. പിതാവെ, അങ്ങു് എന്നിലും, ഞാൻ അങ്ങിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ഒന്നായിത്തീരണമേ. അങ്ങനെ അങ്ങാണു് എന്നെ അയച്ചിരിക്കുന്നതെന്നു് ലോകം അറിയട്ടെ''.

# മലബാർ മിഷൻ

## ആമുഖം

മലമ്പനിയുടേയും കാട്ടുമൃഗങ്ങളുടേയും യക്ഷികളുടേയും നാടാണ് മലബാർ എന്ന ധാരണ മാറിയിരിക്കുന്നു കനകം വിളയുന്ന കൃഷിഭൂമിയായി അതിന്നു പരിവർത്തനം ചെയ്യപ്പെട്ടിരിക്കയാണ്; അല്ല പരിവർത്തനം ചെയ്യപ്പെട്ടിരിക്കയാണ്. തലശ്ശേരി രൂപതയിലേക്കും മലബാറിന്റെ മററു ഭാഗങ്ങളിലേക്കും സി. എം. ഐ മിഷനറിമാർ അരയും തലയും മുറുക്കി കടന്നുചെന്നിട്ടുണ്ട്. മലബാറിന്റെ ബഹുമുഖങ്ങളായ വികസന പ്രവർത്തനങ്ങളിലും ആദ്ധ്യാത്മിക നവോത്ഥാനത്തിലും മഹത്തായ ഒരു പങ്കുവഹിക്കുവാൻ അവക്ക് കഴിഞ്ഞു. ക്രിസ്തുവിനു സാക്ഷ്യം നല്കുന്ന ചേതോഹരമായ പ്രവർത്തനശൈലി അനുസ്യൂതം അവർ തുടർന്നു. ആ പരിവർത്തനത്തിന്റെ ചരിത്രത്തിലേയ്ക്കൊന്നു കണ്ണോടിക്കുകയാണിവിടെ.

## സാഹചര്യം

പഴയ തിരുവിതാംകൂർ–കൊച്ചി സംസ്ഥാനങ്ങളിൽ നിന്നു ''ചേട്ടന്മാർ'' അരയും തലയും മുറുക്കി നാട്ടുകാരേയും വീട്ടുകാരേയും കൂട്ടുകാരേയും വിട്ട് വനഭൂമിയായ മലബാറിലേയ്ക്കു നെട്ടോട്ടം ഓടിയ ഒരു കാലമുണ്ടായിരുന്നു. അങ്ങനെ ഓടിക്കയറിയവർ പ്രകൃതിയുടെ വികൃതിയിൽ ഞെരിഞ്ഞമർന്നു. ഒരു ചാൺ വയറിന്റെ പ്രശ്നവും മക്കൾക്കു ഒരിഞ്ചു സ്ഥലം വേണമെന്ന ആശയും വീണ്ടും വീണ്ടും ചേട്ടന്മാരെ മലബാറിലെത്തിച്ചു. ക്രമേണ മലമ്പനിയും കാട്ടുമൃഗങ്ങളും സംഹാരതാണ്ഡവം നിറുത്തി. ചേട്ടന്മാർ കൃഷിഭൂമിയിൽ പണി ആയുധങ്ങൾ പ്രയോഗിച്ചു. വിളവുകൾ സമൃദ്ധമായി. ഒട്ടിയവയറും നാമ്പടയാറായ ജീവിതവും ആശവച്ചു കരുത്തു പുഷ്ടിച്ചു. മലബാർ കുടിയേററത്തിനു ഒരു പ്രത്യേകതയുണ്ട്. ചേട്ടന്മാരിലധികവും മാർത്തോമ്മാക്കത്തോലിക്കരായിരുന്നു. അവരുടെ ആദ്ധ്യാത്മിക കാര്യങ്ങൾ നോക്കാൻ കാട്ടിനുള്ളിൽ ആരുമില്ല. പ്രശ്നം രൂക്ഷമായി. അവർ മലംചെരുവിൽ വിത്തുവിതറി നൂറുമേനികൊയ്തു. പക്ഷേ, അവരുടെ ഹൃദയവയൽ പാകപ്പെടുത്താനാളില്ല. പള്ളികളില്ല; വൈദികരില്ല; പള്ളിക്കൂടമില്ല; അദ്ധ്യാപകരില്ല; ആശുപത്രികളില്ല: ചികിത്സകരില്ല; യാത്രാസൗകര്യമില്ല; ഒന്നും തന്നെയില്ല.

കോഴിക്കോട്ട രൂപതയുടെ കീഴിൽക്കിടന്നിരുന്ന ഈ പ്രദേശത്തു് ആ രൂപതയിൽ നിന്നുള്ള ഏതാനം വൈദികരുടെ സേവനം വല്ലപ്പോഴും ലഭിച്ചിരുന്നു. അത്രമാത്രം. സുറിയാനി റീത്തിലുള്ള ആരാധനക്രമത്തിനുള്ള സംവിധാനം മലബാർ കുടിയേററക്കാർക്കു് ലഭിക്കാൻപ്പെട്ട പാടു് കുറച്ചൊന്നുമല്ല.

## സേനാ മുന്നോട്ട്

സാഹചര്യത്തിന്റെ വിളികേട്ട സി. എം. ഐ. വൈദികർ ഉണന്നു. സാഹചര്യത്തിനൊത്തവർ ഉയന്നു. ഫാ അത്തനേഷ്യസ് പയ്യപ്പിള്ളിയായിരുന്ന മുൻപന്തിയിൽ. പഴയ ബ്രിട്ടിഷ്മലബാറിന്റെ ഭാഗമായ പാവറട്ടിയിൽ കാലുറപ്പിച്ചിരുന്ന അത്തനേഷ്യസ് അച്ചനു് വടക്കോട്ടുള്ള മുന്നേററം എളുപ്പമായിരുന്നു. അദ്ദേഹത്തെ അനുകരിച്ച് ഫാ. കെറുബിൻ, ബർക്കുമാൻസു്, ബർണർഡിൻ തുടങ്ങിയവർ മുന്നോട്ടുവന്നു. ഫെറോക്കിൽ 15 വഷ്ക്കാലം ഫാ. അത്തനേഷ്യസ് കഴിച്ചുകൂട്ടി. ഒരദ്ധ്യാപകനും 15 വിദ്യാത്ഥികളുമായി ഒരു സ്കൂാം അദ്ദേഹം തുടങ്ങി. മൂന്നുകൊല്ലംകൊണ്ടു് അനേകം അദ്ധ്യാപകരും 600 വിദ്യാത്ഥികളും ആയി. 1936–ൽ കടലുണ്ടിയിൽ ഒരു കമ്മലീത്താ ആശ്രമം സ്ഥാപിക്കാൻ അദ്ദേഹം മുൻകൈയെടുത്തു. ഫാ. കെറുബിൻ തരിയോടു് ഇടവകയുടെ വികാരി ആയി. മലബാറിലെ ആദ്യത്തെ സുറിയാനി ഇടവക അങ്ങനെ സമുൽഭൂതമായി. വിവരിക്കാൻ പററാത്തവിധം ക്ലേശം കെറുബിനച്ചൻ അവിടെ സഹിച്ചു യാത്രാസൗകര്യം ഇല്ല. ജീവിതാവശ്യങ്ങറാക്കു് വഴിയില്ല. ഫൗസ്റ്റിനച്ചൻ അദ്ദേഹത്തെ സഹായിക്കാനെത്തിയിരുന്നു. ഹാഡ്രിയാനച്ചൻ കെറുബിനച്ചന്റെ പിൻഗാമിയായി ചാജെജ്ജടുത്തു. കുടിയേററക്കാരുടെ മനസ്സിൽ നിന്നു് ഈ വൈദികരെപ്പററിയുള്ള ഓമ്മ ഒരിക്കലും അസ്തമിക്കുകയില്ല.

ഇക്കാലത്തു് ബ. പീററച്ചൻ കണ്ണോത്തു് എന്ന സ്ഥലത്തേക്കും ഫാബിയൂസച്ചൻ കോടഞ്ചേരിക്കും ബർണാഡിനച്ചൻ കൂടരത്തിയിലേക്കും റൈമണ്ടച്ചൻ കൂടത്തായിക്കും എപ്പിഫാനിയൂസച്ചൻ പടത്തുക്കടവിലേക്കും നീങ്ങി. തിരുവാമ്പാടിയിലെ നേട്ടങ്ങറാക്ക പിന്നിൽ അത്തനേഷ്യസ്, കെറുബിൻ, തീസിയാൻ, എവരിസ്റ്റസ് എന്നീ വൈദികരുടെ നിസ്തുലസേവനങ്ങളുണ്ടു്. കോടഞ്ചേരിയിൽ ഫാബിയൂസച്ചനും ദൊസിത്തേവൂസച്ചനും അതിന്റെ ഇന്നത്തെ പുരോഗ

തിക്ക നിദാനമായ വൻകാര്യങ്ങൾ നിർവഹിച്ചു. പേരാവൂരിന്റെ ചരിത്രത്തിൽ ദൊസിത്തേവൂസച്ചന്റെ പേരു് ഉല്ലേഖനം ചെയ്യപ്പെട്ടിട്ടുണ്ടു്. കണ്ണോത്തു്, ഫ്രഡറിക്കച്ചൻ 10 കൊല്ലം അക്ഷീണം പരിശ്രമിച്ചു. വേനപ്പാറയുടെ മൺതരികൾപോലും മറക്കാത്ത ഒരു മനുഷ്യനുണ്ടു്—അന്തൊനീനൂസച്ചൻ. വേനപ്പാറയിൽ അദ്ദേഹം വരുത്തിയപരിഷ്ക്കാരങ്ങൾ വിവരിക്കാൻ ഈ വരികൾക്കു് സാധ്യമല്ല. മണിമൂളിയിൽ ലീയാണ്ടറച്ചനും, മരിയാപുരത്തു് സബീനൂസച്ചനും ജോഷ്വാച്ചനും, പുല്ലൂരാംപാറയിൽ ബർത്തുൽമൈ അച്ചനും ബർണർഡിനച്ചനും, കൂടരത്തിയിൽ പീയൂസച്ചനും നടത്തിയ സേവനചരിത്രം സംഭവബഹുലമാണു്. വികാരി ആയിരിക്കെ മിഷന്റെ മണ്ണിൽ 1958 ആഗസ്റ്റ്മാസത്തിലെ കാലവർഷത്തിൽ മരിച്ചുവീണ ധീരപുരുഷനായ ബക്കുമാൻസച്ചനെ നരസിംഹരാജപുരത്തുകാർ മറക്കുകയില്ല.

സുൽത്താൻബത്തേരിക്കും കല്ലോടിക്കും രൂപവും ഭാവവും പകന്ന ഉരുക്കുമനുഷ്യനാണു് സഗ്ഗീസച്ചൻ. 10 വർഷത്തിൽ കൂടുതൽ ബത്തേരിയിൽ സഗ്ഗീസച്ചൻ ചെലവഴിച്ചു പദയാത്രയിൽ കീർത്തികേട്ടവനാണദ്ദേഹം. ഇരുപതും മുപ്പതും മൈൽ നടക്കുകയെന്നതു് അദ്ദേഹത്തിനു പ്രശ്നമല്ല. റൊഡ്രിഗ്ഗസ്, ഹെൻട്രിസൂസൊ, ദൊനാത്തൂസ്, ഹൊണോരിയൂസ്, ക്ലോഡിയൂസ്, സോസിമൂസ്, റെജിനാൾഡ്, ഹെർബർട്ടു്, ജസ്റ്റീനിയൻ, സിപ്രിയാൻ, മാക്കു്, അവുദീശൊ, ഹ്യൂഗൊ തുടങ്ങിയ അനേകം സി. എം. ഐ മിഷനറിമ്മാർ മലബാർ കുടിയേററക്കാരുടെയിടയിൽ അതുല്യമായ സേവനങ്ങൾ നടത്തിയിട്ടുണ്ടു്.

## പുതുപ്പിറവി

അത്യുന്നത കർദ്ദിനാൾ ടിസ്സറാങ്ങിന്റെ കേരള സന്ദർശനം ഒരു പുത്തൻപുലരി മലബാറിൽ പിറക്കാൻ കാരണമായി. പ. സിംഹാസനം മോൺ. സെബാസ്റ്റ്യൻ വള്ളോപ്പിള്ളിയെ 1953 ഡിസംബർ 31–ാം തിയതി രൂപംകൊണ്ട തലശ്ശേരി രൂപതയുടെ അസ്മിനിസ്ട്രേററായി നിയോഗിച്ചു. അദ്ദേഹത്തിന്റെ സഹായത്തിനു് ഇരുപതിൽപ്പരം സി.ഐ.ഐ. വൈദികർ, ചങ്ങനാശ്ശേരി, പാലാ, എറണാകുളം രൂപതകളിൽ നിന്നുള്ള വൈദികരുമായൊത്തു ചേർന്നു. ''മാന്നാനത്തു് നിന്നു് മലബാറിലേക്കു്'' എന്ന പ്രബന്ധത്തിൽ ജോർജ്ജ് മരിയദാ

സ്, സി.എം.ഐ അച്ചൻ കർമ്മലീത്താസഭ മലബാർ മേഖലയിൽ കൈവരിച്ച നേട്ടങ്ങളെ വിലയിരുത്തിക്കൊണ്ടുന്നുണ്ട്.

അവരുടെ പ്രവർത്തനം മലബാറിൽ കോളിളക്കം സൃഷ്ടിച്ചു. പരിഷ്ക്കാരങ്ങളുടെയും പരിവർത്തനങ്ങളുടെയും പാതകൾ വെട്ടിത്തെളിച്ചു. ദൈവവിളികൾ ഉണ്ടായി തലശ്ശേരി രൂപത ഇന്ന് മിക്കവാറും എല്ലാക്കാര്യത്തിലും സ്വയംപര്യാപ്തത നേടിക്കഴിഞ്ഞിരിക്കുന്നുവെന്നു പറയാം അതിൽ നിന്ന് അടുത്ത കാലത്ത് 1977 ൽ പൊട്ടിവീണ മാനന്തവാടി രൂപതയും ബാലാരിഷ്ടതകൾ തരണം ചെയ്തു മുന്നേറുന്നു. സി.എം. ഐ. വൈദികർ വിരലിൽ എണ്ണാൻ മാത്രമേ ഇന്ന് മലബാർ കുടിയേററപ്രദേശത്തുള്ളൂ. കൃതകൃത്യരായ അവർ മലബാർ വിട്ട് തിരിച്ചുപോയി. ജീവശക്തിയിൽ പാതിയും മലബാർ മണ്ണിൽ നിവേശിപ്പിച്ച ആ യതിവര്യന്മാരെ മലബാർ ജനത ഒന്നടങ്കം ഇന്നു നന്ദിയോടെ അനുസ്മരിക്കുന്നുണ്ട്.

## ഓർമ്മ നിലനിറുത്താൻ

സി.എം.ഐ. സംഘം മലബാർ പ്രദേശം വിട്ടുപോന്നെങ്കിലും അതിൻെറ കാല്പാടുകൾ ഇന്നും ഉണ്ട്. ഒരു വിധത്തിൽ പറഞ്ഞാൽ അവരിന്നും മലബാറിൽ സുശക്തമായ രീതിയിൽ മിഷൻ പ്രവർത്തനം നടത്തുകയാണ്, ഇടവകകൾ, മുദ്രാലയം, സ്കൂൾ, കോളേജ്, ആശുപത്രി, ബാലമന്ദിരങ്ങൾ തുടങ്ങിയവ വഴി. 1961–ൽ മലബാർ ഒരു സി.എം.ഐ. റീജിയനായി രൂപംകൊണ്ടു. ഔറേലിയൂസച്ചൻ അക്കൊല്ലം തന്നെ റീജിയണൽ സുപ്പീരിയറായി നിയമിതനായി.

മലബാർ പ്രദേശത്തെ മഠങ്ങളുടെ അസാധാരണ കുമ്പസാരക്കാരനായും നിയമിക്കപ്പെട്ട അദ്ദേഹം മലബാറിൻെറ മണ്ണു മുഴുവൻ ചവിട്ടിക്കേറിയിട്ടുണ്ട്. തേക്കുംകുററിയിലും മാവൂരിലും തളിപ്പറമ്പിലും അദ്ദേഹം മിഷനറിപ്രവർത്തനം നടത്തി. പുളിങ്കുന്നു് ആശ്രമാധിപനായിപ്പോന്ന ഔറേലിയൂസച്ചനു പകരം ഹാഡ്രിയാനച്ചൻ റീജിയണൽ സുപ്പീരിയറായി.

കോഴിക്കോട്ടെ അമലാപുരിയിൽ അധിവാസമുറപ്പിച്ച് അദ്ദേഹം മലബാറിൻെറ, പ്രത്യേകിച്ച് തലശ്ശേരി രൂപതയിലുള്ള സി.എം.ഐ. മിഷൻെറ വികസനത്തിനും, സേവനത്തിനുമായി അനേകം പദ്ധതികളും പരിപാടികളും ആവിഷ്ക

രിച്ച് പ്രവർത്തിച്ചിരുന്നു. അതിനുശേഷം ജയിംസച്ചൻ വന്നു. 1968_ൽ റീജിയൻ വൈസ് പ്രോവിൻസായി; ജയിംസച്ചൻ വൈസ് പ്രോവിൻഷ്യലും. 1978_ൽ അതു പ്രോവിൻസായി ഉയർത്തപ്പെട്ടു. ചെസാരിയൂസച്ചനായിരുന്നു പ്രവിശ്യാധിപൻ.

ക്രാന്തദർശികളും കുശാഗ്രബുദ്ധികളുമായ ഷാബോറച്ചനും ഹോർമീസച്ചനും കോഴിക്കോടു കേന്ദ്രമാക്കി ഒരച്ചടിശാലയും, കോളേജും, ഹൈസ്കൂളും മററു സ്ഥാപനങ്ങളും ഉണ്ടാക്കുന്ന കാര്യത്തിൽ നേരത്തെ ശ്രദ്ധ പതിച്ചിരുന്നു. സി.എം.ഐ. ക്കാർ മലബാർ മിഷൻ വിട്ടുപോന്നാലും മലബാറിൽ അവരുടെ സേവനം മററു വിധത്തിൽ തുടരാനുള്ള ഒരു മേഖലയായിരുന്നു അതു്. അതിനു് വേണ്ട സ്ഥലങ്ങളും മററും വാങ്ങിക്കയും ചെയ്തു. അചിരേണ സാവിയോ നിലയവും അമലാ പ്രസ്സും ഉടലെടുത്തു. പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള സൗകര്യം സാവിയൊ നിലയത്തിലുണ്ടായി തുടന്നു് 1956 ൽ ദേവഗിരിയിൽ കോളേജ് സ്ഥാപിതമായി. അതോടുകൂടി സാവിയൊ ഹൈസ്കൂളും സമാരംഭിച്ചു. മുദ്രാലയപ്രേഷിതത്വം, വിദ്യാഭ്യാസ പ്രേഷിതത്വം എന്നിവയായി പിന്നീട് സി.എം.ഐ. മേഖല. മനോഹരമായ ഒരു ദേവാലയം ഇവക്കു മകുടം ചാത്തി. മേരിക്കുന്നിലെ സെൻറ് തോമസ് മൗണ്ടിൽ കെട്ടിടങ്ങളും ചാപ്പലും ആശുപത്രിയും പണിതു് അതു് പ്രോവിൻസിൻെറ ആസ്ഥാനമാക്കാനുള്ള പ്ലാനായിരുന്നു വിധാതാക്കൾക്കുണ്ടായിരുന്നതു്. എന്നാൽ സൗകര്യാത്ഥം കാലക്രമത്തിൽ അതു അമലാപുരിയിലേക്കു് നീങ്ങിയെന്നു മാത്രം. കുടിയേററക്കാരുടെ നന്മക്കായി കോഴിക്കോട് സെൻറ് തോമസ് പ്രോവിൻസ് 16 കേന്ദ്രങ്ങളിൽ ഇന്നു് പ്രവർത്തിക്കുന്നുണ്ടു്. അതിൽ പന്ത്രണ്ടും ഇടവകകളാണ്. അങ്ങനെ മലബാറിൽ കുടിയേററക്കാരുടെ ചരിത്രം സി.എം.ഐ. മിഷനറിമാരുടെ പ്രവത്തനത്തോടു് അലിഞ്ഞു ചേന്നിരിക്കുന്നതായി കാണാം.

25 വഷത്തെ മിഷൻ പ്രവത്തന പാരമ്പര്യവും മലബാർ മിഷൻെറ പുരോഗതിയിൽ നിർണ്ണായക പങ്കുള്ള അന്തോനീനൂസച്ചൻെറ മിഷൻ വിലയിരുത്തലോടുകൂടി നമുക്കീ ഭാഗം അവസാനിപ്പിക്കാം. ''തിരുസ്സഭയോടുള്ള സ്നേഹം, വിവേകം, പരിശ്രമശീലം, ഔദാര്യബുദ്ധി, സഹകരണബോധം, വിനയം, പരബഹുമാനം മുതലായ സദ്ഗുണങ്ങൾ വച്ചുപുലത്തിയ പലമിഷനറിമാരും, തങ്ങളുടെ ഗുണങ്ങളുടെ തോതനുസരിച്ച് വിജയകരമായി പുരോഗമിക്കുന്നതും, ഈവക ഗുണങ്ങൾ കാര്യമായി ഇല്ലാത്ത പലരും പരിതാപകരമായി

അധഃപതിക്കുന്നതും കാണുവാൻ ഇടവന്നിട്ടുണ്ട്. ചുരുക്കം ചിലരുടെ പരസ്നേഹം അത്ഭുതാവഹവും മാതൃകാപരവുമായിരുന്നെങ്കിൽ മററുചിലരുടേത് ദുഃഖഹേതുകമായിരുന്നു. സാമാന്യം എല്ലാ കാര്യങ്ങളെപ്പററിയും ഒരു ഏകദേശ അറിവും അവയെ യഥാവിധി കൈകാര്യം ചെയ്യാനുള്ള കഴിവും ഉണ്ടെങ്കിൽ മാത്രമേ ഒരു മിഷനറിക്ക്–ഒരു വൈദികന് ഇന്ന് എന്തെങ്കിലും കാര്യമായ ഉപകാരം ദൈവജനത്തിനുവേണ്ടി ചെയ്യുവാൻ സാധിക്കുകയുള്ളൂ’’. തിരുവനന്തപുരത്തും തിരുവല്ലയിലും പയററിത്തെളിഞ്ഞ് തലശ്ശേരിയിലെ വേനപ്പാറയിൽ അരങ്ങേറിയ ചരിത്രത്തിൽ നിന്നുള്ള നിഗമനങ്ങളാണിവ. കൂട്ടത്തിൽ ഒരു മിഷനറിയുടെ അളവുകോലും.



ഫാ. ഡൊമിനിക്ക്



ഫാ. ഫ്രെഡറിക്ക്



ഫാ. സബീന്നൂസ്



ഫാ. ചിപ്രിയാൻ



ഫാ. ദേവസി

## മൈസൂറിൽ



ഫാ. സാബാസ്സ്



ഫാ. ബർക്കമാൻസ്സ്

## മൈസൂർമിഷൻ

**പശ്ചാത്തലം**

മൈസൂർമിഷന്റെ പശ്ചാത്തലം മലബാർ കുടിയേററ ക്ഥയുടെ ഏടുകളോടു ബന്ധപ്പെട്ടുകിടക്കുന്നു. മലബാർ കുടിയേററത്തിന്റെ തുടച്ച്യയാണിതെന്നുതന്നെ പറയാം. അഞ്ചു ലക്ഷത്തിൽപരം മലയാളികരം കുടിയേററവേലിയേററത്തിൽ മലബാർ – കർണ്ണാടകതീരത്തടിഞ്ഞു ആ വേലിയേററം ആരംഭിക്കുന്നതു് 1928–ലാണു്. മെച്ചപ്പെട്ടൊരുനാളയെ കണ്ടുകൊണ്ടു, ആരുമാരും പിന്തുണയില്ലാതെ, ഒററയും പെട്ടയു മായിക്കയറിയവരാണീ അഞ്ചുലക്ഷങ്ങരം! ചിലകാരണങ്ങരം പറയാമെങ്കിൽ, ഇവയാണതിൽ പ്രധാനം:

ഒന്നു്, രണ്ടാംലോകമഹായുദ്ധാനന്തരം ഉണ്ടായ ഭക്ഷ്യ ക്ഷാമം. രണ്ടു്, സർ. സി പി. രാമസ്വാമി അയ്യരുടെ ഏകാധിപത്യഭരണക്കെടുതിയിൽനിന്നു രക്ഷപെടാനുള്ള ശ്രമം. മൂന്നു്, പാപ്പിടത്തിനുള്ള പരിമിതികരം. മലബാറിൽ ഒരു കാനാൻദേശം അന്വേഷിച്ചുചെന്നവരിൽ തൊണ്ണൂറുശതമാനവും ക്രിസ്ത്യാനികളാണു്. പ്രതിബന്ധങ്ങളും വൈതരണികളും അവക്കുണ്ടായെങ്കിലും മതവും മതാനുഷ്ഠാനങ്ങളും അവർ കൈവിട്ടില്ല. പേരാവൂർ, തിരുവമ്പാടി, ആലങ്ങാടു്, വയനാടു്, ചേമ്പേരി, തോമാപുരം (ചിററാരിക്കാൽ), കുററിയാടി എന്നിവിടങ്ങരം പ്രധാന കുടിയേററസ്ഥലങ്ങളായി മാറി. സി. എം. ഐ. വൈദീകർ കുടിയേററക്കാരുടെ സ്ഥലങ്ങളിൽ എത്തി അവരോടുകൂടി വസിച്ചു.

പൗരസ്ത്യ തിരുസംഘത്തിന്റെ അദ്ധ്യക്ഷനായിരുന്ന അത്യുന്നത കർദ്ദിനാരം ററിസ്സറാങ്ങു് 1953 ൽ കേരളം, പ്രത്യേകിച്ചു മലബാറിലെ കുടിയേററ പ്രദേശങ്ങരം സന്ദർശിച്ചു് പരിതസ്ഥിതി നേരിട്ടു് മനസ്സിലാക്കി. തത്ഫലമായിട്ടാണു് എന്നു പറയാം തലശ്ശേരി കേന്ദ്രമാക്കി ഒരു പുതിയ രൂപത ജന്മംകൊണ്ടു. അഭിവന്ദ്യ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പ്രഥമാദ്ധ്യക്ഷനുമായി.

വിസ്തൃതമായ തലശ്ശേരിരൂപതയുടെ പരിധിയിൽ ആദ്യം കോഴിക്കോടു രൂപതാതിർത്തിയിലുള്ള സുറിയാനി ക്രിസ്ത്യാനികളെ മാത്രമേ ഉരംപ്പെടുത്തിയിരുന്നുള്ളു. പിന്നീടു് മംഗലാപുരം, ചിക്കമാംഗളൂർ, മൈസൂർ, ഊട്ടി എന്നിരൂപത

കളിലുള്ള സുറിയാനിക്കത്തോലിക്കരെക്കൂട്ടി ഉൾപ്പെടുത്തി തലശ്ശേരിയുടെ അതിർത്തി വികസിപ്പിച്ചു. 1973–ൽ ഭരണസൗകര്യവും അജപാലനാവശ്യവും പരിഗണിച്ച് മാനന്തവാടി രൂപത, തലശ്ശേരിയിൽ നിന്നു വേർതിരിച്ചു. അങ്ങനെ മാനന്തവാടി രൂപതയിൽ മൈസൂർ, മാംഗളൂർ, ചിക്കമംഗളൂർ, കൊട്ടിയൂർ, നില നീഗിരി, മണിമൂളി, തെക്കെവയനാട് വടക്കെവയനാട്, ഊട്ടി എന്നിവ ഉൾപ്പെടുത്തി. ഊർജ്ജസ്വലനും ഭക്തനുമായ ജേക്കബ്ബ് തൂങ്കുഴി രൂപതയുടെ പ്രഥമാദ്ധ്യക്ഷനായി നിയമിതനായി.

## കർണ്ണാടകത്തിലേക്കു്

കൃഷിപ്രമുഖരായ മലബാറിന്റെ മക്കൾ കൃഷിഭൂമിയിലുള്ള അവരുടെ ദാഹംകൊണ്ടു് കർണ്ണാടകത്തിലേക്കു കടക്കാൻ അധികം കാത്തുനിന്നില്ല. വിളഭൂമിയുള്ള തെക്കൻ കർണ്ണാടകത്തിലും ഷിമോഗയിലും ഉദ്ദേശം 2000 കുടുംബങ്ങൾ കയറിപ്പററി. മാനന്തവാടി രൂപതയുടെ ആവിർഭാവത്തോടെ വിശ്വാസികളായ കുടിയേററക്കാരുടെ ഇടയിൽ വൈദികരും എത്തി. സി. എം. ഐ. മിഷനറിമാർ അക്കൂട്ടത്തിൽപ്പെടുന്നു. മൈസൂർ മിഷനിലെ ആദ്യമിഷനറിയാണു് പരേതനായ ബർക്കുമാൻസച്ചൻ. നരസിംഹരാജപുരത്തു് വികാരി ആയിരിക്കെ മരണമടഞ്ഞ അദ്ദേഹത്തിന്റെ പാവനസ്മരണ ഇന്നും പച്ചപിടിച്ചുനില്ക്കുന്നു. 1960–ൽ ദേവസ്യാച്ചൻ സി. എം. ഐ ഷീരാടിയിൽ എത്തി, തോട്ടത്താടിയിലും ഷീരാടിയിലും വികാരിയായി അനേകംപേരെ തേടിപ്പിടിച്ച് ക്രിസ്തീയ സമൂഹം കെട്ടിപ്പടുത്തു. ഈ സ്ഥാപനങ്ങളുടെ ബാലകാലാരിഷ്ടതകൾ തരണം ചെയ്യാൻ വളരെയധികം സഹായിച്ചിട്ടുള്ള ഒരുദേഹമാണു് ബ. സാബാച്ചൻ. 1964–ൽ ഹ്യൂഗൊ അച്ചൻ തോത്താടിയിൽ വികാരിയായി അനേകവർഷം അജപാലനം നിർവ്വഹിച്ചു ഇങ്ങനെ കുടിയേററത്തള്ളലിനോടൊപ്പം വിശ്വാസത്തിന്റെ വേലിയേററവും ആ പ്രദേശങ്ങളിൽ എറെക്കുറെ നിലനിന്നു.

## ഒരു സി എം. ഐ. റീജിയൻ

കർണ്ണാടകത്തിൽ സി. എം. ഐ മിഷനറിമാരുടെ അംഗസംഖ്യയും പ്രവർത്തനമണ്ഡലങ്ങളും വർദ്ധിച്ചപ്പോൾ ഒരു സി. എം. ഐ. റിജീയൺ സ്ഥാപിക്കുന്നതിനു് ആലോചന

കളായി; 1965–ൽ ആ സ്വപ്നം പൂവണിഞ്ഞു. അതിന്റെ വിധാതാവ് അന്ന് തിരുഹൃദയപ്രവശ്യയുടെ അധിപനായിരുന്ന ഫ്രാൻസീസ് സാലസച്ചനാണെന്നു പറയാം. കർമ്മകുശലതയും കാര്യപ്രാപ്തിയും ഒത്തു ചേർന്ന അദ്ദേഹം പ്രേഷിതരംഗത്തും പല പരിഷ്ക്കാരങ്ങളുടെ വിധാതാവായി. ഭാവിയിൽ സഭാതലത്തിലെ ഒരു വികസിതപ്രവിശ്യയെന്ന സങ്കല്പവും അദ്ദേഹത്തിന്റെ മനോമുകുരത്തിലുണ്ടായിരുന്നു. റീജിയന്റെ സൂപ്പീരിയറായി കർമ്മകുശലനായ ബ. സിപ്രിയാനച്ചൻ വിതയത്തിൽ ചാർജ്ജെടുത്തു. ഗോണിക്കൊപ്പാൽ കേന്ദ്രമാക്കിയാണ് അന്ന് പ്രവർത്തനങ്ങൾ ആരംഭിച്ചത്. അവിടെ ഒരാശ്രമവും ഇടവകപ്പള്ളിയും ഉണ്ടായി. പിന്നീട് റേഗ്ഗുലസച്ചൻ, ബർണ്ണബാസച്ചൻ, ഫ്രെഡറിക്കച്ചൻ എന്നിവരുടെ നേതൃത്വത്തിൽ റീജിയൻ അതിവേഗം പുരോഗമിച്ചു.

## ഉപപ്രവിശ്യയാകുന്നു

ക്രമാനുഗതമായി വളർന്നുകൊണ്ടിരുന്ന റീജിയൻ 1978–ൽ ഒരു ഉപപ്രവിശ്യയായിത്തീർന്നു. എമ്മാനുവൽ ഫ്രെഡറിക്കച്ചൻ അതിന്റെ അധിപനായി. ഗ്രിഗരി കരോട്ടെമ്പ്രയിലച്ചൻ പ്രൊവിൻഷ്യൽസ്ഥാനത്തിരുന്നുകൊണ്ട് ഈ ഉപപ്രവിശ്യയുടെ സാക്ഷാത്ക്കാരത്തിനായി പണിയെടുത്തു. വൈസ് പ്രോവിൻസിന്റെ ഔപചാരികമായ ഉദ്ഘാടനം 1979 ജൂലൈ 3–നാണു നടന്നത്.

മാനന്തവാടിമെത്രാനച്ചൻ ഹസ്സൻ ഡിസ്ട്രിക്റ്റ്, മൈസൂർമിഷന്റെ പ്രവർത്തനരംഗമായി തുറക്കുന്നതിനു വഴിയൊരുക്കിയവരിൽ പ്രധാനപങ്കു വഹിച്ചത് ബ. കനീസീയൂസച്ചനാണ്. വി പൗലോസിന്റെ നാമത്തിൽ സ്ഥാപിക്കപ്പെട്ട ഈ ഉപപ്രവിശ്യ ഇന്ന് ഉത്തരോത്തരം വളർന്നുകൊണ്ടിരിക്കയാണ്.

## ചില താവളങ്ങൾ

കർണ്ണാടക സംസ്ഥാനത്തിന്റെ തലസ്ഥാനമായ മൈസൂർ പട്ടണത്തിലുള്ളൊരു ഭവനമാണ് ''കാർമ്മൽ ഭവൻ''. പ്രവിശ്യയുടെ കേന്ദ്രഭവനവും കൂടിയാണിത്. കാർമ്മൽ ഭവനവും ചുറ്റുമുള്ള സ്ഥലങ്ങളും രൂപപ്പെടുത്തുന്നതിൽ ബ. ബർണ്ണബാ

സച്ചൻ വഹിച്ചിട്ടുള്ള പങ്ക് സ്തുത്യർഹമാണ്. ഈ 'സ്ഥാപനത്തിന്റെ വളർച്ചയിൽ ബ. എഡ്മണ്ടച്ചനു് നല്ലൊരു പങ്കുണ്ട്''.

വേറൊരു സ്റ്റേഷനാണ് നരസിംഹരാജപുരത്തുള്ള 'ശാന്തി ഭവൻ'. മംഗലാപുരത്തു് നിന്നു് ചാർമാടി ചുരം കയറി എത്തുന്ന ഒരു സമതലമാണ് എൻ. ആർ. പുരം എന്ന നരസിംഹ രാജപുരം. 1960 – ലാണ് ശാന്തിഭവന്റെ ആവിർഭാവം. ബക്കുമാൻസച്ചൻ അതിനു് പിന്നിൽ ഉണ്ടായിരുന്നു. ചീരകത്തിൽ ഡൊമിനിക്കച്ചൻ, ജോർജ്ജ് ഇടത്തിപ്പറമ്പിലച്ചൻ, വില്യം അരഞ്ഞാണിയലച്ചൻ, പാറപ്പുറത്തു് ബെസ്സാരിയോനച്ചൻ, ബെന്നോച്ചൻ, കടവിൽ ഓസ്വാൾഡച്ചൻ, പൈനാടത്തു് താർസീസച്ചൻ, ബ്രദർ ബെർണ്ണാർദ് എന്നിവരെല്ലാം ഇതിന്റെ രൂപീകരണത്തിലും പുരോഗതിയിലും പങ്കുകൊണ്ടിട്ടുണ്ട്. ഇവിടെയുള്ള പള്ളിയിൽ ചുററുമുള്ള ഭക്തരായ ക്രിസ്ലീയ ജനങ്ങൾ വന്നു് അവരുടെ ആദ്ധ്യാത്മികാവശ്യങ്ങൾ നടത്തിപ്പോരുന്നു.

മംഗലാപുരത്തു് നിന്നു് ഏകദേശം 55 കി. മീ. വടക്ക് കക്കിഞ്ചിയിലുള്ള സ്റ്റേഷൻ 1963–ൽ തുടങ്ങി. അങ്കമാലി, മൂക്കന്നൂർ തുടങ്ങിയ സ്ഥലങ്ങളിൽ നിന്നുള്ള കുടിയേററക്കാർ ഇവിടെ ധാരാളമുണ്ട്. ഇവിടെ ഡൊമിനിക്കച്ചൻ, ജറമിയാസച്ചൻ, ഇരണേവൂസ് കുടീരിക്കലച്ചൻ, ഈട്ടിക്കലച്ചൻ, താർസീസച്ചൻ, വർഗ്ഗീസ് സഹോദരൻ, അങ്ങാടിയാത്തച്ചൻ, സീൽവിയൂസച്ചൻ തുടങ്ങിയവർ പ്രവർത്തിച്ചിട്ടുണ്ട്. ഒരാശുപത്രിയും മൊബൈൽ യൂണിററും ക്ലാരിസ്റ്റ് സിസ്റ്റേഴ്സിന്റെ മഠവും ഉണ്ട്. ''ഫുഡ് ഫോർ വർക്ക്'' മൂലം പലരും ആശ്വാസം കണ്ടെത്തുന്നു.

താണ്ഡവപുരത്തു് ഒരു സ്ഥാപനം 1965–ൽ പണി തീർത്തു. നഞ്ചൻകോടിനും, മൈസൂർ പട്ടണത്തിനും ഇടയ്ക്കാണിത്. ഇതിനു ചുററും ഫാക്ടറികൾ ഉയർന്നു വരുന്നുണ്ട്. 1973–ൽ ഇവിടെ ആസ്പിരൻറ്സ് ഹൗസ് തുടങ്ങി. ഒരാശുപത്രി ഇവിടെയുണ്ട്. കമ്മ്യൂണിററി ഡയറി പ്രോജക്ട്, ഹൗസിംഗ് പ്രോജക്ട് തുടങ്ങിയവയും പ്രവർത്തിച്ചു വരുന്നു.

വേറൊരു ഭവനം ഗോണിക്കൊപ്പാലിൽ ആണ്. 1967–ൽ ആണ് ഇതിന്റെ സ്ഥാപനം. കാപ്പി, ഓറഞ്ച്, നെല്ല് എന്നിവ പ്രധാനമായും ഇവിടെ കൃഷി ചെയ്യുന്നു. നഴ്സറി സ്കൂൾ, ഇംഗ്ലീഷ് മീഡിയം സ്കൂൾ, ഇടവകപ്പള്ളി എന്നിവ ഇപ്പോൾ നടത്തിപ്പോരുന്നുണ്ട്.

കർണ്ണാടകത്തിലെ ഹസ്സൻ ഡിസ്ട്രിക്ടിൽ ഹാൻബാൾ ഗ്രാമത്തിൽ വേറൊരു ഭവനമുണ്ട്. കാപ്പിത്തോട്ടങ്ങളുടെ നാടാണിത്. 1970–ൽ ബ. റേമൂസച്ചൻ തുടങ്ങിയതാണ് ഈ സ്ഥാപനം. ഇവിടെ നിന്ന് അടുത്തുള്ള ഇടവകകളിൽ സഹായിച്ചു വരുന്നു. ഇന്ന് അവിടെയുള്ള കെട്ടിടങ്ങളും മററും നിർമ്മിച്ചത് ബ. മാത്യു കൂടലിലച്ചൻ സുപ്പീരിയറായിരിക്കുമ്പോഴാണ്. ബ. ജോസ് തച്ചിലച്ചൻ, ബാസ്റ്റിൻ വിതയത്തിലച്ചൻ, എഗ്ബർട്ടച്ചൻ തുടങ്ങിയവർ ഇവിടെ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

1972–ൽ കുശാൽനഗറിൽ മറെറാരു ഭവനവും ജന്മംകൊണ്ടു. മൈസൂർ ഡിസ്ട്രിക്ട് അതിർത്തിയിലാണിത്. ഇടവകപ്പള്ളി, നഴ്സറിസ്കൂൾ. എൽ പി. സ്കൂൾ എന്നിവ ഇവിടെ നടത്തിവരുന്നു. കുട്ടികൾക്കുവേണ്ടിയുള്ള ക്ഷേമപദ്ധതികളും പുരോഗമിക്കുന്നുണ്ട്. ശനിവാർശന്തെ–ഇതുമൊരു സി.എം. ഐ. ഭവനത്തിൻെറ ഇരിപ്പിടമാണ്. ഈ സ്ഥാപനത്തിന് ബ. അനസ്റ്റാസിയൂസച്ചൻ നല്കിയിട്ടുള്ള സേവനം വലുതാണ്. 1972–ൽ സ്ഥാപിതമായി. വടക്കെ കൂർഗ്ഗിലാണിത്. സ്കൂളും ആരാധനാമഠവുമുണ്ട്.

രാജഗിരി റെസിഡെൻസ്, 1966 ൽ തരിക്കരെ സ്ഥാപിതമായി. ഒരു എസ്റ്റേററുണ്ടിവിടെ. ഷിമോഗാ ഡിസ്ട്രിക്ടിൽ തന്നെ. സിൽവെസ്റ്റർ, ക്ലെമെൻറ്, സഖറിയാസ്, കമിൽ, ജോസ്ജേജ്ജ് എന്നീ സഹോദരന്മാർ ഇവിടെ പ്രയത്നിച്ചിട്ടുണ്ട്. ഈ എസ്റ്റേററിൻെറ ആരംഭം മുതല്, എസ്റ്റേററ് 1980–ൽ വില്ക്കുന്നതുവരെ ബ. റോച്ച് പുതുശ്ശേരിയച്ചനായിരുന്നു ഈ സ്ഥാപനത്തിൻെറ സുപ്പീരിയർ. സാബാസ്, ബക്കമാൻസ് കോയിത്തറ തുടങ്ങിയവർ ഇവിടെ സേവനമനുഷ്ഠിച്ചിട്ടുണ്ട്. എസ്റ്റേററ് വിറെറങ്കിലും, അവിടെ സഭവകയായി ഒരു സ്റ്റേഷൻ പ്രവർത്തിക്കുന്നുണ്ട്.

പെരിയപട്ടണം – ടിപ്പുവിൻെറ വിഹാരരംഗമായിരുന്നു. അവിടെയുമുണ്ട് ഒരു സി.എം.ഐ. ഭവനം. മേൽപ്പറഞ്ഞ എല്ലാ കേന്ദ്രങ്ങളിലും തന്നെ വിദ്യാഭ്യാസപരമായും സാമൂഹികമായും ചുററുമുള്ള മനുഷ്യരെ സമ്പന്നമാക്കാൻ ബന്ധപ്പെട്ടവർ അക്ഷീണം പരിശ്രമിച്ചുകൊണ്ടിരിക്കുന്നു.

മാനന്തവാടി രൂപതയിൽ ബെന്നൊ, ജോസഫ് കാഞ്ഞിര ക്കട്ടകുന്നേൽ, ആൻഡ്രൂസ് തെക്കെക്കണ്ടം എന്നീ വൈദികർ വികാരിമാരായി സേവനമനുഷ്ഠിച്ചുവരുന്നു.

കാൽ നൂററാണ്ടുമുമ്പു തുടങ്ങിയ മലബാർ–മൈസൂർ കുടി യേററചരിത്രവും അവിടങ്ങളിലെ സി. എം. ഐ മിഷൻ പ്രവർത്തനചരിത്രവും വേരതിരിക്കാനാവില്ല. കാലത്തിന്റെ തികവിൽ മൈസൂറിൽ ഒരു പ്രോവിൻസോ ഹസ്സൻ കേന്ദ്രമാ ക്കി ഒരു രൂപതയൊ സി.എം ഐ. ക്കു കിട്ടുകയില്ലെന്നാര റിഞ്ഞു?

## മൈസൂർ മിഷൻ ഒററനോട്ടത്തിൽ – 1980

| | | |
|---|---|---|
| വൈദികർ | .... | 28 |
| സഹോദരന്മാർ | .... | 3 |
| വൈദികവിദ്യാർത്ഥികൾ | .... | 15 |
| നവസന്യാസികൾ | .... | 3 |
| യോഗാർത്ഥികൾ II PDC | .... | 5 |
| I PDC | .... | 5 |
| യോഗാർത്ഥികൾ (ഭാഷാപഠനം) | .... | 10 |
| ഭവനങ്ങൾ | .... | 10 |
| സബ് സ്റ്റേഷൻസ് | .... | 3 |
| കന്യകാലയങ്ങൾ | .... | 7 |
| സിസ്റ്റേഴ്സ് | .... | 40 |
| സ്കൂളുകൾ | .... | 4 |
| ആശുപത്രികൾ | .... | 2 |

# ഹൈറേഞ്ചിൽ

## ആമുഖം

മലബാറിലേയ്ക്കും, മൈസൂറിലേയ്ക്കും കുടിയേററങ്ങളുണ്ടായ അതേകാലയളവിൽതന്നെ സംഘടിതമായ കുടിയേററങ്ങൾ കിഴക്കോട്ട് ഹൈറേഞ്ചിലേയ്ക്കുമുണ്ടായി. കോതമംഗലം, കാഞ്ഞിരപ്പള്ളി രൂപതകളുടെ ആരംഭംതന്നെ ഈ കുടിയേററവുമായി ബന്ധപ്പെട്ടു കിടക്കുന്നു. അതിനെല്ലാം മുമ്പുതന്നെ സി. എം. ഐ. വൈദികർ അജപാലനത്തിനായി അങ്ങോട്ടു തിരിച്ചിരുന്നു. കാടും പടലും നിറഞ്ഞു് വന്യമൃഗങ്ങളുടേയും മലയോരകർഷകരുടെയും നാണ്യവിളകളുടെയും നാടായ ഹൈറേഞ്ചിൽ അവർ നെട്ടോട്ടംതന്നെ നടത്തി. പീരുമേടു്, ദേവികുളം താലൂക്കുകളുടെ വിവിധഭാഗങ്ങളിലും ഇടുക്കി, കല്ലാർ, മൂന്നാർ ഉടുമ്പൻചോല തുടങ്ങിയ മലയോര കേന്ദ്രങ്ങളിലും കടന്നുചെന്നു് വിശ്വാസദീപം കൊളുത്തുകയും അജഗണങ്ങളെ ആത്മാർത്ഥമായി സംരക്ഷിക്കയും ചെയ്തു വന്നു അവർ.

## ഹൈറേഞ്ചിൻെറ മിഷനറി

ധ്യാനപ്രസംഗത്തിൽ റിക്കാർഡു് സ്ഥാപിച്ച, മലനാടിൻെറ ആ മിഷനറി, ശൗര്യാരച്ചൻ, സി. എം. ഐ., വാർദ്ധക്യത്തിൻെറ വല്ലായ്മയെ പരിഗണിക്കാതെ മലനാടിൻെറ മടക്കുകളിലൂടെ നടത്തിയ മിഷൻ പര്യടനങ്ങളും പ്രവർത്തനങ്ങളും സാഹസികമെന്നതുപോലെതന്നെ ഏവർക്കും ആശ്ചര്യകരവും ഉത്തേജനാജനകവുമാണു്. ''ശൗര്യാരച്ചൻ കേറാത്തകുന്നുമില്ല, ശൗര്യാരച്ചൻ വീഴാത്തകുഴിയുമില്ല'' എന്നു പുണ്യശ്ലോകനായ അഭിവന്ദ്യ കാവുകാട്ടുപിതാവ് ഫലിതരൂപത്തിൽ ഒരിക്കൽ പറയുകയുണ്ടായി. വിയർത്തൊലിച്ചു്, ദാഹിച്ചു വലഞ്ഞു് ശൗര്യാരച്ചൻ ഇടുക്കുകളിലും എടുപ്പുകളിലും അങ്ങോളം ഇങ്ങോളം കയറിയിറിങ്ങി.

ഹൈറേഞ്ചിൻെറ മേട്ടിലെ ഉണക്കപ്പുല്ലുവെട്ടിക്കൂട്ടി കിടക്കയാക്കി, കാലിച്ചാക്കു് പുതപ്പാക്കി, രാത്രികാലങ്ങൾ പലതും അദ്ദേഹം കഴിച്ചുകൂട്ടിയിട്ടുണ്ടു്. വീപ്പക്കുററി അൾത്താരയായി മാററി, വനാന്തരങ്ങളിലും മേടുകളിലും അദ്ദേഹം ബലിഅപ്പി

ച്ചിട്ടുണ്ട്. രണ്ടാമത്തെ ശൗര്യാർ എന്നു് മലനാട്ടുകാർ അദ്ദേഹത്തെ വിളിച്ചിരുന്നു. പീരുമേട്, വണ്ടന്മേട്, തുടങ്ങിയ സ്ഥലങ്ങളിൽ ശൗര്യാരച്ചൻ ശ്രമസാദ്ധ്യമായ കാര്യങ്ങൾ വയസുകാലത്തു് ചെയ്തു തീർത്തു.

''സാഹസികനായൊരു മിഷനറിയായിരുന്നു ശൗര്യാരച്ചൻ. ചങ്ങനാശ്ശേരി, കോതമംഗലം രൂപതകളിൽ ഉൾപ്പെടുന്ന മലയോര പ്രദേശങ്ങളിൽ കുടിയേറിപ്പാർക്കുന്ന കത്തോലിക്കരുടെ ആദ്ധ്യാത്മികോന്നമനത്തിനായി അദ്ദേഹം ചെയ്തിട്ടുള്ള നിസ്തുലവും ധീരോദാത്തവുമായ സേവനങ്ങൾ ഒരുനാളും വിസ്മരിക്കാനാവില്ല. ഇന്നു് മലനാട്ടിൽക്കാണുന്ന മിക്ക ദേവാലയങ്ങൾക്കും അദ്ദേഹത്തിൽനിന്നാണു് ആരംഭമുണ്ടായതു്.'' (മലനാടിന്റെ മിഷനറി, സിസ്റ്റർ ജെമ്മ പേ. 105)

നെച്ചിത്തൊഴത്തു്, മ്ലാമല, അണക്കര, വണ്ടന്മേട്, ചെമ്പളം, ആനവിലാസം, നെടുംകണ്ടം, നസ്രാണിപുരം, റാണിക്കോവിൽ, മുണ്ടിഎരുമ, പോത്തുംകണ്ടം തുടങ്ങി പന്ത്രണ്ടിലേറെ പള്ളികളും സ്കൂളുകളും മഠങ്ങളും ബ. ശൗര്യാരച്ചൻ, സി. എം. ഐ. സ്ഥാപിച്ചു.

## സംഘടിതശ്രമം

ശൗര്യാരച്ചൻ വെട്ടിത്തുറന്ന പാതയിലൂടെ നടക്കുവാൻ സി. എം. ഐ. ക്കാർ പലരും ഹൈറേഞ്ചിലേക്കു് വന്നു. അക്കില്ലസച്ചൻ വണ്ടന്മേട്ടിൽ താമസിച്ചുകൊണ്ടു സമീപസ്ഥലങ്ങളിലെല്ലാം പ്രവർത്തനമാരംഭിച്ചു. പൊട്ടുകളം പാപ്പച്ചൻ എന്നൊരാളുടെ ദാനമായിരുന്നു വണ്ടന്മേടു സ്ഥാപനം. പിന്നീടു് ആ സ്ഥാപനം സി. എം. ഐ. ക്കാർ രൂപതയ്ക്കു വിട്ടുകൊടുത്തു.

ജോസ് പാറയ്ക്കലച്ചൻ (പഫ്നൂഷ്യസച്ചൻ) 8 വർഷത്തിലധികം വണ്ടന്മേട്ടിലും പുളിയൻ മലയിലുമായിചെലവഴിച്ചു. സ്വയം പര്യാപ്തമായ മിഷൻ സ്റ്റേഷനുകൾ പലതുണ്ടായി. അന്നു് – എട്ടാം മൈൽ, പട്ടംകോളനി, നെടുംകണ്ടം, നെച്ചിതൊഴത്തു്, പോത്തുംകണ്ടം അങ്ങനെ പലതും. പള്ളികൾ, സ്കൂളുകൾ, മഠങ്ങൾ എന്നിവ ഹൈറേഞ്ചിലുണ്ടായി. ജോസ് പാറയ്ക്കലച്ചനോടൊപ്പം ഹൊണോരിയൂസച്ചനും തേങ്ങാക്കല്ലിൽ പ്രവർത്തിച്ചുകൊണ്ടിരുന്നു. തേങ്ങാക്കൽ കേന്ദ്രമാക്കി മററുപല സ്റ്റേഷനുകളും ഉയർന്നുവന്നു.

ഹൈറേഞ്ചിൽ



ഫാ. സേവ്യർ



ഫാ. ജോസഫ് പാറയ്ക്കൽ



ബ്ര. സക്കറിയാസ്



ബ്ര. ആൽബർട്ട്

# റൈഗാർ അബീകപൂരിൽ



മിഷനറിമാർ പിതാവിനോടൊത്തു്



ഫാ. റൊമൂവാംഡ്



ഫാ. വിയാനി

## കൊരണ്ടക്കാട്ടിലെ "സ്വാമി"

കൊരണ്ടക്കാട്ടിലെ നെററിമേട്ടിൽ മാനസാന്തരപ്രവർത്തനം നടത്തിയ ഡീക്കൻ ബ്രദർ ആൽബർട്ടു തോമസ്, സി. എം. ഐ. തൻെറ സ്മരണ പുതുക്കുന്നതിപ്രകാരമാണ്: "മുനിയാണ്ടി. അയാളൊരുഹിന്ദുവാണ്. 9 അംഗങ്ങളുള്ള കുടുംബം. ആ കുടുംബത്തിനു മാമ്മോദീസ സ്വീകരിക്കണം. ആഗ്രഹം തങ്ങളുടെ 'സ്വാമി'യായ ബ്രദറിനെ അറിയിച്ചു. 'ഏഴകളുടെ തോഴൻ' എന്നറിയപ്പെടുന്ന ബ്രദർ ആ കുടുംബത്തെ വേദപാഠങ്ങൾ പഠിപ്പിച്ചുകൊണ്ടിരുന്നു. ഒരു ദിവസം അവർ പറയുകയാണ്: "സ്വാമി ഞങ്ങൾ ജ്ഞാനസ്നാനപ്പെടുന്നില്ല. ഞങ്ങൾ മൂന്നാററിലെ സുബ്രഹ്മണ്യൻ അമ്പലത്തിൽ പോയി. അവിടെ ഭാഗ്യം പറയുന്ന തത്തമ്മയെക്കൊണ്ടു കവർ എടുപ്പിച്ചു. അതിൽ ഞങ്ങൾ ജ്ഞാനസ്നാനപ്പെടാൻ പറയുന്നില്ല". സ്വാമിക്കു സങ്കടംവന്നു. അദ്ദേഹം പറഞ്ഞു. "നീങ്കൾ യേശുയിടമും കന്നിമരിയായിടമും നൻറാകെ, വേണ്ടിക്കൊള്ളുങ്കൾ". ഒരുമാസം കഴിഞ്ഞു. മുനിയാണ്ടിയും വീട്ടുകാരും വന്നുപറഞ്ഞു: സ്വാമി! ക്ഷമിക്കണം. സ്വാമി പറയുന്നതനുസരിച്ചു ഞങ്ങൾ ചെയ്തുകൊള്ളാം. അവർ ജ്ഞാനസ്നാനം സ്വീകരിച്ചു."

1950-കളിൽ കൊരണ്ടക്കാടുഭാഗത്തു് വന്യമൃഗങ്ങളുടേയും വിഷഅട്ടകളുടേയും പുഴക്കളുടേയും കൂത്തരങ്ങായിരുന്നു. ജനങ്ങളിൽ 95 ശതമാനവും വിദ്യാവിഹീനർ. തമിഴാണു് സംസാരഭാഷ. മുക്കിനുംമൂലയ്ക്കും ചില മലയാളികളുണ്ടു്. മരിയമ്മാൾ, പാർവ്വതി, സുബ്രഹ്മണ്യൻ, മുരുകൻ തുടങ്ങിയ ദേവീദേവന്മാരെ അവർ പൂജിച്ചിരുന്നു. കണ്ണൻദേവൻ തേയിലത്തോട്ടങ്ങളിൽ, മഞ്ഞണിഞ്ഞ മൊട്ടക്കുന്നുകളിൽ തണുത്തു വിറച്ചു് പണിയെടുക്കുന്ന സാധുക്കളാണു് അവർ. സ്ത്രീപുരുഷഭേദമെന്യെ ദേവന്മാർക്കു് കോഴിവെട്ടി രക്തവും മാംസവും കാഴ്ചയർപ്പിക്കും. പാലും പഴവും ദേവനു കാണിക്കവെയ്ക്കും. മനുഷ്യർ ഒട്ടിയ വയറുമായി നടക്കും.

ഇങ്ങനെയുള്ള സാധുമനുഷ്യരുടെ ഇടയിൽ, കൊരണ്ടക്കാടു് എന്ന സ്ഥലത്തു് 1954-ൽ ഒരു സി.എം.ഐ സ്ഥാപനമുണ്ടായി. തമിഴ് സംസാരിക്കുന്ന ഈ തോട്ടം തൊഴിലാളികളുടെയിടയിൽ സുവിശേഷദീപവുമായിച്ചെന്ന ആദ്യ സി. എം. ഐ. പ്രേഷിതൻ പാവനചരിതനായ ബ്രദർ സ്കറിയ മാവേലിയാണ്. സ്കറിയാസഹോദരൻെറ ശ്രമഫലമായി ഇരുപതിലധികംപേർ മാമ്മോദീസാ സ്വീകരിച്ചു.

ബ്രദർ സ്റ്റാറിയ തുടങ്ങിവെച്ച മാനസാന്തരജോലി അവിടെ തുടരുവാൻ നിയുക്തനായതു് ഡീക്കൻ ആൽബർട്ട് സി. എം. ഐ. ആണു്. അവരുടെ ഇടയിലേയ്ക്കു് ലാളിത്യത്തോടെ ഇറങ്ങിച്ചെന്നു്, അവരുടെ സുഖദുഃഖങ്ങളിൽ പങ്കുകൊണ്ടു് അവരെ രക്ഷകനായ യേശുവിലേയ്ക്കു് കൊണ്ടുവരിക എന്ന നയമാണു് ഡീക്കൻ ആൽബർട്ട് സ്വീകരിച്ചതു്. കുട്ടികളും പ്രായമായവരും ഒപ്പം യേശുവിനെ ശ്രവിക്കാൻ അദ്ദേഹത്തിന്റെ ചുററും ഓടിക്കൂടി. തമിഴിൽ സംസാരിക്കുകയും ഒന്നാന്തരമായി സുവിശേഷപ്രസംഗം നടത്തുകയും ചെയ്യുന്ന ഡീക്കൻ ആൽബർട്ട് സാധുക്കളുടെ ഹൃദയം കവന്നു. 1956 മേയ് മാസത്തിൽ ૭9 പേർ ജ്ഞാനസ്നാനം സ്വീകരിച്ചു. കൊരണ്ടക്കാട്ട് നൊററിഗുടി, നെററിമേട്ട്, മാട്ടുപ്പെട്ടി, മറയൂർ, പത്തുനാട്, നാച്ചിവയൽ തുടങ്ങിയ സ്ഥലങ്ങളിലെ മാനസാന്തരപ്രവർത്തനംകൊണ്ടു് 800-ൽ കൂടുതൽ തമിഴ് ഹൈന്ദവർ കത്തോലിക്കാസഭയുടെ മടിത്തട്ടിൽ എത്തി.

എതിർപ്പുകൾ അങ്ങിങ്ങായി തലപൊക്കിയിരുന്നു. ഈ.എം.എസിന്റെ മന്ത്രിസഭ ഭരണം നടത്തിയിരുന്ന കാലത്തു് ഹൈറേഞ്ചിലെ ചില പക്കാ കമ്മ്യൂണിസ്റ്റുകൾ ആൽബർട്ട ബ്രദറിനെതിരെ വധഭീഷണി മുഴക്കിയിരുന്നു. തങ്ങളുടെ പാളയംവിട്ട് ആളുകൾ കൊരണ്ടക്കാട്ടെ കുന്നിൻ മുകളിലെ ആണ്ടവരെ പുൽകുന്നതു് കമ്മ്യൂണിസ്ററുകാർക്കു് രുചിക്കാതിരുന്നതിൽ അത്ഭുതമില്ല.

കൊരണ്ടക്കാട്ടിൽ സ്കൂളും പള്ളിയും മഠവും ബാലവാടിയും ഓർഫനേജും മററും വന്നതോടുകൂടി അവിടെ ആകെ കത്തോലിക്കാമയമായി എന്നു പറയാം. ഹൈറേഞ്ചിന്റെ ഹൃദയത്തുടിപ്പായ കൊരണ്ടക്കാട്ടിൽ സി. എം. ഐ. വൈദികരും ഡീക്കൻ ആൽബർട്ടും മിഷൻ പ്രവർത്തനത്തിൽ ഇപ്പോഴും ജാഗ്രതയോടെ വ്യാപൃതരായിരിക്കുന്നു. കൊരണ്ടക്കാട്ട് വിമലാലയം ഒരു മാതൃകാ ഇടവകയായിട്ടുണ്ടെന്നു് പോത്തനാമുഴി പിതാവു് ഒരിക്കൽ പ്രസ്താവിക്കയുണ്ടായി. 100-ൽ പരം കത്തോലിക്കാകുടുംബങ്ങളും രണ്ടു മിഷൻ സ്റ്റേഷനുകളും ഇവിടെയുണ്ടു്.

ഇടുക്കി, പീരുമേട്, കട്ടപ്പന തുടങ്ങിയ മലയോരപ്രദേശങ്ങളിലും സി. എം. ഐ. ക്കാർ കടന്നുചെന്ന്, കുടിയേറിയ അജഗണങ്ങൾക്കുവേണ്ടി പ്രാർത്ഥനാലയങ്ങൾ സ്ഥാപിച്ചും സ്കൂളുകൾ നടത്തിയും വേദാദ്ധ്യയനം നൽകിയും അവരെ ക്രിസ്തീയപൗരന്മാരും അദ്ധ്വാനശീലരുമാക്കിത്തീർക്കാൻ പരിശ്രമിച്ചുവരുന്നു. അതിന്റെ ഒരു മകുടംചാർത്തലാണ് കഴിഞ്ഞ വർഷം മൂലമററത്താരംഭിച്ച കോളേജ്. ഭാരതത്തിന്റെ വടക്കും ഭാരതത്തിനു പുറത്തും മാത്രമല്ല. ഹൈറേഞ്ചിലും മിഷൻവേല അത്യാവശ്യമാണ്. ഹൈറേഞ്ചിലെ പ്രവർത്തനങ്ങളിലെ ഒന്നുരണ്ടു ഏടുകൾ മാത്രമേ ഇവിടെ കുറിച്ചിട്ടുള്ളു.



# റെയ്ഗാർ-അംബികാപ്പൂർ മിഷൻ

**ആമുഖം**

അതാവരുന്നു ഒരുക്കൂട്ടം ആളുകൾ. അവരുടെ കൈയിൽ ചെണ്ട, പൂവ്, മാല, കൈകഴുകിക്കാൻ വെള്ളം എന്നിവയുണ്ട്. അച്ചൻ തൻെറ ഉപദേശിയുമായി നിശ്ചിതസമയത്തു തന്നെ എത്തി. ആളുകൾ ''ജയ് യേശു'' വിളിച്ചു അടുത്തെത്തിയ അച്ചൻെറ കൈ അവർ കഴുകിത്തുടച്ചു. മാല പൂച്ചെണ്ട് എന്നിവ സമ്മാനിച്ചു. അതിനു ശേഷം ചെണ്ടകൊട്ടി ആടിപ്പാടി നൃത്തം ചെയ്ത് ഗ്രാമത്തിലേക്ക് എതിരേററു. ഗ്രാമത്തിലെത്തിയപ്പോൾ അവിടെയുള്ളവരെല്ലാം 'ജയ് യേശു' വിളിച്ചുകൊണ്ട് അച്ചനെ സ്വീകരിച്ചു. അദ്ദേഹം എല്ലാവരെയും ആശീർവ്വദിച്ചു.

റെയ്ഗാർ–അംബികാപ്പൂർ ഗ്രാമത്തിലെത്തുന്ന മിഷനറിമാർക്കുണ്ടാകുന്ന അനുഭവമിതാണ്. 1955–ൽ സി എം.ഐ. സഭയ്ക്കു് റെയ്ഗാർ–അംബികാപ്പൂർ മിഷൻ തുറന്നുകിട്ടി. മദ്ധ്യപ്രദേശിൻെറ ഹൃദയത്തുടിപ്പായ റെയ്ഗാർ–അംബികപ്പൂരിൽ ആത്മാക്കളെത്തേടാൻ സന്നദ്ധരായ കുറെ മിഷനറിമാരെ കിട്ടുവാൻ അവിടത്തെ അഭിവന്ദ്യ പിതാവായിരുന്ന സെവറിൻ ആഗ്രഹം പ്രകടിപ്പിച്ചു. അത് 1954–ൽ ആയിരുന്നു. കാസിയൂസ്, ദിയേഗോ, വിയാനി എന്നീ വൈദികർ അന്നത്തെ മൂന്നു പ്രോവിൻസിൻെറ പ്രതിനിധികളെന്നവണ്ണം മിഷൻ യാത്രയ്ക്കു് തയ്യാറായി. 1955 ജനുവരി മാസത്തിൽ അവർ മിഷനിലേക്ക്, എറണാകുളത്തു നിന്നു തിരിച്ചു, സഭയുടെ ശതാബ്ദിയാഘോഷത്തിൻെറ കാണിക്കയായിട്ട്.

സെവറിൻ തിരുമേനി കേരളത്തിലെ സന്യാസിനീസന്യാസികളുടെ ബാഹുല്യം നേരിൽക്കണ്ടിരുന്നു. റെയ്ഗാർ–അംബികപ്പൂരിൻെറ ശില്പിയായ അദ്ദേഹം തൻെറ ഇംഗിതം സി.എം.ഐ. സഭാനേതൃത്വത്തെ അറിയിച്ചു. എഴുത്തുകുത്തുകളും റീത്തുപ്രശ്നങ്ങളും മററുമായി കാര്യങ്ങൾ കുറച്ചു നീണ്ടെങ്കിലും അവസാനം എല്ലാം ശുഭമായിത്തീർന്നു. ഈശോ സഭക്കാരുടെ റാഞ്ചി പ്രവിശ്യയുടെ ഭാഗമായിക്കിടന്നിരുന്ന ''ഛത്തീസ്ഘഡി'' ൻെറ ഒരു ഭാഗമാണ് റെയ്ഗാർ–അംബികപ്പൂർ. ഭാരതസ്വാതന്ത്ര്യത്തിനു മുമ്പ് മിഷനറിമാർക്ക് പ്രവേശനമില്ലാതിരുന്നതും വളരെ കർക്കശമായ നിയമങ്ങളാൽ ബന്ധിതവുമായ പ്രദേശം.

ദൈവമൊഴികെ മററാരെയും ഭയപ്പെടാതിരുന്ന ഉരുക്കു മനുഷ്യനായ ബിഷപ്പ് സെവറിൻ തൻെറ ആസ്ഥാനമായിരുന്ന റാഞ്ചിവിട്ട് പ്രശ്നസങ്കുലമായ റെയ്ഗാർ–അംബികാപ്പൂരിൻെറ രൂപതാദ്ധ്യക്ഷനായി. സ്വാതന്ത്ര്യത്തിൻെറ ആനുകൂല്യം ഉപയോഗപ്പെടുത്തി അവിടത്തെ സാധുക്കളായ മനുഷ്യരുടെ ഹൃദയങ്ങളിൽ വിശ്വാസത്തിൻെറ നെയ്ത്തിരി കത്തിക്കാൻ അദ്ദേഹം ശക്തിയായി ശ്രമിച്ചു.

## മിഷനിൽ

വടക്കൻ മിഷൻെറ മണ്ണിലേക്കു തിരിച്ച ആദ്യമിഷനറിമാർ 1955 ജനുവരി 27–ന് മിഷൻ രംഗത്തെത്തി. കാസിയൂസച്ചൻ ഗൊാലേങ്ങ് സ്റ്റേഷനിലും ദിയേഗോഅച്ചൻ ലൂരേഗിലും വിയാനിയച്ചൻ കുങ്കുറിയിലും ആദ്യം സേവനരംഗങ്ങൾ കണ്ടെത്തി. അവിടങ്ങളിൽ ബൽജിയം വൈദികർ ഉണ്ടായിരുന്നത് മിഷനറിമാക്കൊരനുഗ്രഹമായി. ഒരു കൊല്ലം അവരോടൊത്തു കഴിയാൻ സാധിച്ചു. പിന്നീട് ഓരോരുത്തനും തനിയെ ആയി മിഷൻ വേല. ഉപദേശികളുടെ സഹായം ഉണ്ടായിരുന്നു. ഉപദേശികൾ പോയി ഗ്രാമവാസികളുമായി സംസാരിച്ച് അവരിൽ പ്രധാനിയെ മിഷനറിയുടെ അടുത്തേക്കു കൂട്ടിക്കൊണ്ടുവരും. അയാളുമായി ബന്ധം പുലത്തിക്കൊണ്ട് അച്ചനും ഉപദേശിയും ഗ്രാമവാസികളോടു സമ്പക്കം പുലത്താൻ തുടങ്ങുന്നു. ഗ്രാമവാസികളെക്കണ്ട് അവരെ പഠിപ്പിക്കുകയും ക്രിസ്തുമതത്തെപ്പററി പറയുകയും ചെയ്യും

കുറെ നാൾ കഴിഞ്ഞു് അവർ ജ്ഞാനസ്നാനം സ്വീകരിക്കാൻ തയ്യാറാകുമ്പോൾ അതിനു വേണ്ട ഒരുക്കമായി. ആ അവസരത്തിൽ ഉപദേശി ആ ഗ്രാമത്തിൽ ചെന്നു താമസിക്കും. ഒരുക്കം പൂർത്തിയായിക്കഴിഞ്ഞാൽ മാമ്മോദീസാ നല്കാൻ അച്ചൻ എത്തിച്ചേരുന്നു എല്ലാ ഞായറാഴ്ചകളിലും ഉപദേശം, വേദപാഠം മുതലായവ ഉണ്ടായിരിക്കും റെയ്ഗാർ–അംബികാപ്പൂരിലെ മിഷൻ സ്റ്റേഷനുകളിൽ അനുവത്തിച്ചിരുന്ന കമ്മപരിപാടികളുടെ ഏകദേശ രൂപമാണിതു്. കേരളത്തിനപ്പുറമുള്ള സി.എം.ഐ മിഷൻെറ മുന്നോടിഎന്ന നിലയിൽ ഈ മിഷൻപ്രദേശത്തേ പ്രവർത്തനത്തിനും പ്രസ്ഥാനത്തിനും അതീവ പ്രാധാന്യമുണ്ട്; ഭാവിയിൽ കിട്ടാനിരുന്ന മിഷൻകേന്ദ്രങ്ങളുടെ ബീജാവാപം റെയ്ഗാർ–അംബികാപ്പൂരിലെ എളിയ പ്രവത്തനങ്ങളിൽ നിഴലിച്ചിരുന്നു.

മദ്ധ്യപ്രദേശത്തെ മിഷൻ രംഗത്തിലേക്ക് കടന്നുചെന്ന മിഷനറിമാർ തളരാതെ മുന്നേറി. ഭാഷ ഒരു പ്രശ്നമായി വന്നില്ല. അവിടുത്തെ ഭാഷകളായ ഹിന്ദി, ഉറാവു, സാദ്രി, സത്യസ്ഖടി തുടങ്ങിയവയിൽ നിർബാധം സംസാരിക്കാനും പ്രസംഗിക്കാനും മിഷനറിമാർ പഠിച്ചു. ആണ്ടുവട്ടത്തിൽ മൂന്നു പ്രാവശ്യമെങ്കിലും ഓരോ ഗ്രാമം സന്ദർശിക്കും. ക്രിസ്മസ് ക്കാലം, നോമ്പുകാലം, മേയ്മാസം എന്നീ അവസരങ്ങൾ അവിടത്തുകാർക്കു സുപ്രധാനങ്ങളാണ്. അങ്ങനെയുള്ള സന്ദർശനങ്ങൾ ഒരു ഉത്സവത്തിന്റെ പ്രതീതി ജനിപ്പിക്കത്തക്കവണ്ണം അത്രമാത്രം ഘോഷസമന്വിതമായിരിക്കയും ചെയ്യും. കുമ്പസാരം, കർബാന, കൊന്തനമസ്കാരം തുടങ്ങിയവയിൽ ആളുകൾ സജീവമായി പങ്കുകൊണ്ടിരുന്നു. ഓരോ ഗ്രാമത്തിലെയും സന്ദർശനത്തിന്റെ അവസാനം മിഷനറിക്ക് മറ്റു ഗ്രാമത്തിലേക്ക് പോകാൻ ഒരു ചെറുയാത്രയയപ്പു പരിപാടിയും അവർ സംഘടിപ്പിക്കും, അവരുടെ കാഴ്ചകളും കാണിക്കകളും മിഷനറിക്കു ലഭിക്കുക പതിവാണ്.

## ആളുകളും ചിന്താരീതികളും

സ്നേഹമുള്ള മനുഷ്യർ. അവർ മിഷനറിമാരോട് ബഹുമാനത്തോടെ വർത്തിച്ചു. ബ്രാഹ്മണരായിട്ടാണ് അവിടുത്തെ ആളുകൾ മിഷനറിമാരെ കണ്ടിരുന്നത്! മിഷനറിമാർക്ക് ഏതു ജാതികളുടെയിടയിലും പ്രവേശനമുണ്ടായിരുന്നു. സ്ഥലവാസികൾക്കും, ത്രുപതാക്ഷ്യക്ഷനും മററും വളരെ നല്ല അഭിപ്രായം സി. എം. ഐ. മിഷനറിമാരുടെ പ്രവർത്തനങ്ങളോടുണ്ടായിരുന്നു. റോമിൽ പരിശുദ്ധ പിതാവിന്റെ അടുത്തും ഈ സംഗതി മെത്രാനച്ചൻ പറഞ്ഞിട്ടുണ്ട്. മിഷനറിമാർ ബഹുമുഖങ്ങളായ പ്രാരംഭവൈതരണികൾ കടന്നുപോകേണ്ടിയിരുന്നു. എല്ലാത്തിനേയും അതിജീവിക്കുവാൻ അവർക്കു കഴിഞ്ഞു. ദൈവികമനുഷ്യരായി പ്രത്യക്ഷപ്പെട്ട അവരുടെ മുമ്പിൽ ഉയർന്നുവന്ന പ്രശ്നങ്ങളത്രയും ദൈവിക ചൈതന്യത്തോടെ പരിഹരിക്കാനും ഊർജ്ജസ്വലതയോടെ പുരോഗമിക്കാനും അവർക്ക് സാധിച്ചു.

ആദിവാസികളായ മനുഷ്യർ തങ്ങളുടെ പെൺകുട്ടികളെ വിദ്യ അഭ്യസിപ്പിച്ചിരുന്നില്ല. പെണ്ണുങ്ങൾ അന്യവീടുകളിലേയ്ക്കു പോകേണ്ടിവരികയില്ലേ? എന്തിനവർക്കു പഠനം? ഇതാണവരുടെ ചിന്താഗതി. മാതാപിതാക്കളെ ഇക്കാര്യ

ത്തിൽ ബോധവാന്മാരാക്കി ഒരു വിധത്തിൽ മനസ്സുവരുത്തി. പിന്നെയും പ്രശ്നം. പുസ്തകം വേണം; യാത്രച്ചെലവു വേണം. ഇവയ്ക്കെല്ലാം മിഷനറിമാർ പരിഹാരം കണ്ടെത്തി. കന്യാസ്ത്രീകളുടെ സേവനം ഈ രംഗത്ത് ഒരു താങ്ങും തണലുമായിരുന്നു. കുട്ടികളെ ബോർഡിംഗിൽ വിട്ടുപഠിപ്പിച്ചു തുടങ്ങി. വിദ്യയുടെ ശ്രീ കോവിൽ കാണാതെ അറച്ചുനിന്നിരുന്ന പെൺകുട്ടികളിൽ പലരും കന്യാസ്ത്രീകളും നേഴ്സുമാരും അദ്ധ്യാപികകളുമായിത്തീർന്നിരിക്കുന്നു. നല്ല വീട്ടമ്മമാർ ഒട്ടനവധിയും. അങ്ങനെ ആ മിഷൻവയലുകളിൽ കനകം വിളഞ്ഞു. വ്യക്തികളുടെ സമഗ്രവികസനം കൺമുമ്പിൽ കണ്ടുകൊണ്ട് പണിയെടുത്ത അവർക്ക് ആത്മസംതൃപ്തിയുണ്ടായി.

1956 ജൂൺ 3-ാം തിയതി സി. എം. ഐ. യിൽ നിന്നു രണ്ടാമത്തെ ബാച്ച് എറണാകുളത്തുനിന്നു പുറപ്പെട്ടു. ബറൊമുവാൾഡച്ചനും, ക്രിസ്റ്റ്യനച്ചനും. തുടർന്ന്, പല വൈദികരും റെയിഗാർ–അംബികാപ്പൂർ മിഷനിൽ കൊയ്ത്തു നടത്തി പത്തു പന്ത്രണ്ടച്ചന്മാർ അങ്ങനെ ആ മണ്ണിലെ വിളവുനിലങ്ങൾ കണ്ടെത്താൻ തങ്ങളാലാവുന്നതു ചെയ്തു. സി.എം.ഐ. യുടെ പ്രഥമ മിഷൻ സുപ്പീരിയർ ആയി റൊമുവാൾഡച്ചൻ നിയമിതനായി. ആ മിഷൻ രംഗത്ത് ഒരു സി.എം.ഐ ആശ്രമം സ്ഥാപിതമായി – ക്രിസ്തുപാൽ ആശ്രമം.

## വഴിത്തിരിവ്

"ദൈവസ്തുതി, ആത്മരക്ഷ" എന്ന മുദ്രാവാക്യവുമായി അവിരാമം അടർക്കളത്തിൽ അടരാടിയ സെവറിൻ മെത്രാൻ സ്ഥാനം ഒഴിഞ്ഞു. ആദിവാസി മെത്രാനായ സ്റ്റനിസ്ലാവൂസ് ടിഗ്ഗാ സ്ഥാനമേററു. അംബികാപ്പൂർ റീജിയൻ സി.എം.ഐ. ക്കു ഏല്പിച്ചു കൊടുക്കണമെന്ന സെവറിൻ മെത്രാൻെറ പ്ലാൻ നടന്നില്ല, റോമിൽനിന്നു് അനുകൂലമായ പ്രതികരണമുണ്ടായിട്ടും. സെവറിൻ മെത്രാൻ സ്ഥാനമൊഴിഞ്ഞെങ്കിലും മിഷൻ റീജിയനുവേണ്ടി ശ്രമിച്ചുകൊണ്ടിരുന്നു. അതിനുള്ള പ്ലാനുകൾ റോമിൽ എത്തിയെങ്കിലും ആ ഉദ്യമവും വിജയിച്ചില്ല. അന്നത്തെ ഇൻറർന്യൂൺഷ്യാസ്സും ടിഗ്ഗാമെത്രാനും അത്ര അനുകൂലമല്ലാത്ത നിലപാടായിരുന്നു, ഇക്കാര്യത്തിലുണ്ടായിരുന്നതെന്നു പറയാം. വിദേശമിഷനറിമാരെ തടയണമെന്നും മററും കാണിച്ചുള്ള മെമ്മോറാണ്ഡങ്ങൾ റോമിലെത്തിയ കാലഘട്ടമായിരുന്നു അതു്.

റെയ്ഗാർ ഭാഗത്തുനിന്നു് സൂർഗുജാഭാഗത്തേക്കുണ്ടായ ആദിവാസികളുടെ (കത്തോലിക്കർ) കുടിയേററം, സൂർഗുജായിൽത്തന്നെ അറുപതുകളിൽ ആഞ്ഞടിച്ച മാനസാന്തരക്കൊടുംകാററു്, റെയ്ഗാർ ജില്ലയിൽ ബ. ഡിമോറംഡർ, എസ്. ജെ. യുടെ പ്രവർത്തനഫലമായുണ്ടായ വമ്പിച്ച മാമ്മോദീസാകൾ രൂപതയിൽ ഇതിനകമുണ്ടായ ഏതദ്ദേശീയ ദൈവവിളികൾ തുടങ്ങിയവയും, സി. എം. ഐ. മിഷന് റീജിയൻ നൽകാമെന്ന വാഗ്ദാനം നിറവേററപ്പെടാതിരുന്നതുമൊക്കെ ക്കൂടി അവിടുത്തെ മിഷൻ പ്രവർത്തനത്തിനു വിരാമമിടണമെന്ന ഘട്ടത്തിലെത്തിച്ചു.

1962—ലും 1968—ലും കിട്ടിയ ചാന്ദാ, സാഗർ രൂപതകളുടെ വിളി അംബികാപ്പൂരിൽനിന്നു് മിഷനറിമാരെ തിരികെ വിളിക്കാൻ കാരണമായെന്നു പറയാം. പറക്ക പററാറായ ആ പ്രദേശത്തെ സുരക്ഷിതകരങ്ങളിലേല്പിച്ചു പോകുകയെന്ന പ്രക്രിയയ്ക്കു് ആക്കംകൂടി. ''പിരിയേണ മരങ്ങിൽ നിന്നുടൻ ശരിയായയിക്കളിതീന്നനട്ടവൻ'' എന്ന മട്ടിൽ 15 വർഷത്തെ സേവനം കഴിഞ്ഞു്, 1970—ൽ സി എം. ഐ. മിഷനറിമാർ റെയ്ഗാർ—അംബികാപ്പൂർ മിഷൻ വിട്ടു.

1976—ൽ അംബികാപ്പൂർ ഒരു പുതിയ രൂപതയായി രൂപം പ്രാപിച്ചപ്പോൾ, പുതിയ രൂപതാദ്ധ്യക്ഷനു് സി. എം. ഐ. സഭവക ക്രിസ്തുപാൽ ആശ്രമവും സ്ഥലങ്ങളും വിട്ടുകൊടുക്കുകയുണ്ടായി. അങ്ങനെ, അംബികാപ്പൂരിലെ മിഷൻ കേന്ദ്രമായിരുന്ന ക്രിസ്തുപാൽ ആശ്രമം ഇന്നു് മെത്രാസന മന്ദിരമായിത്തീന്നിരിക്കുന്നു.

സി. എം. ഐ. സഭയിലെ മിഷനറിമാർ റെയ്ഗാർ, അംബികാപ്പൂർ എന്നിവിടങ്ങളിൽ വിരചിച്ച രോമാഞ്ചജനകങ്ങളായ മിഷനറിപ്രവത്തനങ്ങളുടെ കഥ ഈ പേജുകളിൽ കൊള്ളുകയില്ല. അവിടെയുള്ളവർ ഇന്നും നന്ദിയോടെ അവസ്മരിക്കുന്നുണ്ടു്. ജനഹൃദയങ്ങളിലേയ്ക്കു് ആഴമായി ഇറങ്ങി, ക്രൈസ്തവചൈതന്യം കുത്തിവച്ചു്, ഇറാക്കിലും ഇറാനിലും, റെയ്ഗാർ — അംബികാപ്പൂരിലുമായി സി. എം. ഐ. മിഷനറിമാർ പൂർണ്ണമായ രണ്ടു് അദ്ധ്യായങ്ങൾ എഴുതിച്ചേർത്തുവെന്നു പറയാം.

# വിശാലതയിലേയ്ക്കു് വഴി തുറന്നവർ



ഫാ. മാവുരൂസ്



ആർച്ച് ബിഷപ്പ് യൂജിൻഡിസൂസയും ആൻഡ്രൂ സച്ചനും

നാടാർമിഷൻ



ഫാ. ആൻഡ്രൂസ്



ഫാ. പ്രോബൂസ്



ഫാ. പിയൂസ്

# നാടാർ മിഷനിൽ

## ആമുഖം

ആ ചികിത്സ ഫലിച്ചു! ഒമ്പതാംക്ലാസ്സിൽ പഠിച്ചുകൊണ്ടിരുന്ന മിടുമിടുക്കനായൊരുപയ്യൻ. അവൻ സ്ഥലത്തെ ഒരദ്ധ്യാപകന്റെ ഓമനപ്പുത്രനാണു്. ഒരു സുപ്രഭാതത്തിൽ പയ്യന്റെ ഒരുകൈ അനേ്പതളൻകഴിഞ്ഞിരുന്നു. പഠിച്ച പണിപതിനെട്ടും നോക്കിയിട്ടും ഒരുഡോക്ടറിനും ഭേദമാക്കാൻ കഴിഞ്ഞില്ല. 5000–ൽ ചില്വാനംരൂപാ ആ വഴിക്കു ചിലവായി. മനംമടുത്തിരുന്ന അദ്ധ്യാപകന്റെയും കുട്ടിയുടെയും കാര്യം ആമിഷനറിയുടെ ശ്രദ്ധയിൽപെട്ടു ഇനി അരക്കൈ നോക്കിയാലോ? അച്ചൻ മടിച്ചുനിന്നില്ല. കുട്ടിയെ വരുത്തി തന്റെ സൂത്രപ്പെട്ടിയുടെ അടപ്പുതുറന്നു. അതിൽ ബാററി സജ്ജീകരിച്ചിരുന്നു. അതിൽനിന്നുള്ളകറന്റു് പയ്യന്റെ തളന്ന ഹസ്തത്തിലേക്കുപായിച്ചു. എന്തോമാററം ദശിച്ചു ചികിത്സകൻ രണ്ടാമതൊരിക്കൽകൂടി കറന്റു് കയററി. തൽക്ഷണം ആശ്ചര്യകരമായി, ആ കുട്ടിയുടെ തളന്നകൈ പരിപൂണ്ണമായി സുഖപ്പെട്ടുകഴിഞ്ഞിരുന്നു. വിഴിഞ്ഞത്തുള്ള വെണ്ണിയൂരിൽ നടന്ന സംഭവമാണിതു്. ജഗ്ദൽപൂരിൽനിന്നു് അല്പം ചികിത്സാസമ്പത്തുമായി നാടാർ മിഷനിൽഎത്തിയ ജോസഫ് പുത്തൻപുരയ്ക്കലച്ചൻ ദൈവസഹായമപേക്ഷിച്ചുകൊണ്ടു് നടത്തിയ പൊടിക്കൈപ്രയോഗം ഫലിച്ചു. വൈദ്യനച്ചൻ എന്നപേരിൽ അറിയപ്പെടുന്ന സിൽവേരിയൂസച്ചനും ഈ വിധം പ്രസിദ്ധിനേടിയിട്ടുണ്ടു്.

സി.എം.ഐ. സഭാംഗങ്ങരം തെക്കൻ തിരുവിതാംകൂറിലെ നാടാർ സമുദായത്തിൽ നടത്തിയിട്ടുള്ള മിഷൻ പ്രവത്തനങ്ങളുടെ ഏടുകളിൽ അത്ഭുതകരമായ മാനസാന്തരത്തിന്റെ കഥകളും ദൈവിക ചൈതന്യവും ചൂഴ്ന്നു നില്ക്കുന്നതായികാണാം തലസ്ഥാനനഗരിയുടെ പ്രാന്തപ്രദേശങ്ങളിലെ ഹിന്ദുനാടാന്മാർഉള്ള ഒരു സ്ഥലത്തുപോയി അവരുമായി സമ്പക്കം പുലത്തുമ്പോരം ജീവന്റെ വചനത്തെ സംബന്ധിച്ചു് അറിയുവാൻ അവർ എത്രമാത്രം താല്പര്യം പ്രകടിപ്പിക്കുന്നുവെന്നും കത്തോലിക്കാസഭയെ ആശ്ലേഷിക്കുവാനുള്ള അവരുടെ ഉൽക്കടമായ അഭിവാഞ്ഛയ്ക്കു് എങ്ങനെ പ്രത്യുത്തരം നല്കുന്നുവെന്നും തെക്കിന്റെ മിഷനറിമാരിലൊരാളായ ജയിംസ് ജോസഫച്ചൻ തന്റെ ഒരു അനുസ്മരണികയിൽ കുറിച്ചുവച്ചിട്ടുണ്ടു്. അന്ധവിശ്വാസത്തിന്റെ കൂടാണിവിടം. നാടാർ സമുദായത്തിൽപ്പെട്ടവർക്കു് സുഖക്കേടുവന്നാൽ അത് പിശാചു് വരുത്തിക്കൂട്ടിയതാണെന്നവർപറയും. അവിടെയുള്ള പലപള്ളികളിലും രോഗികരംക്കു താമസിച്ചു പ്രാത്ഥിക്കുന്നതിനുള്ള ഏപ്പാടുക

ളുണ്ട്. അങ്ങനെ താമസിച്ച തീക്ഷ്ണമായി പ്രാത്ഥിക്കുന്ന പലേ രോഗികളും സുഖംപ്രാപിക്കുന്നുമുണ്ട്. അക്കൂട്ടർ കുടുംബ സമേതം കത്തോലിക്കാസഭയിൽ ചേരുന്നു. പിശാചിന്റെ പിടിയിൽനിന്നു മോചനം നേടിയതിന്റെ രഹസ്യം സത്യ വിശ്വാസവും പ്രാത്ഥനയുമാണെന്നവർ പറയും.

തെക്കൻ തിരുവിതാംകൂറിലെ മിഷൻ പ്രവത്തനങ്ങളുടെ അടിസ്ഥാനപരമായ തത്വം സാധുക്കളായ മനുഷ്യരുമായി, പ്രത്യേകിച്ച് നാടാർവഗ്ഗത്തിൽപ്പെട്ടവരുമായി, നിരന്തരം സമ്പക്കം പുലത്തി അവരുടെ സാമ്പത്തികവും സാംസ്കാരികവും ബൗദ്ധികവുമായ ഉന്നമനത്തിനുവേണ്ടി പരിശ്രമിക്കുകയെന്നതാണ്. വി. പൗലോസിന്റെ ഭാഷയിൽ, എല്ലാക്കാര്യത്തിലും എല്ലാവർക്കും എല്ലാമാകുന്ന ഒരു പരിത:സ്ഥിതി സൃഷ്ടിച്ചെങ്കിൽ മാത്രമേ അവരെ നേടിയെടുക്കാനൊക്കൂ. ആളും അത്ഥവും ഇക്കാര്യത്തിൽവേണം. പക്ഷേ, ഇവിടെ മിഷൻ പ്രവത്തനം തുടങ്ങിയ അന്നുമുതൽ ഇന്നുവരെ ആവശ്യത്തിന്റെ 25% പോലും നിറവേററുവാൻ സാധിച്ചിട്ടില്ലെന്നത് പരമാത്ഥം മാത്രമാണ്.

## തെക്കുതെക്കൊരു സി.എം.ഐ. മിഷൻ

മഹാസമുദ്രം തലോടിനില്ക്കുന്ന തെക്കൻ തിരുവിതാംകൂറിന്റെ തെക്കേയററത്തുള്ള സി.എം.ഐ. മിഷൻ ചരിത്രം അധികമാരും അറിഞ്ഞിരിക്കയില്ല. സമൃദ്ധിയുടെ മണിത്തേരിലിരിക്കുന്ന അമേരിക്കയിലെ തെരുവുകളിൽ വയറൊട്ടിയ മനുഷ്യരും പട്ടിണിക്കോലങ്ങളും ഉണ്ടെന്നത് വിശ്വസിക്കാനാവാത്ത ഒരുവസ്തുതയായിരിക്കാം. കേരളത്തിന്റെ തലസ്ഥാനത്തെ ചുററിപ്പററി നില്ക്കുന്ന തെക്കൻ മിഷനിൽ പട്ടിണിക്കോലങ്ങളാണധികവും. വിശ്വാസത്തിന്റെ വെളിച്ചമില്ലാതെയും വിജ്ഞാനത്തിന്റെ കൈത്തിരികിട്ടാതെയും തപ്പിത്തടയുന്ന ഒരിടത്തേക്കാണ് സി.എം.ഐ. മിഷനറിമാർ കടന്നുചെന്നത്.

ഭാഗ്യസ്മരണാർഹനായ 12–ാം പീയൂസ് പാപ്പാ 1955–ൽ മലയാള സുറിയാനി ഹയരാക്കിയെ സംബന്ധിച്ചുള്ള സുപ്രധാനമായൊരു തീരുമാനമെടുത്തു. തത്ഫലമായി പൗരസ്ത്യ തിരുസംഘം Multorum Fidelium എന്ന ഡിക്രിവഴി ചങ്ങനാശ്ശേരി അതിരൂപതയുടെ അതിത്തി കൊല്ലം, തിരുവനന്തപുരം,

കോട്ടാർ എന്നീ രൂപതാപ്രദേശങ്ങൾ ഉൾപ്പെടുത്തി കന്യാകുമാരിവരെ വികസിപ്പിച്ചു. അതിനുശേഷം 1960_ൽ ചങ്ങനാശ്ശേരി അതിരൂപതയിൽനിന്നു് ചിലമിഷൻ സ്റ്റേഷനുകൾ തുടങ്ങുകയും നാടാർസമുദായത്തിൽപ്പെട്ട ധാരാളം ആളുകൾ കത്തോലിക്കാസഭയിൽ ചേരുകയും ചെയ്തുകൊണ്ടിരുന്നു.

1966_ൽ സെൻറ് ജോസഫ്സ് പ്രോവിൻസിൻെറ കീഴിൽ കന്യാകുമാരിവരെയുള്ള പ്രദേശങ്ങളെ ഉൾപ്പെടുത്തി ഒരു മിഷൻ റീജിയൻ സ്ഥാപിക്കുകയും അതിൻെറ പ്രഥമ സുപ്പീരിയറായി ബ. അന്ത്രയോസച്ചനെ നിയമിക്കുകയും ചെയ്തു. കാലംചെയ്ത കാവുകാട്ടുതിരുമേനി അന്ത്രയോസച്ചനു് തെക്കൻമിഷൻ പ്രദേശത്തു് സി എം.ഐ ആശ്രമങ്ങളും അതോടനുബന്ധിച്ച മിഷൻപള്ളികളും സ്ഥാപിക്കുന്നതിനു് പ്രത്യേകവിധമായ പ്രോത്സാഹനവും ഒത്താശകളും ചെയ്തുകൊണ്ടിരുന്നു. 1966_ൻെറ അവസാനം വിഴിഞ്ഞത്തു് ഒരാശ്രമവും 1967_ൽ കളിയലിൽ ഒരാശ്രമവും പ്രവത്തിച്ചു തുടങ്ങി. വിഴിഞ്ഞം ആശ്രമത്തിൻെറ കീഴിൽ ഇപ്പോൾ നാലു മിഷൻ സ്റ്റേഷനുകളും കളിയലിൻെറ കീഴിൽ അഞ്ചുംഉണ്ടു്. 1971_ൽ മണ്ഡപത്തിൻകടവു്, അഴകിയ മണ്ഡപം, അഞ്ചുഗ്രാമം എന്നിവിടങ്ങളിൽ ആശ്രമങ്ങൾസ്ഥാപിച്ചു. അന്നു് പ്രോബൂസച്ചൻ റീജിയണൽ സുപ്പീരിയറായിരുന്നു. ഇവിടങ്ങളിലെല്ലാം മാനസാന്തരപ്രവത്തനങ്ങൾ ഊർജ്ജിതമായി നടന്നുകൊണ്ടിരിക്കുകയാണു്. താഴേക്കിടയിലുള്ള സാധുക്കളുടെ ബഹുമുഖങ്ങളായ ഉന്നമനത്തിനായി പലേപദ്ധതികളും ആസൂത്രണംചെയ്തു നടപ്പിലാക്കിയിരിക്കുന്നു. മണ്ഡപത്തിൻ കടവിൽ അഞ്ചും അഴകിയ മണ്ഡപത്തിൽ മൂന്നും അഞ്ചുഗ്രാമത്തിൽ ഒന്നും മിഷൻ സ്റ്റേഷനുകൾ പ്രവത്തിക്കുന്നു. അവിടങ്ങളിലെല്ലാം മിഷൻ പള്ളികൾ സ്ഥാപിച്ചുകിട്ടാൻ അവിടുത്തെ ജനങ്ങൾ ആഗ്രഹം പ്രകടിപ്പിച്ചു കൊണ്ടിരിക്കുകയാണു്.

## മിഷൻെറ പ്രവത്തനശൈലി

നാടാർ കുടുംബങ്ങൾ തിങ്ങിപ്പാക്കുന്ന സ്ഥലങ്ങളിൽ അവരുമായി സമ്പക്കം പുലത്തിക്കഴിയുമ്പോൾ അവർതന്നെ ആവശ്യപ്പെടുന്നു, ഒരുമിഷൻ തുടങ്ങുവാൻ. അങ്ങനെ തുടങ്ങുമ്പോൾ ചിലപ്പോൾ പത്തോപന്ത്രണ്ടോ കുടുംബങ്ങളായിരിക്കും ആദ്യം സഭയിൽ ചേരുക. അവരെ നല്ലപോലെ ഉപദേശിച്ചു് വേദപാഠം പഠിപ്പിച്ചു് ജ്ഞാനസ്നാനം നല്കുന്നു.

ക്രിസ്തുവാകുന്നവെളിച്ചം സ്വീകരിച്ചുകഴിയുമ്പോഠം അവർ പുതുജീവൻ പ്രാപിച്ചവ്യക്തികളായി ഭവിക്കുന്നു. അതേ ത്തുടന്ന് ആ കുടുംബക്കാരുടെ ബന്ധുക്കഠം, അവരുമായി സമ്പ ക്കമുള്ളവർ തുടങ്ങി ഒന്നൊന്നായി ക്രിസ്തുവിൻെറ ആലയി ലേക്കുവന്നുകൊണ്ടിരിക്കും. ഈ പ്രക്രിയ ദശിക്കുന്ന മിഷന റിമാരുടെ ഹൃദയത്തിൽ അപ്പോഠം ആനന്ദത്തിൻേറയും ചരി താത്ഥ്യത്തിൻേറയും കുഞ്ഞോളങ്ങഠം ഉയരുക സാധാരണ മാണു്. കന്യാകുമാരിജില്ലയിൽ പകുതിയോളം ക്രൈസ്തവ രാണു്. പ്രത്യേക ആഗ്രഹം ഒന്നും ഇല്ലെങ്കിൽത്തന്നെയും വിവാ ഹത്തിൻെറ അവസരത്തിൽ പല അക്രൈസ്തവരും ക്രിസ്ത്യാനി കളായിത്തീരുക പതിവാണു്. അക്കാരണത്താൽത്തന്നെ ചുരു ക്കം ചിലർ സഭ വിട്ടുപോകാനും ഇടയാകുന്നുണ്ടെന്നതു് പരമാ ത്ഥമാണു്. തന്നെയുമല്ല, സി.എസ്.ഐ, ലൂതറൻ, പെന്തക്കോ സ്ത തുടങ്ങിയ വിഭാഗങ്ങളിലേക്കും പലരും മാറുന്നു വെന്നതും സത്യമാണു്. അതുപോലെതന്നെ പ്രസ്തുത സമൂഹങ്ങളിൽനി ന്നും കത്തോലിക്കാസഭയിലേക്കു വരുന്നവരുമുണ്ടു്. എന്നാൽ ഒരിക്കൽ ക്രൈസ്തവനായിക്കഴിഞ്ഞാൽ, ഇവിടങ്ങളിൽ, ഹിന്ദു മതത്തിലേക്കു് തിരികെപ്പോകുന്നരീതി ഒട്ടുംതന്നെയില്ലെന്നു പറയാം. മററുക്രൈസ്തവസഭകളിൽ നിന്നു് കൂട്ടംകൂട്ടമായി ചിലപ്പോഠം കത്തോലിക്കാസഭയിലേക്കു് ആളുകഠംവരാറുണ്ടു്. അതിൻെറ പ്രധാനകാരണങ്ങളിൽ ഒന്നു് അധികാരികളുമായു ള്ള അഭിപ്രായഭിന്നതയൊ അവരുടെ സമൂഹത്തിൽത്തന്നെ യുള്ള പിളപ്പൊ ആയിരിക്കും. കത്തോലിക്കാമാനേജുമെൻറിൽ നടത്തുന്ന വിദ്യാസ്ഥാപനങ്ങളിൽ പഠിക്കുന്ന ചിലകുട്ടികളുടെ കുടുംബങ്ങഠം മുഴുവനായി സഭയെ ആശ്ലേഷിക്കാറുണ്ടു. കുട്ടി കഠംക്കു കിട്ടുന്ന നല്ലശിക്ഷണവും വേദപാഠക്ലാസ്സുകളും അതിനു കാരണമാകുന്നുവെന്നുവേണം കരുതാൻ.

നാടാർ സമുദായത്തിൻെറ ഇടയിൽ നടത്തപ്പെടുന്ന മിഷൻ പ്രവത്തനം വിജയിക്കണമെങ്കിൽ സാമൂഹിക സേവനത്തിനു് ഊന്നൽ കൊടുക്കേണ്ടിയിരിക്കുന്നു. പട്ടിണിയാൽ എരിയുന്ന വരോടു് വേദാന്തം പ്രസംഗിക്കരുതല്ലൊ. സിഎം.ഐ. മിഷ നറിമാർ ഇവിടെ, ''പണിക്കു ഭക്ഷണം'', ''ചെറുകിട വ്യവ സായം'', ''തള്ളയ്ക്കും പിള്ളയ്ക്കും മരുന്നു്'', ''പോഷകാഹാര പദ്ധതി'' തുടങ്ങിയവ വിജയകരമായി നടത്തിപ്പോരുന്നു. കുടുംബസമേതമുള്ള മാനസാന്തരത്തിനു് ഇവയും പ്രേരകമാകു ന്നുണ്ടു് എന്നു പറയാതിരിക്കാൻ വയ്യ. നേരത്തെ സൂചിപ്പി ച്ചതു പോലെ, ഇവിടുത്തെ മിഷൻശൈലി അല്പം വ്യത്യാസ പ്പെട്ടതാണു്. വെറും വയററുപ്പിഴപ്പെന്നതിനേക്കാഠം ദൈവ ത്തെ യഥാത്ഥത്തിൽ അറിഞ്ഞാസ്വദിക്കണം എന്നതാണു്

ഇവിടെയുള്ള സാധുക്കളുടെ അഭിവാഞ്ഛ. അവക്ക് സാമ്പ ത്തികവും സാമുദായികവും, സാംസ്കാരികവും, ബൗദ്ധികവുമായ തലങ്ങൾ മലക്കെത്തുറക്കേണ്ടിയിരിക്കുന്നു.

ബാലരാമപുരത്തെ നാടാർസമൂഹത്തിൽ നീണ്ടപത്തുവർഷ ങ്ങൾ ആത്മാക്കളെത്തേടിയലഞ്ഞസുന്ദരമായകഥ ബ. സിൽ വേരിയൂസച്ചനു പറയുവാനുണ്ട്. 1946 മുതൽ–56വരെയുള്ള കാലഘട്ടമായിരുന്നു പ്രധാനമായും അത്. ഒരേസമയത്ത് നാലുപള്ളികളുടെ വികാരിത്വം. ഏകനായി, കാൽനടയായി പ്പോയി മാനസാന്തരവേല നടത്തിയ അദ്ദേഹം ഇന്ന് ''ശരി യായികളിതീന്ന നട്ടവനാ''ണ്. കണ്ണംകോട്ട, വെണ്ണിയൂർ, എരിത്താവൂർ എന്നിവിടങ്ങളിലും അദ്ദേഹത്തിൻെറ പാദമുദ്ര പതിഞ്ഞിട്ടുണ്ട്. ഉപദേശി കൂട്ടിനുണ്ടെങ്കിലും ഇല്ലെങ്കിലും അവിടങ്ങളിലെ മാനസാന്തരവേല അഭംഗുരം തുടൻപോന്നു. നൂറുകണക്കിനു നാടാന്മാരെ മാനസാന്തരപ്പെടുത്തി ക്രിസ്തുവി ൻെറ ആലയത്തിലേക്കാനയിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. തിരുവനന്തപുരം ബിഷപ്പിൻെറ താല്പര്യപ്രകാരം ആ രൂപത യിൽ ബ. പീയൂസച്ചനും ഹോർമീസച്ചനും ലീനൂസച്ചനും ജോ ലി നോക്കിയിട്ടുണ്ട്. തെക്കിൻെറ കുടിയേററപ്രദേശങ്ങളായ അമ്പൂരി, മായം, നെട്ട തുടങ്ങിയ സ്ഥലങ്ങളിൽ ബ. ളൂവീസച്ച നും സേവ്യറച്ചനും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ക്രൈസ്റ്റ്ഹാൾ കേന്ദ്രമാക്കി ഇപ്പോൾ ഊർജ്ജിതമായ മിഷൻപ്രവർത്തനം നടന്നു വരുന്നു. എല്ലാ മിഷനറിമാരുടേയും പേരുകൾ ഇവിടെ ചേ ത്തിട്ടില്ല.

പരന്ന് വിസ്തൃതമായിക്കിടക്കുന്ന തെക്കൻ തിരുവിതാം കൂറിലെ മാനസാന്തരവേല അത്ര എളുപ്പമുള്ളതൊന്നുമല്ല. സുവിശേഷവെളിച്ചം എത്തുപെടാത്ത ഒട്ടനവധി മൂലകളുണ്ട വിടെ. കോളിയൂർ നാടാർ മിഷനും, പല വർഷങ്ങളായി അവഗണിക്കപ്പെട്ടു കിടന്നിരുന്ന കാട്ടുകുളം മിഷനും ഇന്ന് പ്രവർത്തനക്ഷമമായി പുരോഗമിച്ചുവരുന്നുണ്ട്. പുലയവർഗ്ഗ ക്കാരാണ് കാട്ടുകുളത്തും അടുത്ത പ്രദേശങ്ങളിലും അധിവസി ക്കുന്നതു്. വീടുസന്ദർശനം വേദപാഠം പഠിപ്പിക്കൽ എന്നീ പരിപാടികൾ നിരന്തരം നടന്നുകൊണ്ടിരിക്കുന്നു ഇവിടെ. സാമൂഹികപ്രവർത്തനവും കുറവില്ലാതെ നടക്കുന്നുണ്ട്.

1971_ൽ ആണ് ഊപ്പാങ്കാലായിൽ ആശ്രമം ഉയന്നതു്. അന്നു തുടങ്ങി ഇവിടെ നാടാർ സമുദായത്തിൽപ്പെട്ട അനേകർ മാനസാന്തരപ്പെട്ടുകൊണ്ടിരിക്കുന്നു. 71 കുടുംബങ്ങളിൽനിന്നാ യി 358 ആളുകൾ മാനസാന്തരപ്പെട്ടുകഴിഞ്ഞു. ക്രൂരമഠംകാ

രായ കന്യാസ്ത്രീകരം ബഹുമുഖങ്ങളായ കർമ്മപരിപാടികളുമായി ഇവിടെ സി.എം.ഐ വൈദികരെ സഹായിച്ചുകൊണ്ടിരിക്കുന്നു. പ്രേഷിതവേലയിലും സാമൂഹികവും സാംസ്കാരികവുമായ രംഗത്തും അവർ അർപ്പണമനോഭാവത്തോടെ പ്രവർത്തിക്കുന്നു. ഇതിനോടനുബന്ധിച്ചുള്ള പരക്കോട്ട് ക്രിസ്തുരാജാമിഷനും ഊർജ്ജിതമായി പ്രവർത്തിച്ചുവരുന്നു. 28 കുടുംബങ്ങളിൽ നിന്നായി 174 അംഗങ്ങരം സഭയെ പുൽകിക്കഴിഞ്ഞു. ധാരാളം കൊയ്ത്തിനുള്ള സാദ്ധ്യതയും ഇവിടെ തെളിഞ്ഞുകാണാം. മേക്കാമണ്ഡപം മിഷൻ ഇവിടെ അടുത്താണ്. 1977–ൽ ആണ് സ്ഥാപനം. 20 കുടുംബങ്ങളിൽനിന്നായി 103 പേർ മാനസാന്തരപ്പെട്ടു. നാടാർ മിഷനിലെ പ്രവർത്തകരേയും പ്രവർത്തനങ്ങളേയും സമഗ്രമായി വിലയിരുത്തുവാൻ ഇവിടെ ശ്രമിച്ചിട്ടില്ല; അതിനു് ഈ താളുകരം മതിയാവുകയുമില്ല. ഏകദേശരൂപം മത്രമാണ് ലക്ഷ്യം.

സി.എം.ഐ മിഷനറിമാർ കേരളത്തിനപ്പുറത്തും ഭാരതത്തിനപ്പുറത്തും മിഷൻ മേച്ചിൽപ്പുറങ്ങരം കണ്ടെത്തിയെങ്കിലും തെക്കൻതിരുവിതാംകൂറിലെ മിഷനുകരം അവഗണിക്കപ്പെട്ടിട്ടില്ലതന്നെ. തിരുവനന്തപുരം, കന്യാകുമാരി മിഷൻ മേഖല പുരോഗമിച്ചുകൊണ്ടിരിക്കുന്നു. സത്യസന്ധതയുള്ള ജനങ്ങരം, കരിമ്പന ചെത്തിയും കരിപ്പട്ടിയുണ്ടാക്കിയും കഴിയുന്നവർ. പരിഷ്കാരത്തിൻെറ അലയടികരംക്കിടയിലും വംശപരമായ നിഷ്കളങ്കത കാക്കുന്നവർ. മരച്ചീനിയും നെല്ലും കൃഷിചെയ്യാൻ പററിയ ഇടമുണ്ടവിടെ. ആത്മീയ കൊയ്ത്തിനു വേലക്കാർ ആകെ ഇരുപതിലധികമേ ഉള്ളൂ.

## പ്രേഷിതാമിഷൻ - കോയമ്പത്തൂർ

### ആമുഖം

തമിഴ്നാടിനേയും കേരളത്തേയും ചൂഴ്ന്നുനില്ക്കുന്ന പ്രേഷിതാ വൈസ് പ്രോവിൻസിനെ 'കോയമ്പത്തൂർ മിഷൻ' എന്നു വിളിക്കുന്നതിൽ എന്തോ അപാകതയുണ്ടെന്നു് തോന്നുന്നു. ''പ്രേഷിതാ വൈസ് പ്രോവിൻസ്'' എന്ന പേരു് സമീചീനമാണു്. മിഷൻ പ്രവർത്തനങ്ങളുടെ മദ്ധ്യസ്ഥയായ വി. കൊച്ചുത്രേസ്യായുടെ പ്രത്യേക പരിലാളനയാലാണു് ഈ മിഷൻ മുന്നേറുന്നതു്. 'കോയമ്പത്തൂർ കേന്ദ്രമായി രൂപം കൊണ്ടിരിക്കുന്ന ഈ വൈസ് പ്രോവിൻസിൽ ഇന്നു് അമ്പത്തിനാലു് സന്യാസവൈദികരും, സന്യാസസഹോദരന്മാരും സേവനമനുഷ്ഠിക്കുന്നുണ്ടു്. മിഷൻകേന്ദ്രങ്ങൾ, വിദ്യാലയങ്ങൾ, അനാഥമന്ദിരങ്ങൾ, ക്രൈസ്തവ സന്ദേശകേന്ദ്രങ്ങൾ, സാംസ്കാരിക കേന്ദ്രം എന്നിവ ക്രമപ്രവദ്ധകമായി പുരോഗമിച്ചുകൊണ്ടിരിക്കയാണു്. സുവിശേഷവല്ക്കരണം പ്രത്യക്ഷമായ രീതിയിൽ ഊർജ്ജിതപ്പെടുത്തുന്നതിനു് പ്രായോഗിക തലത്തിൽ പ്രതിബന്ധങ്ങൾ പലതുണ്ടെങ്കിലും തീക്ഷ്ണതയോടും, സൂക്ഷ്മതയോടും കൂടി ക്രിസ്റ്റീയ സാക്ഷ്യത്തിനുതകുന്ന പരിപാടികൾ ആസൂത്രണം ചെയ്തു് പ്രേഷിതരംഗത്തേക്കു് ഇതിനകം ഇറങ്ങിക്കഴിഞ്ഞു.

### ആരംഭം

പ്രേഷിതാ മിഷൻ 1959_ലാണ് പ സിംഹാസനത്തിന്റെ നിർദ്ദേശപ്രകാരം ദേവമാതാ പ്രവിശ്യയുടെ പ്രേഷിതരംഗമായി നിശ്ചയിക്കപ്പെട്ടതു്. എങ്കിലും 1964 ഡിസംബർ 30_നു മാത്രമാണ് പ്രസ്തുത പ്രവിശ്യയുടെ ഭാഗമായ ഒരു പ്രേഷിത റീജിയൻ ആയി സി എം.ഐ. സഭയുടെ കേന്ദ്രഭരണസമിതി പ്രഖ്യാപിച്ചു്, ദേവമാതാ പ്രവിശ്യയെ ഏല്പിച്ചതു്. അതിന്റെ നേതൃത്വമാകട്ടെ, പരിചയസമ്പന്നനും, പക്വമതിയും, ഭരണനിപുണനുമായിരുന്ന ഫാദർ ക്ലെമെൻസ് തോട്ടുങ്കലിനേയും. ഇന്നു് അദ്ദേഹം മദ്ധ്യപ്രദേശിലെ സാഗാർ രൂപതയുടെ മെത്രാനാണ്. ഫാദർ ക്ലെമൻസിന്റെ അശ്രാന്ത പരിശ്രമഫലമായി 1965 ആഗസ്റ്റിൽ ഒരാശ്രമം കോയമ്പത്തൂർ സായ്ബാവ കോളനിയിൽ ഫോറസ്റ്റു് കോളേജിനു സമീപം ഉദ്ഘാടിതമായി. അതാണ് ഇന്നത്തെ ലിററിൽ ഫ്ളവർ

മോണസട്രി. ലിസ്യ സ്കൂറം, ലിസ്യ ഹോസ്റ്റൽ, പാരീഷ് ചർച്ച് ആദിയായവ ഇതിനോടനുബന്ധിച്ച് വളർന്നുവന്നിട്ടുള്ള പ്രേഷിത സ്ഥാപനങ്ങളാണ്.

അന്ന് മിഷനറിമാരുടെ അംഗസംഖ്യ വളരെ പരിമിതമായിരുന്നു. ഫാദേസ്, ജോഷ്വാ, പ്രീമൂസ്, ലയോൺസിയൂസ്, സക്കേവൂസ്, ജോജ്ജ് അമ്പൂക്കൻ ആദിയായവർ പ്രേഷിതാ മിഷൻെറ ആദ്യ അംഗങ്ങളിൽപ്പെട്ടന്നവരാണ്. പരേതനായ ഫാ. മലാഖിയാസ് കണ്ണിനായിക്കൽ, ആദ്യാപി പ്രേഷിത മിഷൻെറ ഒരു ജീവനാടിയായി വർത്തിച്ചിരുന്ന മിഷനറിയായിരുന്നു. ഇന്ന് പ്രേഷിതാ മിഷനിൽ കാണുന്ന പുരോഗമനാത്മകമായ സംരംഭങ്ങളുടെയും, സ്ഥാപനങ്ങളുടെയും പിന്നിൽ പ്രവർത്തിച്ചിരുന്ന പ്രമുഖ കരങ്ങറം ഫാദർ മലാഖിയാസിൻേറതായിരുന്നുവെന്നതു് ആരും സമ്മതിക്കതന്നെ ചെയ്യും. അന്നത്തെ പ്രേഷിതാ റീജിയൻ ഒരു പൂണ്ണരൂപം പ്രാപിച്ച് പ്രേഷിതാ പ്രവിശ്യ ആയി കാണുവാൻ അദ്ദേഹം അത്രമാത്രം ആഗ്രഹിച്ചിരുന്നതാണ്. ഇന്നതു് ഏറെക്കറെ സാക്ഷാൽക്കരിക്കപ്പെട്ടുവെന്നു പറയാം, ഒരു വൈസ് പ്രോവിൻസ് എന്ന നിലയിൽ. അംഗസംഖ്യയിലും, പ്രവത്തനമണ്ഡലങ്ങളിലും, സേവന പരിപാടികളിലും സ്ഥാപന വൈവിധ്യത്തിലും പ്രേഷിതാപ്രോവിൻസ് മുന്നേറിക്കൊണ്ടിരിക്കായാണ്. ഹൃദയസമ്പന്നനും, പ്രേഷിതതല്പരനും, പണ്ഡിതനുമായ ഫാദർ കല്ലിസ്റ്റസ്സ് മാളിയ്ക്കേലിൻെറ നേതൃത്വം ഇതിനു മതിയായ ആക്കവും, ഐക്യവും, ചൈതന്യവും പകരുന്നു.

മുപ്പത്തീരായിരം ച. കി. മീററർ വിസ്തീണ്ണതയിൽ വ്യാപിച്ചു കിടക്കുന്ന ഈ ഉപപ്രവിശ്യയുടെ അതിർത്തിയിൽതമിഴ് നാട്ടിലെ കോയമ്പത്തൂർ, പെരിയാർ ഡിസ്ട്രിക്റ്റുകളും, തൃശ്ശിനാപ്പിള്ളി ഡിസ്ട്രിക്റ്റിലെ കാരൂർ താലൂക്കും, കേരളസംസ്ഥനത്തിലെ പാലക്കാട്ട്, മലപ്പുറം ഡിസ്ട്രിക്റ്റുകളുടെ ഭാഗങ്ങളും ഉറംക്കൊള്ളുന്നു. ജനസംഖ്യ മൊത്തത്തിൽ 55 ദശലക്ഷം ഉണ്ടെന്നു പറയാം. ഇവർ മലയാളം, തെലുങ്ക്, തമിഴ്, എന്നിവ സംസാരിക്കുമെങ്കിലും ഈ പ്രദേശത്തെ ആളുകറം മുഖ്യമായി തമിഴ് ഭാഷ സംസാരിക്കുന്നവരാണ്; അവരുടെ തൊഴിൽ കൃഷിയും. എങ്കിലും വ്യവസായ കേന്ദ്രമായ കോയമ്പത്തൂരിലെ വ്യവസായശാലകളിൽ ജോലി ചെയ്യുന്ന ആയിരക്കണക്കിനു് തൊഴിലാളികളും ഇവരിലുണ്ട്. പൊതുവേ ഈശ്വര വിശ്വാസികളും മതഭക്തരുമാണ് ഇവിടുത്തെ ആളുകറം ആനുപാതികമായി കത്തോലിക്കരുടെ എണ്ണം വളരെ കുറവാണ്. സുവിശേഷ

# കോയമ്പത്തൂരിൽ



ഫാ. മലാഖിയാസ്



ഫാ. കല്ലിസ്റ്റസ്

# ചെറുപ്പത്തിലേ
# വെറുമയാക്കപ്പെട്ടവർ



ഫാ. മാത്യു പൂവക്കളം



ഫാ. മാത്യു കൈപറമ്പിൽ



ഫാ. അഗസ്റ്റിൻ മാഞ്ഞൂരാൻ

വല്ലരണം ഊജ്ജിതമായി ത്വരിതപ്പെടുത്തുവാൻ തക്കവണ്ണം ഉപാധികഠം കണ്ടെത്തുകയാണ് പ്രേഷിതോപാസകരുടെ പ്രധാന യത്നം.

## അജപാലനം

പാലക്കാട്, കോയമ്പത്തൂർ എന്ന രൂപതകളുടെ അതിർത്തിയ്ക്കുള്ളിലാകയാൽ സി.എം ഐ വൈദികർ ഈ ഇരുരൂപതകളേയും വളരെ അധികം അജപാലനവൃത്തിയിൽ സഹായിക്കുന്നുണ്ട്. പാലക്കാട് രൂപതയിലെ എട്ടുപത്ത് ഇടവകകഠം സി.എം.ഐ. വൈദികരുടെ സംരക്ഷണയിലും, നേതൃത്വത്തിലുമാണ് വളൻ വരുന്നത്. അട്ടപ്പാടി. ആനമല മുതലായ സാനപ്രദേശങ്ങളിലേക്ക് കുടിയേറി, പാപ്പിടം കണ്ടെത്തിയിരിക്കുന്ന കത്തോലിക്കരായ ക്രിസ്തീയസഹോദരങ്ങഠംക്കും, കുടുംബങ്ങഠംക്ക വേണ്ടി ജീവിതമാഗ്ഗം തേടി, മലയോരങ്ങളിലെ കാപ്പി, തേയില, ഏലം മുതലായവ വിളയുന്ന തോട്ടങ്ങളിൽ എത്തിച്ചേൻ് പണിയെടുക്കുന്ന കഷ്ക തൊഴിലാളികളുടെ ആത്മീയാവശ്യങ്ങളും സാമൂഹ്യ ഉൽഗതിയും ഉന്നംവച്ചുകൊണ്ടും, പ്രേഷിത പ്രവിശ്യയിലെ സി.എം. ഐ. വൈദികർ അപ്പസ്തോലചൈതന്യത്തോടുകൂടി അഹോരാത്രം അദ്ധ്വാനിക്കുന്നുണ്ട്. അനേകം കാതങ്ങഠം കാൽനടയായി കയറിഇറങ്ങിയാണ് ഈ മലയോരങ്ങളിൽ ഞായറാഴ്ച തോറും ചെന്നെത്തുന്നത്. അവിടെ താമസിക്കാൻ വേണ്ടത്ര സൗകര്യങ്ങളോ, ബലി അപ്പിക്കാൻ പള്ളികളൊ ഇവക്കില്ല. എന്നിരുന്നാലും ഒരു ഞായറാഴ്ച തന്നെ, അജഗണങ്ങളുടെ ആഗ്രഹവും, ആവശ്യവും പരിഗണിച്ച് ഒന്നിലധികം ദിവ്യബലികഠം അപ്പിച്ചവരുന്നു. ''വിളവ്വളരെ വേലക്കാർ ചുരുക്കം'' എന്ന ദിവ്യനാഥൻെറ വചസ്സുകഠം ഈ മലയോരങ്ങളെ സംബന്ധിച്ചിടത്തോളം തികച്ചും അന്വത്ഥമാണത്രെ

വിസ്തൃതമായ കോയമ്പത്തൂർ, പാലക്കാട് രൂപതകഠംക്കുള്ളിൽ പള്ളിയോ പട്ടക്കാരോ ഇല്ലാത്തതും ചെന്നെത്താത്തതുമായ അനേകം കേന്ദ്രങ്ങളും വില്ലേജുകളും ഇനിയും അവശേഷിക്കുന്നുണ്ട്. ജന നിബിഡമായ ഈ കേന്ദ്രങ്ങളിൽ ക്രിസ്തീയ വിശ്വാസികഠം ഇടയനില്ലാത്ത ആടുകളെപ്പോലെ അലയുന്നുണ്ട്. അവരെ തേടിപ്പിടിച്ച് അവക്കായി ആരാധനാകേന്ദ്രങ്ങളും ആശ്രമങ്ങളും സ്ഥാപിച്ച് അജപാലനശുശ്രൂഷയിൽ സഹായിക്കുന്നതിന് രൂപതാദ്ധ്യക്ഷന്മാരോടും, രൂപതാവൈദികരോടും സഹകരിച്ച് പ്രേഷിത ഉപപ്രവിശ്യ ഉള്ളഴിഞ്ഞ് പ്രവത്തിക്ക

യാണ്. ഇതിൽ രണ്ടുകൂട്ടർക്കും അതിയായ ആത്മസംതൃപ്തിയും പരസ്പരണധാരണയും ഉണ്ടെന്നുള്ളതു ആശ്വാസകരമാണ്, പ്രചോദനാത്മകമാണ്. പാക്കളം, കരിമ്പ, പൊള്ളാച്ചി, പാലക്കാട്, സവ്വാണപ്പെട്ടി, ഈറോഡ്, കൊഴിഞ്ഞമ്പാറ, ഷൊറണൂർ മുതലായ ആസ്ഥാനങ്ങളിൽ കിളുത്തുവന്നിട്ടുള്ള സ്ഥാപനങ്ങളും, അവിടെ രൂപംകൊണ്ടിട്ടുള്ള പരിപാടികളും സേവനങ്ങളും അജപാലനശുശ്രൂഷയുടെ നിദർശനങ്ങളാണെന്നു പറയാം.

## വിദ്യാഭ്യാസരംഗം

വിദ്യാഭ്യാസപരമായും സാംസ്കാരികമായും പ്രേഷിതാമിഷൻ കോയമ്പത്തൂർ നിവാസികളെ മാത്രമല്ല, പ്രവിശ്യാതൃത്തികളിലുള്ള എല്ലാ ജനങ്ങളേയും വിദ്യാസമ്പന്നരും സംസ്കാരസമ്പന്നരുമാക്കുന്നതിനുവേണ്ടി വിവിധോപാധികളും ആനുകാലിക പുരോഗമനോപകരണങ്ങളും സ്വീകരിച്ച് സേവനതല്പരരായി വർത്തിക്കുന്നു. കോയമ്പത്തൂരിലെ ലിസ്യൂ ആശ്രമത്തോടനുബന്ധിച്ചുള്ള ലിസ്യൂ ഇംഗ്ലീഷ് മീഡിയം സ്കൂളും അതിനോടു ചേർന്നുള്ള ഹോസ്റ്റലും ഇതിനകം പ്രസിദ്ധമായ വിദ്യാകേന്ദ്രങ്ങളായി തീർന്നിട്ടുണ്ട്. ഉന്നതമായ അവിടത്തെ നിലവാരവും, അഭ്യസനരീതികളും, തത്ഫലമായി തുടർച്ചയായി നേടിക്കൊണ്ടിരിക്കുന്ന മികച്ച വിജയശതമാനവും, പ്രസ്തുത സ്കൂളിനെ ഡിസ്ട്രിക്റ്റിലെ സ്കൂളുകളിൽവച്ച് പ്രഥമസ്ഥാനത്തിനർഹമാക്കിയിട്ടുണ്ട്. ഇതുപോലെതന്നെ പൊള്ളാച്ചിയിലെ വിശ്വദീപ്തി ഹയർ സെക്കണ്ടറിസ്കൂളും പാലക്കാട്ടെ ചന്ദ്രനഗറിൽ ആരംഭിച്ചിരിക്കുന്ന ഭാരതമാതാ ഹൈസ്കൂളും ചുരുങ്ങിയ കാലയളവിൽ ജന്മംകൊണ്ട് വളർന്നുവന്നിട്ടുള്ള വിദ്യാനികേതനങ്ങളാണ്. ആനുപാതികമായി അംഗസംഖ്യ ആവശ്യത്തിനു മതിയാകുന്നില്ലെങ്കിലും പ്രസ്തുത വിദ്യാകേന്ദ്രങ്ങളിൽ സി. എം. ഐ. വൈദികർ തന്നെയാണ് നേതൃത്വം വഹിക്കുന്നതു്. അവരുടെ നിസ്തന്ദ്രമായ പരിശ്രമങ്ങളും അകമഴിഞ്ഞ അർപ്പണവുംകൊണ്ട് പ്രസ്തുത വിദ്യാലയങ്ങളുടെ അന്തരീക്ഷവും, ശിക്ഷണരീതികളും അനേകരെ അങ്ങോട്ടാകർഷിക്കുന്നുണ്ട്.

## സുവിശേഷവല്ക്കരണം

സുവിശേഷവല്ക്കരണത്തിനായിട്ടുള്ള പുതിയ കാല്വയ്പി ൻെറ പ്രതീകമാണ് സർവ്വാണപ്പെട്ടിയിലെ 'ദീപ്തിവിദ്യാലയം', രണ്ടുമുതൽ ഒമ്പതുവരെയുള്ള സ്റ്റാൻഡേഡുകളിൽ ഗവണ്മെണ്ടുസ്കൂളുകളിൽ പഠിക്കുന്ന സാധാരണക്കാരായ ഗ്രാമീണ വിദ്യാർത്ഥികൾക്ക് സൗജന്യമായ ട്യൂഷൻ നല്കി അവരെ കൂടുതൽ പ്രബുദ്ധരും, ധന്യരും ആക്കിത്തീർക്കുക എന്നുള്ള ഒരു സേവനസംരംഭമാണു് ഈ പരിപാടിയിൽ കൂടി മുന്നോട്ടുവച്ചിരിക്കുന്നതു്. അതോടുകൂടി ക്രിസ്തീയസ്നേഹത്തിനും, സാഹോദര്യത്തിനും സന്മാർഗ്ഗശിക്ഷണത്തിനും, സാക്ഷ്യം നല്കുക എന്നതും ഈ പരിപാടിയുടെ ലക്ഷ്യമാണ്. സൗജന്യമായ വിദ്യാദാനത്തോടുകൂടി, സംഗീതം തൊഴിൽ പരിശീലനം, പ്രസംഗകല ആദിയായി ജീവിതസ്പർശിയായ പ്രായോഗിക വിഷയങ്ങളിലും പരിമിതമായ തോതിൽ അഭ്യസനം നല്കിവരുന്നുണ്ടു്. ഇതിനുംപുറമെ, കോയമ്പത്തൂരും, പാലക്കാട്ടും സമാരംഭിച്ചിരിക്കുന്ന 'ക്രിസ്തുസന്ദേശ കേന്ദ്രങ്ങൾ' (Christian message centres) അനേകം, അകത്തോലിക്കരേയും, അക്രൈസ്തവരേയും, ക്രിസ്തീയവിശ്വാസമൂല്യങ്ങളും കത്തോലിക്കാസഭയും ആയിട്ട് പരിചയപ്പെടുത്തുന്നതിനും, ക്രിസ്തുവിൻെറ രക്ഷാകര സ്നേഹത്തിലേയ്ക്കും, മാർഗ്ഗത്തിലേയ്ക്കും അടുപ്പിക്കുന്നതിനും സഹായകമായ തുറകളായി തീർന്നിട്ടുണ്ട് എന്നുള്ളതു് പ്രോത്സാഹജനകമാണ്. വൈസ് പ്രൊവിൻഷ്യൽ ഫാദർ കല്ലിസ്റ്റസും, ഫാ. എയ്മാഡ്ഡും ആണ് ഈ സംരംഭത്തിനു് നേതൃത്വം കൊടുത്തുകൊണ്ടിരിക്കുന്നതു്. നേരിട്ടും, പോസ്റ്റൽ ട്യൂഷൻ വഴിയും ഈ പ്രേഷിത സംരംഭം വിജയപ്രദമായി പുരോഗമിക്കുന്നുണ്ട്.

കോയമ്പത്തൂർ നെഹ്റുസ്റ്റേഡിയത്തിനു സമീപം സമാരംഭിച്ചിരിക്കുന്ന ''ദിവ്യോദയ'' സുവിശേഷവല്ക്കരണത്തിനായിട്ടുള്ള ഒരു നൂതനസംരംഭമാണ്. ക്രൈസ്തവ ചൈതന്യത്തിനും ക്രൈസ്തവ ജീവിതത്തിനും ഒരു നവോത്ഥാനവും, ഉന്മേഷവും പ്രദാനം ചെയ്യുന്നതിനുപകരിക്കത്തക്കവിധം, കത്തോലിക്കരേയും ഇതര ക്രിസ്തീയ വിഭാഗക്കാരേയും സംഘടിപ്പിച്ച് ക്രൈസ്തവ തത്വങ്ങളും ക്രിസ്തുവിജ്ഞാനീയവും, പകർന്നുകൊടുക്കുന്നതിനുള്ള ഒരു പദ്ധതിയാണ് ഇതിൽകൂടി ആവിഷ്കരിക്കുന്നതു്. ധർമ്മാരാമിലെ പ്രൊഫസ്സർമാരും, പ്രവീണരായ പുറമെ നിന്നുള്ള പണ്ഡിതവ്യക്തികളും ഇതിൽ പങ്കുചേരുന്നുണ്ട്. ഒരു ഡയലോഗ് സെൻററും, മതാത്മകമായ ചർച്ചകൾക്കുള്ള ഒരു വേദിയുമായിതു്. ഈ ദിവ്യോദയത്തെ വളർത്തിയെടുക്കാനു

ള്ള ഉദ്യമമാണ്‌ ഇതിന്റെ പിന്നിലുള്ളതു്. ഫാദർ ജോൺ പീററർ മുരങ്ങത്തേരിയും, ഫാദർ ജോസ്‌ മാപ്രാണിയും ഇതിനായി അക്ഷീണം പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. കോയമ്പത്തുരിലെ അഭ്യസ്ഥവിദ്യരായ അനേകംപേരും ഈ പ്രസ്ഥാനത്തിനു പ്രോത്സാഹനവും, സഹകരണവും, പിന്തുണയും നൽകുന്നുണ്ട്‌ എന്നതു് ശുഭോദർക്കമായ നേട്ടമാണ്‌.

ഇതിനും പുറമെ, സാമൂഹ്യക്ഷേമപദ്ധതികൾ, കൃഷിവികസനം തുടങ്ങിയ പൊതുജനക്ഷേമപരമായ സേവനങ്ങൾ കുള്ള ആവശ്യവും, സാദ്ധ്യതകളും കണക്കിലെടുത്തു് പ്രേഷിതാ ഉപപ്രവിശ്യയുടെ പ്രവർത്തനവീഥികളും, മണ്ഡലവും വിസ്‌തൃതമാക്കി പ്രേഷിതചൈതന്യത്തോടും, സന്യാസസമർപ്പണത്തോടും, വിദൂരവീക്ഷണത്തോടുംകൂടി പ്രേഷിതാമിഷൻ അംഗങ്ങൾ തങ്ങളുടെ വിലയേറിയ കഴിവുകൾ ഈ പ്രദേശത്തിന്റേയും, വിശ്വാസികളുടേയും, പ്രത്യേകിച്ചു് കുടിയേററക്കാരും, കർഷകരും, തൊഴിലാളികളുമായ കത്തോലിക്കരുടേയും സമഗ്രമായ പുരോഗതിക്കായി സർവ്വദാ വിനിയോഗിച്ചുകൊണ്ടിരിക്കുന്നു.

## പ്രേഷിതാ മിഷൻ – കോയമ്പത്തൂർ
### (പ്രേഷിത ഉപപ്രവിശ്യ)
### ഒററനോട്ടത്തിൽ

| | | |
|---|---|---|
| വൈദികർ | .... | 32 |
| ബ്രദേഴ്‌സ് | .... | 3 |
| മേജർ സെമിനാരിയൻസ്‌ | .... | 19 |
| നോവിസസ്‌ | .... | 7 |
| മൈനർ സെമിനാരിയൻസ്‌ | .... | 39 |
| സന്യാസഭവനങ്ങൾ | .... | 11 |
| ഹൈസ്കൂൾ | .... | 3 |
| പ്രൈമറിസ്കൂൾ | .... | 1 |
| ഹോസ്റ്റൽസ്‌ | .... | 3 |
| ക്രിസ്തീയസന്ദേശകേന്ദ്രങ്ങൾ | .... | 4 |
| സാംസ്കാരിക കേന്ദ്രം | .... | 1 |
| തൊഴിൽ പരിശീലന കേന്ദ്രം | .... | 1 |

# IV

# മിഷൻ രൂപതകളിലൂടെ

**ഫാ. പീററർ തോമസ് സി.എം.ഐ.**

സ്വഭാവത്താലെ മിഷനറിയായ സഭ, ജനകോടികളോട് സുവിശേഷം പ്രസംഗിക്കാനും ജനതതിയെ പഠിപ്പിച്ച് ജ്ഞാനസ്നാനം നല്കാനും ക്രൈസ്തവസഭ രൂപംകൊള്ളാത്ത ഇടങ്ങളിൽ വചനത്തിന്റെ വിത്തുവിതറി സഭയെ വളർത്തുവാനും ജാഗരൂകയാണ്. ക്രിസ്തുവിന്റെ പഠനങ്ങളെ പ്രഘോഷിക്കുക, ക്രിസ്തുവിൽ കേന്ദ്രീകൃതമായ സമൂഹത്തെ കെട്ടിപ്പടുക്കുക എന്നീ ധർമ്മങ്ങൾ മിഷൻപ്രവർത്തനങ്ങളിൽ സമഞ്ജസമായി സമ്മേളിച്ചിരിക്കണം.

മാന്നാനം കുന്നിന്റെ മണിമുററത്തു ബീജാവാപംചെയ്ത സി.എം.ഐ. സഭയുടെ മുന്നിൽ മിഷൻ പ്രവർത്തനങ്ങളുടെ വർണ്ണരേഖകൾ തെളിഞ്ഞു നിന്നിരുന്നു. തിരുസ്സഭയിലെ അണികളെ ഉന്നിദ്രമാക്കി ക്രിസ്തുവിന്റെ പടയണിക്കു ശക്തി വരുത്തി പുത്തുരക്തം പായിക്കുവാനും ഭാരതത്തിന്റെ വടക്കു ഭാഗത്തുള്ള വിശാലവും കൊയ്ത്തിനു പാകമായതുമായ രംഗങ്ങളിലേക്കു് കടന്നുചെന്നു് സഭസ്ഥ രൂപഭാവങ്ങൾ നല്കാനും സി.എം.ഐ. സഭാംഗങ്ങൾ ഒരുങ്ങിനിന്നിരുന്നു. സഭാസ്ഥാപകൻ ദൈവദാസൻ ചാവറ കുര്യാക്കോസ് ഏലീയാസച്ചൻ സഭയുടെ പ്രവർത്തനമണ്ഡലങ്ങളെ വിശാല വീക്ഷണത്തോടും, അതിലേറെ സിദ്ധിവൈഭവത്തോടുംകൂടി മുൻകൂട്ടി കണ്ടുകൊണ്ടു് മിഷനറി പ്രവർത്തനങ്ങളുടെ രൂപരേഖ ഉണ്ടാക്കിയിരുന്നുവെന്നു കാണുവാൻ സാധിക്കും.

സഭാസ്ഥാപകനിൽനിന്നു് മിഷൻ ചൈതന്യം ഏററുവാങ്ങിയ അംഗങ്ങൾ ഉൽക്കടമായ ആവേശത്തോടെ കേരളത്തിന്റെ വിവിധ ഭാഗങ്ങളിലും അതിന്റെ സീമകൾ കടന്നു് റെയ്ഗാറിലും. അംബികാപ്പൂരിലും, ഇറാനിലും, ഇറാക്കിലും മിഷൻ മേച്ചിൽപ്പുറങ്ങൾ കണ്ടെത്തി. എന്നാൽ ഇൻഡ്യാക്കാരെ മാനസാന്തരപ്പെടുത്താൻ ഇൻഡ്യാക്കാർക്കു കഴിയുമെന്ന മനോഭാവം റോമിൽ ഉണ്ടാകുവാൻ കാലങ്ങൾ കുറേവേണ്ടി

വന്നു. സീറോ–മലബാർ സഭ ഇൻഡ്യയുടെ വിവിധരംഗങ്ങളിൽ പ്രേഷിതവേലയിൽ വ്യാപൃതയായിരുന്നുവെന്നും അവരിൽനിന്നു് മെത്രാന്മാർ ഉണ്ടായിയെന്നും ഉള്ളകാര്യം ശരിയാണു. പക്ഷേ, സീറോ–മലബാർ സഭയ്ക്കു് ഇൻഡ്യയുടെ വടക്കുഭാഗത്തു് രൂപതകൾ സ്ഥാപിക്കാനും സ്വതന്ത്രമായി പ്രവർത്തിക്കാനും അവസരം ലഭിച്ചതു 1962–ൽ മാത്രമാണു്. മഹാരാഷ്ട്ര, ആന്ധ്ര സംസ്ഥാനങ്ങളിൽ ഒതുങ്ങിക്കിടക്കുന്ന ചാന്ദാരൂപതയുടെ ആവിർഭാവവും അതിന്റെ അത്ഭുതകരമായ വളർച്ചയും ദോഷൈകദൃക്കുകളെപ്പോലും അതിശയിപ്പിച്ചു തുടർന്നു് സി എം.ഐ. സഭയ്ക്കു് സാഗർ, ജഗ്ദൽപ്പൂർ, ബിജ്നോർ, രാജ്കോട്ടു് എന്നീ രൂപതകളും, പാലസെന്റ്തോമസ് മിഷനറിസഭയ്ക്കു് ഉജ്ജെയിനും കേരളത്തിലെ വിൻസേൻഷ്യൻസഭയ്ക്കു് സത്നയും ലഭിച്ചു, പ്രേഷിതരംഗങ്ങളായി.

ഏഴാം നൂററാണ്ടുവരെ തളച്ചുവളർന്ന പൗരസ്ത്യസഭ തകരുവാൻ തുടങ്ങി. മുഹമ്മദീയരുടെ ആക്രമണംകൊണ്ടു് ഗതിമുട്ടിനിന്നസഭ പൗരസ്ത്യദേശത്തു് നിലനില്പിനായി ശ്രമിച്ചു തുടങ്ങി. സുവിശേഷപ്രഘോഷണവും പ്രേഷിതവേലയും പാശ്ചാത്ത്യർക്കു് മാത്രമായിട്ടുള്ളതാണെന്ന ഒരു സ്ഥിതിവിശേഷം നിലനിന്നിരുന്നു. അങ്ങനെ പ്രൊപ്പഗാന്താഫീദെവഴി പൗരസ്ത്യ സഭയിലേക്കു് വിദേശമിഷനറിമാർ നിയോഗിക്കപ്പെട്ടു. 1962 കേരളസഭയുടെയും ഭാരതസഭയുടെയും ചരിത്രത്തിൽ ഒരു നീണ്ണായകവഷമാണു്. മൂന്നാംലോകത്തിലെ ഒരുസഭയെ പ്രേഷിതവേലയ്ക്കായി റോമിൽനിന്നു് നിയോഗിച്ചുവെന്നതാണു് പ്രധാനമായ സംഭവം. പൗരസ്ത്യസഭയുടെയും സീറോമലബാർ സഭയുടേയും ചരിത്രത്തിലെ ഒററപ്പെട്ടൊരു സംഭവമാണിതു്. സീറോ–മലബാർ സഭയിലെ ആരാധനക്രമം മലയാളത്തിലാക്കാൻ യത്നിക്കുന്ന സമയത്തും രണ്ടാംവത്തിക്കാൻ സൂനഹദോസ് പിതാക്കന്മാർ, റോമിൽ മിഷൻ പ്രവർത്തനങ്ങളുടെ ഊടും പാവും നെയ്യേണ്ടുകുവാൻ തലപുകഞ്ഞാലോചിക്കുന്ന നേരത്തും വടക്കേ ഇൻഡ്യയിൽ ചാന്ദാ മിഷനിൽ പലേമിഷൻ സങ്കല്പങ്ങളും രൂപം കൊള്ളുകയായിരുന്നു. തുടർന്നങ്ങോട്ടു് ഹിമവാന്റെ മടിത്തട്ടുവരെയും അറബിക്കടലിന്റെ തീരംവരെയും സീറോ–മലബാർസഭ, മിഷൻ കേന്ദ്രങ്ങൾ കണ്ടെത്തി.

കേരളത്തിന്റെ ഭൂപ്രകൃതിയൊ രാഷ്ട്രീയ പശ്ചാത്തലമോ സംസ്കാരമൊ നാം വടക്കേ ഇൻഡ്യയിൽ പ്രതീക്ഷിക്കരുതു്.

നഗ്നതമറയ്ക്കാൻ കഷ്ടപ്പെടുന്നവരും മണിമാളികയിൽ സുഖിക്കുന്നവരും, എഴുത്തും വായനയും അറിയാത്തവരും പണ്ഡിതശിരോമണികളും, ദരിദ്ര നാരായണന്മാരും ചലിക്കുന്നകൊട്ടാരത്തിൽ സഞ്ചരിക്കുന്നവരും, അടിമപ്പണിക്കുതുല്യമായ ഏപ്പാടുകളും സാധുക്കളെ കൊള്ളയടിക്കുന്ന കള്ളന്മാരും ഉണ്ടവിടെ. ജനക്ഷേമകരമായ ധാരാളം നിർമ്മാണ പ്രവർത്തനങ്ങൾക്കു് സർക്കാർ വൻതുക ചിലവാക്കുന്നുവെങ്കിലും ഇടനിലക്കാരുടെ പോക്കററുകളിലാണവ ചെന്നുവീഴുക. സാധുക്കൾ വില്ലേജുകളിൽ കൂട്ടംകൂട്ടമായി മൃഗങ്ങൾക്കുതുല്യം കഴിഞ്ഞുകൂടുന്ന സ്ഥിതിവിശേഷമാണുള്ളതു്. അവരുടെ ജീവനും സ്വത്തിനും സംരക്ഷണമില്ലാതെ വന്നിരിക്കുന്നു. അവരെ സമുദ്ധരിക്കാൻ ചെല്ലുന്ന മിഷനറിമാർ, അഞ്ചാംപത്തികളെന്നും കരിങ്കാലികൾ എന്നും മതപരിവർത്തന പ്രവർത്തകരെന്നും മുദ്രയടിക്കപ്പെടുക സാധാരണമാണു്. സാധുക്കളെ ചൂഷണംചെയ്തുകഴിയുന്ന വൻകിട മുതലാളികളും ജന്മികളും കള്ളക്കഥകൾ ഉണ്ടാക്കി മിഷൻ പ്രവർത്തകരെ തടസ്സപ്പെടുത്തും. വിപ്ലവത്തിന്റെ തീപ്പന്തവുമായി ഉയിർത്തെഴുന്നേല്ക്കുവാൻ കഴിയാത്തവണ്ണം സാധുക്കൾ അടിച്ചമർത്തപ്പെട്ടിരിക്കയാണു്. കൈയൂക്കുള്ളവൻ കാര്യക്കാരൻ. പണക്കാരന്റെ മുമ്പിൽ മന്ത്രിമാർവരെ ഓച്ഛാനിച്ചു നില്ക്കുമ്പോൾ നിയമ വാഴ്ചയുടെ അടിവേരുപോലും പിഴുതെറിയപ്പെടുന്നു. പണക്കാരനു് കണക്കിൽ കളവുകാട്ടി നികുതി വെട്ടിക്കാം. അത്യാവശ്യ സാധനങ്ങൾ വാങ്ങിക്കൂട്ടി പൂഴ്ത്തിവയ്ക്കാം. കള്ളപ്പണം കുന്നുകൂട്ടാം. ആ പണംകൊണ്ടു് ജനപ്രതിനിധികളെയും മന്ത്രിമാരെയും വിലയ്ക്കെടുക്കാം. പോലീസിനെ നിർവീര്യരാക്കാം.

അലിഗഡിലും മൊറാദബാദിലും മററും അരങ്ങേറിയ വർഗ്ഗീയ സംഘട്ടനങ്ങളും രാഷ്ട്രീയ പകപോക്കലും വടക്കെ ഇന്ത്യയിൽ പുത്തരിയല്ല. ഹരിജനങ്ങൾ പീഡിപ്പിക്കപ്പെടുന്നു. ജീവനോടെ ചുട്ടെരിക്കപ്പെടുന്നു. വെടിവച്ചു കൊല്ലപ്പെടുന്നു. രാഷ്ട്രീയക്കാർക്കു് അർദ്ധസൈനിക സംഘങ്ങൾ ഉണ്ടു്. അത്തരം ഗുണ്ടകൾ പോലീസിനെപ്പോലും വകവരുത്തും.

സ്ത്രീയും സ്ത്രീത്വവും എന്നെന്നും അവമാനിക്കപ്പെടുന്നു. കുററവാളികളെ രക്ഷിക്കാൻ രാഷ്ട്രീയക്കാർ പിന്നിലുണ്ടു്. സ്ത്രീധനമെന്ന നീരാളിയുടെ കേറിപ്പിടുത്തത്തിൽ ജീവൻ ഹോമിക്കേണ്ടിവരുന്ന എത്രയെത്ര ജീവിതങ്ങൾ! അരാജകത്വം മുഖമുദ്രയാക്കുകയാണോ ഭാരതധർമ്മം എന്നു തോന്നുമാറു് തകിടം മറിയുന്ന ഒരു വ്യവസ്ഥിതിയിലേക്കു വഴുതി വീണുകൊണ്ടി

# ചാന്ദായിൽ



ഫാ. ദമഷേൻ



ഫാ. ജോസഫ് മഞ്ഞളി



ഫാ. യൂജിൻ



ഫാ. ജോസഫ് വേലംപറമ്പിൽ

# ചാന്ദാ

## ആമുഖം

ഇടയന്റെ പാദങ്ങൾ കഴുകി ചുംബിച്ച് നെററിത്തടത്തിൽ സിന്ദൂരപ്പൊട്ടുകുത്തി വണങ്ങുന്ന പെണ്ണുങ്ങൾ. ഇടയൻ തിരിച്ച് അവരെയും തിലകക്കുറി അണിയിക്കുന്നു സന്തോഷത്തിന്റെ നിറകണ്ണുകളുമായി കൈകൂപ്പി അവർ മാറിനില്ക്കുമ്പോൾ അവരുടെ കണവന്മാർ നറുംപൂക്കൾ കൊരുത്തമാലകളുമായി മുന്നോട്ടുവന്ന് ഇടയന്റെ കഴുത്തിൽ ഭക്ത്യാദരപൂർവ്വം അണിയിക്കുന്നു. ഗ്രാമഭംഗിക്ക് മാററുകൂട്ടുവാനെന്നവണ്ണം വിതാനിച്ച വഴിയിലൂടെ ഇടയൻ നീങ്ങുമ്പോൾ രണ്ടുവരിയായി നിരന്നുനില്ക്കുന്ന ജനം വഴിയിലേയ്ക്കു പൂക്കൾ വിതറുന്നു. ''സുസ്വാഗതം'' എന്ന് ഹിന്ദിയിൽ എഴുതിവച്ചിരിക്കുന്ന ബാനറുകളുടേയും കൂപ്പുകൈകളുമായി നില്ക്കുന്ന സമൂഹത്തിന്റെയും ഇടയിലൂടെ നടന്നു നീങ്ങുന്ന ഇടയനെ ചൂടിക്കാൻ എത്രയും പഴകിയതും വിസ്താരമേറിയതുമായ ശീലക്കുടയുമായി ഒരു കാരണവർ. മുത്തുക്കുടയ്ക്കുപകരം നില്ക്കുന്ന കുടയാണത്. ഗ്രാമത്തിലെ പ്രാർത്ഥനാലയത്തിലെ കർമ്മങ്ങളിൽ ആബാലവൃന്ദം ജനങ്ങൾ താത്പര്യത്തോടെ പങ്കുകൊള്ളുന്നു. ഇടയൻ പറയുന്ന ഓരോ വാക്കും ചെവി കൂർമ്പിച്ചിരുന്നു കേൾക്കും. കമ്മനിയന്താവായി വർത്തിക്കുന്ന ഉപദേശിയുടെ അംഗചലനങ്ങൾപോലും അർത്ഥവത്തായിരിക്കും. അച്ചടക്കത്തോടെ ഇരിക്കാൻ അയാൾ ജനങ്ങളെ ഒരുക്കും. സ്വർഗ്ഗീയമാധുരി തുളുമ്പുന്ന ഗാനങ്ങളും സ്വർഗ്ഗം തുളച്ചുകയറുന്ന പ്രാർത്ഥനകളുംകൊണ്ട് രംഗം സജീവമാകും. അവസാനം പ്രസാദം സ്വീകരിച്ച് പിരിയുന്നു

ചാന്ദാരൂപതയിലെ ബ്രഹ്മപുരി സ്റ്റേഷന്റെ പ്രാന്തപ്രദേശത്തുള്ള ദേവുൾഗാവ് എന്ന ഗ്രാമത്തിൽ അരങ്ങേറിയ ഒരു രംഗമാണിത്. നൂററാണ്ടുകളായി അനുഷ്ഠിച്ചുവരുന്ന ആചാരങ്ങളേയും വിധികളേയും തച്ചുടയ്ക്കുവാൻ മിഷനറിമാർ ശ്രമിക്കുന്നില്ല. നിഷ്ക്കളങ്കതയുടെ നിറകുടങ്ങളായ ഗ്രാമവാസികളെ സാകല്യേന സമുദ്ധരിക്കാനും ഈശ്വരചിന്തയിലും ധർമ്മബോധത്തിലും വളർത്തുവാനും അവരുടെ ബഹുമുഖങ്ങളായ പ്രശ്നങ്ങൾക്കു പരിഹാരം കണ്ടെത്താനും അർപ്പണബുദ്ധികളായ മിഷനറിമാർ അഹോരാത്രം പണിയെടുക്കുന്നു. സിദ്ധാന്തവും പ്രയോഗവും സമഞ്ജസമായി സമ്മേളിപ്പിച്ചുകൊണ്ട് ദൈവശാസ്ത്രവീക്ഷണത്തോടും മനഃശാസ്ത്രത്തിന്റെ മർമ്മജ്ഞതയോടും ആത്മീയഗുരുവിന്റെ പ്രായോഗികബുദ്ധിയോടും പരിഷ്കർത്താവിന്റെ ബുദ്ധിപ്രാഭവത്തോടുംകൂടെ വയലുകളിലേയ്ക്കു കൊയ്ത്തിനിറങ്ങിയിരിക്കുന്ന മിഷനറിമാരുടെ മുമ്പിൽ വിരിഞ്ഞുകിടക്കുന്നതു് കൊയ്തെടുക്കാൻ പാകമായ വിളവുകളല്ല.

ബൈബിറം വാക്യത്തിന്റെ വെളിച്ചത്തിൽ നോക്കുമ്പോറം വിളവു കൊയ്തെടുക്കാൻ വേലക്കാർ ചുരുക്കം എന്നതുകൊണ്ടു് മിഷനറിമാർ അങ്ങു ചെന്നാൽ പിന്നെ ആത്മാക്കറം കൂട്ടംകൂട്ടമായി വന്നുകൊള്ളും എന്ന ധാരണയുണ്ടാകാൻ ഇടയുണ്ടു്. എന്നാൽ ചാന്ദായെ സംബന്ധിച്ച പറയുകയാണെങ്കിൽ: വിസ്തൃതമായ ഭൂപ്രദേശം, തരിശുഭൂമി, ഉണങ്ങിവരണ്ട പാടങ്ങറം, കല്ലും മണ്ണുംനിറഞ്ഞു് നിമ്നോന്നതമായ സ്ഥലം, അപരിഷ്കൃതരും വിദ്യാവിഹീനരുമായ ജനം, അശാസ്ത്രീയമായ കൃഷിസമ്പ്രദായമുള്ള പ്രദേശം, അവഗണിക്കപ്പെട്ട—അവമതിക്കപ്പെട്ട—വരുടെ സങ്കേതം, അടിമത്വത്തിന്റെ മൂടുപടമണിഞ്ഞ പാവങ്ങളുടെ നികേതനം എന്നു മനസ്സിലാക്കണം. ക്രിസ്തു ഈ അർത്ഥത്തിലാണ് ''വിളവു് അധികം'' എന്നു വിളിച്ചിരിക്കുന്നതു്. 'ചാന്ദാ' എന്ന വാക്കിന്റെ അർത്ഥം ഉദിച്ചുയർന്നു് ഒളിവിതറുന്ന ചന്ദ്രൻ എന്നാണു്.

### തുടക്കം

1962 ആഗസ്റ്റ് 15—ാം തിയതി. അന്നായിരുന്നു ചാന്ദാമിഷന്റെ ഉദ്ഘാടനദിനം. ബാൻറുമേളങ്ങളില്ല; പാട്ടും പ്രദക്ഷിണവുമില്ല; കൊട്ടും പടക്കവുമില്ല. അനാർഭാടമായി നടന്ന ഒരുഉദ്ഘാടനമായിരുന്നു അതു്. നാഗപ്പൂർ ആർച്ചുബിഷപ്പ് അഭിവന്ദ്യ എവുജിൻ ഡിസൂസയും ബ. ജാനുവാരിയൂസച്ചനും രണ്ടുമൂന്നു വൈദികരും സമ്മേളിച്ചു് നാഗപ്പൂർ മെത്രാസനമന്ദിരത്തിൽവച്ചു് ആ ചടങ്ങു് നടത്തി. നാഗപ്പൂരിൽനിന്നു വിടർത്തപ്പെട്ട ചാന്ദാരൂപത അന്നു് ഓർഡിനറിയേററു് എന്നു് അറിയപ്പെട്ടു. അതിന്റെ അദ്ധ്യക്ഷനായി നിയമിക്കപ്പെട്ട ബ. ജനുവാരിയൂസച്ചൻ മിഷൻ സുപ്പീരിയർ എന്നു വിളിക്കപ്പെട്ടു 1968—ൽ അദ്ദേഹത്തിനു് എക്സാർക്കിന്റെ അധികാരം ലഭിച്ചു. 1977 മേയ് 3—നു് മെത്രാൻസ്ഥാനവും. രണ്ടുദശകങ്ങറം പിന്നിട്ട ചാന്ദാ അഭിവൃദ്ധിയുടെ പടികറം ചവിട്ടിക്കയറുകയാണു്. 48081 ചതുരശ്ര കിലോമീററർ വിസ്തീർണ്ണമുണ്ടു് ചാന്ദാ രൂപതയ്ക്കു്. 37ലക്ഷം ജനങ്ങറം അവിടെ അധിവസിക്കുന്നു. 600 കത്തോലിക്കാവിശ്വാസികളായിരുന്നു ആദ്യം ഉണ്ടായിരുന്നതു്. ബേത്‌ലഹേമിലെ കാലിക്കൂട്ടിൽ ആരുമറിയാതെ പിറന്നുവീണ ദൈവസുതന്റെ രീതിയിൽ അധികമാരാലും അറിയപ്പെടാതെ പിറന്ന ചാന്ദാ രൂപതയിൽ ഇന്നു് പതിനാലായിരത്തിലേറെ കത്തോലിക്കരുണ്ടു്. വൈദികർ താമസമില്ലാതിരുന്ന മൂന്നു നാലു സെൻററുകളുടെ സ്ഥാനത്തി

ന്നു് മുപ്പതിലേറെ സെൻററുകളും അവിടങ്ങളിലെല്ലാം വൈദികർ സ്ഥിരതാമസവുമുണ്ടു്. അറുപത്തഞ്ചു് വൈദികരും നൂററി അറുപത്തഞ്ചു് കന്യാസ്ത്രീകളും ഇരുപത്തഞ്ചു് മഠങ്ങളും ഇന്നു് ചാന്ദാ രൂപതയിലുണ്ടു്. സെമ്മിനാരി വിദ്യാൎത്ഥികൾ, ഉപദേശികൾ, സ്കൂളുകൾ, ആശുപത്രികൾ, ആതുരശാലകൾ, ബോർഡിംഗുകൾ, സാങ്കേതികസ്ഥാപനങ്ങൾ, അച്ചടിശാലകൾ തുടങ്ങി നാനാവിധത്തിലുള്ള പുരോഗമനമാണു് ചാന്ദായിൽ ഇന്നു നാം കണ്ടുമുട്ടുക. ഇല്ലായ്മയിൽനിന്നു വന്നവയാണിതെല്ലാം തന്നെ.

തത്വജ്ഞാനിയും ചിന്തകനും വിദൂരവീക്ഷണപടുവുമായ അജപാലകൻ ജനുവാരിയൂസു് പിതാവിൻെറ കരുത്തുററ നേതൃത്വത്തിൽ രൂപതയിലുള്ള സകല പ്രവർത്തനങ്ങളും എല്ലാ സെൻററുകളിലും കൂടുതൽ കൂടുതൽ ശക്തിയാൎജ്ജിച്ചു വരുകയാണു്. ഓരോ സെൻററും സ്വയം പര്യാപ്തമാകണം. തദ്ദേശവാസികളെ സ്വയം പര്യാപ്തതയിലേയ്ക്കു് നയിക്കണം. അങ്ങനെ ആ സമൂഹം മുഴുവൻ ആരോഗ്യപരമായും ബുദ്ധിപരമായും സർവ്വോപരി വിശ്വാസത്തിലും മുമ്പന്തിയിലെത്തണം. ഇതാണു് അഭിവന്ദ്യപിതാവിൻെറയും സഹപ്രവൎത്തകരുടെയും ലക്ഷ്യം. ആദ്യകാലത്തെ ചില അനുഭവങ്ങൾ മനം മടുപ്പിക്കുന്നവയായിരുന്നു. എങ്കിലും തളരാതെ മുന്നേറുവാൻ മിഷനറിമാൎക്കു് ദൈവസഹായം ലഭിച്ചുവെന്നു് അവർ കൃതജ്ഞതാനിർഭരമായി അനുസ്മരിക്കുന്നു.

## വളർച്ചയുടെ പാത

ഭാരതത്തിൽ ഇദംപ്രഥമമായി സീറോ-മലബാർ സഭയ്ക്കു ലഭിക്കുന്ന മിഷൻ ആണു് ചാന്ദാ. കേരളസഭയോ സി. എം. ഐ. സഭയോ പൗരസ്ത്യതിരുസംഘം തന്നെയോ ഈ മിഷൻെറ നടത്തിപ്പിനെ സംബന്ധിച്ചു് അത്ര തയ്യാറെടുപ്പു നടത്തിയിരുന്നില്ലായെന്നതാണു വാസ്തവം. വേണ്ടപ്പെട്ട കേന്ദ്രങ്ങളിലത്രയും അജ്ഞതയും നിഷ്പക്ഷതയും മുററി നിന്നു. മിഷനിലേയ്ക്കു കടന്നു ചെന്നവർ തന്നെ മിഷൻ പ്രവൎത്തനങ്ങളുടെ ബാലപാഠങ്ങൾപോലും പഠിച്ചിരുന്നില്ലായെന്നതു് സത്യമാണു്. തെലുങ്കും മറാത്തിയും ഹിന്ദിയും സ്വായത്തമാക്കാൻ വർഷങ്ങൾ പിടിച്ചു. മഹാരാഷ്ട്രയിലുള്ള ചാന്ദയും (ചന്ദ്രപ്പൂർ) വാർദ്ധയും ആന്ധ്രയിലുള്ള അദിലബാദ്ദും ചേൎന്ന മൂന്നു വലിയ ഡിസ്ട്രിക്റ്ററുകളാണു് ചാന്ദാരൂപത ഉൾക്കൊള്ളുന്നതു്.

ഭിന്നഭാഷകരം, സംസ്കാരം, ആളുകരം എന്നിവയോട്ട് ഒത്തുപോകുന്നതിൽ മിഷനറിമാർ ആദ്യമാദ്യം അത്യധികം ക്ലേശിക്കേണ്ടിവന്നു. പണത്തിന്റെ പ്രശ്നം ഒരു വശത്തു്. കാര്യമായ പണസമ്പത്തുകൂടാതെ മിഷനിലെത്തിയവർ വളരെ ക്ലേശിച്ചെങ്കിലും തദ്ദേശവാസികളുടെ പ്രശ്നങ്ങളോട്ട് അതിമാത്രം ഇഴകിച്ചേരുവാൻ അവർക്കവസരം കിട്ടി. ഇന്നു് പ്രോജക്റ്റുകരംക്കായി പുറമേനിന്നു പണം സ്വീകരിക്കുന്നു. കിണർകുഴിപ്പിക്കൽ, വീടുവയ്ക്കൽ, കാർഷികവിളയുടെ ഉല്പാദനത്തിൽ പുത്തൻ മാർഗ്ഗങ്ങരം തേടൽ എന്നിവയ്ക്കും യാത്രാക്ലേശത്തിന്നു് ഒട്ടൊക്കെ ഉപശാന്തി ലഭിക്കാൻ വാഹനങ്ങരം സമ്പാദിക്കുക എന്നിവയ്ക്കും ജനക്ഷേമകരമായ മററിതര പ്രവർത്തനങ്ങരംക്കും നല്ല സംഖ്യ ഉപയോഗിക്കുന്നുണ്ടു്.

ആദ്യകാലത്തു് മിഷനറിമാരെ നയിക്കുവാനൊ മാർഗ്ഗങ്ങരം പറഞ്ഞുകൊടുക്കുവാനൊ അരുമില്ലായിരുന്നു. ജീർണ്ണിച്ചു കിടന്ന ഒരു കെട്ടിടം ബലാർഷായിൽ ഉണ്ടായിരുന്നു, ആദ്യം ചേക്കേറുവാൻ ആ കെട്ടിടം ഉപയോഗപ്പെടുത്തി. അതിനടുത്തു് വൈദികമന്ദിരം നന്നായി പടുത്തുയർത്തിയെങ്കിലും ഇന്നും വന്ദ്യപിതാവു് താമസിക്കുക ആദ്യകാലകെട്ടിടത്തിൽത്തന്നെയാണു്. ഒരു ചെറുവീടു് അതാണു് അരമന. അക്കാലത്തു് സ്നേഹിതരായുണ്ടായിരുന്നതു് കുറെ തമിഴന്മാരും കള്ളവാററുകാരായ മദ്യപാനികളും ഒക്കെയായിരുന്നു. സി എം. ഐ. ക്കാർ അവിടെ സ്ഥിരതാമസമാക്കുകയും (അതിനുമുമ്പു് വല്ലപ്പോഴും നാഗപ്പൂരിൽനിന്നു് അച്ചൻവന്നു് കുർബ്ബാന ചൊല്ലുമായിരുന്നു) പ്രവർത്തനം ആരംഭിക്കുകയും ചെയ്തതോടെ വാററുകാർ സഹികെട്ടു് പള്ളിപ്പരിസരത്തു് ഇപ്പോരം പ്രസ്സ് ഇട്ടിരിക്കുന്ന കെട്ടിടത്തിൽനിന്നു് (എട്ടുവീട്ടുകാരുണ്ടായിരുന്നു) ഇറങ്ങിപ്പോകുകയാണു ചെയ്തതു്. ബലാർഷായിൽ വൈദികമന്ദിരം പണിതതു് അഞ്ചാറുകൊല്ലം കഴിഞ്ഞാണു്. അതുവരെ ഇപ്പോരം ബിഷപ്പു് താമസിക്കുന്ന കെട്ടിടത്തിൽ അച്ചന്മാർ തിങ്ങിപ്പാർത്തിരുന്നു. സമീപരൂപതകളായ നാഗപ്പൂർ, നെല്ലൂർ, ഗുണ്ടൂർ, വിജയവാഡ, ഹൈദ്രബാദ് എന്നിവിടങ്ങളിൽനിന്നു് ചാന്ദയെപ്പററി കൂടുതൽ പഠിക്കാനും പദ്ധതി ആസൂത്രണം ചെയ്യാനുമുള്ളശ്രമം പരാജയപ്പെടുകയാണുണ്ടായതു്. ക്രിസ്തുവിനെ പ്രസംഗിക്കുക എന്നതിലുപരിയായി പണം സമ്പാദിക്കുക എന്ന ആശയത്തോടു് ഘടകവിരുദ്ധമായി നിന്നതിനാൽ പണം നൽകുന്ന ഏജൻസികളെ അകററി നിറുത്തേണ്ടിവന്നു. പൗരസ്ത്യതിരുസംഘവുമായുള്ള ബന്ധം അത്രമേൽ ദൃഢതരമായിരുന്നില്ല അക്കാലത്തു്. കർദ്ദിനാരം ക്രൂസായുടെ മരണം ഒരു വിടവു സൃഷ്ടിച്ചു. സാമ്പത്തികമായി ചാന്ദാ പിന്നോക്കം നിന്നതുകൊ

ണ്ട് ചില ഗുണങ്ങളും ഉണ്ടാകാതിരുന്നില്ല. രൂപതയിൽ പ്രവത്തിച്ച മിഷനറിമാർ സവ്വകഴിവുകളും ഉപയോഗിച്ച് ഗ്രാമവാസികളുടെ ഉന്നമനത്തിനായി യത്നിക്കാൻ തയ്യാറായി. സഭയുടെ വളർച്ചയ്ക്ക് അവരുടെ ആത്മാത്ഥമായ സഹകരണം ഉണ്ടായി. സ്വന്ത ആവശ്യങ്ങറംപോലും മാററിവച്ച് ജനങ്ങളുടെ ഇടയിൽ പ്രവത്തിക്കാനും സാധുക്കളുടെ പ്രശ്നങ്ങളുമായി അലിഞ്ഞു ചേരാനും മിഷനറിമാർക്ക അന്നു സാധിച്ചു. ഹൃദയങ്ങറം തമ്മിൽ അടുത്തു. പ്രവത്തനങ്ങളുടെ മുന്നേററത്തിൽ ഐകരൂപ്യവും ധാരണയും ഉണ്ടായി.

## തടസ്സങ്ങറം – പ്രശ്നങ്ങറം

രൂപതയുടെ ബാല്യകാലാരിഷ്ടതയെപ്പററി പറഞ്ഞാൽ വളരെയുണ്ട്. ആവശ്യത്തിനുള്ള മിഷനറിമാരെ കേരളത്തിൽ നിന്നു ലഭിക്കാനുണ്ടായിരുന്ന ബുദ്ധിമുട്ട് ഒരു വശത്ത്. മിഷൻ റീജിയനുകറം മററു പ്രോവിൻസുകറംക്ക നല്ലപ്പെട്ടതുകൊണ്ട് എല്ലായിടത്തേയ്ക്കും ശ്രദ്ധചെലുത്താനുണ്ടായിരുന്ന വിഷമം മറു വശത്ത്. രൂപതാദ്ധ്യക്ഷനു് ഇതിനിടയിൽ റോമിൽ സൂനഹദോസിൽ സംബന്ധിക്കേണ്ടതായും വന്നു ഇതിനെല്ലാം ഇടയിൽ ദൈവാനുഗ്രഹത്തിന്റെ രജതരേഖ തെളിഞ്ഞുവന്നുവെന്നു കാണാൻ സാധിക്കും. വൈദികരോട് സവ്വാത്മനാ സഹകരിച്ചു പ്രവർത്തിച്ച സഹോദരന്മാരും കന്യാസ്ത്രീകളും സഭയുടെ ദ്രുതഗതിയിലുള്ള വളർച്ചയ്ക്ക് ഏറെ സഹായിച്ചു. ചാന്ദാ രൂപത അഭിവൃദ്ധിപ്പെടുകയില്ലാത്ത ഒരു ഭാഗമാണെന്നും നാഗപ്പൂരിന്റെ അവഗണിക്കപ്പെട്ട കിടന്ന അവിടെ സി.എം.ഐ. ക്കാർക്ക് ഒന്നും ചെയ്യാനാവില്ല എന്നുമുള്ള ചിലരുടെ കണക്കുകൂട്ടലുകളെ കാററിൽ പറപ്പിച്ചുകൊണ്ട് ചുരുങ്ങിയകാലംകൊണ്ട് ആസൂത്രിതമായ രീതിയിൽ പുരോഗതിയിലേയ്ക്കു കുതിക്കുന്നതു് സകലക്കും കാണാനിടവന്നു. നാഗപ്പൂർ ആർച്ചുബിഷപ്പ് അഭിവന്ദ്യ റയിമണ്ട് പിതാവും അഭിവന്ദ്യ ജനുവാരിയൂസ് പിതാവും തമ്മിലുള്ള കൂടിക്കാഴ്ചയും സംസർഗ്ഗവും ചാന്ദായെപ്പററിക്കൂടുതൽ മനസ്സിലാക്കാൻ മററു പിതാക്കന്മാക്കും അവസരം ലഭിച്ചു. വിശ്വാസത്തെ സംബന്ധിച്ച തിരുസംഘത്തിനു് ജനുവാരിയൂസ് പിതാവു് ചാന്ദായുടെ ഇത:പര്യന്തമുള്ള ഒരു റിപ്പോർട്ടു സമർപ്പിച്ചു. കർദ്ദിനാറം വലേരിയൻ ഗ്രേഷ്യസ് 1969_ൽ നേരിട്ടു് ചാന്ദാ സന്ദർശിച്ചു. അദ്ദേഹം അതിനു ശേഷം ചാന്ദയെപ്പററിയും അവിടെ നടക്കുന്ന പ്രവത്തനങ്ങളെപ്പററിയും പുറമെ പ്രസംഗിക്കുവാനും പറയുവാനും തുടങ്ങി.

ഇവയെല്ലാം ഉപരിയായി ചാന്ദാ രൂപതയുടെ മുന്നേററം അതിശയകരമാംവിധം നീങ്ങിയതുകൊണ്ടായിരിക്കണം റോമിൽ നിന്നു് സി. എം. ഐ സഭയേയും കേരളസഭയേയും പിറകെ പിറകെ ഉത്തരേന്ത്യയിൽ മിഷൻ രൂപതകൾ ഏല്പിച്ചു കൊടുത്തതു്.

## ഏതാനും ചില ഏടുകൾ

വാർധാമുതൽ അദിലബാദുവരെ പരന്നു കിടക്കുന്ന പ്രദേശത്തു് ചിന്നിച്ചിതറി താമസിക്കുന്ന 600 കത്തോലിക്കരെ ചുററിപ്പററിത്തുടങ്ങിയതാണു് ചാന്ദാമിഷൻ പ്രവർത്തനം. സ്ഥലവാസികളായ കത്തോലിക്കരല്ലായിരുന്നു ഇക്കൂട്ടർ. പുറത്തു നിന്നുവന്നു് പല കാര്യങ്ങൾക്കായി ഇവിടെ താമസമുറപ്പിച്ചവരായിരുന്നു അവർ. അവരെ സംബന്ധിച്ചു പറഞ്ഞാൽ അക്കാലത്തു് വിശ്വാസത്തിന്റെ തലത്തിൽ കരിന്തിരികത്തുകയായിരുന്നു. റെയിൽവേ കേന്ദ്രമാക്കിയും റെയിൽവേ ഉദ്യോഗസ്ഥന്മാരെ ഉദ്ദേശിച്ചും സ്ഥാപിക്കപ്പെട്ടിരുന്ന ഏതാനും പള്ളികൾ അന്നുണ്ടായിരുന്നു. വാർധാ, ബലാർഷാ, കാഗസ് നഗർ, ബലാംപള്ളി എന്നിവയാണാകേന്ദ്രങ്ങൾ. കേരളത്തെപ്പോലെ നാലുകിലോമീററർ ദൂരത്തിൽ നാലു പള്ളികളല്ല. നാനൂറുകിലോമീററിനുള്ളിൽ ഒരു പള്ളി എന്നായിരുന്നു കണക്കു്. ബലാർഷായിൽനിന്നു് ചാന്ദാ പട്ടണത്തിലേയ്ക്കു് 15 കിലോമീററർ ദൂരം വരും. ബലാർഷായിലെ ഇടിഞ്ഞുപൊളിഞ്ഞ വീടിന്റെ കാര്യം അന്യത്ര സൂചിപ്പിച്ചിട്ടുണ്ടല്ലൊ, കാര്യമായി സൂക്ഷിക്കാതിരുന്ന പള്ളിയും പള്ളിമുറിയായി ഉപയോഗിച്ചിരുന്ന വീടും അടിച്ചുവാരി വൃത്തിയാക്കി.

ആദ്യം എത്തിയ മിഷനറിമാർ എങ്ങോട്ടിറങ്ങണമെന്നു നോക്കി പകച്ചുനിന്നു. അവർ ഇറങ്ങിച്ചെന്നിടത്തു് കാര്യമായ വിജയം കണ്ടെത്തിയില്ല. വാർധാ ഡിസ്ട്രിക്ററിലെ പട്ടാളക്യാമ്പിൽ സ്കൂൾ നടത്താൻ ക്ഷണിക്കപ്പെട്ടതനുസരിച്ചു് ബ, സീഖാസച്ചന്റെ നേതൃത്വത്തിൽ മിഷന്റെ ആദ്യപരീക്ഷണം അരങ്ങേറി. പുൾഗാവു് എന്നായിരുന്നു ആ ക്യാമ്പിന്റെ പേരു്. തൃശ്ശൂരിൽനിന്നു് കമ്മലീത്താ കന്യാസ്ത്രീകൾ പഠിപ്പിക്കുവാനുമെത്തിയിരുന്നു. പക്ഷേ. നാട്ടുകാരുടെയും ഉദ്യോഗസ്ഥന്മാരുടെയും അനധികൃതമായ ഇടപെടലുകളും തൊഴുത്തിൽക്കുത്തുംകൊണ്ടു് ആ സംരംഭം മുളയിലേ കരിഞ്ഞുപോയി. അതുകൊണ്ടു് ആ സംരംഭം ഉപേക്ഷിക്കുവാൻ മിഷനറിമാർ നിർബ്ബന്ധിതരായി.

## ആദ്യക്രിസ്ത്യൻ സമൂഹം

ബലാർഷായിലും വാദ്ധായിലും ബലാംപള്ളിയിലും ക്രിസ്ത്യൻ സമൂഹമുണ്ടായിരുന്നുവെങ്കിലും അവരുടെ നില എല്ലാ വിധത്തിലും പരിതാപകരമായിരുന്നു. ഇടയനില്ലാത്ത ആട്ടകരംമാതിരിയായിരുന്നു അവർ. ശരിയായ നേതൃത്വവും നിർദ്ദേശവും ഇല്ലാതെ ചുററിത്തിരിഞ്ഞ അക്കൂട്ടരെ അന്യജാതിക്കാർപോലും വെറുത്തിരുന്നു. കളവും കലാപവും സ്ഥലത്തുണ്ടായാൽ പോലീസ് അന്വേഷിക്കുന്നതു് ആദ്യം ക്രിസ്ത്യാനികളെയായിരുന്നു ക്രിസ്ത്യാനി എന്നു പറഞ്ഞാൽ കുടിക്കാൻ വെച്ചുനീട്ടിയവെള്ളം കുടത്തിലേയ്ക്കുതന്നെ പോകുന്ന കഥയായിരുന്നുവെന്നു് ചുരുക്കം. ഇങ്ങനെ താറുമാറായി ജീവിച്ചിരുന്ന ക്രൈസ്തവരെ ചൈതന്യമുള്ളവരാക്കിത്തീർക്കുക മിഷനറിമാർക്കു് ശ്രമസാദ്ധ്യമായ കാര്യമായിരുന്നു. ഇന്നു് പഴയതരം ക്രിസ്ത്യാനികളെ ചാന്ദാമിഷനിൽ കണ്ടെത്താനാവില്ല.

### ഭാഷ

മഹാരാഷ്ട്രയുടെയും ആന്ധ്രയുടെയും അതിർത്തികരംകൂടുന്ന സംഗമസ്ഥാനമാണു് ചാന്ദാ. ഭാരതത്തിന്റെ മദ്ധ്യം എന്നു വേണമെങ്കിൽ വിളിക്കാം മഹാരാഷ്ട്രയുടെ മറാത്തിയും ആന്ധ്രയുടെ തെലുങ്കും രണ്ടും കലർത്തിയുള്ള ഒരുതരം ഹിന്ദിയും ഇവിടെ പ്രചാരത്തിലിരിക്കുന്നു. കേരളത്തിൽനിന്നു് ചെല്ലുന്ന ഒരു വ്യക്തിക്കു് അവരുടെ പ്രത്യേക ഉച്ചാരണത്തിന്റെ മുമ്പിൽ പകച്ചുനില്ക്കാനേ പററൂ. വല്ലതും തട്ടിക്കൂട്ടിപ്പറയാമെന്നുവച്ചാൽ കുമാരനാശാൻ പറഞ്ഞപോലെ :

''തന്നതില്ല പരന്നുള്ളകാട്ടുവാ–
നൊന്നുമേ നരനുപായമീശ്വരൻ
ഇന്നു ഭാഷയത പൂർണ്ണമിങ്ങഹൊ
വന്നുപോം പിഴയുമർത്ഥശങ്കയാൽ''

എന്ന രീതിയിൽ ഒരുപക്ഷേ, വിപരീതാർത്ഥത്തിൽ കലാശിച്ചുവെന്നും വരാം. വടക്കൻ മിഷനിൽ മിഷനറിമാർക്കു് ഭാഷ ഒരു വലിയ പ്രശ്നമെന്ന സത്യം മനസ്സിലാക്കിക്കഴിഞ്ഞിരിക്കയാണു്. ഭാഷ സ്വായത്തമാക്കിയാൽ മാത്രമേ അവിടുത്തെ ജനങ്ങളോടടുക്കുവാൻ സാധ്യമാവുകയുള്ളു. ചാന്ദായിൽ മററു ഭാഷകളും പ്രചാരത്തിലിരിക്കുന്നു. അവയിൽ ചിലതാണു് ആദിവാസികളുടെ ഭാഷയായ ഗോണ്ഡിയും മാഡിയായും.

**ജനങ്ങൾ**

ചാന്ദാ ഡിസ്ട്രിക്റ്റിൽ ആദിവാസികൾ താരതമ്യേന കൂടുതലാണ്. ഭാരത ഗവൺമെൻറിൻെറ പോളിസിയിലൂടെ ഇവിടേക്കു കടന്നുവന്ന ബംഗ്ലാദേശിലെ അഭയാൎത്ഥികളെ കുടിയിരുത്തിയിരിക്കുന്നതു് ചാന്ദാഡിസ്ട്രിക്റ്റിലാണ്. വനനിബിഡമായ ചാന്ദായിൽ വനോത്പന്നങ്ങൾ ശേഖരിച്ചും കൃഷിചെയ്തും ജീവിക്കുന്ന ആദിവാസികളിൽ മാഡിയാ, ഗോണ്ട് എന്നീവൎഗ്ഗക്കാർ ഉയൎന്ന ഗോത്രക്കാരാണെന്നു കണക്കാക്കപ്പെടുന്നു. കൂടാതെ പ്രധാൻ, ചമ്മാർ, ഡിംവർ എന്നിങ്ങനെ തൊഴിൽ അടിസ്ഥാനത്തിൽ ട്രൈബൽ വിഭാഗങ്ങളുമുണ്ട്. മഹാരാഷ്ട്രയുടെ ജനസംഖ്യയുടെ പകുതിയോളംവരുന്ന ഒരു കൂട്ടരുണ്ട്— മഹാർ ജാതിക്കാർ. അവരെ മഹാത്മാഗാന്ധി ഹരിജനങ്ങൾ (ദൈവജനം) എന്നു വിളിച്ചു. ഇവർ ഹിന്ദുമതക്കാരായിരുന്നു. മഹാനായ ഡോക്ടർ അംബദ്ക്കറിൻെറ നേതൃത്വത്തിൽ ഇക്കൂട്ടർ ഒന്നടങ്കം ബുദ്ധമതം സ്വീകരിച്ചു. കൂടാതെ ബ്രാഹ്മണർ, കുംഭി, കോമ്ടി, കോഷ്ടി, തേളി, മരാർ എന്നിങ്ങനെ തൊഴിൽ അടിസ്ഥാനത്തിൽ സവൎണ്ണഹിന്ദുക്കളും അധിവസിക്കുന്നു. ആന്ധ്രാവിഭാഗത്തിൽ റെഢി, റാവു തുടങ്ങിയ ഗോത്രക്കാരുണ്ട്. ചുരുക്കത്തിൽ ധനികരും ദരിദ്രരും, പണ്ഡിതരും പാമരരും, പരിഷ്കൃതരും അപരിഷ്കൃതരും, ബ്രാഹ്മണരും ശൂദ്രരും ഇടതിങ്ങി വസിക്കുന്ന ഒരു സ്ഥലമാണ് ചാന്ദാ. കാലാവസ്ഥയുടെ പോക്കുവരവനുസരിച്ചുമാത്രം കൃഷിയിറക്കുന്ന സാധുക്കളായ കർഷകരെ സഹായിക്കുകയെന്നതു് മിഷനറിമാൎക്കുള്ള ഒരു പ്രധാന ജോലിയാണ്.

മേലേക്കിടയിലുള്ളവൎക്കു് മിഷനറിമാരുടെ സഹായം ആവശ്യമില്ല. സ്കൂളുകളിൽനിന്നും മററു സാംസ്കാരികകേന്ദ്രങ്ങളിൽനിന്നും ആനുകൂല്യങ്ങൾ കൈക്കൊള്ളുന്ന അക്കൂട്ടർ മിഷനറിമാരുടെ സാമൂഹികസേവനങ്ങളെ പകുതിയടഞ്ഞ കണ്ണുകളോടെ വീക്ഷിക്കുക പതിവാണ്. സാധുക്കൾ മാനസാന്തരപ്പെട്ടു സംസ്കാരത്തിൽ ഉയൎന്നുവന്നാൽ സമ്പന്നന്മാരുടെ നിലനില്പിനു് അതു് ഒരു ഭീഷണിയാവുകയില്ലേയെന്നു് ചിന്തിക്കുന്ന ജന്മികളും മുതലാളന്മാരുമുണ്ട്. ബ്രാഹ്മണർ പുരോഹിതവർഗ്ഗമായറിയപ്പെടുന്നു. കുംഭികൾ മിക്കവാറും കൃഷിക്കാരായി വസിക്കുന്നു. കോമ്ടി, കോഷ്ടികൾ പൊതുവെ സർക്കാർ ജീവനക്കാരാണ്. ബിസിനസ്സിനും ഇത്തരക്കാർ നൈപുണ്യമുള്ളവരാണ്. പണം പലിശയ്ക്കുകൊടുക്കുക, തുണി നെയ്യുക തുടങ്ങിയ ജോലിയും ഇക്കൂട്ടർ ചെയ്യും. തേളിവർഗ്ഗക്കാർ എണ്ണ

ക്കച്ചവടത്തിനു പേരുകേട്ടവരാണ്; മരാർ ജാതിക്കാർ പച്ചക്കറി കൃഷിയും കച്ചവടവുമായി നടക്കുന്നു. പട്ടണപ്രദേശങ്ങളിൽ വ്യാപാരികളായി നടക്കുന്ന മുസ്ലീമുകളും ഉണ്ട്. ചാന്ദാ പട്ടണത്തിൽ അവരുടെ സംഖ്യ ഏതാണ്ട് ഹിന്ദുക്കളുടെ ഒപ്പമെത്തും.

## വികസനപദ്ധതി

ആദ്യത്തെ വികസനപരിപാടിയായി 1962–ൽ തുടങ്ങിയ ഇംഗ്ലീഷ് മീഡിയം സ്കൂൾ എന്ന കാൽവയ്പ് പിഴച്ചുപോയെങ്കിലും പിന്നീടും ആ ലൈനിൽത്തന്നെ മുന്നേറാൻ തീരുമാനിച്ചു. ബലാർഷായിൽ നിന്നു് 100 കി. മീ ദൂരെയുള്ള കാഗസ്നഗറിൽ രണ്ടാമത്തെ കാൽവയ്പ് നടത്തി. ഒട്ടും പിഴച്ചില്ല. അവിടെ ഒരു ചെറു കെട്ടിടത്തിൽ നാഗപ്പൂരിൽനിന്നുള്ള ഹോളിക്രോസ് സിസ്റ്റേഴ്സ് നടത്തിയിരുന്ന ഡിസ്പെൻസറിയും, സ്കൂളും കമ്മലീത്താ കന്യാസ്ത്രീകൾ (തൃശ്ശൂർ) ഏറ്റെടുത്തതോടെ ചാന്ദാ മിഷനിലെ വിദ്യാഭ്യാസ പ്രവർത്തനത്തിനു് ഒരു നല്ല തുടക്കംകുറിച്ചു. സ്കൂളിനും പള്ളിക്കും ഡിസ്പെൻസറിക്കും എല്ലാമായി ഉണ്ടായിരുന്നതു് ഒരു ചെറു കെട്ടിടമായിരുന്നു അന്നു് തുടന്നു് മന്ദമാരി, അദിലബാദ്, എന്നീ സ്ഥലങ്ങളിൽ നാട്ടുകാരുടേയും സർക്കാർ അധികാരികളുടേയും ആവശ്യപ്രകാരവും പ്രോത്സാഹനവുംകൊണ്ടു് സ്കൂൾ തുടങ്ങാനും പുരോഗമിപ്പിക്കുവാനും കഴിഞ്ഞിട്ടുണ്ട്. മന്ദമാരിയിൽ കൽക്കരിഖനിപ്രവർത്തകരും അദിലബാദിൽ കളക്ടർവഴി നഗരാധിപരും സ്കൂളിനുള്ള സ്ഥലവും പ്രാരംഭ സഹായവും ചെയ്തു. അതിനുശേഷം ചാന്ദാ, വാദ്ധാ, ബലാർഷാ, ബ്രഹ്മപുരി, ഹിൻഗൻഗട്ട്, മഞ്ചേരിയാൽ എന്നീ സ്ഥലങ്ങളിലും ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ സമാരംഭിച്ചു. ജനങ്ങളുമായുള്ള സമ്പർക്കത്തിനു് ഇതു് ഒട്ടേറെ സഹായിക്കുകയും ചെയ്തു. ഇന്നു് 15_ൽ അധികം സ്കൂളുകൾ ചാന്ദാരൂപതയിലുണ്ട്. കൂടാതെ ഇവയോടൊന്നിച്ചു് പ്രാദേശികഭാഷയിൽ ഉള്ള നാലു് സ്കൂളുകളും നടത്തിപ്പോരുന്നുണ്ട്.

## ഗ്രാമോദ്ധാരണപരിപാടി

റയിൽവേകേന്ദ്രങ്ങളിലെ പള്ളികളിലും സ്കൂളുകളിലും ഒതുങ്ങിക്കൂടിയാൽ സഭ വളരുകയില്ല. ചുററുമുള്ള ഗ്രാമവാസികളുമായി സമ്പർക്കം പുലർത്തിയാൽ മാത്രമേ മിശിഹായുടെ സഭ വളരുകയുള്ളു. ഇക്കാര്യം സകലർക്കും ബോദ്ധ്യമായിരുന്നു. 1964 വരെ കാര്യമായൊന്നുംതന്നെ ഈ രംഗത്തു് കാഴ്ചവയ്ക്കാൻ കഴിഞ്ഞില്ല. ദീർഘമായ ചിന്തയുടെയും പ്രാർത്ഥനയുടെയും ഫലമായി ചില സുചിന്തിത തീരുമാനങ്ങളിലെത്താൻ വന്ദ്യ പിതാവിനും സഹപ്രവർത്തകർക്കും കഴിഞ്ഞു. വില്ലേജുകളിൽ തുടങ്ങി പട്ടണങ്ങളിലേയ്ക്കു് എന്ന മാർഗ്ഗം അവലംബിച്ചു്, വനത്തിനുള്ളിലൂടെതന്നെ കടന്നുചെന്നു് സ്റ്റേഷനുകൾ സ്ഥാപിക്കുകയും അവഗണിക്കപ്പെട്ട ജനങ്ങൾക്കു് രക്ഷയുടെ മാർഗ്ഗവും സംസ്കാരത്തിന്റെ ചിന്തകളും പകർന്നുകൊടുക്കുക എന്ന തത്വത്തിൽ നിന്നു പ്രവർത്തിച്ചുതുടങ്ങി പക്ഷേ, ആദ്യമാദ്യം ചില വർഗ്ഗീയ കക്ഷികളിൽനിന്നു് എതിർപ്പും വിരോധവും നേരിടേണ്ടി വന്നിട്ടുണ്ടു്. ആർ.എസ്സ്.എസ്സ്., ജനസംഘം തുടങ്ങിയ സംഘടനക്കാർ പത്രങ്ങൾ വഴിയായും പ്രസംഗങ്ങൾ വഴിയായും മിഷനറിമാരുടെ പ്രവർത്തനങ്ങളെ തടയാൻ ഒരു ശ്രമം നടത്തിനോക്കി. എന്നാൽ മലവെള്ളപ്പാച്ചിൽപോലെ ആഞ്ഞടിച്ച ദൈവവചനത്തിന്റെ ഒഴുക്കിൽ എല്ലാ എതിർപ്പുകളും അസ്തമിക്കുകയായിരുന്നു. സ്ഥലവാസികളിൽനിന്നു് ക്രിസ്ത്യാനികളധികമില്ലെന്നുകണ്ട ബിഷപ്പ് എവുജിൻ ഡിസൂസാ ഒരിക്കൽ പറഞ്ഞു കേരളത്തിൽനിന്നു് ക്രിസ്ത്യാനികളെ ചാന്ദായിലേയ്ക്കു കുടിയേററിപ്പാർപ്പിക്കരുതോ എന്നു്. ബിഷപ്പ് ജനുവാരിയൂസിനു് ആ അഭിപ്രായം ഒട്ടുംതന്നെ സ്വീകാര്യമായില്ല. അന്നത്തെ കേരളഗവൺമെൻറിലെ ചില പ്രമുഖന്മാർ ബിഷപ്പിനോടു ചോദിച്ചു, കുറെ കേരളീയരെ ചാന്ദായിലേയ്ക്കു് കൊണ്ടുപോയി പാർപ്പിച്ചുകൂടേയെന്നു്. അതിനും അദ്ദേഹത്തിൽനിന്നു് നിഷേധാത്മകമായ മറുപടിയാണുണ്ടായതു്. സ്ഥലത്തെ ആളുകളെ പഠിപ്പിച്ചു് സഭ അവിടെ സ്ഥാപിക്കുകയെന്നതാണു് പ്രധാനം. അവിടെ ദൈവവചനം വിതച്ചു് നല്ലഫലങ്ങൾ ഉദ്പാദിപ്പിക്കുകയെന്ന കാര്യത്തിൽ അദ്ദേഹം ഉറച്ചുനിന്നു. തന്നെയുമല്ല ചാന്ദായിലെ കൃഷി, മഴയെ ആശ്രയിച്ചു നില്ക്കുന്നു. കപ്പയും റബറും തെങ്ങും കമുകും അവിടെ വളരുകയില്ല, വ്യവസായപരമായി നീങ്ങാൻ സാഹചര്യവുമില്ല ഈവകകാരണങ്ങളാൽ കേരളക്കാരെ കുടിയേററുന്ന പ്രശ്നം പിന്നെ പൊന്തിവന്നില്ല. തന്നെയുമല്ല അങ്ങനെ കുടിയേററക്കാരെക്കൊണ്ടു് മിഷൻ പ്രദേശം നിറച്ചു് ക്രിസ്ത്യാനികളുടെ സംഖ്യയിൽ വർദ്ധനവു് വരുത്തുന്നതിൽ അർത്ഥവും കണ്ടില്ല.

## ഒരുപരീക്ഷണം

1964–ലെ ഒരു സുപ്രഭാതം. അന്ന് വിത്രൂരിലെ ഗ്രാമത്തിലുള്ള ഒരുചെറുകുടിലിലേക്ക് ബ. റെമീജി അച്ചൻ താമസം മാററി. അതൊരു പരീക്ഷണമായിരുന്നു. അവിടെ ജനമദ്ധ്യത്തിൽ കഴിഞ്ഞുകൂടിയപ്പോഠം ആളുകളുടെ ആവശ്യങ്ങളും അഭിലാഷങ്ങളും മനസ്സിലാക്കുവാനും ഗ്രാമങ്ങളിലേക്ക കടന്നു ചെല്ലാനുള്ള സാധ്യതകഠം കണ്ടുപിടിക്കാനും സാധിച്ചു. പാവങ്ങഠം എന്നും പാവങ്ങളായിക്കഴിയുന്ന സ്ഥിതിവിശേഷമാണുള്ളത്. പണക്കാരും കുത്തക മുതലാളിമാരും പാവങ്ങളെ പലവിധത്തിൽ ചൂഷണം ചെയ്തിരുന്നു. ചൂഷിതരെ വിമോചിപ്പിക്കേണ്ടതിൻെറ ആവശ്യകത തെളിഞ്ഞു. പണത്തിൻെറ അഭാവം ഗ്രാമോദ്ധാരണ പരിപാടികളെ ദോഷകരമായി ബാധിച്ചു. വിദേശസഹായം അന്ന് ലഭ്യമായിരുന്നുമില്ല.

ആതുര സേവനവും ചികിത്സയും നമ്മുടെ മതത്തിൻെറ ഭാഗമാണെന്നു വിശ്വസിച്ച ജനങ്ങഠം എല്ലായിടത്തും ആശുപത്രികഠം തുറക്കാൻ ആവശ്യപ്പെടുകയായി. വിത്രൂരിൽ ഒരാശുപത്രി തുറന്നു. ഇന്ന് ആയിരത്തോളം ക്രിസ്ത്യാനികളുള്ള സ്ഥലമാണത് ആശുപത്രിയുടെ തണലിൽ മൊബൈൽ ക്ലിനിക്കിൻെറ സഹായം 40 വില്ലേജുകളിൽ ലഭിക്കുന്നുണ്ട്, അവിടെ പള്ളിയുണ്ട്. യാത്രാസൗകര്യം കുറവല്ല. നൂറോളം കുട്ടികളെ വിദ്യാഭ്യാസംചെയ്യിക്കുന്ന ബോർഡിംഗും ഉണ്ട് ചുണങ്ങംവേലിമഠംകാരുടെ ഒരു സ്ഥാപനം ഉണ്ടവിടെ. ബോർഡിംഗ്, ആശുപത്രി, ഗ്രാമങ്ങഠം തുടങ്ങിയ രംഗങ്ങളിൽ സിസ്റ്റേഴ്സ് സേവനം അനുഷ്ഠിക്കുന്നു. വൈദികർ സ്ഥിരതാമസമുണ്ട്. അവർ നേതൃത്വം നൽകുന്ന വിത്രൂരിലെപ്പോലെയുള്ള ആശുപത്രികഠം ചാന്ദായുടെ നാനാഭാഗത്തും രൂപം കൊണ്ടുകഴിഞ്ഞു. ഒരു കത്തോലിക്കൻപോലുമില്ലായിരുന്ന സ്ഥലമായിരുന്നു വിത്രൂർ. ഒരുവശത്ത് നദി. മറുവശത്ത് വനം. വല്ലപ്പോഴും ഒരു തീവണ്ടി എത്തിയിരുന്നു. അവഗണിക്കപ്പെട്ടിരുന്ന അവിടം പട്ടണപ്രതീതിയോടെ വളൻവരുന്നു. അതിൻെറ കീഴിൽ 3 മിഷൻ സെൻററുകളും മൂന്നു മഠങ്ങളും ഉണ്ടായി. രോഗംകൊണ്ടു കഷ്ടപ്പെടുന്നവരെ നാട്ടുമുറ അനുസരിച്ചുള്ള ചികിത്സാവിധിക്കു വിട്ടുകൊടുത്തിട്ടു പററിയില്ലെങ്കിൽ മരണദേവന് കൈവിടുക പതിവായിരുന്ന അപരിഷ്കൃതരായ മനുഷ്യർ ഇന്നു മനസ്സിലാക്കിവരികയാണ്, വിദഗ്ദ്ധചികിത്സകൊണ്ട് മരണദേവനെ മുട്ടുകുത്തിക്കാമെന്ന്. വൈദിക

രെയും കന്യാസ്ത്രീകളേയും ഗ്രാമവാസികളെന്നല്ല നാട്ടുകാർ മുഴുവൻ ആദരിക്കുന്നു. ആതുരശുശ്രൂഷാരംഗത്തു് പലേ പദ്ധതികളും നടന്നുകൊണ്ടിരിക്കയാണു്. ബ്രഹ്മപുരിയിൽ ഒരു ഒന്നാംകിട ആശുപത്രി രൂപംകൊണ്ടുവരുന്നു. രൂപതയിലെ ചെറിയ ആശുപത്രികളിലും ഡിസ്പെൻസറികളിലുംനിന്നു് വരുന്ന കേസുകൾ ഗവേഷണരൂപേണ പഠിച്ചു് വിധികല്പിക്കാൻ പോരുന്ന എല്ലാ സംവിധാനങ്ങളും ഇവിടെയുണ്ടാക്കാനാണു് പ്ലാൻ ബ്രഹ്മപുരിസ്റ്റേഷന്റെ വളർച്ചയിലെ നൊമ്പരവും ഇമ്പവും ഫാ ഡാൻ തോട്ടക്കര പലയിടത്തും പ്രതിപാദിക്കാറുണ്ടു്. ഗ്രാമപ്രദേശത്തെ ദരിദ്രലക്ഷങ്ങളെ ലക്ഷ്യമാക്കിയാണു് ആശുപത്രികൾ പ്രവർത്തിക്കുക. മിഷൻ രൂപതയും ഗവൺമെന്റുമായി നല്ല ബന്ധമാണുള്ളതു്. ഗവ. നിന്നു് സഹായങ്ങളും ലഭിക്കുന്നുണ്ടു്. ചില രാഷ്ട്രീയ കക്ഷികളൊഴിച്ചു് ആക്കും മാനസാന്തരജോലിക്കു തടസ്സവുമില്ല

മുൻപറഞ്ഞതുപോലെ ദാരിദ്ര്യത്തിലും ദുഃഖത്തിലും കഴിയുന്ന ജനലക്ഷങ്ങളിലേക്കിറങ്ങാൻ ധനസഹായപദ്ധതികൾ കണ്ടുപിടിക്കുന്നതിനു മുമ്പായി മിഷനറിമാർ രൂപതമുഴവനിലും വ്യാപകമായവിധത്തിൽ മിഷൻ സെൻററുകൾ സ്ഥാപിച്ചു തുടങ്ങി. അതു് ഒരു വൻ നേട്ടമായി കണക്കാക്കാം. ഇതിനു വേണ്ട സ്ഥലംവാങ്ങുക, ചെറിയതോതിൽ താമസസൗകര്യം ഉണ്ടാക്കുക എന്നതു് 1966_ൽ സംഘടിപ്പിച്ച പദ്ധതിയാണു്. ഇങ്ങനെ സ്ഥാപിതമായ 32 കേന്ദ്രങ്ങൾ ഇപ്പോൾ ഉണ്ടു്. ഈ കേന്ദ്രങ്ങൾ എല്ലാം അഭിവന്ദ്യപിതാവിന്റെ ദീർഘദൃഷ്ടിയുടെയും മററു മിഷനറിമാരുടെ ത്യാഗോജ്വലമായ ജനസമ്പക്കത്തിന്റെയും ഫലമായാണു് ഉരുത്തിരിഞ്ഞതു്.

## ജനസമ്പക്കം

മനുഷ്യരുമായി ഇടപഴകുക; സമ്പക്കത്തിലേർപ്പെടുക. അതൊരു കലയാണു്. ''സംസൎഗ്ഗജാദോഷഗുണഭവന്തി'' _ സമ്പക്കംകൊണ്ടേ ഗുണവും ദോഷവും മനസ്സിലാവുകയുള്ളു _ എന്നു പറയുന്നതുപോലെ ജനങ്ങളുമായി അടുത്തിടപഴകുകയും അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കുകയും ചെയ്യുമ്പോൾ മാത്രമേ ഗുണദോഷങ്ങൾ വിവേചിക്കാൻ പററുകയുള്ളു. ഒരു സ്ഥലത്തുപോയി മതപ്രസംഗം നടത്തിയാൽ ചിലരെല്ലാം കൂടുതൽ വിവരങ്ങൾ അറിയാനും ബൈബിൾ വാങ്ങുവാനുമായിവരും. ഭാഷയിലുള്ള പ്രാഗൽഭ്യക്കുറവുകൊണ്ടു് ആദ്യകാലങ്ങളിൽ ജന

ങ്ങളോട് ഇടപഴകാനും പ്രസംഗം ചെയ്യാനും മിഷനറിമാക്ക് വളരെ ക്ലേശിക്കേണ്ടിവന്നു അതുകൊണ്ട് സമ്പക്മാധ്യമം ചികിത്സയും, സി. ആർ. എസ്, കാരിത്താസ് തുടങ്ങിയ സഹായസംഘടനകളുടെ വികസനപരിപാടികളുമായി നീങ്ങി. ഇതു് നിസ്വാത്ഥമായി കൈകാര്യം ചെയ്യതോടെ മതപരമായ ജിജ്ഞാസയും ജനങ്ങളിൽ ഉണന്നു ക്രമേണ ഭാഷ സ്വായത്തമായതോടെ മിഷനറിമാക്ക് ജനസമ്പക്കം കൂടുതൽ എളുപ്പവുമായിബ്ഭവിച്ചു. ഇന്നു് പതിനാലായിരത്തിൽപരം കത്തോലിക്കർ ഈ മിഷൻ പ്രദേശത്തുണ്ട്. അവരെ വിശ്വാസത്തിൽ ഉറപ്പിക്കുവാനും സാമ്പത്തികമായും ആരോഗ്യപരമായും അഭിവൃദ്ധിപ്പെടുത്താനുമുള്ള ക്ഷേമപ്രവത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പാക്കിവരികയാണു്. ബോയ്സ്ഹോം മോഡലിൽ ഇവിടെ 24 കേന്ദ്രങ്ങളിൽ കുട്ടികളെ വളത്തി പഠിപ്പിച്ചു് സഭയുടെ ഭാവിപൗരന്മാരായി വാത്തെടുക്കുന്ന പദ്ധതി വിജയപ്രദമായി നടന്നുവരികയാണു്. മിഷൻ കേന്ദ്രങ്ങളിൽ ജ്ഞാനസ്നാനപ്പെട്ടവരുടെ മക്കളാണവരെല്ലാം. വൈദികർ ആൺകുട്ടികളേയും കന്യാസ്ത്രീകൾ പെൺകുട്ടികളേയും സംരക്ഷിക്കുന്നു. ആയിരത്തിഅഞ്ഞൂറോളം കുട്ടികൾ ഇങ്ങനെ വളന്നുവരുന്നുണ്ട്. മാമ്മോദീസാ സ്വീകരിക്കുന്നവരേയും, അവരുടെ കുട്ടികളേയും എല്ലാവിധത്തിലും സഹായിക്കാനും അഭിവൃദ്ധിപ്പെടുത്താനുമുള്ള സംവിധാനങ്ങൾ രൂപതയിലുണ്ട്. ചാന്ദാ ഒരു മിഷൻ രൂപതയല്ലാതാകുന്ന കാലം അകലെയാണെങ്കിലും സകലവിധേനയും സ്വയംപര്യാപ്തതയിലേയ്ക്കു നീങ്ങുകയാണതു്.

ഇപ്പോഴത്തെ പ്രഥമവും പ്രധാനവുമായ ലക്ഷ്യം, പുത്തൻ ക്രൈസ്തവസമൂഹത്തെ യഥാത്ഥമായ ക്രിസ്തീയചൈതന്യത്തിൽ വളർത്തുകയെന്നതാണു്. അതിനു് തീവ്രയത്നപരിപാടികൾ പല വിഭാഗത്തിലും നടത്തപ്പെടുന്നു. ഉദാ. കുടുംബജീവിതം, കുടുംബപ്രാത്ഥന, ബൈബിൾപഠനം, ക്രിസ്തുവിനോടും അവിടുത്തെ പഠനങ്ങളോടുമുള്ള അടുപ്പവും ആദരവും. വ്യവസ്ഥയില്ലാതെ ക്ഷമിക്കാനും, വസ്തുവകകൾ പങ്കുവച്ചനുഭവിക്കാനും ജനങ്ങളെ പഠിപ്പിക്കുന്നു. സ്ഥലത്തെ സംസ്കാരത്തേയും ആചാരരീതികളേയും അഭംഗുരം പാലിച്ചുകൊണ്ടുതന്നെ അവരെ ക്രിസ്തുവിലേക്കടുപ്പിക്കുകയെന്നതാണു് കരണീയം. കുട്ടികളേയും പ്രായമായവരേയും ആരാധനക്രമം, ഭക്തഗാനങ്ങൾ, ഭജനഗാനങ്ങൾ, സ്വയംപ്രേരിതപ്രാത്ഥനകൾ തുടങ്ങിയവയിൽ അവഗാഹം ഉള്ളവരാക്കിത്തീക്കാൻ പരിശ്രമിക്കുന്നു. സാമൂഹികസേവനം, ക്യാമ്പുകൾ എന്നിവയിൽ പങ്കെടുപ്പിച്ചു് ജനങ്ങളെ സമൂഹജീവിതത്തിൻെറ പാഠങ്ങൾ പഠിപ്പിക്കുന്നു. 5 വ

യസ്സിൽ താഴെയുള്ള കുട്ടികളെ പരിരക്ഷിക്കാനുള്ള പദ്ധതിയും ഉണ്ട്. സ്കൂൾ ജീവിതം കഴിയുന്ന കുട്ടികൾക്ക തുടൻ പഠിക്കാനും അവക്ക ജോലി ഉണ്ടാക്കിക്കൊടുക്കാനും സഹായിക്കുന്നു.

ചുരുക്കത്തിൽ, ഇരുപതുവർഷത്തെ പരിചയസമ്പത്തും ആത്മധൈര്യവും കൈമുതലായി മുന്നേറുന്ന ചാന്ദാരൂപത മററു മിഷൻ രൂപതകൾക്ക മാതൃകയായ്ബ്ഭവിച്ചിരിക്കയാണ്. ചാന്ദാമിഷനിൽ പ്രവത്തിക്കുന്ന മിഷനറിമാരെ രൂപപ്പെടുത്തുന്നതു് പ്രോവിൻസ് എന്ന പവർ ഹൗസ് വഴിയാണ്. രൂപതയിൽ സി.എം.ഐ. ഭവനങ്ങളും ഒരു യോഗാത്ഥിഭവനവും ഉണ്ട്. പ്രൊവിൻഷ്യൽ ഫാ. ജോസഫ് മഞ്ഞളിയുടെ നേതൃത്വത്തിലും, അനുഭവസമ്പന്നരായ മിഷനറിമാരുടെ സഹകരണത്തിലും, വികസനപദ്ധതികളും, പ്രേഷിതവേലയും, അജപാലനവൃത്തിയും മുന്നേറുന്നു. 85% ആളുകളും പാവങ്ങളാണെങ്കിലും വ്യവസായപദ്ധതികളും ഇവിടെ ഉണ്ട്. കടലാസ്, കൽക്കരി, സിൽക്കതുണികൾ തുടങ്ങിയവ ഉണ്ടാക്കുന്ന വ്യവസായശാലകളുണ്ട്. സമാധാനത്തിനും അഹിംസയ്ക്കും ശാന്തിക്കുംവേണ്ടി വാദിക്കുന്ന വിനോബജിയുടെ ആശ്രമം ഒരുവശത്ത്; സകലത്തേയും തച്ചുടക്കാൻ പോരുന്ന മാരകായുധങ്ങൾ നിർമ്മിക്കുന്ന ബാണ്ടക്ക് ഫാക്ടറി മറുവശത്ത്. ഇങ്ങനെയുള്ള ഒരു പശ്ചാത്തലത്തിൽ ക്രിസ്തുവിനു സാക്ഷ്യംവഹിക്കുന്ന സി.എം.ഐ. മിഷനറിമാർ ജാഗ്രതയോടെ മുന്നേറുന്ന കഥയാണ് കേൾക്കുവാനുള്ളതു്. നക്സലൈററുകൾ, ആർ.എസ്.എസ്സുകാർ തുടങ്ങിയവർ വിപ്ലവകാഹളം മുഴക്കുന്നുവെങ്കിലും ചാന്ദാരൂപതയിലെ മിഷൻപ്രവത്തനങ്ങൾ ശാന്തമായി അതേസമയം ശക്തമായി മുന്നേറിക്കൊണ്ടിരിക്കുന്നു. ഓരോ പ്രദേശത്തും ജോലിചെയ്യുന്ന വൈദികരും കന്യാസ്ത്രികളും ഇടയ്ക്കിടയ്ക്ക് വന്ദ്യപിതാവിൻെറ അധ്യക്ഷതയിൽക്കൂടി പ്രവത്തനങ്ങളെ വിലയിരുത്തുകയും വിമർശിക്കുകയും പദ്ധതികൾ ആസൂത്രണം ചെയ്യുകയും ചെയ്യുന്നു. രൂപതമുഴവൻ ഈ സംവിധാനമുള്ളതുകൊണ്ട് എല്ലാവരും എല്ലാവരുടേയും കാര്യത്തിലും പ്രവത്തനത്തിലും ജാഗ്രതകാണിക്കുകയും സഹകരിക്കുകയും ചെയ്യാൻ ഇട നൽകുന്നുണ്ട്. ചൈതന്യവത്തും ചലനാത്മകവുമായ ദൈവികതയിൽ പങ്കുപററുന്ന അവസ്ഥാവിശേഷത്തോടെ പ്രവത്തനക്ഷമമാകുന്നതിനു് ഒരു മുദ്രാവാക്യവുമുണ്ട്:
"LET US SHARE EVERYTHING DYNAMICALLY DIVINE"
(Sambhajemahi Divyani") 'സംഭജേമഹി ദിവ്യാനി'

ചാന്ദാമിഷനിലെ എല്ലാ കേന്ദ്രങ്ങളേയും അവയുടെ ആരംഭചരിത്രങ്ങളേയും സമഗ്രമായി ഇവിടെ പ്രതിപാദിച്ചിട്ടില്ല. അറുപതുകളിൽ അവിടെ എത്തിയ മിഷനറിമാരുടെ കഷ്ടപ്പാടുകളും വൈതരണികളും വളരെയാണ്. സാന്ദർഭികമായി ചിലരേയും ചില രംഗങ്ങളേയും ഇവിടെ സ്പർശിച്ചിട്ടുണ്ട് എന്നുമാത്രം

## സ്ഥിതിവിവരം

| | | |
|---|---|---|
| വിസ്തൃതി | — | 48000 ച.കി.മീ. |
| ജനസംഖ്യ | — | 3700000 |
| കത്തോലിക്കർ | — | 14000 (1980–ൽ) |
| വൈദികർ | — | 62 |
| സെമ്മിനാരിക്കാർ | — | 40 |
| സഹോദരിമാർ | — | 164 |
| ഉപദേശികൾ | — | 44 |
| കേന്ദ്രങ്ങൾ | — | 30 |
| മഠങ്ങൾ | — | 24 |
| സ്കൂളുകൾ | — | 15 |
| ആശുപത്രികൾ | — | 7 |
| ഡിസ്പെൻസറികൾ | — | 6 |
| ബാലഭവനങ്ങൾ | — | 24 |
| അച്ചടിശാല | — | 1 |

**ആമുഖം**

രാത്രിയുടെ ഏകാന്തതയിൽ ആ മനുഷ്യൻ കയറിവന്നു ഉറക്കം പിടിച്ചിരുന്ന മിഷനറിയെ വിളിച്ചുണർത്തി. ''അച്ചൻ ഉടനടി വീട്ടിൽ വരെ വരണം. രോഗിക്ക് അന്ത്യകൂദാശ നല്കാനാണ്''. പുലർന്നിട്ടു പോരേയെന്നു വൈദികൻ അന്വേഷിച്ചു. അയാൾ സമ്മതിച്ചില്ല. അടുത്തുള്ള വില്ലേജിനെ ലക്ഷ്യമാക്കി അദ്ദേഹം ആ രാത്രിയിലെ മരം കോച്ചുന്ന തണുപ്പിൽ നടന്നു. വീട്ടിൽ കയറിയതേയുള്ളു, കടിച്ചുതിന്നുന്ന ചെന്നായ്ക്കളെപ്പോലെ ചിലർ ചീറിയടുത്തു വിളിക്കാൻ വന്ന മനുഷ്യനും അവരോടൊത്തുകൂടി. അവർ ഒന്നിച്ചു പറഞ്ഞു ''ഒപ്രുശുമ ഞങ്ങൾക്കാർക്കും ആവശ്യമില്ല, അച്ചനു് ഒപ്രുശുമ തരാൻ പോവുകയാണ് ഒരുങ്ങിക്കൊള്ളുക''. പിശാചിനും കടലിനും ഇടയ്ക്ക് പെട്ടവനെപ്പോലെ അച്ചൻ അന്ധാളിച്ചു നിന്നു. വീട്ടിലുള്ളവർ കലി തുള്ളിനില്ക്കുയാണ്. ''തന്നെ ഞങ്ങൾ വെട്ടിക്കണ്ടിക്കും. കഷണം കഷണമായി ഇവിടെ ഇടും. ഞങ്ങൾ പറയുന്ന കാര്യങ്ങൾ സമ്മതിച്ചാൽ ജീവനോടേ പോകാം'' അവർ വിധി കല്പിച്ചു. ഭീഷണിക്കു മുമ്പിൽ വിപദി ധൈര്യം കാണിച്ച വൈദികൻ എങ്ങനെയോ പുറത്തിറങ്ങി ഓടി പള്ളിയിലെത്തി. 100 കൊല്ലത്തിലേറെ പഴക്കമുള്ള ഷാമ്പൂര ഇടവകയാണ് രംഗം. സാഗാറിന്റെ തിലകക്കുറി പോലെ പ്രകാശിക്കുന്ന ഷാമ്പൂരയിലെ പാരമ്പര്യമുള്ള ക്രിസ്ത്യാനികളിൽ ചിലർ വൈദികനോട് പക പോക്കാൻ നോക്കിയ കഥയാണ് മുകളിൽക്കണ്ടതു്.

പാസ്കലച്ചനാണ് ഈ അനുഭവം ഉണ്ടായതു്. പ്രതികാരം ചോദിക്കണമെന്നു് പലരും അദ്ദേഹത്തോടു പറഞ്ഞു ''ക്ഷമിക്കു; വരേണ്ടതു് വഴിയിൽത്തങ്ങുകയില്ല'' അദ്ദേഹം പറഞ്ഞു. ദിവസങ്ങൾ പിന്നിട്ടു. ഒപ്രുശുമക്കു വിളിച്ച മനുഷ്യൻ പെട്ടെന്നു മരിച്ചു. അധികം കഴിഞ്ഞില്ല. അയാളുടെ മകൻ സാഗാർ പട്ടണത്തിന്റെ ഹൃദയഭാഗത്തു വച്ച് വാഹനാപകടത്തിൽപ്പെട്ടു. കഷണം കഷണമായി ശരീരം വേർപെട്ടുകിടന്നു. ദൈവശാപം അവരുടെ മേൽ പതിച്ചുവെന്നു് ഓർത്തു് ജീവിച്ചിരിക്കുന്ന കുടുംബാംഗങ്ങൾ ഒന്നടങ്കം വന്നു് മിഷനറിയുടെ കാലുപിടിച്ചു പൊറുതി പറഞ്ഞു. പള്ളിയിൽക്കയറി ഹൃദയം നൊന്തു പ്രാർത്ഥിച്ചു. മററു വൈദികരോടും കന്യാസ്ത്രീകളോടും മാപ്പു പറഞ്ഞു. അനുസരണവും സ്നേഹവും ദൈവപേടിയുമുള്ള മാനുഷ്യരായിത്തീർന്നിരിക്കയാണ് ആ ഗ്രാമവാസികളിന്നു്. ക്രൈസ്തവികതയുടെ അന്തസ്സത്ത നഷ്ടപ്പെട്ട് പുറജാതികളേക്കാൾ കൂടുതൽ മോശമായി ജീവിക്കുന്ന ആദിവാ



മാർ ക്ലമൻറ്



പിതാവിന്നു സ്വാഗതം



അർപ്പണ വിനാഴിക

സി ക്രിസ്ത്യാനികളുടെ രൂപമാണ് നാം കണ്ടതു്. സാഗാർ ആദിവാസകേന്ദ്രമല്ലെങ്കിലും അക്കൂട്ടരും ഉണ്ട്. സമൃദ്ധിയുടെ മടിത്തട്ടിൽ വിഹരിക്കുന്ന കുബേരന്മാർ ഒരുവശത്തു്. ബീഡിയിലക്കച്ചവടം വൻതോതിൽ നടത്തി കൊള്ളലാഭം എടുക്കുന്ന പ്രമാണികളും ഛോട്ടാനേതാക്കളും അവിടെയുണ്ട്. പാരാവാരംപോലെ പരന്നുകിടക്കുന്ന വയലുകളിൽ ഗോതമ്പു വിളയുന്നു. നിരത്തുകളിൽ ജീവികളായ ജീവികളെല്ലാം മനുഷ്യരോടൊത്തു ഭാരം വഹിക്കുകയും മനുഷ്യരെ വഹിക്കുകയും ചെയ്യുന്നു.

## ഒരെത്തിനോട്ടം

കേരളത്തിലെ സി. എം. ഐ. സഭയ്ക്കു ലഭിക്കുന്ന രണ്ടാമത്തെ മിഷൻ രൂപതയാണ് സാഗാർ. 1968 ജൂലൈ 29–നു് ആണ് അതിൻെറ തുടക്കം. ബോപ്പാൽ രൂപതയുടെ കീഴിലുണ്ടായിരുന്ന ഈ പ്രദേശത്തു് നോർബെർട്ടൈൻ വൈദീകർ പ്രേഷിതജോലി ചെയ്തിരുന്നു. അതിനുമുമ്പു് ഫ്രാൻസിസ്കൻ വൈദികരുംപ്രവർത്തിച്ചിട്ടുണ്ട്. ഊർജ്ജസ്വലനും വിശാല ഹൃദയനുമായ ബിഷപ്പ് എവുജിൻ ഡിസൂസായുടെ വിദഗ്ദ്ധമായ നീക്കമാണ് സാഗാർ രൂപതയുടെ ആവിർഭാവത്തിനു തുടക്കംകുറിച്ചതു്. ബോപ്പാൽ അതിരൂപതയുടെ മാലുമിയായ് അദ്ദേഹം. ആറു് സിവിൽഡിസ്ട്രിക്റ്റുകളുള്ള ബോപ്പാൽരൂപതയിലെ സാഗാർ, റെയ്സൻ, വിദീഷ എന്നീ മൂന്നു ഡിസ്ട്രിക്റ്റുകൾ വേർതിരിച്ച് ആദ്യം ഒരു പ്രത്യേക യൂണിററാക്കിയശേഷം റോമിൻെറ അനുവാദത്തോടെ സി എം.ഐ.സഭയെ ഏല്പിക്കുകയാണുണ്ടായതു്.

ദേവമാതാപ്രോവിൻസിൻെറ പ്രൊവിൻഷ്യാൾ സ്ഥാനം വഹിച്ചിരുന്ന ബ. ക്ലെമൻറു തോട്ടുങ്കലച്ചനെ സാഗാറിൻെറ എക്സാർക്കായി പ. സിംഹാസനം നിശ്ചയിച്ചു. 1968 ഒക്ടോബർ 20–നു് അദ്ദേഹം പ്രൊവിൻഷ്യൽസ്ഥാനം വിട്ടൊഴിഞ്ഞു. പിറെറദിവസം ഫാ. പോൾ കോഴിപ്പാട്ടുമൊന്നിച്ച് സാഗാറിനു തിരിച്ചു. 1968 നവംബർ ഒന്നാംതീയതി ലളിതമായ ചടങ്ങുകളോടെ സാഗാറിൻെറ എക്സാർക്ക് സ്ഥാനം ഏറെറടുത്തു. ദിവസങ്ങൾക്കുള്ളിൽ സഹപ്രവർത്തകരും എത്തിച്ചേർന്നു. മിഷനറിപ്രവർത്തനത്തിൽ പരിണതപ്രജ്ഞരായവരും അക്കൂട്ടത്തിലുണ്ടായിരുന്നു. ബ. കാസിയൂസ്, പപ്പിയാസ്, ബേസിൽ, റെയ്മണ്ട്, സൈമൺസ്റ്റോക്ക്, ആൻറണി ഈട്ടിക്കൽ, ജോസഫ്, ജെറാൾഡ് എന്നീ വൈദികരും ബ. ബ്രദർ

വിൻസൻറും അക്കൂട്ടത്തിൽപ്പെടുന്നു. രണ്ടുമാസത്തിനുള്ളിൽ 'ഇൻത്കേരി' എന്ന സ്ഥലത്ത് ഒരു ദേവാലയം തിരുക്കുടുംബത്തിൻെറ നാമത്തിൽ പണിതു. റെയ്സൻ ഡിസ്ട്രിക്ടിലാണതു്. ഇൻഡ്യയിലെ അപ്പസ്റ്റോലിക്ക് പ്രൊന്യുൻഷ്യൊ ആയിരുന്ന അഭിവന്ദ്യ കാപ്രിയൊ (ഇന്നു് അദ്ദേഹം കർദ്ദിനാളാണ്) ഈ പള്ളിയുടെ വെഞ്ചിരിപ്പുകർമ്മം നടത്തി. അന്നു തന്നെ (1969 ജനുവരി 6) എക്സാർക്കേററിൻെറ ഔപചാരികമായ ഉദ്ഘാടനം സാഗാറിൽവച്ചു അഭിവന്ദ്യ കാപ്രിയോ തിരുമേനി നിർവ്വഹിക്കുകയും ചെയ്തു. തദവസരത്തിൽ, ബോപ്പാൽ ആർച്ച്ബിഷപ്പ് യൂജിൻ ഡിസൂസ, ബിഷപ്പ് സെവറാൻ, ജബൽപൂർ ബിഷപ്പ് ലിയോബാറഡ് ഡിസൂസ, ചാന്ദാ എക്സാർക്ക് മോൺ. ജനുവാരിയൂസ്, സി.എം.ഐ. പ്രിയോർ ജനറാൾ ഫാദർ കനീഷ്യയസ് തുടങ്ങി ഒട്ടേറെ വൈദികരും മിഷനറിമാരും, സിസ്റ്റേഴ്സും സന്നിഹിതരായിരുന്നു. 1970 ഏപ്രിൽ 12-നു്, ദേവമാതാപ്രോവിൻസിൻെറ അപേക്ഷ പ്രകാരം, ജനറൽ കൗൺസിൽ, സാഗാർ എക്സാർക്കേററു് ദേവമാതാപ്രോവിൻസിനെ ഏല്പിച്ചു. ക്രമേണ മററു പ്രോവിൻസുകാരായിരുന്ന സ്ഥലത്തെ മിഷനറിമാർ സ്വന്ത പ്രോവിൻസുകളിലേയ്ക്കു തിരിക്കുകയും തൽസ്ഥാനത്തു് ദേവമാതാപ്രോവിൻസിലെ വൈദികർ വന്നുചേരുകയും ചെയ്തു.

1973 ഏപ്രിൽ 2-ാം തീയതി പരിശുദ്ധസിംഹാസനം ആജ്മീർ-ജയ്പൂർ രൂപതാതിർത്തിയിൽപ്പെട്ട 'ഗുണാ' ഡിസ്ട്രിക്ററുകൂടി സാഗാർ എക്സാർക്കേററിനോടു ചേർത്തു. അങ്ങനെ നാലു സിവിൽ ഡിസ്ട്രിക്ററുകളുൾപ്പെട്ടു് മദ്ധ്യപ്രദേശിലെ സാഗാർ മിഷൻ ഒരു യൂണിററായിത്തീന്നു. 10,255 ചതുരശ്രമൈൽ വിസ്തീർണ്ണമുള്ള ഈ മിഷൻ പ്രദേശത്തു് 15 ലക്ഷം മനുഷ്യർ അധിവസിക്കുന്നു. 2500 കത്തോലിക്കരുണ്ടു്. ഈ മിഷൻെറ തുടക്കത്തിൽ ഏതാനും സ്ഥാപനങ്ങളേ ഇവിടെ ഉണ്ടായിരുന്നുള്ളു. ഷാമ്പൂര, സാഗാർ, ബീന എന്നിവിടങ്ങളിൽ അവ ഒതുങ്ങിനിന്നു എന്ന ഒരു പ്രത്യേകതയുമുണ്ടിതിനു്. ഇവയെല്ലാംതന്നെ സാഗർ ഡിസ്ട്രിക്ററിനുള്ളിലുമായിരുന്നു. ഷമ്പൂരയിൽ അനാഥമന്ദിരം, പള്ളി; സാഗാറിൽ മഠം, സ്കൂൾ, പള്ളി, പള്ളിമുറി; ബീനായിൽ പള്ളിയും ചെറു സ്ഥാപനവും. ഇന്നു് സ്ഥിതിഗതികൾ നന്നേ മാറിയിട്ടുണ്ടു്. വിവിധ സ്ഥാപനങ്ങളും സ്കൂളുകളും പള്ളികളും എല്ലാ ഡിസ്

ട്രിക്റ്റുകളിലും സ്ഥാപിതമായിക്കഴിഞ്ഞു. ആദ്യത്തേതുകൂടാതെ 19–ൽ ഏറെ സ്ഥാപനങ്ങൾ ഉയൻനിട്ടുണ്ട്. കൂടാതെ രണ്ട് സി.എം.ഐ. ആശ്രമങ്ങളും. കർമ്മലാശ്രമം സാഗാറിലും ക്രൈസ്റ്റ് ഹോം ഗുണായിലും. സഭയുടെ മിഷനറി ആസ്ഥാനങ്ങളായിട്ടാണ് ഇവ സ്ഥാപിതമായിരിക്കുന്നത്

## സാഗാറിൻെറ പ്രത്യേകത

സാഗാറിൽ മിഷൻ പ്രവത്തനത്തിൻെറ നാന്ദി കുറിച്ചതു് പ്രധാനകേന്ദ്രങ്ങളിലാണ്. അതായതു്, ഡിസ്ട്രിക്റ്റുകളുടെയും തഹശീലുകളുടെയും സിരാകേന്ദ്രങ്ങളിൽ. സമുദായത്തിലെ മേലേക്കിടയിലുള്ളവരുടെ ഇടയിൽ പ്രവത്തിച്ച് ക്രൈസ്തവരെപ്പററി ജനതാമദ്ധ്യത്തിലുള്ള തെററുധാരണകൾ അകററാൻ അതു് ഏറെക്കുറെ ഉപകരിച്ചുവെന്നു പറയാം. ആഴത്തിലേയ്ക്കു് നീക്കി വലയിടുക എന്ന തത്ത്വമനുസരിച്ച് ഇപ്പോൾ സമുദായത്തിലെ താഴേക്കിടയിലുള്ളവരുടെ നേരേതിരിഞ്ഞിരിക്കുകയാണ്. വില്ലേജുകളിൽ താവളമടിച്ചിരിക്കുന്ന സാധുക്കളായ ജനങ്ങളെ നാനാവിധത്തിൽ സമുദ്ധരിക്കുന്നതിനു്, വിദ്യാഭ്യാസം, ആരോഗ്യപാലനം, സാമൂഹികസമ്പക്കമാദ്ധ്യമം, സാമൂഹികസേവനം എന്നീ മാർഗ്ഗങ്ങൾ അവലംബിച്ചുകഴിഞ്ഞു. ഈ രംഗങ്ങളിലെല്ലാം പ്രവത്തനോന്മുഖരായി വത്തിക്കാൻ സി.എം.ഐ. മിഷനറിമാർ കൂടാതെ രണ്ടു ഇടവക വൈദികരും മലബാർ മിഷനറി സഹോദരന്മാരും വിവിധസഭകളിൽപ്പെട്ട കന്യാസ്ത്രീകളും ഉണ്ട്. സെൻറു് ജോസഫ് സിസ്റ്റേഴ്സ് (ചംപേരി) സി. എം. സി. സിസ്റ്റേഴ്സ്, ഫ്രാൻസിസ്കൻ ക്ളാരിസ്ററു സിസ്റ്റേഴ്സ്, സിസ്റ്റേഴ്സു് ഓഫ് ചാരിററി ഓഫ് സെൻറു് ഫ്രാൻസീസ്, ബനഡിക്റ്റൈൻ സിസ്റ്റേഴ്സു് ഓഫ് സെൻറ് ലിയോബ, സിസ്റ്റേഴ്സ് ഓഫ് സെൻറ് എലിസബത്തു്, സിസ്റ്റേഴ്സ് ഓഫ് സെൻറ് ഫ്രാൻസീസ് അസ്സീസി, ഹോളിഫാമിലി സിസ്റ്റേഴ്സ്, മിഷനറീസ് ഓഫ് ചാരിററി ഓഫ് മദർ തെരേസാ തുടങ്ങിയ വിവിധ സഭകളിൽനിന്നുള്ള സന്യാസിനികളാണിവിടെ പ്രവത്തിക്കുക.

സാഗാർ മിഷൻെറ ത്വരിതമായ പുരോഗതിയിൽ പ. സിംഹാസനം ആനന്ദംകൊണ്ടു ''ദി വീനാ വെർബ്ബാ'' എന്ന ഡിക്രിവഴി 1977 ഫെ. 26–നു് സാഗാർ എക്സാർക്കേററു് ഒരു രൂപതയായി ഉയത്തപ്പെടുകയും, അഭിവന്ദ്യ എക്സാർക്കു്

ക്ലെമൻറു പി. തോട്ടുങ്കൽ സി. എം. ഐ. യെ സാഗാറിൻെറ പ്രഥമമെത്രാനായി നിയമിക്കയും ചെയ്തു. 1977 ഏപ്രിൽ 25–നു് അദ്ദേഹം മെത്രാനായി, സാഗാറിൽ വി. റഫായേൽ ദേവാലയാങ്കണത്തിൽവച്ച അഭിഷിക്തനാവുകയും രൂപതാഭരണം ഏറെറടുക്കയും ചെയ്തു.

രൂപതയിൽ ഒരു സന്യാസിനീ സഭയ്ക്കു് രൂപം കൊടുക്കേണ്ടതിനെപ്പററി പലരും ഉറക്കെ ചിന്തിച്ചിരുന്നു. തത്ഫലമായി സിസ്റ്റേഴ്സ് ഓഫ് ജീസ്സസ് എന്ന പേരിൽ ഒരു പുതിയ സഭ രൂപവും ഭാവവും പ്രാപിച്ചു വരികയാണിന്നു്. വിദിഷയിലുള്ള ഒരു സ്ഥാപനത്തിൽ കേരളത്തിൽ നിന്നുള്ള ഏതാനും അർത്ഥിനികൾ താമസിച്ചു പഠിക്കുന്നുണ്ടു്. ഒരു ക്ലാരിസ്റ്റ് സിസ്റ്റർ അവരെ നയിക്കുന്നതിനും പഠിപ്പിക്കുന്നതിനുമായി അവരുടെ കൂടെയുണ്ടു്. 1980 സെപ്തംബർ 8–നു് ഈ പുതിയ സഭ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യപ്പെട്ടു. പുതിയ സഭയുടെ കേന്ദ്രമായിത്തീരാനുള്ള സ്ഥലവും കണ്ടെത്തിയിരിക്കുകയാണു്.

## ചില രംഗങ്ങളിലൂടെ

സാഗാർ രൂപതയുടെ ഇരിപ്പിടം മദ്ധ്യപ്രദേശമാണല്ലോ. നിയോഗിക്കമ്മിററിയുടെ സ്വാധീനം അവിടെ ഏറെയുണ്ടു്. തന്നെയുമല്ല 1968–ൽ മതപരിവർത്തന വിരുദ്ധബിൽ ആദ്യമായി അവിടെ പാസ്സാക്കുകയും ചെയ്തു. നിർബ്ബന്ധം മൂലമൊ കബളിപ്പിക്കൽ വഴിയൊ മറേറതെങ്കിലും ബാഹ്യപ്രലോഭനം വഴിയൊ ഒരുവൻ മതപരിവർത്തനം ചെയ്താൽ അതു് ശിക്ഷാർഹമായിരിക്കുന്നു. ഓരോ മതപരിവർത്തനത്തിൻെറയും വിവരങ്ങൾ ഗവൺമെൻറിൽ അറിയിക്കേണ്ടതും ഒരു പുതിയ വ്യവസ്ഥയായിത്തീർന്നു. ഈ സാഹചര്യങ്ങൾ ഒക്കെയുണ്ടായിട്ടും ആയിരത്തിലേറെ ആളുകളെ മാനസാന്തരപ്പെടുത്താൻ നമ്മുടെ മിഷനറിമാർക്കു് സാധിച്ചിട്ടുണ്ടു്. ഹിന്ദുക്കളാണു് ഭൂരിപക്ഷം ഇവിടെ. സാഗാർ പട്ടണത്തിൽനിന്നു് അല്പം അകന്നു് പട്ടാള ക്യാമ്പിൻെറ തൊട്ടടുത്തു് കത്തീഡ്രൽ പള്ളിയും ബിഷപ്പ്സ് ഹൗസും സ്ഥിതിചെയ്യുന്നു. 1970–ൽ പുതുതായി പണിതുയർത്തിയതാണു് മെത്രാസന മന്ദിരം. മിഷൻെറ നാനാഭാഗത്തേക്കും ഇറങ്ങിച്ചെല്ലുവാൻ മാത്രം മിഷനറിമാർ തല്ക്കാലം ഇല്ലെന്ന യാഥാർത്ഥ്യം കണക്കിലെടുത്തുകൊണ്ടു് ഭാവിമിഷനറിമാരാകാൻ പററിയ ഏതാനും യോഗാർത്ഥികളെ സ്വീകരിച്ചു് മിഷ

നിൽത്തന്നെ പരിശീലിപ്പിച്ചു വരുന്നു. ക്രിസ്തുവിനു വേണ്ടി പണിയെടുക്കുന്ന ത്യാഗസന്നദ്ധരായ, അപ്പ്ണബുദ്ധികളായ മിഷനറിമാരാണാവശ്യം. രൂപതാദ്ധ്യക്ഷനു് ഈ ബോധ്യം നന്നായിട്ടുണ്ടു്. വി. ഫ്രാൻസീസ് സേവ്യർ തന്റെ സുപ്പീരിയറായ ഇഗ്നേഷ്യസ് ലയോളയോടു് ഭാരതത്തിലേക്കു് സഹപ്രവത്തകരായ മിഷനറിമാരെ വിട്ടുതരാൻ അപേക്ഷിച്ചു. വി. ഇഗ്നേഷ്യസ് ഫ്രാൻസീസ് സേവ്യറിനോടു ചോദിച്ചു, ഏതെല്ലാം ഗുണങ്ങളുള്ളവരായിരിക്കണം ഭാവിമിഷനറിമാർ എന്നു്. അതിനു് വി. ഫ്രാൻസീസ് സേവ്യർ കൊടുത്ത മറുപടി ഇതാണ് ''പ്രിയ പിതാവേ, എല്ലാവിധത്തിലും വിശ്വസിക്കുവാൻ പററുന്നവരെ വിടുക''. മിഷൻ പ്രവത്തനം എന്ന മഹായജ്ഞത്തിലെ ഊട്ടം പാവുമാകാനുള്ളവർ എല്ലാ വിധത്തിലും എല്ലാ രംഗത്തും പ്രവർത്തിച്ചു് മനസ്സു മടുക്കാതെ മുന്നേറുവാൻ പഠിക്കണം. ഏകാന്തതയിൽ ദൈവത്തെ ആസ്വദിക്കാൻ പഠിക്കണം. എല്ലാവക്കും വേണ്ടി ജീവിക്കുന്നുവെങ്കിലും ആക്കും സ്വന്തമാകാതിരിക്കണം. സ്വയം നിയന്ത്രിക്കുവാനും തീരുമാനങ്ങൾ എടുക്കുവാനും ദൈവജനത്തെ നയിക്കുവാനും പ്രാപ്തനാകണം. ക്രിസ്തുവിനോടും മാതാവിനോടും വി. യൗസേപ്പിനോടും ഭക്തി പുലത്തുന്ന–ആദ്ധ്യാത്മികതയിൽ വളരുന്ന– ഒരുവനായിരിക്കണം മിഷനറി. സവ്വോപരി തന്റെ ദൈവവിളിക്കു് നിരന്തരം നന്ദി പറയുന്നവനും ആയിരിക്കണം. ഇപ്രകാരമുള്ള കാര്യങ്ങൾ തന്റെ സഹപ്രവത്തകക്കും യോഗാത്ഥികൾക്കും പറഞ്ഞുകൊടുക്കുന്നതിൽ ക്ലെമന്റു പിതാവു് അതീവ താത്പര്യം കാണിക്കാറുണ്ടു്.

## ഒരു കാൽവയ്പ്

രൂപതയിലെ മിഷൻ പ്രവത്തനത്തിന്റെ രണ്ടാം ഘട്ടത്തിലെ ഒരു വഴികാട്ടിയായി ''സിൽവാനി പദ്ധതി'' നിലകൊള്ളുകയാണ്. ആർ ഡി എസ്.എസ്. എന്ന പേരിലാണറിയപ്പെടുക–റൂറൽ ഡെവലപ്പ്മെന്റ് സവ്വീസ് സൊസൈററി. നമ്മുടെ നേതൃത്വത്തിൽ അതേ സമയം ഗവണ്മെന്റിന്റെ സഹായത്തോടെയും സഹകരണത്തോടെയും നടക്കുന്ന ഒരു യജ്ഞമാണിതു്. റെയ്സൻ ഡിസ്ട്രിക്ടിലെ സിൽവാനി തഹസീൽ മുഴുവനും ഉൾപ്പെടുത്തി ഗ്രാമോദ്ധാരണത്തിനു് ഒരു മാതൃക കാണിക്കുകയെന്നതാണ് പ്രധാനോദ്ദേശ്യം. വിദ്യാഭ്യാസം, ആരോഗ്യസംരക്ഷണം, സാമൂഹികസേവനം, കൃഷി, എന്നിവ വഴിയും മിഷനറിമാരുടെ നിരന്തരമായ

സാന്നിദ്ധ്യവും പ്രോത്സാഹനവും വഴിയും ആ പ്രദേശത്തെ സ്വയംപര്യാപ്തമാക്കുകയും, ദാരിദ്ര്യത്തിലും അജ്ഞതയിലും, സെമീന്ദാരന്മാരുടെ കീഴിൽ അടിമത്തത്തിലും കഴിയുന്നവരെ സ്വാതന്ത്ര്യത്തിലേക്കു നയിക്കുകയും ചെയ്യാൻ ഈ പദ്ധതിക്കു കഴിയും എന്നാണു വിശ്വാസം. മനുഷ്യരുടെ സാകല്യേനയുള്ള സമുദ്ധാരണമാണ് പൊതുലക്ഷ്യം. ദുഷ്ചാപ്പില്യകളിലും പാപങ്ങളിലും നിന്നു് അകന്നു് ഈശ്വരോന്മുഖനായി ദൈവത്തിനും മനുഷ്യനും പോരുന്ന വിധത്തിൽ ജീവിക്കുക, ക്രിസ്ത്യാനിയുടെ മുഖമുദ്രയാണ്. എന്നാൽ കാര്യമാത്രമായ ലാഭത്തെ കണ്ടുകൊണ്ട് വരുന്നവരും ഇല്ലാതില്ല. പാവങ്ങളെ സമുദ്ധരിക്കാൻ കടന്നുചെല്ലുന്ന മിഷനറിമാർക്കു് ഗ്രാമത്തിന്റെ ചില കോണുകളിൽ അത്തരം മനുഷ്യരെ കണ്ടുമുട്ടാനാവും: ശിവപ്രസാദ്—അവൻ ചെറുപ്പക്കാരനാണ്. വിവാഹിതൻ. ഒരു കുട്ടി ജനിച്ചു. ഭാര്യ അകാലചരമം പ്രാപിച്ചു. രാജസ്ഥാൻകാരനായ ശിവപ്രസാദിന് രണ്ടാമതു് വിവാഹം കഴിക്കണം. അത് രാജസ്ഥാനിൽ അനുവദനീയവുമല്ല. ക്രിസ്ത്യനികൾക്കു പറ്റുമെന്നു കേട്ട് ക്രിസ്ത്യാനിയാകാൻ അയാൾ പട്ടാളത്തിലെ ഒരു ഉദ്യോഗസ്ഥനെയും കൂട്ടി മിഷനറിയുടെ അടുത്തുവന്നു. ക്രിസ്തുമതത്തിന്റെ അന്തഃസ്സത്ത മിഷനറി ശിവപ്രസാദിനെയും കൂട്ടുകാരനെയും പറഞ്ഞു മനസ്സിലാക്കി. ഒരു ക്രിസ്ത്യാനിയാവുക അത്ര എളുപ്പമുള്ള കാര്യമല്ല. വ്യാമോഹിപ്പിച്ച് ആരേയും ക്രിസ്ത്യാനിയാക്കുകയില്ല. തന്നെയുമല്ല എണ്ണം കൂട്ടുകയെന്നതല്ല ഞങ്ങളുടെ ലക്ഷ്യം" മിഷനറി പറഞ്ഞു നിറുത്തി സംസാരം കുറെ തുടർന്നു. "കത്തോലിക്കാ മതം ഇതാണെന്നു് ആദ്യമായാണ് ഞങ്ങൾ കേൾക്കുന്നതു്. തികച്ചും വ്യത്യസ്തമായൊരു ചിത്രമായിരുന്നു ഞങ്ങളുടെ മനസ്സിൽ". വന്നവർ മിഷനറിക്കു നന്ദി പറഞ്ഞു് തിരിച്ചു പോയി.

ശതാധിപനേയും സക്കേവൂസിനേയും നിക്കാദേമൂസിനേയും അതുപോലെ തന്നെ സാധുക്കളേയും അവശരേയും ക്രിസ്തു മാടിവിളിച്ചു. എങ്കിൽ ഒരു മിഷനറി ഹരിജനങ്ങളേയും സമുദായത്തിലെ പാവപ്പെട്ടവരേയും മാത്രം ഉന്നം വച്ചാൽ പോരാ സവർണ്ണരായ ഹിന്ദുക്കളേയും ബ്രാഹ്മണരേയും പണ്ഡിതരേയും നേടിയെടുക്കാൻ യത്നിക്കണം എന്ന ആശയമാണ് ഇവിടെയുള്ളതു്. സഭയിലേക്കു വന്നവരിൽ എം.എസ്സി. ക്കാരിയായ ഒരു ബ്രാഹ്മണസ്ത്രീയും ചിലസിക്കുകാരും ഉൾപ്പെടുന്നു. ക്രിസ്തുമതം എങ്ങോ നിന്നു് ഇറക്കുമതി ചെയ്തതല്ലെന്നും, ക്രിസ്തുമതത്തിനു് അതിന്റെ പഠനങ്ങളിലും സ്നേഹത്തിലും നിസ്വാർത്ഥ സേവനത്തിലും വ്യതിരിക്തത കാണാൻ പറ്റുമെന്നും കാ

ണിച്ചുകൊടുക്കുക മിഷനറിമാരുടെ ധർമ്മമാണ്. ക്രിസ്തുമതം എന്നു വച്ചാൽ പാവങ്ങളുടെ, സാധുക്കളുടെ മതം എന്നു വരാൻ പാടില്ല. അതുകൊണ്ട് വിവിധ രംഗങ്ങളിലുള്ള മനുഷ്യരെ സകല വിധ അടിമത്തത്തിൽ നിന്നും രക്ഷിക്കാൻ മാർഗ്ഗങ്ങൾ ആരായണം. ദൃശ്യശ്രാവ്യകലകൾ, ഭജനഗാനങ്ങൾ, പ്രാർത്ഥനായോഗങ്ങൾ, സാംസ്കാരിക സമ്മേളനങ്ങൾ തുടങ്ങി പല മാർഗ്ഗങ്ങളിലൂടെ ക്രിസ്തുവിൻെറ സന്ദേശം ജനങ്ങളിലെത്തിക്കണം. സാഗാർ സർവ്വകലാശാലയുടെ പരിസരത്ത് മിഷനറിമാർ ഒരു 'ഇൻഫൊർമേഷൻ സെൻറർ' സ്ഥാപിച്ചു പ്രവർത്തിക്കുന്നുണ്ട്. ശെമ്മാശന്മാർ അവിടെ താമസിച്ചു പഠിക്കുന്നു. സമീപത്തുള്ളവരും യൂണിവേഴ്സിററിയുമായി ബന്ധപ്പെട്ടവരുമായ അഭ്യസ്തവിദ്യരായ മനുഷ്യർക്ക് നമ്മുടെ തത്വവും മതവുമായി ബന്ധപ്പെടാൻ തക്കവിധം പ്രാർത്ഥനായോഗങ്ങളും, ചർച്ചാസമ്മേളനങ്ങളും മററും അവിടെ പതിവായി നടത്തപ്പെടുന്നു.

കേരളക്കാരെക്കൊണ്ടേ വടക്കെ ഇൻഡ്യക്കാരെ മാനസാന്തരപ്പെടുത്താൻ പററൂ എന്ന് ക്ലെമൻറു പിതാവ് ഭൂദാനസ്വരത്തിൽ പറയും. ''സേവനായ'' സേവനത്തിന്—എന്ന മുദ്രാവാക്യമാണ് അദ്ദേഹം സ്വീകരിച്ചിരിക്കുന്നത്. സേവനത്തിൻെറ കൈത്തിരിയുമായി ആഴങ്ങളിലേക്ക് ഇറങ്ങണം. നെററിപ്പൊട്ടനെ മാത്രം പിടിച്ചാൽ പോരാ. ആഴങ്ങളിലുള്ള കൊമ്പന്മാരെയും അതിനടിയിലുള്ള മുത്തുകളും എത്തിപ്പിടിക്കണം. കവിയും സംഘാടകനും വാഗ്മിയുമാണ് രൂപതാധ്യക്ഷൻ. ഇംഗ്ലീഷിലും മലയാളത്തിലും സുന്ദരമായ കവിതകൾ അദ്ദേഹം എഴുതും. സ്ഥലത്തെ റോട്ടറിക്ലബ്ബ്, മററു പൊതു വേദികൾ എന്നിവിടങ്ങളിൽ ഉന്നതമായ സ്ഥാനവും അദ്ദേഹത്തിനുണ്ട്. പാവങ്ങളേയും പണക്കാരേയും നേടുവാൻ എല്ലാവർക്കും എല്ലാമാകണം എന്ന തത്വത്തിൽ അദ്ദേഹം വിശ്വസിക്കുന്നു. മനുഷ്യർ എല്ലാവരും അടിസ്ഥാനപരമായി നല്ലവരാണ്. നാം എങ്ങനെ അവരേയും അവരുടെ പ്രശ്നങ്ങളേയും കൈകാര്യം ചെയ്യുന്നുവെന്നതിനെ ആശ്രയിച്ചിരിക്കും നമ്മുടെ വിജയം. നഗരങ്ങളിലും പ്രധാന കേന്ദ്രങ്ങളിലും വിദ്യാഭ്യാസ പ്രവർത്തനങ്ങളുമായി നടക്കുന്ന മിഷനറിമാർ ഒരു വശത്ത്. ഗ്രാമത്തിൻെറ വൃത്തികെട്ട ചേരികളിൽ മിഷൻ പ്രവർത്തനത്തിൻെറ ഇതിഹാസം രചിക്കുന്നവർ മറുവശത്ത്. ബുദ്ധികൊണ്ടും ആസൂത്രണ പാടവം കൊണ്ടും പദ്ധതികൾ കണ്ടുപിടിക്കുന്നവർ മറെറാരു വശത്ത് ഇങ്ങനെ പല വിധത്തിൽ പ്രവർത്തനങ്ങൾ നടക്കുന്നുവെങ്കിലും നാനാത്വത്തിൽ ഏകത്വം എന്ന മട്ടിൽ മിഷൻ പ്രവർത്തന മണ്ഡലത്തിൽ ധാരണയും ഐകരൂപ്യവും ദൃശ്യമാണ്.

വൈദികർ ഇടയ്ക്കിടെ വന്ദ്യപിതാവിൻെറ അധ്യക്ഷത യിൽക്കൂടി പ്രവർത്തനങ്ങൾ വിലയിരുത്തി ഭാവിപരിപാടി കഠം നിശ്ചയിക്കുക സാധാരണമാണ്. പാസ്റ്ററൽ കൗൺസിൽ വഴിയും വിവിധരംഗങ്ങളിൽ ജോലിചെയ്യുന്ന സിസ്റ്റേഴ്സിൻെറ ഗ്രൂപ്പുകളുടെ സമ്മേളനങ്ങൾവഴിയും ജോലികൾ ക്രമാനുഗതമായി ശക്തിയാർജ്ജിച്ച് മുമ്പോട്ടുപോവുകയാണ്. ജീവകാരുണ്യപ്രവർത്തനം, വിദ്യാഭ്യാസം, കുട്ടികൾക്കുള്ള ബോർഡിംഗുകൾ, ഫുഡ്ഫോർവർക്ക്, എം.സി.എച്ച്. പ്രോഗ്രാം തുടങ്ങി വിവിധ മാർഗ്ഗങ്ങളിലൂടെ രൂപതയിലുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെട്ടുവരുന്നു. എല്ലാ രംഗങ്ങളിലേയ്ക്കും കയറിച്ചെല്ലുവാൻമാത്രം മിഷനറിമാർ ഇല്ലെന്നതു് പരിഹരിക്കപ്പെടേണ്ട ഒരു കാര്യമാണ്. വയോധികരായ സാംസൻ, ഫ്ളാവിയൻ എന്നീ മുഖങ്ങളും മിഷൻ ദേശങ്ങളിൽ പയററിത്തെളിഞ്ഞ ദിയേഗൊ അച്ചനും ചെറുപ്പക്കാരായ മിഷനറിമാർക്ക് ആവേശം പകരുന്നു. വിരിഞ്ഞുകിടക്കുന്ന നിലങ്ങളിൽ ജനങ്ങൾ ചോളം, കടല, ഉള്ളി, കാബേജ്, സവോള, തൊമര, കാരററു് തുടങ്ങിയവ കൃഷിയിറക്കുമ്പോൾ, ദൈവവചനത്തിൻെറ വിത്തുകൾ മനുഷ്യരുടെ ഹൃദയങ്ങളിൽ വിതറുവാൻ മിഷനറിമാർ അവരുടെ മദ്ധ്യത്തിലുണ്ട്. പട്ടിണികൊണ്ടു പൊരിയുന്ന വയറിനോടു വേദാന്തം ഓതിയാൽ ഫലിക്കില്ലായെന്നു് അറിയാവുന്ന അവർ സ്ഥലവാസികളെ കൃഷിസമ്പ്രദായം പഠിപ്പിക്കുകയും മാതൃക കാണിക്കുകയും ചെയ്യുന്നുണ്ട്. ഹിന്ദിയും ഉർദുവും ഇംഗ്ലീഷും കൈകാര്യം ചെയ്യാനറിഞ്ഞാൽ ഇവിടെ മിഷൻ പ്രവർത്തനം എളുപ്പമായിരിക്കും.

## ആരാധനാകർമ്മങ്ങൾ

ആരാധനക്രമങ്ങളിൽ അതീവം താല്പര്യത്തോടെ ജനങ്ങൾ പങ്കുകൊള്ളും. പ്രാർത്ഥനാസമ്മേളനങ്ങൾ, ചർച്ചാക്ലാസ്സുകൾ, ബൈബിൾക്ലാസ്സുകൾ തുടങ്ങിയവയിൽ അവർ സംബന്ധിക്കുന്നു. പതിനഞ്ചുലക്ഷത്തോളംവരുന്ന ജനസംഖ്യയിൽ രണ്ടായിരത്തിൽച്ചില്വാനം മാത്രമാണ് കത്തോലിക്കർ. ഇതര ജനങ്ങളുടെ ഇടയിൽ പുളിമാവായി വർത്തിക്കാൻ അവരെ മിഷനറിമാർ സജ്ജമാക്കുകയാണ്. ദിവ്യബലിയിൽ സംബന്ധിക്കുന്ന ജനങ്ങൾ പ്രാർത്ഥനാനിർല്ലീനരായിക്കഴിയുന്ന കാഴ്ച മനോഹരമാണ്. സുന്ദരമായി പാടിയും പ്രാർത്ഥനകൾ ഉരുവിട്ടും ദിവ്യബലി അവർ സജീവമാക്കും. സമയം നീളുന്നതു് ഒരു പ്രശ്നമല്ലവർക്ക്. കാഴ്ചവയ്പിൻെറ സമയത്തു് പല

രും തങ്ങളുടെ കാഴ്ചകൾ ബലിപീഠത്തിൽ എത്തിക്കുന്നു. മുന്തിരി, പൊരി, പഴങ്ങൾ, മിഠായി തുടങ്ങിയവയായിരിക്കും കാഴ്ചകൾ. മദ്ബഹായിൽ കയറി വി. ഗ്രന്ഥഭാഗങ്ങൾ വായിക്കുവാൻ യുവാക്കന്മാരും യുവതികളും ഒരുക്കമുള്ളവരാണ്. കുർബാനയിൽ സംബന്ധിക്കുന്ന എല്ലാവരുംതന്നെ വി. കുർബാന സ്വീകരിക്കുക പതിവാണ്. കുർബാനകഴിഞ്ഞ് സകലരും പള്ളിമുററത്തു കുറെനേരം നിന്നു് സംസാരിച്ചിട്ടേ പിരിയുകയുള്ളൂ. ഞായർ കുർബാനയ്ക്കു് ഈ കാര്യങ്ങളൊക്കെ കൃത്യമായി അനുഷ്ഠിച്ചുവരുന്നുണ്ട്.

ഉയർന്നവരേയും താണവരേയും ക്രിസ്തുവിലേക്കടുപ്പിക്കുവാനുള്ള യത്നത്തിൽ വന്ദ്യപിതാവിനോടൊപ്പം മിഷൻപ്രവർത്തനത്തിലുൾപ്പെട്ടിരിക്കുന്ന എല്ലാവരും സഹകരിക്കുന്നുണ്ടിവിടെ. ഭൂരിപക്ഷം ഹിന്ദുക്കളും ബാക്കി മുസ്ലീമുകളും ജയിനന്മാരും സിക്കുകാരും ആദിവാസികളും ഉള്ള ഇവിടെ ജനങ്ങൾ മിക്കവാറും കൃഷിപ്പണിക്കാരാണ്. അവർക്കു ലഭിക്കുന്ന കൂലി തുച്ഛവും. ദൈവത്തിൽ വിശ്വസിക്കുന്ന ഭക്തരായ മനുഷ്യരെക്കൊണ്ടു നിറഞ്ഞ ഈ പ്രദേശത്തിൽ ക്രിസ്തുവിനെ പ്രസംഗിക്കുകയെന്ന അതിവിശിഷ്ടമായ ദൗത്യവുമായി, വെല്ലുവിളികളെ സധൈര്യം നേരിട്ടുകൊണ്ട് മിഷനറിമാർ ആഴത്തിലേക്കു വലയെറിഞ്ഞിരിക്കയാണ്.

## സാഗാർ ഒററനോട്ടത്തിൽ

| | | |
|---|---|---|
| വിസ്തൃതി | .... | 39020 ച. കി. മീ. |
| ജനസംഖ്യ | .... | 1450000 |
| കത്തോലിക്കർ | .... | 2050 (1980–ൽ) |
| വൈദികർ | .... | 41 |
| ബ്രദേഴ്സ് | .... | 4 |
| സെമ്മിനാരിക്കാർ | .... | 57 |
| സിസ്റ്റേഴ്സ് | .... | 116 |
| മഠങ്ങൾ | .... | 14 |
| കേന്ദ്രങ്ങൾ | .... | 23 |
| സ്കൂളുകൾ | .... | 18 |
| ബാലഭവനങ്ങൾ | .... | 5 |
| ആരോഗ്യകേന്ദ്രങ്ങൾ | .... | 4 |
| സാമൂ. ക്ഷേമകേന്ദ്രങ്ങൾ | .... | 4 |

# ജഗ്ദൽപ്പൂർ

## ആമുഖം

നൃത്തവും ആട്ടവും പാട്ടും. ആദിവാസികളുടെ ഹരമാണത്. ചോർക്കാവുഗ്രാമത്തിലെ ഒരു സന്ധ്യാസമയം. ഗ്രാമസന്ദർശനത്തിനു എത്തിയിരിക്കുന്ന അതിഥികൾക്ക് സ്ഥലവാസികളുടെ കലാമേള കാണാനൊരാഗ്രഹം. വയോജന വിദ്യാഭ്യാസം നടക്കുന്ന ആ ഗ്രാമത്തിൽ സന്ധ്യാസമയത്ത് അക്ഷരങ്ങൾ പഠിക്കാനായി സ്ലേററും കല്ലുപെൻസിലുമായെത്തിയിരുന്നു, ജ്ഞാനത്തിൽ പൈതങ്ങളായ വയസ്സന്മാർ. പഠിപ്പിക്കുന്ന സിസ്റ്റർ അറിയിച്ചു: 'ഇന്നു ക്ലാസ്സില്ല; പകരം ഒരു നാടൻ ഡാൻസു പരിപാടിയാകട്ടെ' യെന്ന്. കേട്ടപാടേ അവർ തങ്ങളുടെ വീടുകളിലേക്കോടി. ഉടുക്ക്, മൃദംഗം, പാട്ടുപുസ്തകം എന്നിവയുമായെത്തി. കുഞ്ഞുകുട്ടി പരിവാരവുമായി പെണ്ണുങ്ങൾ പിറകെയും. രംഗം സജ്ജമായിക്കഴിഞ്ഞിരുന്നു. ഗ്രീൻ റൂം മുററമാണ്. നടനരംഗം പഠനശാലയും. അണിയിച്ചൊരുക്കാൻ പെണ്ണുങ്ങൾ. കൂടെ കന്യാസ്ത്രീകളും. താളലയത്തിൽ സുന്ദരമായി ഗായകസംഘം പാടുന്ന നൃത്തത്തിനു് അണിഞ്ഞൊരുങ്ങിയവർ ഗാനത്തിൻെറ ഈണവും തരവും ഒപ്പിച്ച് രംഗത്തുവന്ന് ഡാൻസു ചെയ്യുന്നു. ആദ്യമാദ്യം ഒന്നും രണ്ടും പേർ ഡാൻസിനായെത്തുന്നു. എന്നാൽ രംഗം പിരിമുറുകിക്കഴിഞ്ഞാൽ കാഴ്ചക്കാരായി ഇരിക്കുന്നവരും ഉണരും. പിന്നെ കൂട്ടമായൊരു നൃത്തമാണ്. അതിൽ എൺപതു കഴിഞ്ഞ കിഴവന്മാരും കിഴവികളും കാണും. വാഗ്ദാനപേടകവുമായി നീങ്ങിയ ജനം നൃത്തംചെയ്ത് പാട്ടുംപാടി കടന്നുപോകുന്നതു കണ്ട ദാവീദ് രാജാവ് ആ ജനങ്ങളുടെ കൂടെ അവരെപ്പോലെ നൃത്തം ചെയ്ത് ആടിപ്പാടിപ്പോയതുപോലെയുള്ള കാഴ്ചയാണ് ആദിവാസികളുടെ ഡാൻസിൽ കാണാൻ കഴിയുന്നത്. ആബാലവൃദ്ധം ജനം ആ പരിപാടിയിൽ ലയിച്ച് ആസ്വദിച്ച് മണിക്കൂറുകൾതന്നെ ഉറക്കമിളച്ചിരിക്കും. പുരാണേതിഹാസങ്ങളെ ചുററിപ്പററിയുള്ള ഹനുമാൻ ഡാൻസ്, രാമൻ ഡാൻസ് തുടങ്ങിയ ഡാൻസുകൾ ആദിവാസികൾക്ക് കാണാപ്പാഠമാണ്. മിഷനറിമാർ തദ്ദേശവാസികളുടെ കലാവാസനകളെ പരിപോഷിപ്പിച്ചുകൊണ്ടും അതേ സമയം യുക്തംപോലെ ദൈവവചനമാകുന്നവിത്ത് അവരിൽ വിതറാൻ ശ്രമിച്ചുകൊണ്ടും ശ്രദ്ധാപൂർവ്വം പ്രവർത്തിക്കുന്നു.

സി എം. ഐ. സഭയ്ക്ക് വടക്കെ ഇൻഡ്യയിൽ ലഭിക്കുന്ന മൂന്നാമത്തെ മിഷൻ രൂപതയാണ് ജഗ്ദൽപൂർ. ഇതിനൊരു പ്രത്യേകതയുണ്ട്. ഓരോററ ഡിസ്ട്രിക്ട് 'ബസ്താർ' കേരളത്തേക്കാൾ വലുതാണത്. ഈ ഡിസ്ട്രിക്ടിൽ എട്ട് താലൂ

ക്കുകൾ ഉണ്ട്. ബസ്താർ, കാങ്കർ എന്നീ രണ്ടു പ്രദേശങ്ങൾ രാജാക്കന്മാരുടെ ഭരണത്തിനു കീഴിലായിരുന്നു. രാജഭരണം അസ്തമിച്ചപ്പോൾ ബസ്താർ എന്ന ഒരു സിവിൽ ഡിസ്ട്രിക്ററുണ്ടാക്കി. അതിന്റെ തലസ്ഥാനമായി ജഗ്ദൽപൂരും ഉടലെടുത്തു. മദ്ധ്യപ്രദേശിന്റെ തെക്കു കിഴക്കു ഭാഗത്താണിതിന്റെ സ്ഥാനം. കിഴക്കുഭാഗത്ത് ഒറീസ്സയും തെക്കുഭാഗത്ത് ആന്ധ്രായും പടിഞ്ഞാറു ഭാഗത്ത് മഹാരാഷ്ട്രയും തൊട്ടുരുമ്മി നിൽക്കുകയാണ്. ഇന്ദ്രാവതിനദി ഈ പ്രദേശത്തെ, കിഴക്കും പടിഞ്ഞാറും ആയി വിഭജിച്ചിരിക്കുകയാണ്. സുപ്രസിദ്ധമായ ഇന്ദ്രാവതിയുടെ കുതിച്ചുപായലിൽ നയനാനന്ദകരമായ വെള്ളച്ചാട്ടമായി അത്, ചിത്രക്കൂടത്തിൽ മഴവില്ലിന്റെ വർണ്ണരേഖകൾ സൃഷ്ടിക്കുന്നു. ശ്രീരാമൻ വനവാസത്തിനായി ചിത്രക്കൂടം വനത്തിലേക്കാണു പോയതെന്നു പറയപ്പെടുന്നു. ഇവിടെ ആററുവക്കത്തും കാട്ടിനുള്ളിലും അമ്പലവും പൂജയും പൂജാരിയും ഉണ്ട്.

## ജനങ്ങൾ–പ്രകൃതി

ബസ്താർപ്രദേശം ആദിവാസികളുടെ അധിവാസകേന്ദ്രമാണ്. കേന്ദ്രഗവൺമെന്റിന്റെ പ്രത്യേകസംരക്ഷണം ആദിവാസികൾക്കുണ്ട്. 1972–ൽ ആണ് ജഗ്ദൽപൂർ എക്സാർക്കേററ് സി.എം.ഐ. സഭയുടെ സെന്റ് ജോസഫ്സ് പ്രോവിൻസിനെ ഏല്പിച്ചത്. മോൺ. പൗളിനോസ് സി. എം. ഐ യെ അതിന്റെ പ്രഥമ എക്സാർക്കായും നിശ്ചയിച്ചു. 1977–ൽ അദ്ദേഹം ജഗ്ദൽപൂർ രൂപതയുടെ മെത്രാനായി അഭിഷിക്തനായി. മുപ്പത്തൊമ്പതിനായിരം ച.കി മീ. വിസ്തീർണ്ണവും 16 ലക്ഷം ജനങ്ങളുമാണിവിടെയുള്ളത്. ഇരുനൂറിൽച്ചില്വാനം കത്തോലിക്കർ ആരംഭകാലത്തുണ്ടായിരുന്നു. ഇന്ന് അത് ആയിരത്തോടടുത്തു നില്ക്കുന്നു. ഇല്ലായ്മയിൽനിന്ന് എല്ലാം ഉണ്ടാക്കേണ്ട ദുഷ്ക്കരമായ ജോലിയാണ് മിഷനറിമാർക്കുള്ളത്. ജഗ്ദൽപൂർ പണ്ടു വിശാഖപട്ടണത്തിൽറ ഭാഗമായിരുന്നു. പിന്നീട് റയിപ്പൂർ രൂപതയുടെ ഭാഗമായി. ഈ ഭാഗത്ത് മിഷനറിമാരായി പീലാർ വൈദികർ സേവനമനുഷ്ഠിക്കുമ്പോഴാണ് റയിപ്പൂരിൽനിന്ന് സി എം. ഐ. സഭയ്ക്ക് ഈ പ്രദേശം ലഭിക്കുന്നത്. പ്രധാന അവസരങ്ങളിൽമാത്രം കുർബ്ബാനയുണ്ടായിരുന്ന ഒരു പള്ളിയും അതോടനുബന്ധിച്ച കെട്ടിടവും ആണ് ഇവിടെ ഉണ്ടായിരുന്നത്. ഉദ്ദേശിച്ചത്ര മിഷനറിമാരെ കേരളത്തിൽനിന്ന് ഇവിടെ എത്തിക്കുവാൻ സാ

ധിച്ചില്ല. സെൻറ് ജോസഫ്സ് പ്രവിശ്യ കിഴക്കും പടിഞ്ഞാറുമായി വിഭജിക്കപ്പെട്ടതു് മിഷനറിമാരുടെ വരവിനു കൂടുതൽ തടസ്സം സൃഷ്ടിച്ചു. തന്നെയുമല്ല മേൽപ്പറഞ്ഞ രണ്ടു പ്രവിശ്യകളിലും പെടാതെ ജഗ്ദൽപൂർ ഒരു ഉപപ്രവിശ്യയായിത്തീർന്നതു് മറെറാരു കാരണവുമായി ബ്ഭവിച്ചു.

ഭാരതത്തിൻെറ ഇതര ഭാഗങ്ങളെ അപേക്ഷിച്ചുനോക്കിയാൽ ആദിവാസികൾ ഏറെ ഉള്ള ഒരു പ്രദേശമാണു് ബസ്തർ. രാജഭക്തി അവരുടെ സിരകളിൽ ഇന്നും അസ്തമിക്കാതെ നിൽക്കുന്നുണ്ടു്. എഴുപത്തിരണ്ടുശതമാനം ആളുകൾ ആദിവാസികളാണു്. ആദിവാസികളെ സമുദ്ധരിക്കാനും അവരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാനുമുള്ള നിർമ്മാണപ്രവർത്തനങ്ങൾക്കായി സർക്കാർ വൻതുകകൾ നീക്കിവയ്ക്കാറുണ്ടു്. ഇടനിലക്കാരായ ഉദ്യോഗസ്ഥന്മാർ ആ പാവങ്ങളെ ചൂഷണം ചെയ്തു് കീശ വീർപ്പിക്കുകയും അവരെ അടിമത്തത്തിൽനിന്നു് മോചിപ്പിക്കാൻ പരിശ്രമിക്കുന്നവരെ പ്രത്യേകിച്ചു് മിഷനറിമാരെ — തടസ്സപ്പെടുത്തുകയും ചെയ്യുന്ന സ്ഥിതി വിശേഷമാണുള്ളതു്. നിയോഗിക്കമ്മിററിയുടെ പിൻബലവും 'ആൻറി കൺവർഷൻ' ബില്ലിൻെറ ആധിപത്യവും തളിരിട്ടു നിൽക്കുന്ന മദ്ധ്യപ്രദേശിലെ മിഷൻ രംഗങ്ങളിലെ പ്രവർത്തനം തികച്ചും ആയാസകരമായിരിക്കുന്നു. ആദിവാസികൾ അവരുടെ ജീവിതശൈലിയിൽ ഉറച്ചുനിൽക്കട്ടെയെന്നു് ശഠിക്കുന്ന സർക്കാർ പലേ പ്രകാരത്തിൽ മിഷനറിമാൎക്കു് മാൎഗ്ഗതടസ്സംവരുത്തുകയാണു്. മാനസാന്തരവേലയെന്നതു് തികച്ചും അപ്രാപ്യമായൊരു മേഖലയായി കണക്കാക്കപ്പെടുന്നു. എങ്കിലും പശ്ചാത്തലപ്രവർത്തനംകൊണ്ടും ജനക്ഷേമകരങ്ങളായ പദ്ധതികൾകൊണ്ടും സാധുക്കളെ ബോധവാന്മാരാക്കി മാററി ക്രിസ്തീയ ചൈതന്യത്തിലേയ്ക്കു് ബോധപൂൎവ്വം വരുത്തുവാൻ കഴിയും. പ്രലോഭിപ്പിച്ചും പേടിപ്പെടുത്തിയും കബളിപ്പിച്ചും മാനസാന്തരപ്പെടുത്തുന്നില്ലായെന്നു് ഉറപ്പുവരുത്തണം. മതേതര രാഷ്ട്രമാണു് ഭാരതം എങ്കിലും മതപരിവർത്തനത്തിനും അന്യായമായ വിലക്കുകൾ വച്ചിരിക്കുന്നതു് വിചിത്രമായിരിക്കുന്നു. സി എം. ഐ. മിഷനറിമാൎക്കു മുമ്പുണ്ടായിരുന്ന പീലാർ വൈദികർ ചില പ്രധാനകേന്ദ്രങ്ങളിൽ മാത്രമേ പ്രവ

ത്തിച്ചിരുന്നുള്ളു. ഉൾനാട്ടുകളിലേയ്ക്കു കടക്കുവാൻ തക്കവണ്ണം വൈദികരും അവർക്കില്ലായിരുന്നു. കേരളത്തിൽനിന്നുള്ള മിഷനറിമാർ—വൈദികർ, സഹോദരന്മാർ, കന്യാസ്ത്രീകൾ— അവർ കുറച്ചുപേർ മാത്രമേ ഉള്ളുവെങ്കിലും സുദീർഘമായ യാത്ര ചെയ്ത് ഗ്രാമങ്ങളിൽ എത്തി ഗ്രാമവാസികളെ ഉയർത്തുവാനും ബോധവാന്മാരാക്കുവാനും യത്നിച്ചുകൊണ്ടിരിക്കുന്ന കാഴ്ചയാണിന്നുള്ളത്.

## ചില രംഗങ്ങളിലൂടെ

ക്രിസ്ത്യാനികൾ ഇവിടെ അധികം ഇല്ലായിരുന്നുവെന്നത് ഒരു വലിയ വിഷമം സൃഷ്ടിച്ചു. മിഷനറി പ്രവർത്തനത്തിൽ. സ്ഥിരം താമസക്കാരല്ലാത്തവരായിരുന്നു ഉള്ള ക്രിസ്ത്യാനികളത്രയും. പ്രോട്ടസ്റ്റൻറു മിഷനറിമാർ ഹരിജനങ്ങളെ മാനസാന്തരപ്പെടുത്തുന്നകാര്യത്തിൽ ശ്രദ്ധപതിച്ചുകൊണ്ട് പ്രവർത്തിച്ചിരുന്നു. ബ്രാഹ്മണ, ക്ഷത്രിയ, വൈശ്യ, ശൂദ്ര എന്നീ ജാതികളിലും താണവരായി ഹരിജനങ്ങൾ കണക്കാക്കപ്പെടുന്നു. ആദിവാസികൾ കുറച്ചുകൂടി ഉയർന്നവരാണെന്ന ധാരണയുണ്ട്. തന്നെയുമല്ല ഹരിജനങ്ങളെ വെറുപ്പോടെ അവർ മാററി നിറുത്തും. പൊതുവെ പറഞ്ഞാൽ ഹരിജനങ്ങളെക്കാൾ വിശ്വസ്തരും സ്ഥിരതയുള്ളവരും ആദിവാസികളാണെന്നു സമ്മതിക്കണം. ബസ്റ്റാർ പ്രദേശത്തു് സി.എം.ഐ. ക്കാർ കടന്നിട്ട് നാളുകൾ ഏറെ ആയില്ല. പക്ഷേ, ക്രൈസ്തവചൈതന്യത്തിൻെറ അലയടികൾ അങ്ങോളമിങ്ങോളം കാണപ്പെട്ടു തുടങ്ങി. കൊള്ളയടിച്ചിരുന്ന ഉദ്യോഗസ്ഥവൃന്ദം ഇളകി. അവരുടെ കൊള്ളരുതായ്മയ്ക്കു കൂട്ടുനിൽക്കാത്ത മിഷനറിമാരെ എതിർത്തും മിഷൻ പ്രവർത്തനങ്ങൾക്ക് എവിടെയെല്ലാം പ്രതിബന്ധങ്ങൾ ഉണ്ടാക്കാമൊ അവിടെയെല്ലാം പ്രതിബന്ധങ്ങൾ ഉണ്ടാക്കിയും അവരുടേതായ ഭാഗങ്ങൾ അവർ അഭിനയിക്കുന്നു. മിഷനറിമാർ ബസ്റ്റാർ പിടിച്ചടക്കുമൊയെന്ന ഭയം ചില ഉദ്യോഗസ്ഥന്മാർ കാണിച്ചു തുടങ്ങി. ഒരു ഭാഗത്തും പിടികൊടുക്കാതിരിക്കാൻ ജാഗ്രതയോടെ മുന്നേറുകയാണ് മിഷനറിമാർ. ഹിന്ദി നല്ലവണ്ണം കൈകാര്യം ചെയ്യാൻ പഠിക്കുക അത്യാവശ്യമാണിവിടെ കൂടാതെ ഗ്രാമവാസികളുടെ പ്രത്യേക രീതിയിലുള്ള ഭാഷയും സ്വായത്തമാക്കണം. ആദ്യമാദ്യം ജനങ്ങളുടെ ഇടയിൽ അസ്വീകാര്യരായി കാണപ്പെട്ടുവെങ്കിലും ഇന്ന് ആ സ്ഥിതി മാറിയിട്ടുണ്ട്. ഉദ്യോഗസ്ഥന്മാർ ആദിവാസികളെ ചൂഷണം ചെയ്തിരുന്നതിനാൽ മിഷനറിമാർ ആദിവാസികളെ

സമീപിക്കുമ്പോഠം അവരെ ചൂഷണം ചെയ്യാനെത്തിയവരാണോയെന്നു് സംശയിച്ചിരുന്നു. ആതുരസേവനത്തിനായി എത്തിയ കന്യാസ്ത്രീകഠം ഗവൺമെൻറിൻെറ ജനനനിയന്ത്രണ ഏജൻറന്മാരാണോയെന്നും സംശയിച്ചിരുന്നു മരങ്ങഠം ഇടതൂർന്നു വളരുന്ന വനനിബിഡപ്രദേശമായ ഇവിടെ ആദിവാസികഠം തങ്ങളുടെ തുഛമായ നിലങ്ങളിൽ കൃഷിയിറക്കുന്നു. കാളവണ്ടിയുഗത്തിലാണവരിന്നും. ഹരിജനങ്ങഠം സ്വന്തമായി സ്ഥലം ഇല്ലാത്തവരാണു്. ആശ്രിതരായിക്കഴിയുക അവരുടെ സ്വഭാവമായി മാറിയിരിക്കുന്നു. മിഷനറിമാർ സാധുക്കളെ കൃഷികാര്യങ്ങളിൽ സഹായിക്കുന്നുണ്ടു്. കുളം, കിണർ എന്നിവ കുഴിപ്പിച്ചും കാളകളെ വാങ്ങിക്കൊടുത്തും നല്ല വിത്തു വിതരണം ചെയ്തും കൂടുതൽ വിളവിനു് പ്രോത്സാഹിപ്പിക്കുന്നു. ''ഗ്രെയിൻബാങ്കു്'' എന്ന പദ്ധതിവഴി ഗ്രാമീണരെ ധാന്യങ്ങഠം ശേഖരിച്ചുവയ്ക്കുന്നവിധം പഠിപ്പിക്കുകയും ആവശ്യനേരത്തു് വിതരണം ചെയ്യുകയും ചെയ്യുന്നു. നല്ലയിനം വിത്തുകഠം ക്രമപ്പെടുത്താനും ഈ മാർഗ്ഗം ഉപകരിക്കുന്നു.

## പ്രവർത്തനങ്ങഠം

ഇന്നു് രൂപതയിൽ 18 കേന്ദ്രങ്ങഠം പ്രവർത്തിക്കുന്നു. 25 വൈദികരും 4 സഹോദരന്മാരും 80 കന്യാസ്ത്രീകളും 14 മഠങ്ങളും 16 ഉപദേശികളും ഉണ്ടു്. വൻപദ്ധതികളല്ലലക്ഷ്യം. സാഹചര്യങ്ങളുടെവിളി അനുസരിച്ചു് പദ്ധതികഠം വരുന്നുവെന്നതാണു്പ്രത്യേകത. പുതിയപുതിയ കേന്ദ്രങ്ങഠം തുടങ്ങുകയെന്നതിനേക്കാഠം തുടങ്ങിയവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചു് പ്രവർത്തിക്കുക എന്ന തത്വത്തിൽ ഉറച്ചുനില്ക്കുകയാണു്. മിഷനറിമാരുടെ വൈരള്യം അനുഭവപ്പെടുന്നുണ്ടു്. ഉള്ളവർതന്നെ പ്രത്യേകപരിശീലന കോഴ്സുകഠംവഴി സാമൂഹികസേവനം, സുവിശേഷപ്രഘോഷണം തുടങ്ങിയവയിൽ കൂടുതൽ അവഗാഹം നേടുന്നതിനായി ഇടയ്ക്കിടയ്ക്കു് പോകേണ്ടിവരികയും ചെയ്യുന്നു. വിദേശത്തും ഇൻഡ്യയിലുമായിട്ടാണു് ഈ കോഴ്സുകഠം നടത്തുന്നതു്. രൂപതയിലുള്ള 8 താലൂക്കുകളിൽ ഏഴു സ്ഥലത്തും മിഷനറിമാർ പ്രവർത്തനരംഗം കണ്ടെത്തികഴിഞ്ഞു. ആദിവാസി പ്രദേശമായതുകൊണ്ടു് അക്കൂട്ടരെ സ്വീകരിച്ചു് സമുദ്ധരിക്കാനുള്ള പദ്ധതിയാണു് പ്രധാനമായിമുമ്പിൽ കാണുന്നതു്. ജനസംഘംപോലുള്ള രാഷ്ട്രീയ കക്ഷികഠംക്കു് എതിർപ്പുണ്ടെങ്കിലും പൊതുവെ, മിഷനറിമാരെ തടയാൻ ആർക്കും കഴിയുന്നില്ല. ബിസിനസ്സുകാർക്കു് നമ്മുടെ സാന്നിദ്ധ്യം ഗുണം ചെയ്യുന്നുമുണ്ടു്.

ആദിവാസികളുടെ സംസ്കാരം നിലനിർത്തിക്കൊണ്ടുതന്നെ ക്രൈസ്തവികതയിലേക്ക് അവരെ പിടിച്ചുകയറ്റുവാൻ മിഷനറിമാർ ജാഗരൂകരാണ്. സഭ വേരൂന്നാത്തസ്ഥലത്ത് സഭയെ സ്ഥാപിക്കാനുള്ള പരിശ്രമത്തിൽ സ്ഥലത്തെ കലാരൂപങ്ങളും സംസ്കാരവും മാററിമറിക്കുകയുചിതമല്ലല്ലൊ. ദൈവികതയെന്നത് ആദിവാസികളുടെ മുഖമുദ്രയായി കാണപ്പെടുന്നു. പ്രാർത്ഥന, കൂട്ടായചർച്ചകൾ, പഠനസെമ്മിനാറുകൾ എന്നീകാര്യങ്ങളിൽ അതീവ ശ്രദ്ധയോടെ അവർപങ്കെടുക്കും. ഏകാഗ്രമായിരുന്നു പാടുവാനും പ്രാർത്ഥിക്കുവാനും അവർക്കുകഴിയും. ഈ രംഗങ്ങളിലെല്ലാം മിഷനറിമാരുടെ സാന്നിദ്ധ്യവും പ്രോത്സാഹനവും നിർദ്ദേശവും അവശ്യാവശ്യമാണ്. ഓരോമിഷൻ സ്റ്റേഷന്റെയും സുഗമവും സുരക്ഷിതവുമായ പുരോഗമനത്തിനു് സിസ്റ്റേഴ്സും വൈദികനും ഉപദേശിയും ഒക്കെ വേണമെന്നത് ഒരുതത്വമായി അംഗീകരിക്കപ്പെട്ടിരിക്കയാണ്. സൃഷ്ടിപരമായ പദ്ധതികൾ കണ്ടുപിടിച്ചുനടപ്പാക്കുന്നകാര്യത്തിൽ ഓരോ കേന്ദ്രത്തിലുമുള്ളവർ മുൻകൈഎടുക്കണം. ഇക്കാര്യത്തിൽ വന്ദ്യപിതാവ് നിർബ്ബന്ധം കാട്ടാറുണ്ട്. രൂപതയിൽ എല്ലാ രംഗത്തും പ്രവർത്തിക്കാൻ കഴിവുള്ള നാലുസഹോദരന്മാരുടെ സാന്നിദ്ധ്യം വളരെയേറെ സഹായകരമായിരിക്കുന്നു.

ജീവകാരുണ്യപ്രവർത്തനരംഗത്തും ആരാധനാക്രമം, വിദ്യാഭ്യാസം, സാമൂഹികരംഗം എന്നീ തലങ്ങളിലും സിസ്റ്റേഴ്സ് അതുല്യമായ സേവനമാണ് കാഴ്ചവയ്ക്കുന്നത്. ഡിസ്പെൻസറികൾ, വയോജന വിദ്യാഭ്യാസം, ഗ്രാമങ്ങളിൽ വൈദ്യസഹായം, വീട്ടുസന്ദർശനം, പെൺകുട്ടികൾക്കായുള്ള ബോർഡിംഗുകൾ, എം സി. എച്ച് പ്രോഗ്രാം വഴിയുള്ള സഹായം തുടങ്ങി അനേകരംഗങ്ങളിൽ അവർ പ്രവർത്തിക്കുന്നു.

വൈദികർ എല്ലാ സ്ഥലത്തും നേതൃത്വത്തിനായുണ്ട്. സിസ്റ്റേഴ്സും വൈദികരും ഉപദേശികളും ഒററക്കെട്ടായി പ്രവർത്തിച്ചാലേ കൂടുതൽ ഫലം ഉളവാക്കുവാനൊക്കുയെന്നു് അനുഭവംകൊണ്ടു പഠിച്ചിരിക്കയാണ്. ഒരു കൂട്ടർ തനിച്ച് ഒരിടത്ത് രംഗത്തിറങ്ങിയാൽ എല്ലാ രംഗങ്ങളിലും ഒരു പോലെ നിയന്ത്രണം ഉണ്ടാക്കുവാനൊ പദ്ധതികൾ വിജയിപ്പിക്കുവാനൊ കഴിയാതെ പോകും. ജീവകാരുണ്യപ്രവർത്തനങ്ങൾ വഴിയും മററു സാമൂഹികോദ്ധാരണ പദ്ധതികൾ വഴിയും ജനങ്ങളെ ഉദ്ധരിക്കാനുള്ള യത്നം അഭംഗുരം തുടരുന്നു. 'ഫുഡ് ഫോർ വർക്ക്' വഴി അനേകം നല്ല കാര്യങ്ങൾ ചെയ്യാൻ സാധിക്കുന്നു. കൃഷി വികസനത്തിനു വേണ്ടി കാളയെ വാങ്ങാൻ ലോൺ നല്കുക. കി

ണർ കഴിപ്പിക്കുക, വീടുവെയ്ക്കാൻ സാഹായം നല്കുക, കുട്ടികളുടെ നല്ല വളർച്ചയ്ക്കാവശ്യമായ ക്രമീകരണങ്ങൾ നടത്തുക എന്നീ മാർഗ്ഗങ്ങൾ വഴി പാവപ്പെട്ടവരുടെ സമഗ്ര വികസനത്തിനാവശ്യമായവ ചെയ്തു വരുന്നു.

ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ 4 എണ്ണവും വില്ലേജ് സ്കൂൾ (ഹിന്ദി മീഡിയം) 8 എണ്ണവും നടത്തി വരുന്നുണ്ട്. വയോജന വിദ്യാഭ്യാസത്തിനായി സായംകാല ക്ലാസുകൾ പലയിടത്തും നടത്തിവരുന്നു. കെ. ജി സ്കൂളുകൾ കൂടുതൽ തുടങ്ങാൻ പദ്ധതി ആസൂത്രണം ചെയ്യുന്നുണ്ട്. നന്നായി പഠിക്കുന്ന കുട്ടികൾക്ക് തുടർന്നു പഠിക്കാൻ സഹായം ചെയ്തുവരുന്നുണ്ട്. രൂപതയ്ക്കു സ്ഥിരമായ വരുമാനമാർഗ്ഗങ്ങൾ ഒന്നുമില്ല. കാരിത്താസ്, മിസെരെയോർ തുടങ്ങിയ ഏജൻസികൾ വഴി ലഭിക്കുന്ന സഹായം കൊണ്ട് കുറെയെല്ലാം ശരിപ്പെടുത്തുവാൻ സാധിക്കുന്നുവെന്നു മാത്രം.

## മുന്നോട്ട്

''ക്രിസ്തുവിൽ വിമോചനം'' എന്ന തത്വവുമായി നീങ്ങുന്ന ബിഷപ്പ് പൗളീനോസ് പിതാവ് എല്ലാവർക്കും അഭിഗമ്യനാണ്. ഹിന്ദി കൈകാര്യം ചെയ്യാൻ പഠിച്ചുകഴിഞ്ഞു അദ്ദേഹം. കാളവണ്ടിയിലും സൈക്കിളിലും സ്കൂട്ടറിന്റെ പിറകിലും ബസിലും ഒക്കെയായി അദ്ദേഹം മാസത്തിലൊരിക്കലെങ്കിലും മിഷൻസ്റ്റേഷനുകൾ സന്ദർശിക്കും. ശാന്തമായി നീങ്ങുന്ന അദ്ദേഷത്തിനു് രൂപതയുടെ അഴകും പ്രവർത്തനവും കൊട്ടിഘോഷിക്കുന്നതിഷ്ടമല്ല. എല്ലാവിധത്തിലുമുള്ള അവശതകളിൽ നിന്നു്, പാപത്തിൽനിന്നു്, ആത്യന്തികമായി തുറിച്ചുനോക്കുന്ന പ്രശ്നങ്ങളിൽ നിന്നു് മോചനം നേടുക. ഭൗതികവും ആത്മീകവുമായ സ്വാതന്ത്ര്യം നേടുക. ഇത് രൂപതയ്ക്കു് പൊതുവെയുള്ള അഭിനിവേശമാണ. പൊടിനിറഞ്ഞ നിരത്തുകളിലൂടെ മൂക്കററം പൊടിതിന്നുകൊണ്ടും കരടിയും കടുവയുമുള്ള വനത്തിന്റെ നടുവിലൂടെ അപകടകരമായ മുന്നേററം നടത്തിയും രൂപതയിലങ്ങോളമിങ്ങോളം മിഷനറിമാർ വിശ്രമമില്ലാതെ ജോലി ചെയ്യുകയാണ്. ആദിവാസികളുടെ മാനസിക പരിതഃസ്ഥിതികളോടും അവരുടെ സംസ്കാരത്തോടും താദാത്മ്യപ്പെടാനും അവരുടെ വസ്ത്രധാരണം, സംസാരം, പാർപ്പിടം, ജോലി, ജീവിതരീതി എന്നിവകളോടു് സമരസപ്പെട്ടു പെരുമാറാനും മിഷനറിമാർ ശ്രദ്ധ വയ്ക്കുന്നുണ്ട്.



മാർ പൗളീന്നൂസ്

ജഗദൽ പൂരിൽ



ഫാ. പപ്പിയാസ്സ്



ഫാ. സൈമൺ സ്റ്റോക്ക്

ആദ്ധ്യാത്മികതയുടെ പരിവേഷം എല്ലാ രംഗത്തും ഉണ്ടാകണം എന്ന കാര്യത്തിൽ സകലക്കും നിബ്ബന്ധമുണ്ട്. മിഷനറിമാർ മാസംതോറും ഒന്നിച്ചു കൂടി പ്രാത്ഥനയും ആരാധനയും നടത്തി ചച്ചകാംക്കും പങ്കുവസ്സലിനും ശേഷം പിരിയുന്ന പതിവുണ്ട്. വൈദികരും കന്യാസ്ത്രീകളും ഒരുമിച്ചു കൂടി ചച്ചകാം നടത്തുന്ന രീതി ആണ്ടിൽ രണ്ടു പ്രാവശ്യമെങ്കിലും കാണും. പല സ്ഥലങ്ങളിലും ജനങ്ങളെ ഒരുമിച്ചുകൂട്ടി സന്ധ്യാപ്രാത്ഥനകളും കൊന്തനമസ്കാരവും നടത്തുന്ന പ്രധാന തിരുനാാം അവസരങ്ങളിൽ സ്ഥലവാസികളായ കത്തോലിക്കരൊന്നടങ്കം സജീവമായി തിരുക്കമ്മങ്ങളിൽ പങ്കുകൊള്ളുകയും എല്ലാത്തിലും സഹകരിക്കുകയും ചെയ്യും. ഞായറാഴ്ചക്കബ്ബാനകളിൽ പങ്കുകൊള്ളുവാൻ മൈലുകാം തന്നെ നടന്നു് അവർ തീഷ്ണതാപൂവ്വം എത്തും. കൂട്ടംകൂടി നടക്കുകയെന്നതുതന്നെ, ഒരു സ്വഭാവമായിത്തീന്നിരിക്കുകയാണവക്ക്. ഒരു രോഗിയെ ആശുപത്രിയിലാക്കണമെങ്കിൽ വീടടച്ചു് സകലരും പോരുകയായി. വെളിം പ്രദേശത്ത് രാത്രിയിൽ കിടന്നുറങ്ങാനും അവക്കു മടിയില്ല. ഗ്രാമജീവിതത്തിന്റെ മാധുര്യം അനുഭവിക്കുന്ന അക്കൂട്ടരെ വെവ്വേറെ താമസിപ്പിക്കുക വിഷമമാണ്. ഗ്രാമത്തലവന്റെ വരുതിക്കു നിന്നു് കല്പനകളും ഉപദേശങ്ങളും പാലിക്കുന്ന ഒരു വിഭാഗമാണ് ആദിവാസികാം.

മലേറിയ പരത്തുന്ന വൻകൊതുകുകാം ഇപ്രദേശത്തുണ്ട്. പലരും മലേറിയയുടെ പിടിയിൽപ്പെട്ടിട്ടും ഉണ്ട്. എങ്കിലും പൂവ്വോപരി ശക്തിയാജ്ജിച്ചുകൊണ്ടു് മിഷനറിമാർ ജൈത്രയാത്ര തുടരുകയാണ്. മിഷനറിമാക്ക് കാരണവരായി ബ. പപ്പിയാസച്ചൻ എല്ലാ രംഗത്തും ഉണ്ട്. ഗ്രാമവാസികളിൽ വളരെ കുറച്ചുപേക്കു മാത്രമേ എഴുത്തും വായനയും അറിഞ്ഞുകൂടു. ഒട്ടുമുക്കാൽ പങ്കിനും 20 വരെ എണ്ണാൻ അറിയാം. പൈസയുടെ കാര്യത്തിൽ 25 പൈസ എന്നു പറഞ്ഞാൽ തിരിയും. അതിൽക്കൂടുതൽ ആയാൽ എല്ലാതെറും. ഇക്കൂട്ടരെ കണ്ടുകൊണ്ടാണ് സ്കൂളുകളെപ്പററി മിഷനറിമാർ ചിന്തിച്ചുതുടങ്ങിയതു്. ക്രിസ്തുവിനെപ്പററി എളുപ്പത്തിൽ അറിയാൻ 'ജീസ്സസ് ഫിലിമുകാം' കാണിക്കുന്നുണ്ട്. ചൂഷണത്തിനും, പട്ടിണിക്കും, രോഗത്തിനുമെതിരായി ഉയിത്തെഴുന്നേല്ക്കുവാൻ സാധുക്കളെ ഉന്നി

ദ്രമാക്കുന്നതിൽ മിഷനറിമാർ പരാംങ്മുഖരായിട്ടില്ല. ക്രിസ്തുവിൻെറ രാജ്യം പരത്തുന്നതിനും അവിടുത്തെ ജനകോടികാക്ക കാട്ടിക്കൊടുക്കുന്നതിനുമുള്ള മഹായജ്ഞത്തിൽ സുവിശേഷാത്മകമായ ലാളിത്യവും സന്തോഷവും കൈമുതലാക്കിക്കൊണ്ട് അജപാലകരും അജങ്ങളും ഒരുമിച്ച് ഒരേ കൊടിക്കീഴിൽ അണിനിരന്നു് വെല്ലുവിളിയെ സധൈര്യം നേരിട്ടുകൊണ്ടിരിക്കുന്നു.

## ജഗ്ദൽപൂർ–ഒററനോട്ടത്തിൽ

| | | |
|---|---|---|
| വിസ്തൃതി | .... | 39000 ച. കി. മീ. |
| ജനസംഖ്യ | .... | 1600000 |
| കത്തോലിക്കർ | .... | 900 (1980-ൽ) |
| വൈദികർ | .... | 24 |
| ബ്രദേഴ്സ് | .... | 3 |
| സെമ്മിനാരിക്കാർ | .... | 42 |
| സിസ്റ്റേഴ്സ് | .... | 79 |
| മഠങ്ങാം | .... | 14 |
| സ്കൂളുകാം | .... | 9 |
| ആരോഗ്യകേന്ദ്രങ്ങാം | .... | 7 |
| ബാലഭവനങ്ങാം | .... | 4 |

# ബിജ്നോർ

## ആമുഖം

ആഷ്ഭാരതസംസ്കാരം മൊട്ടിട്ടുവിടന്ന ഋഷികേശ്, ഹരിദ്വാർ, ബദ്രീനാഥ്, കേദാർനാഥ്, ഗംഗോത്രി, യമുനോത്രി തുടങ്ങിയ തീർത്ഥാടനകേന്ദ്രങ്ങളുടെ ഉറവിടമായ ഗഢ്വാൾ അഥവാ ഉത്തരകാണ്ഡവും ബിജ്നോർഡിസ്ട്രിക്റ്റിലെ ഡാമ്പൂർ വിഭാഗം ഒഴിച്ചുള്ള റോഹിൽകാണ്ഡവും ഉൾപ്പെട്ടന്നതാണ് ബിജ്നോർരൂപത. സമതലത്തിലെ ബിജ്നോർ; മലമടക്കുകളിലെ പൗഡി–ഗഢ്വാൾ, ടെഹ്‌റി, ചാമോളി, ഉത്തരകാശി എന്നീ അഞ്ചു ഡിസ്ട്രിക്റ്റുകൾ ഈ രൂപതകളിലുണ്ട്. ഇത് ഉത്തരപ്രദേശിലാണ്. 1972–ലാണ് രൂപതയുടെ തുടക്കം. അതിൻെറ എക്സാർക്കായി മോൺ. ഗ്രേഷ്യൻ മുണ്ടാടൻ സി.എം.ഐ. നിയമിതനായി. 1977നവ. 6–ന് അദ്ദേഹം ബിജ്നോർ രൂപതയുടെ മെത്രനായി അഭിഷിക്തനാവുകയും ചെയ്തു.

'ഹിമാലയൻ' ദൗത്യവുമായി ഹിമവൽ സാനപ്രദേശങ്ങളിലേക്ക് അരയും തലയും മുറുക്കികടന്നു ചെന്നിരിക്കുന്ന സി.എം.ഐ. മിഷനറിമാർ അതിശൈത്യത്തോടും അത്യുഷ്ണത്തോടും ഏറ്റുമുട്ടി സുവിശേഷവേല നടത്തുകയാണ്. റോഹിൽ കാണ്ഡത്തെ അപേക്ഷിച്ച് ഉത്തരകാണ്ഡത്തിന് ചില പ്രത്യേകതകളുണ്ട്. ഹൈന്ദവമതത്തിൻെറ പുണ്യസങ്കേതങ്ങൾ അവിടെയാണ്. മഞ്ഞുമലകളുടെ നാടാണത്. ജനങ്ങളിലധികവും ദരിദ്രർ, അപരിഷ്കൃതർ. ഗിരിവർഗ്ഗക്കാരാണധികവും. ചിതൽപ്പുററുപോലെയുള്ള മലകൾ എങ്ങും തിങ്ങിനില്ക്കുന്ന ഈ ഭാഗത്ത് യാത്രാസൗകര്യംതന്നെ കുറവാണ്.

ഹിന്ദുക്കളുടെ വേദമനുസരിച്ചു ലോകം ഒരു വലിയ കടലാണ്; തീർത്ഥാടനം എന്നത് ആ കടൽകടക്കുന്ന പ്രക്രിയയാണ്; ഉത്തരകാണ്ഡത്തിലെ പുണ്യസ്ഥലങ്ങൾ സന്ദർശിക്കാതുള്ള തീർത്ഥാടനം പൂർണ്ണമാവുകയില്ല, ജീവിതത്തിലൊരിക്കലെങ്കിലും ഇതു നടത്തിയിരിക്കണം. മദ്മഹേശ്വർ, തുംഗനാഥ്, രുദ്രനാഥ്, കല്പേശ്വർ, ആദിബദ്രി, ത്രിജ്ജുഗിനാരായണ തുടങ്ങിയ ക്ഷേത്രങ്ങളും ഗംഗോത്രി, യമുനോത്രി, കേദാർനാഥ്, ബദ്രിനാഥ്, തുടങ്ങിയ പുണ്യസങ്കേതങ്ങളും ഒരുവൻ സന്ദർശിച്ചിരിക്കണം. ഭാരതീയർക്ക് നദികൾഎന്നും പുണ്യപ്പെട്ടതാണ്. അതിൽ ഗംഗയും, യമുനയും മുൻപന്തിയിലുമാണ്. ഉത്തരകാശിയിലെ ബൻഡ്ചുപൂഞ്ചിൽ ഉദ്ഭവിച്ച് ഡെറാഡൂൻ, ഡൽഹി, ആഗ്ര എന്നിവിടങ്ങളെ തഴുകി

ത്തലോടി യമുന ഒഴുകുമ്പോൾ, ഗഢ്‌വാളികളുടെ ആധ്യാത്മിക തൃഷ്ണയെ ശമിപ്പിച്ചുകൊണ്ട് സാവകാശം ഗംഗാനദി പ്രവഹിക്കുന്നു ഇതിന്റെ പോഷകനദികൾപോലും ഗംഗാഎന്ന പേരിൽ അറിയപ്പെടുന്നു. ഭഗീരഥിനദി സ്വർഗ്ഗത്തിൽനിന്നു ഭൂമിയിലേക്ക്ഒഴുകിയതാണ് എന്ന് വിശ്വസിക്കപ്പെടുന്നു. ഭഗീരഥന്റെ തപസ്സും പ്രാർത്ഥനയും കൊണ്ടാണ് ആ നദി പ്രവഹിച്ചത്. ഗംഗോത്രിയാണ് അതിന്റെ പ്രഭവസ്ഥാനം. 25,666 അടിഉയരമുള്ള നന്ദാദേവിക്കൊടുമുടി ഇവിടെ തലയുയർത്തിനില്ക്കുന്നു. ''പുഷ്പങ്ങളുടെ താഴ്‌വര'' എന്നറിയപ്പെടുന്ന സ്ഥലവും ഇവിടെത്തന്നെ. പൈൻ, ഓക്ക്, ദേവദാരു തുടങ്ങിയ പ്രസിദ്ധിപെററമരങ്ങളും ആപ്പിൾ, വാൾനട്ട്, ഓറഞ്ചു തുടങ്ങിയ പഴങ്ങളും മലകൾക്ക് ആഭരണമായിനില്ക്കുന്നു. 19-ാം നൂററാണ്ടുവരെ ഗഢ്‌വാൾ, രാജഭരണത്തിൻ കീഴിലായിരുന്നു ശ്രീനഗർ തലസ്ഥാനവുമായിരുന്നു. ബ്രിട്ടീഷ്കാരുടെ ആഗമനം രാജാക്കന്മാരുടെ പിന്മാററത്തിനു കാരണമായി.

''തപോഭൂമി''യെന്നപേരും ഇ പ്രദേശത്തിനുണ്ട് സ്വഛന്ദമായ സ്ഥലംതേടി പണ്ടുമുതലേ ഋഷിമാർ ഉന്നതശൃംഗങ്ങളിൽ ധ്യാനത്തിനും തപോനുഷ്ഠാനങ്ങൾക്കമായി എത്തിയിരുന്നതിനാലാണ് ഈ പേരു സിദ്ധിച്ചത്. ഗഢ്‌വാളികൾ കടുത്ത മതാനുഷ്ഠായികളാണ്. ഹിന്ദുമതത്തിന്റെ സകല പൂർണ്ണതയും ഉൾക്കൊള്ളാൻ അവർ ശ്രമിക്കുന്നു. അലസജീവിതം അവർക്കിഷ്ടമില്ല കുന്നുകളും മലകളും ഇഷ്ടമാണവർക്ക് അവിടെ അവർ താവളമടിക്കുന്നു. റോഡുകൾ ചുരുക്കമായതിനാൽ ഭാരമുള്ളചുവടും താങ്ങി അവർ മലകൾതാണ്ടും. കൂട്ടിനായി ചിലപ്പോൾ കോവർകഴുതകളുംകാണും. പുരുഷന്മാർക്ക് സൈനിക സേവനമാണിഷ്ടം. സ്ത്രീകൾ സകല ജോലികളും ചെയ്യണം. യുദ്ധത്തിൽ മരണമടഞ്ഞവരുടെ വിധവകൾ, പെൻഷൻ പററിയ പുരുഷന്മാർ എന്നിങ്ങനെ സർക്കാർ സഹായംകൊണ്ടുകഴിയുന്നവരും ധാരാളമുണ്ട്. കുഷ്ഠരോഗവും ക്ഷയരോഗവും ഈ പ്രദേശങ്ങളിലെ ഒരു ശാപമായിരിക്കുകയാണ്. ചോളം, നെല്ല് എന്നിവകൊണ്ട് ഗിരിവർഗ്ഗക്കാർ കഴിഞ്ഞു കൂടുന്നു. മലംചെരുവുകളിൽ കൃഷിനടത്തും. മഴയെ ആശ്രയിച്ചിരിക്കും വിളവ്. വലിയ മലകളുടെ മുകൾമുതൽ താഴെവരെ ചെറു ചെറു കണ്ടങ്ങളാക്കിമാററി തങ്ങളുടേതായ പഴയ കൃഷിസമ്പ്രദായത്തിൽ അവർ കൃഷിഇറക്കും.

മഹാഭാരതം, രാമായണം തുടങ്ങിയ പുരാണങ്ങളുടെയും വേദങ്ങളുടെയും ഉപനിഷത്തുക്കളുടെയും ഉദ്ഭവസ്ഥാനമായി കരുതപ്പെടുന്ന ഈ ഭാഗത്തെ ''ദേവന്മാരുടെ രാജ്യം'' എന്നു വിളക്കാറുണ്ട്. നദികളും പുണ്യസ്ഥലങ്ങളും ഉള്ളതുകൊണ്ട് ഹിന്ദുക്കൾക്ക് പ്രാധാന്യമുള്ള ഒരിടമായിത്തീർന്നു ഇത്. വഴികളെല്ലാം മഞ്ഞുമൂടുന്ന തണുപ്പുകാലമൊഴിച്ച് മററവസരങ്ങളിൽ ആയിരക്കണക്കിന് തീർത്ഥാടകർ പുണ്യസ്ഥലങ്ങൾ തേടിഎത്തും. പഴയമൂല്യങ്ങൾ തിരോഭവിക്കുമ്പോൾ പുതിയവ തൽസ്ഥാനം ഏറെറടുക്കുന്നില്ലായെന്നത് ആധുനികതയുടെ മുഖമുദ്രയാണ്. അതിനാൽ നൈരാശ്യവും ജീവിതക്ലേശവും മുററിനില്ക്കുന്ന ഒരുജനം ഉരുത്തിരിയുന്ന ഇത്തരമുള്ള സാഹചര്യത്തിൽ പ്രാർത്ഥനയുടെയും ധ്യാനത്തിൻെറയും, അതിൽ നിന്നുയിർക്കൊള്ളുന്ന ജനക്ഷേമകരങ്ങളായ കർമ്മപദ്ധതികളുടെയും കൈവിളക്കുമായി സി.എം.ഐ. മിഷനറിമാർ ബിജ്നോർ—ഗഢ്വാൾപ്രദേശത്തേക്കു കടന്നുവന്നു. അജ്ഞതയും അവിദ്യയും അന്ധവിശ്വാസവും, പട്ടിണിയും രോഗവും, വർഗ്ഗസമരവും അകററി ക്രിസ്തുവിൻെറ സ്നേഹസന്ദേശം പരത്തുകയെന്ന ഹിമാലയൻ ദൗത്യവുമായി അവർ ഇറങ്ങിക്കഴിഞ്ഞു ഹിമവാൻെറ അടിവാരത്തെ സമതലം മുതൽ, ഗംഗാനദിയുടെ ഉൽപ്പത്തിസ്ഥാനവും ബ്രഹ്മാവ് മനസ്സുകൊണ്ടു സൃഷ്ടിച്ചതുമായ മാനസസരസ്സും, പരമശിവൻെറ ഇരിപ്പിടമായ_20,226 അടി ഉയരമുള്ള_കൈലാസവുംവരെ വിരിഞ്ഞുകിടക്കുന്ന ബിജ്നോർമിഷൻ രൂപത.

### തുടക്കം

സി.എം.ഐ. സഭയുടെ തിരുഹൃദയപ്രവിശ്യയെയാണ് ബിജ്നോർരൂപത ഏല്പിച്ചിരിക്കുന്നത്. മീററു രൂപതയിൽ നിന്ന് 1972_ൽ ബിഷപ് ജോസഫ് എവൻജെലീസ്റ്റി എന്ന കപ്പുച്ചിൽ മെത്രാൻ ആണ് അതു നിർവ്വഹിച്ചതു. നേരത്തെ ആഗ്രാരൂപതയുടെ കീഴിലായിരുന്നു മീററും. മീററുരൂപതയിൽ നിന്ന് വൈദികർക്ക് എത്തിനോക്കാൻ പററാതെ കിടന്ന ഒരിടമാണ് ബിജ്നോർ. ഈ രൂപത സി.എം.ഐ. യെ ഏല്പിക്കുമ്പോൾ ഒരിഞ്ചുസ്ഥലമൊ; സ്ഥാപനമൊ രൂപതയുടേതായിട്ട് ഉണ്ടായിരുന്നില്ലായെന്ന ഒരു പ്രത്യേകതയും ഇതിനുണ്ട്. കാലാഘട്ടിൽ ഒരു ക്രിസ്തീയ സമൂഹം ഉണ്ടായിരുന്നു. റാംഗംഗാ_വൈദ്യുതി പ്രോജെക്ററിലെ ജോലിക്കായിവന്നവരായിരുന്നു അവർ. ആ സമൂഹം അസ്തമിച്ച

പോവുകയുംചെയ്തു 1926 മുതൽ മെത്തോഡിസ്റ്റുകാർ ഈ ഭാഗങ്ങളിൽ പ്രവത്തിച്ചിരുന്നു. ഏകദേശം നാലായിരത്തോളം അംഗങ്ങളും ഉണ്ടായിരുന്നു. ഇന്നും മെത്തോഡിസററുകാർ ഉണ്ടെങ്കിലും വിദേശസഹായം കണക്കിനു ലഭിക്കുന്നില്ലായെന്ന കാരണത്താൽ മിഷൻ പ്രവത്തനം തളന്നിരിക്കുകയാണിവിടെ. 1976–ൽ 36 മെത്തോഡിസ്ററുകാർ കത്തോലിക്കാസഭയിൽചേന്നു. 1978-ലും കുറേപ്പേർ ചേരുകയുണ്ടായി. പലരും ചേരുവാൻ താല്പര്യം പ്രകടിപ്പിക്കുന്നുമുണ്ട്. ഉത്തരപ്രദേശിലെ ഏററവും അവഗണിക്കപ്പെട്ടിരുന്ന ഈ സ്ഥലത്ത് സി.എം.ഐ. മിഷനറിമാർ ജനക്ഷേമ പ്രവത്തനങ്ങരം നടത്തിത്തുടങ്ങിയപ്പോരം ഗവൺമെൻറിനും നാട്ടുകാർക്കും അനുകൂല മനോഭാവം ഉണ്ടായി.

1972 ജൂൺ 20-നു് ആണു് ആദ്യമിഷനറിമാരായ നാലു പേർ– മോൺസിഞ്ഞോർ ഗ്രേഷ്യൻ ഉരംപ്പെടെ ബിജ്നോറിൽ കാലുകുത്തിയതു്. മീററിൽ താമസിച്ചുകൊണ്ടാണു് ആദ്യപ്രവത്തനങ്ങരംക്കു് തുടക്കമിട്ടതു്. പിന്നെ രാജാക്കാതാജ്പൂർ എന്ന സ്ഥലത്തു് താമസമാക്കി. സ്ഥലത്തെ വൈദികർ സഹായിച്ചതുകൊണ്ടു് കൂടുതൽ എളുപ്പമായി. ഡിസ്ട്രിക്ററു മജിസ്ട്രേററിൻെറ സഹായത്തോടെ ബിജ്നോറിൽ ഇംഗ്ലീഷുമീഡിയം സ്കൂരം തുടങ്ങാൻ സാധിച്ചു. ഒരുകൊല്ലത്തോളം ബിഷപ്പ്സ് ഹൗസിൻെറ ആസ്ഥാനം ബിജ്നോറും പിന്നീടു് കോട്ട്ദ്വാരയിലെ പദംപൂർ–സുക്രോയും ആയിരുന്നു. ഇപ്പോരം കോട്ട്ദ്വാരയിൽത്തന്നെ സക്കാർ ആശുപത്രിക്കടുത്തു് സ്ഥലവും കെട്ടിടവും വാങ്ങി ബിജ്നോറിൻെറ കേന്ദ്രം അങ്ങോട്ടാക്കിയിരിക്കുകയാണു്.

## വളർച്ച

രൂപത തുടങ്ങിയശേഷം ഇന്നുവരെ അത്ഭുതപൂവ്വമായ പുരോഗതിയാണുള്ളതു്. സ്ഥാപനങ്ങരംവഴിയും, ഗ്രാമസന്ദർശനങ്ങരംവഴിയും വൈദ്യസഹായം വഴിയും വിദ്യാനികേതനങ്ങരം വഴിയും ജനങ്ങളുമായി കൂടുതൽ അടുക്കുവാൻ കഴിഞ്ഞു. മിഷൻ പ്രവത്തനങ്ങരംക്കു് വിദേശത്തുനിന്നുള്ള സാമ്പത്തിക സഹായം ഒട്ടേറെ ഗുണം ചെയ്യുന്നുണ്ടു്. കേരളസഭയ്ക്കോ സി.എം.ഐ. സഭയ്ക്കോ ഇക്കാര്യത്തിൽ അധികം ചെയ്യാനുള്ള സാഹചര്യമില്ല. മിഷനറിമാരെ അയച്ചുസഹായിക്കുകമാത്രമാണു് കൂടുതൽ ചെയ്യാനുള്ളതു്. കത്തോലിക്കരില്ലാതിരുന്ന ഇവിടെ ഇപ്പോരം

750 കത്തോലിക്കരുണ്ട്. വെള്ളപ്പൊക്കം, തീപ്പിടുത്തം തുടങ്ങിയ പൊതുനാശത്തിന്റെ അവസരങ്ങളിൽ മിഷനറിമാർ നിസ്വാത്ഥസേവനങ്ങളിലൂടെ ജനങ്ങളുടെ ശ്രദ്ധ പിടിച്ചു പററാറുണ്ട്. ഗവ. ഉദ്യോഗസ്ഥന്മാരും നമ്മുടെ പ്രവത്തനങ്ങളെ വിലമതിക്കുന്നുണ്ട്. ബിജ്നോർ മുഴവനിലുംതന്നെ മിഷനറിമാർ സ്ഥാപനങ്ങാംകൊണ്ടും സാന്നിദ്ധ്യംകൊണ്ടും ക്രൈസ്തവചൈതന്യം നിറയ്ക്കുവാൻ യത്നിക്കുകയാണ്. ബാലേ, നാടകം മററു കലാരൂപങ്ങാം തുടങ്ങിയവവഴി ക്രിസ്തുവിനെപ്പററി കൂടുതൽ അറിയുവാൻ അവസരമുണ്ടാക്കുന്നു. ക്രിസ്തുമസ്, ഈസ്റ്റർ തുടങ്ങിയ പ്രധാന അവസരങ്ങളിൽ അഭിവന്ദ്യ ജോസഫ് ഗ്രേഷ്യൻ മുണ്ടാടൻ സി.എം.ഐ , റേഡിയൊ നിലയത്തിലൂടെ സന്ദേശങ്ങാം പകരാറുണ്ട്. ഇതു് ജനശ്രദ്ധ ആകർഷിച്ചുകൊണ്ടുവരുന്ന ഒരു മാഗ്ഗമാണ്. റേഡിയൊ നിലയക്കാർ ഇതിനായി പിതാവിനെ വേണ്ട സമയത്തു് സമീപിക്കാറുമുണ്ട്. എന്നാൽ ഹൈന്ദവരുടെ പിള്ളത്തൊട്ടിലിൽ, ഹിമവാന്റെ മടിത്തട്ടിൽ ക്രിസ്ത്യാനികാം ഉയരുന്നതു് ആർ.എസ്.എസ്., ആര്യസമാജം തുടങ്ങിയ വഗ്ഗീയ ശക്തികാംക്കു രുചിക്കുന്നില്ലായെന്നതു് സത്യമാണ്. മിഷനറിമാരെ പരാജയപ്പെടുത്താമെന്ന വ്യാമോഹത്തോടെ എതിർ പ്രവത്തനങ്ങളിലവർ ഏർപ്പെടുന്നുമുണ്ട്. മിഷൻ പ്രദേശങ്ങളിൽ സാധാരണ കണ്ടുവരുന്ന ഒരു പ്രതിഭാസമാണിതു്. നാം ഒരു സ്കൂാം തുടങ്ങിയാൽ എതിരാളികാം അപ്പുറത്തു് ഒരു സ്കൂാം തുടങ്ങുകയായി. നാം ഒരു ബോർഡിംഗ് തുടങ്ങിയാൽ അവരും ഒരെണ്ണം ഉണ്ടാക്കും. എന്നാൽ ഫലത്തിൽ അവക്കു് ആളുകളെ കുറച്ചുമാത്രമേ കിട്ടുകയുള്ളു. ക്രിസ്തുവിന്റെ സ്നേഹസന്ദേശമാണ് എങ്ങും വിജയിക്കുക.

''ബിജ്നോർ ഉറക്കംഭാവിക്കുകയാണോ?'' ബിജ്നോർ ടൈംസ് എന്ന ഹിന്ദിപ്പത്രത്തിൽ മിഷനറിമാരെപ്പററിയും ബിഷപ്പിനെപ്പററിയും എതിരായി വന്ന ഒരു ലേഖനത്തിന്റെ തലക്കെട്ടാണിതു്. ഇംഗ്ലീഷ് മീഡിയം സ്കൂാം വിദേശാധിപത്യത്തിനേ ഉതകൂ എന്നും മിഷനറിമാർ നാടുപിടിച്ചടക്കുമെന്നും മോൺ. ഗ്രേഷ്യൻ മുണ്ടാടൻ, ഡാർജിലിങ്ങിൽനിന്നു് നാടുകടത്തപ്പെട്ട വ്യക്തിയാണെന്നും ഭാരതത്തിനു തുരങ്കംവയ്ക്കുന്ന രാഷ്ട്രവിരുദ്ധപ്രവർത്തകനാണെന്നും മററും അതിൽ എഴുതി. സി.ഐ ഡി കാം അന്വേഷണത്തിനു വന്നു. പക്ഷേ, പത്രക്കാക്കാണ് തെററുപററിയതെന്നു് ബോദ്ധ്യമായി. ആദ്യകാലങ്ങളിലെ കുത്തിപ്പൊക്കൽ കഴിഞ്ഞപ്പോാം എതിർ പ്രവർത്തനങ്ങാം ഒട്ടു ശമിച്ചിരിക്കുകയാണ്. മൊറാദബാദിൽ അരങ്ങേറിയ കൂട്ടക്കൊലയും കൊള്ളിവയ്പും ഭിന്നമതസ്ഥർ തമ്മി

ലുള്ള വൈരാഗ്യത്തിന്റെ സന്തതികളാണെന്നു് എല്ലാവക്കമറിയാം. ''ഹിന്ദു, ഹിന്ദി, ഹിന്ദുസ്ഥാൻ'' – ഈ മുദ്രാവാക്യം മുഴക്കി നടക്കുന്ന ആര്യസമാജക്കാർ ചിലയിടങ്ങളിൽ കുഴപ്പം സൃഷ്ടിക്കുന്നതൊഴിച്ചാൽ മതപ്രവത്തനങ്ങൾക്കു് പ്രകടമായ എതിർപ്പില്ല. മിഷനറിമാർ ആരേയും നിർബ്ബന്ധിച്ചു്, വശീകരിച്ചു് മാനസാന്തരം നടത്തുന്നുമില്ല. മതേതര രാഷ്ട്രമായ ഭാരതത്തിൽ ഒരുവനു മതം മാറാനോ മാറാതിരിക്കാനൊ ഉള്ള സ്വാതന്ത്ര്യം ഉണ്ടെങ്കിലും തല്പരകക്ഷിക്കാർ അതിനു വിലങ്ങുതടിയായി നിൽക്കുന്നതു് ഒരു വിരോധാഭാസമായിരിക്കുന്നു.

## ചില രംഗങ്ങളിലൂടെ

ഇതുവരെയുള്ള പ്രവത്തനങ്ങളെ വിലയിരുത്തുമ്പോൾ രണ്ടു ഘട്ടങ്ങൾ കാണാൻ കഴിയും. ഒന്നാമത്തെഘട്ടം ഏതാണ്ടു കഴിഞ്ഞിരിക്കുന്നു. പലേ സ്ഥലത്തും നമുക്കു കയറിപ്പററാൻ കഴിഞ്ഞിരിക്കുകയാണു്. സ്ഥാപനങ്ങൾ വഴി അതു സാധിച്ചു. ഔദ്യോഗികവും (Formal) അനൗദ്യോഗികവും (non-formal) ആയ സ്കൂളുകൾ, വയോജനവിദ്യാഭ്യാസം, ഡിസ്പെൻസറികൾ, ആശുപത്രികൾ, ബാലമന്ദിരങ്ങൾ തുടങ്ങിയവഴി ജനശ്രദ്ധയാകർഷിച്ചിരിക്കുന്ന ഒരവസ്ഥയാണിപ്പോൾ. അതുകൊണ്ടു് ആളുകൾ ഇങ്ങോട്ടുവന്നു് ആവശ്യപ്പെടുകയായി തങ്ങളുടെ ഇടയിൽ സ്കൂളും, ഡിസ്പെൻസറികളും മററും വേണമെന്നു്.

രണ്ടാം ഘട്ടത്തിലേയ്ക്കു കടക്കുമ്പോൾ, ഇനി സെൻററുകൾ കൂട്ടുന്നതിനേക്കാൾ നല്ലതു് സാധാരണക്കാരുടെ ഇടയിൽ സാധാരണക്കാരെപ്പോലെ ജീവിച്ചു്, പ്രാത്ഥിച്ചു് ചെറിയ ചെറിയ കുടിലുകളിൽ കഴിഞ്ഞുകൂടി ക്രിസ്തുവിനു സാക്ഷ്യംവഹിക്കുകയെന്ന ആശയത്തോടാണാഭിമുഖ്യം. അങ്ങനെ ജനങ്ങളോടു് അടുത്തിടപെട്ടുകഴിയുമ്പോൾ അവരിൽ ആദ്ധ്യാത്മികവും ബുദ്ധിപരവുമായ നേതൃത്വവാസനയും മററും വളത്താൻ കഴിയുമെന്ന വിശ്വാസമാണുള്ളതു്. ഉടനടി മാനസാന്തരത്തെപ്പററി പറയാതെ മാനുഷികമൂല്യങ്ങൾ ക്രിസ്തുവിന്റെ ചൈതന്യത്തിൽ മനസ്സിലാക്കുവാനും സ്നേഹത്തിൽ വളരുവാനും ജനങ്ങൾക്കു് സാഹചര്യം സൃഷ്ടിക്കുവാനും ക്രമേണ അവരെ സഭയുടെ മടിത്തട്ടിലേയ്ക്കു നയിക്കുവാനും എളുപ്പമാകും. സാന്നിദ്ധ്യംകൊണ്ടുള്ള പ്രേഷിതവേലയാണു് ഇവിടെ ഉദ്ദേശിക്കുക.



ദുർഗാപ്പൂരിൽ



ബലംപ്പള്ളി



ദാഹജലത്തിനുവേണ്ടി



പിതാവിനോടൊത്ത്



മാർ ഗ്രേഷ്യൻ

# ബിജ്നോറിൽ



പണിതീർന്ന വീട്



വിശ്വാസം മുറുകെപ്പിടിച്ചുകൊണ്ട്

## പ്രവർത്തനങ്ങൾ

ഗ്രൂപതയിൽ അനേകം ജീവകാരുണ്യപ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. ആശുപത്രി, ഡിസ്പെൻസറി ഗ്രാമങ്ങൾ സന്ദർശിച്ച് വൈദ്യസഹായം ചെയ്യൽ എന്നിവ കൂടാതെ ഉപേക്ഷിക്കപ്പെട്ട ശിശുക്കൾക്കായി ഒരു ഭവനവും ഭ്രുവാക്കാലിൽ തുടങ്ങിയിട്ടുണ്ട്. മാനസികമായി വളർച്ച പ്രാപിക്കാത്ത കുട്ടികളെ എടുത്തു പരിശീലിപ്പിക്കുവാനുള്ള സംവിധാനങ്ങൾ ദ്രുതഗതിയിൽ നടന്നുവരികയാണ്. കുഷ്ഠരോഗി കോളനികൾ ഗ്രൂപതയുടെ വിവിധഭാഗങ്ങളിലുണ്ട്. ആ രംഗത്തിലേയ്ക്കു കടന്നുചെല്ലാൻ പ്ലാനുണ്ട്. ക്ഷയരോഗംകൊണ്ടു കഷ്ടപ്പെടുന്നവരായി അനേകം പേരുണ്ട്. മലമ്പ്രദേശങ്ങളിൽ. അവർക്കും സഹായം ചെയ്യാൻ പ്ലാനിട്ടുവരുന്നു. ഫുഡ്ഫോർവർക്ക്, ഹൗസിംഗ്പ്രോഗ്രാം, ചെറുകിട വ്യവസായം, പുല്ലുകൊണ്ടു് കയറുപിരിക്കൽ, നെയ്ത്ത്, മെഴുകുതിരി ഉണ്ടാക്കൽ, എം. സി.എച്ച്. പരിപാടി തുടങ്ങിയവ കാര്യക്ഷമമായി നടന്നുവരുന്നു. 'സെവ്ഫ്ഏ ഫാമിലി സ്കീം' വഴി കുടുംബങ്ങളെ സ്വയം പര്യാപ്തതയിലേയ്ക്കു നയിക്കാൻ ശ്രമിക്കുന്നുണ്ട്. ജലസേചന സൗകര്യവും ചെയ്യുന്നു. കത്തോലിക്കാ കുട്ടികളെ സഭയുടെ സജീവാംഗങ്ങളാക്കാനുള്ള പരിശ്രമത്തിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ബോർഡിംഗ് ഹൗസുകൾ നടത്തുന്നു. മററു കുട്ടികളെയും ഇങ്ങനെയുള്ള സ്ഥാപനത്തിൽ താമസിപ്പിക്കാറുണ്ട്. ഈ വക പ്രവർത്തനങ്ങൾ ആര്യസമാജം, ആർ.എസ്. എസ് തുടങ്ങിയവർക്ക് അത്ര പിടിക്കുന്നില്ലായെന്നതു് വാസ്തവമാണ്

ഗഡ്വവാൾപ്രദേശം ബിജ്നോറിന്റെ 85% വരും. ഗഢ്വാളികൾ രജപുട്ടുകളാണെന്നു പറയപ്പെടുന്നു. ഗഡ്വവാൾ എന്ന വാക്കിന്റെ അർത്ഥം കോട്ടയുടെ അധിപർ എന്നാണ്. കോട്ട് ദ്വാര എന്നാൽ മലയിലേയ്ക്കുള്ള കവാടമെന്നും ഹിന്ദുക്കൾ ആണ് ഭൂരിപക്ഷം മുസ്ലീമുകളും സിക്കുകാരും, ജയിനന്മാരും ഇവിടെയുണ്ട്. വ്യവസായപരമായി ഉയന്നസ്ഥലമല്ലിതു്. പഞ്ചസാര ക്രഷേഴ്സ് ധാരാളം കാണാൻ സാധിക്കും. എന്നാൽ പഞ്ചസാര മില്ലുകൾ ചുരുക്കമാണ്. ഹിന്ദിയും ഉർദുവും ഗഡ്വവാളിയും ജനങ്ങൾ ഉപയോഗിക്കുന്നു. വിദ്യാഭ്യാസനിലവാരം 13%മേ ഉള്ളൂ വലിയവരും ചെറിയവരും തമ്മിലുള്ള വിടവ് വളരെയുണ്ട്.

വൈദികരും സിസ്റ്റേഴ്സും സഹോദരന്മാരും മററു് മിഷൻ പ്രവർത്തകരും വന്ദ്യപിതാവിൻെറ നേതൃത്വത്തിൽ ഒററക്കെട്ടായി പ്രവർത്തനോന്മുഖരായി നീങ്ങുന്നു. ചുരുങ്ങിയ കാലം കൊണ്ടു് ഇവിടെവന്ന വളർച്ചയിൽ അത്ഭുതപ്പെടാത്തവരില്ല. 18 മിഷൻ സെൻററുകളും 37 വൈദികരും 3 സഹോദരന്മാരും 90 സിസ്റ്റേഴ്സും ഇപ്പോൾ ഇവിടെയുണ്ടു്. സെൻററുകളിലെ പ്രവർത്തനങ്ങളെ സംബന്ധിച്ചു് എല്ലാവരും ബോധവാന്മാരാണു്. പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലും പണികളിലും എല്ലാവരും താല്പര്യം പ്രകടിപ്പിക്കുന്നു. സൃഷ്ടിപരമായ പ്രവർത്തനങ്ങൾ ഓരോ വ്യക്തിയിൽനിന്നും സ്വയം ഉണ്ടാകേണ്ടതിൻെറ ആവശ്യകതയെപ്പററി എല്ലാവരും ബോധമുള്ളവരാണു്. രൂപതയിലെ പ്രവർത്തനങ്ങളെ വിലയിരുത്താനും അവയെപ്പററി ചർച്ച ചെയ്തു് പുതിയ തീരുമാനങ്ങൾ എടുക്കാനും പററുന്നവിധം ആണ്ടിൽ രണ്ടുമൂന്നു തവണ മിഷനറിമാർ ഒന്നിച്ചുകൂടാറുണ്ടു്. കൂടാതെ രൂപതാദിനമായ മാർച്ചു് 19–നു് കുടുംബസമ്മേളനമായികൊണ്ടാടുന്നു.

## ഇന്നു്

മിഷൻ പ്രവർത്തനത്തിലെ കാരണവരായ കാസ്സിയൂസച്ചൻ വാർദ്ധക്യത്തിൻെറ വൈക്ലബ്യം വകവയ്ക്കാതെ ചെറുപ്പക്കാരായ മിഷനറിമാരോടൊപ്പം പ്രവർത്തിച്ചു് അവർക്കു് മാതൃകയും ഉത്തേജനവും നൽകുന്നുണ്ടിവിടെ. കാലുകുത്താൻ സ്ഥലമില്ലാതിരുന്ന ബിജ്നോർ രൂപതയിൽ ഇന്നു് സ്ഥലവും സ്ഥാപനങ്ങളുമായിരിക്കുന്നു. ബിജ്നോറിൻെറ സമതലപ്രദേശത്തു തുടക്കമിട്ട മിഷൻപ്രവർത്തനം ഇന്നു ഹിമവാൻെറ ഉച്ചിയിൽവരെ എത്തിയിരിക്കുകയാണു്. അപകടം പിടിച്ച വഴിയിലൂടെ മലമുകളിലേയ്ക്കു ബസ്സിൽപ്പോകുന്നവർ കിഴക്കാംതൂക്കായ പ്രദേശങ്ങൾകണ്ടു ഭയപ്പെടാറുണ്ടു്. ഈശ്വരചിന്തയിൽ ലയിച്ചിരിക്കുന്ന ഒരു ജനതയാണു് ഉത്തരപ്രദേശിലുള്ളതു്. എവിടെയും അമ്പലങ്ങളും ബിംബങ്ങളും കാണാം. ദേവന്മാരെ വിളിച്ചുണർത്താൻ ക്ഷേത്രമണികൾ രാപകൽ മുഴങ്ങിക്കൊണ്ടിരിക്കും. ആട്ടിൻകൂട്ടത്തെ മേയിക്കുന്ന ഇടയന്മാരുടെ ഇടയിലും ഇടത്തരക്കാരായ കൃഷകരുടെ ഇടയിലും ഉദ്യോഗസ്ഥന്മാരുടെയും രാഷ്ട്രീയക്കാരുടെയും ഇടയിലും ഈശ്വരചിന്ത പന്തലിച്ചു നില്ക്കുന്നുവെന്നതു് ഒരു പ്രത്യേകതയാണു്. ദൈവിക മനുഷ്യരെ (Men of God) എല്ലാവരും വന്ദിക്കും. ഋഷിമാരെ ഏവർക്കും ഇഷ്ടമാണു്. വളഞ്ഞു പുളഞ്ഞു കിടക്കുന്ന വീ

തികുറഞ്ഞ വഴികളിലൂടെ ബസ്സ് മന്ദം മന്ദം കയറുമ്പോൾ കാണാം വഴിയരികിൽ ഇടയ്ക്കിടയ്ക്ക് ചില ബോർഡുകളും അവയിൽ ചില എഴുത്തുകളും: ''ഈശ്വരനേയും മരണത്തേയും സദാ ഓർത്തുകൊള്ളുക'', "അല്പം താമസിച്ചു ചെല്ലുന്നതാണ് ഒരിക്കലും ചെല്ലാതിരിക്കുന്നതിലും നല്ലത്", "ഈശ്വരൻ നിങ്ങളുടെ യാത്രയെ സഫലീകരിക്കട്ടെ'', ''ആദ്യം സുരക്ഷിതത്വം പിന്നീട് സ്പീഡ്'' എന്നു തുടങ്ങിയവ. സത്പുലിയിൽ മരണമുറങ്ങിയ ഒരു താഴ്വരയുണ്ട്. പതിനൊന്നു മിഷൻ പ്രവർത്തകരുടെ അന്ത്യംകുറിച്ച അതിദാരുണമായ സംഭവം മനുഷ്യമനസ്സുകളെ മരവിപ്പിച്ചു. വഴിയിൽനിന്നു തെന്നിമറിഞ്ഞു ഊളിയിട്ടു പാഞ്ഞ ആംബുലൻസ് 1500 അടി താഴ്ചയിലേയ്ക്കു പതിച്ചു. അപകടം നിറഞ്ഞ വഴി, മലമടക്കുകൾ എന്നിവ ഈ മിഷൻരംഗത്തെ പ്രത്യേകതകളാണ്.

രൂപതയിലെ ആരാധനക്രമം സജീവമാണ്. ഹിന്ദിയിലും ഇംഗ്ലീഷിലുമുള്ള കുർബാനതക്സ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. മിഷനറിമാരെല്ലാം ഹിന്ദി നന്നായി കൈകാര്യം ചെയ്യാൻ പഠിച്ചു കഴിഞ്ഞു. എല്ലാ സെൻററുകളിലും പ്രാർത്ഥനാലയവും അവിടെ നിരന്തരം പ്രാർത്ഥനകളും നടത്തപ്പെടുന്നു. രൂപതയിലെ എല്ലാ പ്രവർത്തനങ്ങളേയും ബഹുജനസമക്ഷമറിയിക്കുന്നതിനും അനുഭവങ്ങൾ പങ്കുവയ്ക്കുന്നതിനും "ബിജ്നോർ ബാറി'' (Garden of Bijnor) എന്നൊരു മാസികയും ക്രമമായി പുറപ്പെടുത്തുന്നുണ്ട്. ഊർജ്ജസ്വലനും പ്രസരിപ്പുമുള്ള അജപാലകനാണ് തലപ്പത്തു്. ഏതു പ്രതിബന്ധങ്ങളേയും തരണം ചെയ്യാനുള്ള മനഃസ്ഥൈര്യവും ബുദ്ധിപ്രഭാവവും അദ്ദേഹത്തിനുണ്ട് കേരളത്തിൽ കോളേജിൽ പഠിപ്പിച്ചും കെ.സി.എസ് എൽ. സംഘടനയെ നയിച്ചും പക്വതയുടെ ഉന്നതശ്രേണിയിലേയ്ക്കുയന്ന ബിഷപ്പ് ഗ്രേഷ്യൻ തൻെറ അനുഭവസമ്പത്ത് എല്ലാവരുമായി പങ്കുവയ്ക്കാൻ വിഷമമില്ല. ഹിന്ദിയിൽ പ്രസംഗിക്കാനും സംസാരിക്കാനും അദ്ദേഹം പഠിച്ചു കഴിഞ്ഞു ഒരു യഥാർത്ഥമിഷനറിയുടെ രൂപത്തിലും വേഷത്തിലും വ്യാപരിക്കാനറിയാം. നടന്നും വണ്ടി സ്വയം ഓടിച്ചും അദ്ദേഹം യാത്രചെയ്യും. രൂപതയ്ക്ക് ഒരു മുദ്രാവാക്യമുണ്ട്: ''ഭജേമഹാ വഹേമഹി''. ഇംഗ്ലീഷിൽ അതിൻെറ തല്പര്യം "Share bear" എന്നാണ്. ദൈവം തൻെറ സർവ്വസ്വവും പുത്രൻവഴി അരൂപിയിൽ പങ്കുവയ്ക്കുന്നു; പുത്രൻ പരി. മാതാവിലൂടെ ശരീരം കൈക്കൊണ്ടു് നമ്മുടെ മനുഷ്യത്വവും ദീനത്വവും ഏറ്റുവാങ്ങി; വചനത്തിൻെറ ശുശ്രൂഷകൻ ഇപ്രകാരം പങ്കുവയ്ക്കുകയും വഹിക്കയും ചെയ്യണം – ഈ ചൈതന്യത്തിൽ ബിജ്നോർ രൂപത

പുരോഗതിയുടെ പാതയിൽ മുന്നേറുകയാണ്, വി. യൗസേപ്പിന്റെ മദ്ധ്യസ്ഥതയിൽ. 1981–ൽ ബിജ്നോർ, ഒരു മിഷൻ റീജിയൻ ആയിത്തീർന്നു. ആദ്യത്തെ റീജിനൽ സുപ്പീരിയർ ബ. ബേസിൽ പൈനാടത്തു് അച്ചനാണ്.

## ബിജ്നോർ ഒററനോട്ടത്തിൽ

| | | |
|---|---|---|
| വിസ്തൃതി | .... | 31755 ച. കി.മീ. |
| ജനസംഖ്യ | .... | 3740000 |
| കത്തോലിക്കർ | .... | 406 (1980–ൽ) |
| വൈദികർ | .... | 27 |
| സഹോദരന്മാർ | .... | 3 |
| വൈദിക വിദ്യാർത്ഥികൾ | .... | 20 |
| സഹോ. വിദ്യാർത്ഥി | .... | 1 |
| സിസ്റ്റേഴ്സ് | .... | 78 |
| കേന്ദ്രങ്ങൾ | ... | 14 |
| മഠങ്ങൾ | ... | 12 |
| സ്കൂളുകൾ | .... | 10 |
| ആരോഗ്യകേന്ദ്രങ്ങൾ | .... | 5 |
| ബാലഭവനങ്ങൾ | .... | 2 |
| സാമൂ. ക്ഷേമകേന്ദ്രങ്ങൾ | .... | 3 |

## ആമുഖം

രാജധാനി. അതാണ് രാജ്ക്കോട്ട്. രാജാവ് വസിക്കുക, രാജ്യത്തിന്റെ കോട്ടയിൽ ആണ്. രാജ്ക്കോട്ടിന്റെ രാജാവ് ഈശോയുടെ തിരുഹൃദയമാണ്. അന്ന് 1977 ജൂൺ 19 ആയിരുന്നു അഭിവന്ദ്യ ജോനാസ് തളിയത്ത് സി. എം. ഐ., ഔദ്യോഗികമായി രാജ്ക്കോട്ട മിഷൻ രൂപതയുടെ സ്ഥാനം ഏല്ക്കുന്ന ദിവസം. അഹമ്മദ്ബാദ് രൂപതയുടെ അജപാലകൻ, ബിഷപ്പ് ചാൾസ് ഗോമസ് എസ്. ജെ. പുതിയ മെത്രാന് അധികാരത്തിന്റെ പ്രതീകങ്ങളായ തൊപ്പിയും അംശവടിയും നല്കി. ജോനാസ് പിതാവിന്റെ ആദ്യത്തെ പ്രവൃത്തി ആ അംശവടിയും തൊപ്പിയും രാജ്ക്കോട്ടിന്റെ രാജാവിന്റെ പാദത്തിങ്കൽ കാഴ്ചവയ്ക്കുകയെന്നതായിരുന്നു. രാജ്ക്കോട്ട പള്ളിയിലെ തിരുഹൃദയരൂപത്തിനു മുമ്പിലേയ്ക്കാണ് അദ്ദേഹം നീങ്ങിയതു്. അധികാരദണ്ഡ് തിരുഹൃദയരൂപത്തിന്റെ ഒരു കൈയിൽ പിടിപ്പിച്ചു. തൊപ്പി കാൽച്ചുവട്ടിലും സമർപ്പിച്ചു. അതിനുശേഷം ഹൃദയസ്പൃക്കായ ഈ പ്രാർത്ഥന അദ്ദേഹം ഉറച്ച സ്വരത്തിൽ ചൊല്ലി: ''ഈശോയുടെ തിരുഹൃദയമേ! അങ്ങ് രാജ്ക്കോട്ട് രൂപതയുടെ രാജാവും കർത്താവുമായി വാഴണമേ; രൂപതയിലെ എല്ലാ സ്ഥാപനങ്ങളിലും കുടുംബങ്ങളിലും അങ്ങ വസിക്കണമേ; ഇവിടെയുള്ള സകല മനുഷ്യരുടെയും ഹൃദയങ്ങളിൽ അവിടുന്നു കുടികൊള്ളണമേ''. രാജ്ക്കോട്ടിന്റെ ജീവത്തായ ഉദയം കണ്ടുകൊണ്ടു നിന്നിരുന്ന ജനം പ്രാർത്ഥനാനിർല്ലീനരായി ഈ രംഗത്തിനു സാക്ഷ്യം വഹിച്ചു. 1981 നവംബർ 7 – ഏവരേയും കണ്ണുനീരിലാഴ്ത്തിയ ആ സംഭവം നടന്നു. രാജ്ക്കോട്ട രൂപതയുടെ പ്രഗത്ഭനായിരുന്ന ഇടയൻ, അഭിവന്ദ്യ ജോനാസ് സി എം. ഐ. ഹൃദ്രോഗംമൂലം ആകസ്മികമായി ദിവംഗതനായി. അദ്ദേഹത്തിന്റെ പാവനാത്മാവ് ദൈവത്തിൽ വിലയം കൊള്ളട്ടെ

ഗുജറാത്തിലെ സൗരാഷ്ട്ര–കച്ച് ഉപദ്വീപുകൾ ഉൾപ്പെട്ടുന്നതാണ് രാജ്ക്കോട്ട രൂപത. മഹാത്മജിയുടെ ജന്മനാടായ പോർബന്തർ ഇവിടെയാണ്. ശ്രീ കൃഷ്ണൻ ജീവിച്ച ദ്വാരകയും മരിച്ച സോമനാഥും ഇവിടെത്തന്നെ. അക്രമത്തിനും അ

നീതിക്കും ഹിംസയ്ക്കുമെതിരെ പടവാളുയർത്തിയ രാഷ്ട്രപിതാവിൻെറ നാട്; തിന്മയുടെയും അനീതിയുടെയും പ്രതീകമായ കംസനെ വധിച്ച് രാജ്യത്ത് നീതിയും സമാധാനവും കൈവരുത്തിയ ശ്രീ കൃഷ്ണൻെറ നാട്. ആ നാട്ടിൽ സമാധാനത്തിൻെറ രാജാവായ ഈശോയുടെ തിരുഹൃദയം ഇന്നു ഭരണം നടത്തുന്നു.

ജനശ്രദ്ധയാകർഷിക്കുന്ന പല കാഴ്ചകളിവിടെയുണ്ട്. അറേബ്യൻകടൽ തിരുമുത്തം നൽകി തഴുകിത്താലോലിക്കുന്ന ഒരിടമാണിത്. അലമാലകളുടെ ആരവവും ഗീർവനത്തിലെ മൃഗരാജാക്കളുടെ അലർച്ചയും ഒപ്പത്തിനൊപ്പം ഉയരുന്നു ഏഷ്യയിൽ സിംഹങ്ങളെ സംരക്ഷിക്കുന്ന ഒരേയൊരു വനം ഉള്ളത് ഇവിടെയാണ്. പക്ഷികളുടെ പറുദീസായെന്ന് സൗരാഷ്ട്ര-കച്ച ഭാഗത്തെ വിളിക്കാറുണ്ട്.

## ഭൂപ്രകൃതി

മൈലുകളോളം നീണ്ടുകിടക്കുന്ന സമതലത്തെ ഗീർണാർ വനങ്ങൾ ഇടയ്ക്കിടയ്ക്കു തടസ്സപ്പെടുത്തുന്നതൊഴിച്ചാൽ സാമാന്യം പരന്നു കിടക്കുന്ന ഒരു പ്രദേശമാണിത്. ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിലെ പൊരിയുന്ന വെയിൽ മാററിനിറുത്തിയാൽ കാലാവസ്ഥ സുന്ദരമാണ്. 'മങ്കീനട്ട്' എന്നു പറയപ്പെടുന്ന നിലക്കടലയാണിവിടെ പ്രധാനമായി കൃഷിചെയ്യുക. വീട്ടാവശ്യത്തിനുള്ള നിലക്കടലയെണ്ണ ധാരാളമായി ഇവിടെ ഉത്പ്പാദിപ്പിക്കുന്നു. പഞ്ഞി, കരിമ്പ്, കോതമ്പ്, ബജ്റാ തുടങ്ങിയ കൃഷികൾ ഒട്ടും അപ്രധാനമല്ലാതെ നടക്കുന്നു. ഗുജറാത്തിൻെറ പൊതുസ്വഭാവം പക്ഷിമൃഗാദികളെ കൊല്ലരുതെന്നതാണ്. ജൈനമതത്തിൻെറ സ്വാധീനം അതിനുണ്ട്. നിരത്തുകളിൽ മനുഷ്യരോടൊപ്പം പട്ടിയും പൂച്ചയും പന്നിയും ആടും പോത്തും, പശുവും കാളയും കുതിരയും കഴുതയും അലഞ്ഞുതിരിയുന്നതു കാണാം. സൗരാഷ്ട്രയുടെ പ്രത്യേകമൃഗമാണ് ''ഗീർകാളകൾ''. തവിട്ടുനിറത്തിൽ ഉള്ള ഈ കാളകളുടെ ദേഹത്ത് പുള്ളിക്കുത്തുകൾ കാണാം. ശ്രീ കൃഷ്ണൻ അവയെ താലോലിച്ചു തഴുകിയതിൻെറ അടയാളമാണത്രേ അത്! ശാന്തതപരത്തുന്ന പ്രാവുകളെയൊ, ധാന്യം കരളുന്ന എലികളെയൊ, മനുഷ്യനെ കടിച്ച് ഉഗ്രവിഷം കയററുന്ന പാമ്പുകളെയൊ കൊല്ലുവാൻ പാടില്ല. കൊന്നാൽ ജയിൽവാസവും മററു ശിക്ഷയും ലഭിക്കും.

## ജനങ്ങൾ

പുൽമേട്ടകൾതേടി ആട്ടിൻകൂട്ടത്തെക്കൊണ്ടു പോകുന്ന ആട്ടിടയന്മാർ ഇവിടത്തെ കൗതുകകരമായ കാഴ്ചതന്നെ. സ്ത്രീകൾ മൂക്കുതുളച്ച് ടർക്കിക്കോഴിയുടെ ചുണ്ടിൽ തൂങ്ങുന്ന ഞാത്തുമാതിരിയുള്ള ആഭരണം അണിയും. വൃത്തിയായ വസ്ത്രംധരിച്ചും പുഞ്ചിരി തൂകിയും നടക്കുന്നതിൽ ഗുജറാത്തികൾക്ക് ഒരു പ്രത്യേകവാസനയുണ്ട്. രാജ്കോട്ടുവിഭാഗം അഭിവൃദ്ധിപ്പെടാത്ത സ്ഥലമാണെങ്കിലും അഹമ്മദ്ബാദ് സമ്പന്നമാണ്. അതിനെ ഇൻഡ്യയുടെ മാഞ്ചെസ്റ്റർ എന്നാണു വിളിക്കുക. ഗുജറാത്തിനെ പൊതുവെ ഇങ്ങനെ വിളിക്കാവുന്നതാണ്. വ്യവസായത്തിൽ ഗുജറാത്ത് മുമ്പന്തിയിലാണ്. സ്വദേശത്തും വിദേശത്തും അവർ ബിസിനസ്സ് രംഗങ്ങൾ കണ്ടെത്തിയിരിക്കുന്നു. മീൻപിടുത്തം, ഉപ്പുവിളയിക്കൽ, തുണിനെയ്ത്ത്, എണ്ണ ആട്ടിയെടുക്കൽ, ലേത്തുകൾ ഉണ്ടാക്കൽ, കളിക്കോപ്പുകൾ ഉണ്ടാക്കൽ, പഞ്ചസാര വ്യവസായം, ചെറുകിട വ്യവസായം എന്നിങ്ങനെ വിവിധ തരത്തിലുള്ള ആദായകരമായ വ്യവസായംകൊണ്ട് സമൃദ്ധമായൊരു സംസ്ഥാനമായി ഉയർന്നിരിക്കയാണു ഗുജറാത്ത്. മററുള്ളവരോടുള്ള സഹവർത്തിത്വത്തിനും സ്നേഹഭാവത്തിനും കേളികേട്ടവരാണവർ. സംസ്കാരത്തിൽ അവർ ഇൻഡ്യയിൽ ആരുടേയും പിന്നിലല്ലതാനും.

ഗാർബാ നൃത്തവും ഡുഹാസ് ഗാനങ്ങളും പ്രസിദ്ധിപെററതാണ്. സാഹിത്യവും ശില്പകലകളും ഉന്നതനിലവാരത്തിലുള്ളതാണ്. അവരുടെ സിരകളിൽ മതചിന്ത തുടിച്ചു നില്ക്കും. അമ്പലവും മോസ്ക്കും എവിടെയും കാണാം. സോമനാഥക്ഷേത്രം അനേകരെ ആകർഷിച്ചുകൊണ്ടിരിക്കുന്നു. 18 പ്രാവശ്യം മഹമ്മദീയർ നശിപ്പിച്ച ക്ഷേത്രം വീണ്ടും പടുത്തുയർത്തിയതാണിപ്പോഴുള്ളത്. ഗുരു എന്നൊ സാധു എന്നൊ ഉള്ള നാമം ധരിച്ച് പ്രാർത്ഥിച്ചിരിക്കുന്നവരെ ജനങ്ങൾ ബഹുമാനിക്കും. ദാനധർമ്മത്തിൽ വിശ്വസിക്കുന്നവരാണ് ഗുജറാത്തികൾ. പണം ഉണ്ടാക്കാൻ ഏതുമാർഗ്ഗവും ഉപയോഗിക്കുന്ന അക്കൂട്ടർ ഈശ്വരൻെറ മുമ്പിൽ കടം തീർക്കാനാണ് ദാനധർമ്മം ചെയ്യുന്നതെന്ന് ചിലർ പറയാറുണ്ട്. ഉപകാരം ഉണ്ടെന്നു കണ്ടാലേ അവർ സ്നേഹിക്കാൻ കൂട്ടാക്കൂ എന്നും പറയുന്നു. അഹിംസയും സ്നേഹവും പ്രസംഗിച്ച ഗാന്ധിജിയുടെ നാട്ടിൽ കൊലയും കൊള്ളിവയ്പും തലപൊക്കിത്തുടങ്ങിയിട്ടുണ്ട്. പ്രാണികളെ ദ്രോഹിക്കരുത്, കൊല്ലരുത് എന്നു പ്രസംഗിക്കുന്നവർ പരസ്പരം വെട്ടിയും കുത്തിയും ചാകുന്നതു് വിരോധാഭാസമാണ്.

## ഒരു പുതിയ മിഷൻ

സി. എം. ഐ. സഭയിലെ തിരുഹൃദയ പ്രവിശ്യയെ ഏല്പിച്ചിരിക്കുന്ന മിഷൻ രൂപതയാണ് രാജ്കോട്ട്. ഭാവനഗർ, ജാംനഗർ, അംമ്രേലി, ജൂനഗട്ട്, സുരേന്ദ്രനഗർ, രാജ്കോട്ട്, കച്ച് എന്നീ സിവിൽ ഡിസ്ട്രിക്ററുകൾ ചേന്നതാണ് രാജ്കോട്ട രൂപത. മോൺ. ജോനാസ് തളിയത്ത് സി.എം.ഐ അതിൻെറ പ്രഥമ മെത്രാനായി അഭിഷിക്തനായി. അഹമ്മദ്ബാദിൽനിന്നു് വിടത്തപ്പെട്ടതാണ് രാജ്കോട്ട്. സൗരാഷ്ട്രയുടെ തലസ്ഥാനമാണിതു്. 200 രാജാക്കന്മാർ സൗരാഷ്ട്രയിൽ ഭരിച്ചിരുന്നു. 1947_നു ശേഷമാണ് സൗരാഷ്ട്ര എന്ന പേരിൽ ഒന്നിച്ചുവന്നതു്. ഗുജറാത്തിൻെറ വടക്കു പടിഞ്ഞാറുഭാഗത്തു് കടലിലേയ്ക്കു തള്ളിനില്ക്കുന്ന ഒരു ഭാഗമാണിതു്. 1977_ൽ ആണ് ഈ രൂപത ഔദ്യോഗികമായി സി.എം.ഐ. യെ ഏല്പിച്ചതു്. 1972_ൽ അഹമ്മദ്ബാദ്ബിഷപ്പും സി.എം.ഐ. പ്രിയോർ ജനറലും തമ്മിൽ ഉണ്ടാക്കിയ കോൺട്രാക്ററു മൂലം അന്നു മുതൽ അവിടെ വൈദികശുശ്രൂഷയും മററു് സുവിശേഷപ്രചാരണവേലയും സി. എം. ഐ.ക്കാർ ആരംഭിച്ചിരുന്നു.

സ്പെയിൻകാരായ ഈശോസഭാ വൈദികർ ഇവിടെ വിജയകരമായി മിഷൻ പ്രവത്തനം നടത്തിയിരുന്നു. അതിൻെറ ഫലമായി പല സ്ഥാപനങ്ങളും പ്രവത്തനരംഗങ്ങളും തുറക്കപ്പെട്ടിരുന്നു. ആ രംഗങ്ങളും സ്ഥാപനങ്ങളും അതേപടി സി. എം ഐ സഭയെ ഏല്പിക്കുകയാണുണ്ടായതു്. നാട്ടുരാജാക്കന്മാർ സൗരാഷ്ട്രയിൽ മിഷനറിമാരെ കയററുവാൻ താല്പര്യം പ്രകടിപ്പിച്ചിരുന്നില്ല. കത്തോലിക്കർ വിദ്യാഭ്യാസപ്രവത്തനത്തിൽ വിദഗ്ദ്ധരാണെന്നൊരു ധാരണ പൊതുവെ ഉണ്ടായിരുന്നതുകൊണ്ടു് ഈശോസഭാവൈദികക്കു സ്കൂൾ തുടങ്ങുവാൻ സാധിച്ചു. അങ്ങനെ 1954_ൽ ഒരു സ്കൂൾ രാജ്കോട്ടിൽ സ്ഥാപിതമായി പിറെറക്കൊല്ലം ജാംനഗറിലും ഒന്നു തുടങ്ങി. പള്ളികൾ സ്ഥാപിച്ച് പരസ്യമായി കുർബാന ചൊല്ലാൻ അന്നു് അനുവാദമില്ലായിരുന്നു. എങ്കിലും ക്രമേണ നല്ല പള്ളികളും ഉയന്നുവന്നു. 1954_ൽ സ്പെയിൻകാരായ സിസ്റ്റേഴ്സ് ജൂനഗട്ടിൽ പ്രവത്തനത്തിനായി എത്തിച്ചേന്നു. കുഷ്ഠരോഗാശുപത്രി നടത്തുകയായിരുന്നു ഉദ്ദേശ്യം. സകലക്കും അത്ഭുതം തോന്നത്തക്കവിധം അവർ കുഷ്ഠരോഗികളെ ഇന്നും ചികിത്സിച്ചുവരുന്നു. ഇംഗ്ലീഷ്മീഡിയം സ്കൂളും നടത്തിവരുന്നുണ്ടു്. ഗവൺമെൻറ് അവക്കു് പല ആനുകൂല്യങ്ങളും ചെയ്തു കൊടുക്കു



മാർ ഗ്രീഗറി



മാർ യോനാസ്സ്

കയുണ്ടായി. ക്രിസ്തീയമൂല്യങ്ങരം നൽകാൻ ആതുരസേവനവും വിദ്യാഭ്യാസവും പററിയ മാഗ്ഗമാണെന്നു് മിഷനറിമാർ മനസ്സിലാക്കി. സമൂഹത്തിൽ കടന്നുചെല്ലാനും അതുപകരിക്കും മാനസാന്തരം എന്നാൽ എന്തെന്നുപോലും തിരിയാത്തവരാണു് ഗുജറാത്തികരം. അക്കൂട്ടരെ ക്രിസ്തുവിലേക്കടുപ്പിക്കാൻ മിഷനറിമാർ വിവിധമാഗ്ഗങ്ങരം അവലംബിക്കുകയാണു്.

ഏകദേശം ഒരുകോടി ജനങ്ങളുള്ള രാജ്ക്കോട്ടു് രൂപതയിൽ ആറായിരത്തോളം കത്തോലിക്കരുണ്ടു്. 80% ഹിന്ദുക്കളും 10% ജൈനന്മാരും 8% മുസ്ലീമുകളും 0.05% കത്തോലിക്കരുമുണ്ടു്. ഐറീഷ് പ്രസ്ബിറേററിയൻ സഭക്കാർ ഇവിടെ പല ഭാഗങ്ങളിലും പ്രവത്തിച്ചിരുന്നു. ക്രമേണ അവർ നോത്ത് ഇൻഡ്യൻ സഭയുമായി (സി.എൻ.ഐ.) സംയോജിച്ചു

സി.എം.ഐ. മിഷനറിമാർ കടന്നുചെന്നതോടെ രാജ്ക്കോട്ടിൽ പുതിയൊരുണർവുണ്ടായി. മുപ്പതോളം വൈദികരും നൂറോളം കന്യാസ്ത്രീകളും ഇവിടെ ജോലി ചെയ്യുന്നു. മിഷൻ കേന്ദ്രങ്ങരം, മഠങ്ങരം, പള്ളികരം, ബാലമന്ദിരങ്ങരം, ഡിസ്പെൻസറികരം, സാമൂഹികക്ഷേമകേന്ദ്രങ്ങരം തുടങ്ങിയവ വർദ്ധിച്ചുകൊണ്ടിരിക്കയാണു്. ആദ്യത്തെ മിഷൻ സുപ്പീരിയറായി ബ. മോഡസ്റ്റച്ചൻ പുറത്തയിൽ നിയമിതനായി, അംമ്രേലി ഒഴിച്ചുള്ള എല്ലാ ജില്ലയിലും മിഷനറിമാർ പ്രവത്തനരംഗം കണ്ടുകഴിഞ്ഞു.

വിദ്യാഭ്യാസരംഗം വളരെ പുരോഗമിച്ചിട്ടുണ്ടിവിടെ. ധാരാളം കുട്ടികരംക്കു് പഠനസൗകര്യത്തിൻെറ കാര്യത്തിൽ സഹായം ചെയ്യാൻ സാധിക്കുന്നുണ്ടു്. കത്തോലിക്കരായ കുട്ടികരംക്കു് പഠനസൗകര്യത്തിൻെറ കാര്യത്തിൽ മുൻഗണന നൽകാൻ ശ്രദ്ധിക്കുന്നു. കുട്ടികളിൽ 30% പേർ സാമ്പത്തികമായി വളരെ ഉയന്ന കുടുംബങ്ങളിൽ നിന്നുള്ളവരാണു്. രാജ്ക്കോട്ടു രൂപതയിലെ മിഷൻ പ്രവത്തനം സാവകാശം, എന്നാൽ ഉറച്ചു, സുചിന്തിതമായ രീതിയിൽ മുന്നേറിക്കൊണ്ടിരിക്കുന്നു. അടിച്ചമത്തപ്പെട്ടവരെന്നു കണക്കാക്കപ്പെടുന്ന താഴ്ന്ന ജാതിക്കാരുടെ ഇടയിൽ മാത്രം ജോലി ചെയ്തു് അക്കൂട്ടരെ മാത്രം സഭയിലേക്കാനയിച്ചാൽ സഭ താഴ്ന്ന ജാതിക്കാരുടെ ഒരു സമൂഹമാണെന്നു് ഉയന്നജാതിക്കാക്കു തോന്നാനിടയുണ്ടു്. ഇവിടെയുള്ള ഉന്നതകുലജാതരുടെ ചിന്താഗതി ആ രീതിയിൽ തിരിഞ്ഞെന്നുവരും. അതുകൊണ്ടു് സവണ്ണരേയും അവണ്ണരേയും സഭയിലേക്കാനയിക്കുവാനുള്ള പദ്ധതിക്കാണു് മുൻതൂക്കം. പുതിയതായി എത്തുന്ന മിഷനറിമാർക്കു്

പ്ലാനിംഗ് സെൻററുകൾവഴി പരിശീലനം നൽകുന്നു. ഭാഷ കൈകാര്യം ചെയ്താലേ വിജയിക്കാനൊക്കൂ. ഉപദേശികൾ അധികമില്ലിവിടെ. വില്ലേജുകളിലേയ്ക്ക് എത്തിനോക്കി പ്രവർത്തനം തുടങ്ങിയിട്ടേയുള്ളു. സുരേന്ദ്രനഗറിനു സമീപമുള്ള ലിംഡിയും ചുററുപാടുമുള്ള ഗ്രാമങ്ങളും മിഷനറിമാർ സർവ്വേ ചെയ്ത് വില്ലേജുപ്രവർത്തനം ഊർജ്ജിതമായി നടത്തിവരുന്നു. മിഷനറിമാർ ഇന്നു തീരെ ചുരുക്കമാണിവിടെ. ഉള്ളവർ സജീവമായി സകലശക്തിയുമുപയോഗിച്ച് പല രംഗത്തും ആത്മാർത്ഥമായി സേവനമനുഷ്ഠിക്കുന്നു.

യുവജനസംഘടന, സാമൂഹികകേന്ദ്രം എന്നിവ രൂപതയിൽ സജീവമായിരിക്കയാണ്. ജാംനഗർ പ്രത്യേകിച്ചും ഇക്കാര്യത്തിൽ മുന്നിട്ടു നിൽക്കുന്നു. ഇടവകകളോടനുബന്ധിച്ചുള്ള പ്രസ്തുതപ്രവർത്തനങ്ങളിൽ യുവാക്കളും വിശ്വാസികളേവരും സഹകരിച്ചു പ്രവർത്തിക്കുന്നതിൽ ജാഗരൂകരാണ്. മററു കേന്ദ്രങ്ങളിൽ സി ആർ.എസ്, എം.സി എച്ച്, സേവ്–ഏ–ഫാമിലി തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ സാധുക്കൾക്കു സഹായം ചെയ്യുന്നു. ഡിസ്പെൻസറികൾ, ഭവനസന്ദർശനം മുതലായവവഴി ജനങ്ങളോട് അടുക്കാൻ കഴിയുന്നുണ്ട്. കൃഷിസമ്പ്രദായങ്ങൾ മെച്ചപ്പെടുത്തുന്നതിന് ആധുനിക സംവിധാനങ്ങൾ നടപ്പാക്കുകയും മാതൃകകാണിക്കുകയും ചെയ്യുന്നു. പ്രോജക്ററുകൾക്കുവേണ്ടി വിദേശസഹായം ഉണ്ട്. അതു് ഫലപ്രദമായി ഉപയോഗിച്ചുംവരുന്നു. കൂടുതൽ മിഷനറിമാരെ ലഭിച്ചാൽ മാത്രമേ രൂപതയുടെ സുഗമമായ നടത്തിപ്പ് സാധിക്കുകയുള്ളു.

## ഒരെത്തിനോട്ടം

സമഗ്രമായൊരു പദ്ധതി രാജ്ക്കോട്ടിനുണ്ട്. കൂലങ്കഷമായ ചർച്ചകളുടെയും പരിചിന്തനത്തിൻെറയും ഫലമായിട്ടാണതു് ഉരുത്തിരിഞ്ഞത്. ആ പദ്ധതി പരീക്ഷിക്കുകയും തെററുപററിയാൽ തിരുത്തുകയും ചെയ്യുകയെന്നത് സ്വാഭാവികമായിരിക്കും. മിഷൻ പ്രവർത്തനരംഗങ്ങളെ മൂന്നായി തരംതിരിക്കാം.

1. സാമാന്യജനങ്ങൾ:–ക്രിസ്തുവിൻെറ ദിവ്യസന്ദേശം അവിടത്തെ മിഷനറിമാർവഴി പ്രസംഗം, മാതൃക എന്നിവയിലൂടെ ജനങ്ങളിലെത്തിക്കുക എന്ന പ്രക്രിയ.

2. പുതിയ അംഗങ്ങൾ:—ക്രിസ്തുവിന്റെ അനുയായികളാൽ സ്വാധീനിക്കപ്പെട്ടു സഭയിലേക്കു വന്നവരും വരാൻ ഒരുങ്ങിയിരിക്കുന്നവരും ആയ മനുഷ്യരെ കേന്ദ്രീകരിച്ചുള്ള പ്രവർത്തനം.

3. സഭയുടെ വീരസന്താനങ്ങളായ കത്തോലിക്കർ:— അക്കൂട്ടരെ കൂടുതൽ പ്രവർത്തനസജ്ജമാക്കുകയും പ്രവർത്തന മണ്ഡലങ്ങൾ കാണിച്ചുകൊടുക്കുകയും ചെയ്യുന്നരീതി.

മിഷൻ പ്രവർത്തനത്തിൽ നമുക്കുവരുന്ന ചില പോരായ്മകൾ ഉണ്ട്:— ഒരു യഥാർത്ഥ ഹിന്ദുവിനു് ഈശ്വര സാന്നിദ്ധ്യം അനുഭവപ്പെടുമാറു്, നമ്മുടെ ജീവിത ശൈലി മാറിയിട്ടില്ല. ദൈവാനുഭവമുള്ള ഒരുമിഷനറിക്കു മാത്രമേ യഥാർത്ഥത്തിൽ മിഷൻപ്രവർത്തനം വിജയപ്രദമായിച്ചെയ്യാനൊക്കൂ. അങ്ങനെയുള്ളവരുടെ ഒരു 'ദർശനം' തന്നെ ഹിന്ദുക്കൾക്കു വിലപ്പെട്ടതാണു്. വേറൊരു പോരായ്മ, നാം സമുദായത്തിലെ ഉന്നത ശ്രേണികളിൽകടന്നു് പണ്ഡിതരെയും അറിവുള്ളവരെയും സഭയിലേക്കാകർഷിക്കാൻ കാര്യമായൊന്നും ചെയ്യുന്നില്ലായെന്നതാണു്. ഹരിജനങ്ങളും അധഃകൃതരും ആദിവാസികളുമാണു് നമ്മുടെ പ്രധാനലക്ഷ്യമായിരുന്നതു്, ആയിരിക്കുന്നതു്. ഹൈദരാബാദിൽ ഫാ. വൈൻഗാർഡ് സംഘടിപ്പിച്ചിരിക്കുന്ന അമൃതവാണി പോലുള്ള സംവിധാനം സമുദായത്തിലെ മേലേക്കിടയിലുള്ളവരെയും ആകർഷിക്കാൻ പോരുന്നതാണു്. സുവിശേഷാത്മകമായ ലക്ഷ്യവും ജനങ്ങളുമായി ഒന്നുചേരാനുള്ള സംവിധാനവും കേന്ദ്രീകൃതമായ ഒരു നിയന്ത്രണ ഘടകവും സുസംഘടിതമായിട്ടില്ലായെന്നു പറയേണ്ടിയിരിക്കുന്നു നാം ദാസന്മാരുടെ ദാസർ എന്ന ബോധം കൃത്യമായും ഉള്ളവരായിബ്ഭവിക്കണം.

## പണ്ണശാലകളിൽ

രാജ്കോട്ടിലെ മിഷൻ പ്രവർത്തനത്തിനു് ചൂടും വെളിച്ചവും പകരുന്നതു് വൈദികരും സന്യാസിനികളും ചൈതന്യമുള്ള അൽമായരുമാണു്. പ്രാർത്ഥനാജീവിതത്തിനും എളിയതോതിലുള്ള ജീവിതസാഹചര്യത്തിനും വലിയ പ്രാധാന്യമാണു് നല്കിയിരിക്കുന്നതിവിടെ. അങ്ങനെയുള്ള സാഹചര്യത്തിൽ ജീവിക്കുന്ന മിഷനറിമാർക്കു് ചുററുമുള്ള മനുഷ്യരെ ദൈവത്തിലേക്കാകർഷിക്കാൻ എളുപ്പം സാധിക്കും. ജീവിത

നവീകരണത്തിനുള്ള ഉപാധികൾ കണ്ടെത്തുക അവശ്യാവശ്യകമാകുന്നു. പർണ്ണശാലകളിൽ ഏകാന്തവാസം നടത്തി ക്രിസ്തുവിനു സാക്ഷ്യം വഹിക്കാമെന്ന ആശയം ശക്തിപ്പെട്ടുവരികയാണ്, പ്രവർത്തനങ്ങളിൽമുഴുകിക്കഴിയുന്നവർ ഒരുവശത്ത്. കാടുകളിലും, ജനവാസമുള്ളിടങ്ങളിലും ,ഋഷിമാരുടെ രീതിയിൽ ജീവിച്ച് തങ്ങളെ സമീപിക്കുന്നവർക്ക് ആത്മീയശക്തി പകർന്നു കൊടുക്കുന്നവർ മറുവശത്ത്. ഇങ്ങനെ വരുമ്പോൾ മിഷൻ പ്രവർത്തനത്തിനു് ആക്കംകൂട്ടും, തീർച്ച ഈ രീതിയിലുള്ള കാൽവയ്പുകൾ രാജക്കോട്ടിൽനടന്നുവരുന്നുണ്ട്. ഗീർണാർ വനത്തിന്റെ പാർശ്വത്തിൽ കേരളക്കാരിയായ പ്രസന്നാദേവി ഏകാന്തതയിൽ പർണ്ണശാലയിൽക്കഴിയുന്നു. കാട്ടുമൃഗങ്ങളും പക്ഷികളുമാണ് കൂട്ടിനുള്ളത്. ഭാരതത്തിന്റെ അന്തരാത്മാവിനെത്തേടി ഹിമവൽസാനു പ്രദേശങ്ങളിൽ ഓംകാര ശബ്ദം പുറപ്പെടുത്തിക്കൊണ്ട് ഋഷിവരേണ്യന്മാർ ബ്രാഹ്മമുഹൂർത്തത്തിൽ,

''അസതോ മാ സത്ഗമയ
തമസോ മാ ജ്യോതിർഗമയ
മൃത്യോർ മാ അമൃതംഗമയ''

എന്ന ഉപനിഷദ് വാക്യം ഉച്ചരിക്കുമ്പോൾ, യഥാർത്ഥ സത്യവും യഥാർത്ഥ വഴിയും യഥാർത്ഥ ജീവനും ക്രിസ്തുവാണെന്നു് ദേവി പറഞ്ഞുകൊടുക്കും. ഉപവാസത്തിലും പ്രാർത്ഥനയിലും കഴിയുന്ന പ്രസന്നാദേവിക്ക് ഹിന്ദുക്കളായ ശിഷ്യർ വർദ്ധിച്ചുവരുന്നുണ്ട്. അവരിലൂടെ ദേവി ക്രിസ്തു സന്ദേശംപരത്തുന്നു. ബനഡിക്ടയിൻ സന്യാസിയായ ഫാ. ഡോമിനിക്ക് ഇപ്രകാരം ജീവിക്കുന്ന ഒരുവ്യക്തിയാണ്. ശാരീരികക്ലേശം വന്നപ്പോൾ തല്ക്കാലത്തേക്ക് അദ്ദേഹം രാജ്ക്കോട്ടിലുള്ള പർണ്ണശാലയിലേക്കുമാറി. അവിടെ തേജാനന്ദ് എന്ന ഒരാളും വസിക്കുന്നു, ഋഷിമാരുടെ രീതിയിൽ ഭാവനഗറിൽ പള്ളിത്താനം എന്ന സ്ഥലത്ത് ഫാ. ശുഭാനന്ദ് എസ്. ജെ. ഇന്ത്യൻ സന്യാസത്തിന്റെ മുഖമുദ്രയെന്തെന്നു കാണിച്ചുകൊടുത്തു കൊണ്ട് സമീപവാസികളെ ആകർഷിക്കുന്നു. ആശ്രമജീവിതത്തോടാഭിമുഖ്യമുള്ള കന്യാസ്ത്രീകൾക്കും വൈദികർക്കും സഹോദരന്മാർക്കും ഋുപതയിൽ ഹൃദ്യമായ സ്വാഗതം ഉണ്ട്. സി എം ഐ. സഭാംഗമായ ഫാദർ സൈമൺ ഈ ഗണത്തിൽ ചേർന്ന് ലളിത ജീവിതവും, പ്രാർത്ഥനയുമായി പർണ്ണശാലയിൽ കഴിയുന്നു.

## പ്രവർത്തന ശൈലി

രൂപതയിൽ സമ്പർക്കമാധ്യമ കേന്ദ്രങ്ങൾ തുറന്ന് മററു മതസ്ഥരുമായി സംഭാഷണത്തിലേർപ്പെട്ട് മതസൗഹാർദ്ദവും ആശയൈക്യവും വരുത്തുക ഒരവശ്യമായിരിക്കുകയാണ്. പതിനഞ്ച്, ഇരുപതു മൈലുകൾ ചുററളവിൽ ഒരുകേന്ദ്രം ഉണ്ടാവുകയും അവിടെനിന്ന് വില്ലേജുകളിലേക്ക് പ്രവർത്തനം വ്യാപിപ്പിക്കുകയും ചെയ്യുകയെന്നതാണ് പ്ലാൻ. ഒരു യൂണിററിൽ പള്ളി, മഠം, സ്കൂൾ, സോഷ്യൽ വർക്കസെൻറർ, യൂത്തു സെൻറർ, വായനശാല, ബോർഡിംഗ് തുടങ്ങിയവ ഉണ്ടായിരിക്കും. ഒരു യൂണിററ് വികസിച്ചു പൂർത്തിയാകുമ്പോൾ അവിടെ പ്രാർത്ഥനാഹോൾ, ഡിസ്പെൻസറി, കോ-ഓപ്പറേറീവ് സ്റ്റോർ, കമ്മ്യൂണിററിഹോൾ, വർക്ക്സെൻറർ, ചിൽഡ്രൻസ്പാർക്ക് എന്നിവ ഉണ്ടായിരിക്കും. സെൻററുകളിൽ ആരാധനക്രമം, പ്രാർത്ഥനാജീവിതം, ബൈബിൾ ക്ലാസ്സുകൾ എന്നിവ നടത്താനും സൗകര്യമുണ്ടായിരിക്കും.

ഭാവിമിഷനറിമാരാകാനുള്ള യോഗാർത്ഥികളെ രൂപതയിൽത്തന്നെ പരിശീലിപ്പിക്കുവാനുള്ള ഒരുക്കങ്ങൾ പൂർത്തിയാവുകയാണ്. ഡീക്കന്മാരുടെ സേവനം ഇവിടെ അനിർവാര്യമായിരിക്കുന്നു. അപ്പസ്തോലിക പാരമ്പര്യമുള്ള (നടപടി 6:2-4) ഈ സംവിധാനംകൊണ്ട് സഭയുടെ പല ആവശ്യങ്ങളും നിറവേററുവാൻ കഴിയും. സന്നദ്ധതയുള്ള അവിവാഹിതരായ യുവതീയുവാക്കന്മാർക്ക് രൂപതയുടെ പ്രവർത്തനങ്ങളിൽ സൃഷ്ടിപരമായി സഹായിക്കാവുന്നതാണ്. മിഷനിൽ ഒരു പുതിയകേരളം കെട്ടിപ്പടുക്കുകയെന്ന ആശയത്തോട് അധികമാരും യോജിക്കുകയില്ല. റീത്ത് അടിച്ചേല്പിക്കുകയെന്നതിനോടും യോജിപ്പുണ്ടാവില്ല. അങ്ങനെ ആയാൽ പോർച്ചുഗീസുകാർ പണ്ടുചെയ്തത് നാം ആവർത്തിക്കുകയായിരിക്കും. ചെയ്യുക. വിൻസൻറ്ഡിപോൾ, ലിജിയൻ ഓഫ് മേരി, സൊഡാലിററി, തിരുബാലസഖ്യം തുടങ്ങിയ ഭക്തസംഘടനകൾവഴി ദൈവജനത്തെ വിശ്വാസത്തിൽ വളർത്താനുതകുന്ന സംവിധാനങ്ങൾ ഉണ്ടാകണം.

സ്ഥലത്തെ കലാരൂപങ്ങരം സ്വാംശീകരിക്കാനും അവയെ പവിത്രീകരിക്കാനും, വി പൗലോസിന്റെ ഭാഷയിൽ വത്തമാനകാലത്തെ പരിത്രാണം ചെയ്യാനും നമുക്കു കഴിയണം. അതിനു് ഭൂതകാല ചരിത്രത്തിന്റെ പാഠം എന്തെന്നറിഞ്ഞു് ഭാവിയിൽ എന്തെല്ലാം ഉണ്ടാകണം എന്നു് ഉദ്ദർശനം ചെയ്യുന്നതിനു് നാം കഴിവുററവരാകണം. ഒരിടത്തു് ഒരു മിഷൻ പരീക്ഷണം പരാജയപ്പെട്ടാൽ നിരാശപ്പെടാതെ മററൊന്നു പരീക്ഷിക്കാൻ ഉള്ള സ്വാതന്ത്ര്യം മിഷനറിമാർക്കുണ്ടാകണം. എത്രയെത്ര ശാസ്ത്രജ്ഞന്മാരുടെ ജീവത്യാഗത്തിനുശേഷമായിരിക്കും ഒരു കണ്ടുപിടുത്തം വിജയകരമായി നടക്കുക! ഭീമാകാരമായ സ്ഥാപനങ്ങരം പടുത്തുയർത്തി സ്ഥാപനാകാരമാകാതെ സഭ, അതിലെ അംഗങ്ങളെ തങ്ങളുടെ സിദ്ധികളനുസരിച്ചു് പ്രവത്തിക്കാൻ പ്രേരിപ്പിക്കുക ഉചിതമായിരിക്കും. ചേരികളിലും മലമ്പ്രദേശങ്ങളിലും അദ്ധ്വാനത്തിന്റെ ഇതിഹാസം വിരചിച്ചുകൊണ്ടു് ആത്മാക്കളെ തേടുന്നവരും വിദ്യാഭ്യാസതലത്തിൽ സേവനമനുഷ്ഠിക്കുന്നവരും ഒപ്പം അംഗീകരിക്കപ്പെടണം. ഉന്നതരും താഴ്ന്നവരും എന്ന തിരിവു് മിഷൻ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കും.

രാജ്കോട്ടു മിഷൻ രൂപതയിൽ ബഹുമുഖങ്ങളായ പരീക്ഷണങ്ങളും പദ്ധതികളും അരങ്ങേറുന്നുണ്ടു്. ഊർജ്ജസ്വലരായ മിഷനറിമാർ വന്ദ്യ ജോനാസു് പിതാവിന്റെ വിദഗ്ദ്ധമായ നേതൃത്വത്തിൽ പുതിയ മാനങ്ങരം തേടി മുന്നോട്ടു നീങ്ങുകയായിരുന്നു. കഴിഞ്ഞ കാലങ്ങളിൽ സ്ഥലത്തു്, ഈശോ സഭാ വൈദികർ കാഴ്ചവച്ച വിലപിടിച്ച സേവനങ്ങളെ വിസ്മരിക്കാതെ തന്നെ പുത്തൻ രൂപത പുതിയ പുതിയ മേച്ചിൽപ്പുറങ്ങരം കണ്ടുപിടിച്ചു. കത്താവിന്റെ വഴിയിലൂടെ തന്നെ നടന്നു് ചുററുമുള്ളവക്കു് നന്മചെയ്യുക; ഇതായിരുന്നു ബിഷപ്പ് ജോനാസു് തളിയത്തിന്റെ കാഴ്ചപ്പാടു്. തന്റെ സഹപ്രവർത്തകരായ വൈദികർ, കന്യാസ്ത്രീകരം, സഹോദരന്മാർ, ദൈവജനം എന്നിവരോടൊത്തു് ഈശോയുടെ തിരുഹൃദയത്തിൽ ശരണംവച്ചുകൊണ്ടു് "അവൻ നന്മചെയ്തു ചുററിസഞ്ചരിച്ചു" എന്ന മുദ്രാവാക്യവുമായി ആത്മധൈര്യത്തോടെ അദ്ദേഹം കർത്താവിനു സേവനമനുഷ്ഠിച്ചു. 1981–ൽ രാജ്കോട്ടു് ഒരു മിഷൻ റീജിയൻ ആയി. ബ. മാത്യു ബാസ്സൂസ് മഞ്ചക്കുന്നേൽ അച്ചൻ പ്രഥമ റീജിനൽ സുപ്പീരിയർ ആയും തിരഞ്ഞെടുക്കപ്പെട്ടു.

## രാജ്ക്കോട്ട് രൂപത ഒററനോട്ടത്തിൽ

| | | |
|---|---|---|
| വിസ്തൃതി | .... | 109950 ച.കി.മീ. |
| ജനസംഖ്യ | .... | 9080970 |
| കത്തോലിക്കർ | .... | 5860 (1980_ൽ) |
| വൈദികർ | .... | 27 |
| വൈദിക വിദ്യാർത്ഥികൾ | .... | 7 |
| സിസ്റ്റേഴ്സ് | .... | 92 |
| കേന്ദ്രങ്ങൾ | .... | 13 |
| മഠങ്ങൾ | .... | 14 |
| സ്കൂളുകൾ | .... | 12 |
| ആരോഗ്യകേന്ദ്രങ്ങൾ | .... | 6 |
| ബാലമന്ദിരങ്ങൾ | .... | 2 |
| സാമൂഹികക്ഷേമകേന്ദ്രങ്ങൾ | .... | 4 |

# V

# ഭാരതത്തിന് പുറത്തു്

സുവിശേഷം പ്രസംഗിക്കുക, കാലമോ, സ്ഥലമോ, ഭാഷയോ അതിനു പ്രതിബന്ധമാകരുതല്ലോ. കേരളത്തിലാരംഭിച്ച സി.എം.ഐ സമൂഹം ഈ അതൃത്തികളെല്ലാം തരണം ചെയ്തിട്ടുണ്ട്. ഇന്ത്യയ്ക്കകത്തുമാത്രമല്ല, പുറത്തും. തങ്ങളുടെ സാന്നിധ്യം സുവിശേഷ പ്രഘോഷണത്തിനുപകരിക്കുമെങ്കിൽ ലോകത്തിൽ എല്ലായിടത്തും.

അടുത്തുവരുന്ന പേജുകളിൽ ഇന്ത്യക്കു പുറത്ത് സി.എം.ഐ. ക്കാർചെയ്ത, ചെയ്തുകൊണ്ടിരിക്കുന്ന പ്രവർത്തനത്തിന്റെ സംക്ഷേപവിവരണമാണ്. സഭ ക്രിസ്തുവിന്റെ ശരീരമാണെന്നും, ഒരവയവത്തിന്റെ ആവശ്യം, മററുള്ളവയുടെകൂടിയാണെന്നും, ഒരവയവത്തിന്റെ സമ്പന്നത ശരീരത്തിനുമുഴുവൻ അവകാശപ്പെട്ടതാണു എന്നുമുള്ള ദൈവശാസ്ത്രകാഴ്ചപ്പാടുമാത്രമാണ് സഭാഗങ്ങളെ ഇതിനായി പ്രേരിപ്പിക്കുന്നതു്. മറിച്ച ചിന്തിക്കാൻ പലപ്പോഴും അനുഭവങ്ങളുണ്ടായിട്ടും, ക്രിസ്തുവിന്റെ വെറുമയാക്കലിലാണ് തങ്ങൾ പങ്കെടുക്കുന്നതു് എന്ന ബോദ്ധ്യം അവരെ മുന്നോട്ടുകൊണ്ടു പോകുന്നു.

## മധ്യപൂർവ ദേശം

### ഇറാക്കിൽ

ഇറാക്കിലെ ചുട്ടുപൊള്ളുന്ന മണ്ണിലും ആത്മാക്കളെത്തേടി, കേരളത്തിലെ സി.എം.ഐ മിഷനറിമാർ എത്തി. 1960 ഫെബ്രുവരി 10. അന്നായിരുന്നു ഫാ. വെർജിൽ, ഫാ. മാർസെൽ, ഫാ ഫാബിയാൻ എന്നിവർ അവിടെ കാലുകുത്തിയത്. എന്നാൽ ഇതിനു മുമ്പ് ഇറാനിലെ അബദാൻ എന്ന സ്ഥലത്ത് മിഷൻ വേലയ്ക്കായി 1938_ൽ സി.എം. ഐ. ക്കാർ ക്ഷണിക്കപ്പെട്ടിരുന്നു തദനുസരണം ബ. മരിയാ

രാജ്കോട്ടിൽ



സിംഹങ്ങളെത്തേടിത്തന്നെ





മദ്ധ്യപൂർവ്വദേശത്ത്

നച്ചനും ആഞ്ചലൂസച്ചനും തിരഞ്ഞെടുക്കപ്പെടുകയും വേണ്ട ഒരുക്കങ്ങൾ ചെയ്യുതുമാണ്. എങ്കിലും ആകസ്മികമായി അവിടുത്തെരാഷ്ട്രീയ സ്ഥിതികൾ കുഴഞ്ഞു മറിയുകയും പട്ടാളവിപ്ലവം ഉരുത്തിരികയും ചെയ്യതിനാൽ അവരുടെ മിഷൻ പരിപാടി നടന്നില്ല. ഇറാക്കിലും ഇറാനിലും ഇന്നു് നടമാടുന്ന അസ്വസ്ഥത ഇന്നലെയും ഇന്നും തുടങ്ങിയതല്ല. അനേകം പട്ടാളവിപ്ലവത്തിന്റെയും രക്തച്ചൊരിച്ചിലിന്റെയും കഥയാണവിടെയുള്ളത്. ആദ്യനൂററാണ്ടുകളിൽ സഭമദ്ധ്യപൂർവ്വദേശത്തു് തഴച്ചു വളൎന്ന ചരിത്രമുണ്ടു്. 5-ാം നൂററാണ്ടു മുതൽ മതപീഡനം ഉടലെടുത്തു. മുഹമ്മദീയരുടെ നിരന്തരമായ ആക്രമണം കൊണ്ടു് സഭ വാടിതളൎന്നു. അനേകലക്ഷം കത്തോലിക്കരുണ്ടായിരുന്ന ആ പ്രദേശത്തു് കത്തോലിക്കരുടെ എണ്ണം അംഗുലീപരിമിതമായി. ഉള്ളവർ തന്നെ നാമമാത്രകത്തോലിക്കരുമായിത്തീൎന്നു. സഭയുടെ ഉന്നതശ്രേണികളും ഭരണീയരും ഏതാണ്ടു് ചലനമററയന്ത്രംമാതിരി ആയി എന്നു പറയുന്നതിൽ തെററില്ല.

ഇടവകകളിലെ ജനങ്ങളുടെ ക്രീസ്തീയ ജീവിതം പരിതാപകരമായ വിധം തകൎന്നിരുന്നു. കേരളത്തിലെ ക്രൈസ്തവസഭയുടെ വളൎച്ചയും ദൈവവിളികളുടെ ആധിക്യവും കേട്ടറിഞ്ഞ കൽദായപാത്രിയാർക്കീസും ടെഹ്റാൻ മെത്രാപ്പോലീത്തായും സി.എം.ഐ. സഭയുടെ സഹായം നിരന്തരമായി ആവശ്യപ്പെട്ടുകൊണ്ടിരുന്നു. അതിന്റെ വെളിച്ചത്തിലാണു് മേല്പറഞ്ഞ ആദ്യമിഷനറിമാർ ഇറാക്കിലെത്തിയത്. അവിടെയുള്ള സെമ്മിനാരിയുടെ പ്രവൎത്തനങ്ങൾ ശരിയാക്കുവാനും ശെമ്മാശ്ശന്മാരെ ഉത്തമ വൈദീകരാക്കിയെടുക്കുവാനുമുള്ള സുപ്രധാനമായ ജോലിയാണു് ഫാബിയാനച്ചനും മാർസെലച്ചനും ലഭിച്ചത്. ഇടവകളിൽ പ്രവൎത്തിക്കാനുള്ള ഭാഗ്യമാണു് വെർജിലച്ചനു് കൈവന്നത്. സെമ്മിനാരിയിൽനിന്നു് അപൂൎവ്വം ചിലർ മാത്രമേ പട്ടമേററുപുറത്തുവന്നിരുന്നുള്ളുവെന്നും ജനങ്ങൾ ഒരുതരം വിശ്വാസരാഹിത്യത്തിൽ കഴിഞ്ഞിരുന്നുവെന്നും മററുമുള്ളകാര്യങ്ങളെപ്പററി ഏകാഭിപ്രായമാണു് മിഷനറിമാർക്കുള്ളത്. കേരളത്തിന്റേതിനോടു തട്ടിച്ചുനോക്കിയപ്പോൾ അവിടുത്തെ സ്ഥിതിഗതികൾ അങ്ങേയററം സഹതാപൎഹമായിരുന്നു.

സുറിയാനിഭാഷ അറിയാമായിരുന്നതുകൊണ്ടു് മദ്ധ്യപൂൎവ്വദേശത്തു് പ്രവൎത്തിക്കാൻ ഭാഷ ഒരുതടസ്സമായിനിന്നില്ല. മിഷനറിമാരുടെ പ്രവൎത്തനങ്ങളെ എല്ലാവരും സ്വാഗതംചെയ്തു. എങ്കിലും പലരംഗത്തും അസൂയയുടെ വിത്തുമുളച്ചു പൊന്തി

യിരുന്നുവെന്നതും മറച്ചുവസ്റ്റേണ്ടതില്ല. 5വർഷംകൊണ്ട് പല നല്ല സംരംഭങ്ങളും അവിടെ നടപ്പാക്കാൻ സി എം.ഐ മിഷനറിമാർക്കു കഴിഞ്ഞു. ജനങ്ങൾ അറിവില്ലാത്തവരും അതേ സമയം സന്മനസുള്ളവരുമാണ്. പാത്രിയർക്കീസും വൈദികവൃന്ദവും ജനങ്ങളും ഉദ്യോഗസ്ഥന്മാരും അവരുടെ പ്രവർത്തനങ്ങൾക്ക് താങ്ങും തണലുമായിനിന്നു. മാന്നാനംകൊവേന്തയുടെ പ്രീയോർ ആയി ബ. ഫാബിയാനച്ചൻ തിരഞ്ഞെടുക്കപ്പെട്ടപ്പോൾ പകരം ബ. എമ്മാനുവൽ തെള്ളിയിലച്ചൻ ഇറാക്കിലെത്തി. ഫാബിയാനച്ചനെ യാത്രയാക്കിയപ്പോൾ പാത്രിയാർക്കീസ് തിരുമേനി മിഷനറിമാരോടായിപ്പറഞ്ഞു. ''നിങ്ങളുടെ പ്രവർത്തനം എനിക്കുവളരെയേറെ ഇഷ്ടമായിരിക്കുന്നു. കൂടുതൽ കൂടുതൽ സി.എം.ഐ. ക്കാർ ഇങ്ങോട്ടുവരണമെന്നാണ് ഞാനാഗ്രഹിക്കുന്നത്. നിങ്ങൾക്ക് ഒരുഭവനം പണിയിച്ചുതരാം. ആശുപത്രികളൊ, അനാഥമന്ദിരങ്ങളൊ, സ്കൂളുകളൊ എന്തുവേണമെങ്കിലും സ്ഥാപിച്ചു നടത്തിക്കൊള്ളുക. ഇടവക ഭരണം വേണമെങ്കിൽ അതും ആകാം.''

97% മുഹമ്മദീയരുള്ള ഒരുരംഗത്തു് മിഷൻവേല എത്ര മേൽ ഭാരമുള്ളതാണെന്ന് ചിന്തിച്ചുനോക്കുക ഇസ്ലാമിന്റെ വികാരങ്ങളെ മുറിവേല്പിക്കാതെ സഭയെ വളർത്തുകയെന്ന ദൗത്യം. അവർ ഏറെക്കുറെ വിജയപ്രദമായി നിർവ്വഹിച്ചു. വെന്നു് സമാധാനിക്കാം മതപ്രസംഗം നടത്തുകയില്ലെന്ന് ഒപ്പിട്ടുകൊടുക്കുവാൻ ഇറാൻ കൊൺസുലേററിൽ നിന്നു് ആവശ്യപ്പെട്ടതനുസരിച്ചു് ഒപ്പിട്ടുകൊടുത്ത ശേഷമേ 'വീസാ' ശരിയാക്കികിട്ടിയൊള്ളു. വീസായുംനേടി, ബോംബെയിൽ നിന്നു് 'സാന്ധ്യാ' എന്ന കപ്പലിൽ ഇറാക്കിലേക്കു് യാത്ര തിരിച്ച മിഷനറിമാരുടെ മനസ്സിൽ സദാ ആ സംഗതി പൊന്തി വന്നിരുന്നു.

## സെമ്മിനാരിയിൽ

മിഷനറിമാരുടെ ത്വാഗോജ്ജ്വലമായ പ്രവർത്തനംകണ്ട് സന്തോഷചിത്തനായ പാത്രിയാർക്കീസ് തിരുമേനി അവിടുത്തെ സെമ്മിനാരിയുടെ നടത്തിപ്പ് പൂർണ്ണമായും സി എം ഐ സഭയെ ഏല്പിക്കാൻ തയ്യാറായി. അദ്ദേഹം സി.എം ഐ പ്രീയോർ ജനറാളിനു് ഈ വിവരം കാണിച്ച് ഒരുകത്ത് നല്കുകയുണ്ടായി. പിന്നീടുണ്ടായ സംഭവവികാസങ്ങൾ നിമിത്തം ആ ആഗ്രഹം സാക്ഷാൽക്കരിക്കാൻ സാധിക്കാതെ പോയി

എന്നു് മാത്രം. കൂടുതൽ മിഷനറിമാരെ ഇറാക്കിലേക്കു് വിടാമെന്ന വാഗ്ദാനവും നിറവേററപ്പെടാൻ ഇടയായില്ല 1965 ഡിസംബർ 20നു് സി.എം.ഐ. മിഷനറിമാർ ഇറാക്കിനോടു യാത്രപറഞ്ഞു പോന്നു. വിതുമ്പുന്ന ഹൃദയത്തോടും സ്നേഹമുററ വികാരത്തോടുംകൂടിയാണു് അവിടെയുള്ളവർ മിഷനറിമാരെ യാത്രയാക്കിയതു്.

## ഇറാനിൽ

ഇറാനിലും സി.എം.ഐ. മിഷനറിമാർ ജോലിചെയ്തു. ഇറാക്കിൽനിന്നു് വെർജിലച്ചൻ ഇറാനിലെത്തി വളരെയേറെ പ്രവർത്തനങ്ങളിൽ വ്യാപൃതനായി. 1966—ൽ മാർസെലച്ചനും ഇറാനിലെത്തി. അവരുടെ സംഭവബഹുലമായ സേവനങ്ങളേയും വികാരതരളിതമായ അനുഭവങ്ങളേയും വിവരിക്കുന്നതിനു് ഈ പേജുകൾ മതിയാകുകയില്ല. മദ്ധ്യപൂർവ്വദേശത്തു് സി.എം.ഐ മിഷനറിമാർ ആദ്യമായി പ്രവേശിച്ചു് ആറു കൊല്ലത്തോളം സജീവമായ പ്രേഷിത പ്രവർത്തനം നടത്തി അവിടം വിടേണ്ടിവന്നെങ്കിലും തോമ്മാശ്ലീഹായുടെ മക്കൾക്കു് വിദേശങ്ങളിലും ഭാരതത്തിന്റെ വിവിധഭാഗങ്ങളിലും മിഷൻ രംഗങ്ങൾ തുറന്നു കിട്ടുവാൻ ഇറാക്ക്മിഷൻ അനുഭവങ്ങൾ സഹായിച്ചു. അന്നു് വിദേശത്തു് മിഷൻ പ്രവർത്തനം എന്നു കേൾക്കുമ്പോൾ അമ്പരന്നു് പോയിരുന്നവർ ഇന്നും അതിനെ ഒരുസാധാരണ സംഭവമായിക്കാണുന്നു.

## തെക്കേ അമേരിക്ക

### ഒരു കാൽവയപ്പ്

അതാവരുന്നു ആജാനുബാഹുവായൊരു മനുഷ്യൻ. അയഞ്ഞു് ഞുങ്ങിയ കോട്ടു്. അലസമായി കിടക്കുന്ന പാൻറ്സ്. വെള്ളി കെട്ടിത്തുടങ്ങിയ മുടി പാറിപ്പറന്നു കിടക്കുന്നു. ചുളി വീണ വിശാലമായ നെററിത്തടം. പയററിത്തെളിഞ്ഞു് പതം വന്ന ഗംഭീരമുഖഭാവം. ഒരറുപതു വയസ്സു തോന്നിക്കും. അതെ, കേരളത്തിൽനിന്നുള്ള മിഷനറിമാരെ സ്വീകരിക്കാൻ ഓടിപ്പാഞ്ഞുവരുന്ന ആ മനുഷ്യൻ മോൺ. ഗൗച്ചിയാണു്; തെക്കെ അമേരിക്കയിലെ പെറുവിൽ ചുക്കിബാംബാ എന്ന സ്ഥലത്തെ വന്ദ്യമെത്രാനാണു്. സി.എം.ഐ. മിഷനറിമാരായ മാത്യു ചക്കാംകുന്നേൽ, ജോസഫ് മലയാംപുറം, ജോസ് മുണ്ടയ്ക്കൽ എന്നിവർ ലീമയിൽ കാലുകുത്തി. അതു് 1975 സെപ്റ്റംബർ 18_നായിരുന്നു. അവരെ സ്വീകരിക്കാൻ വന്ന നല്ല ഇടയനായ മോൺ. ഗൗച്ചി അല്പം താമസിച്ചതുകൊണ്ടു് ഓടിവരികയായിരുന്നു. മിഷനറിമാരെ അദ്ദേഹം ആലിംഗനം ചെയ്തു സ്വീകരിച്ചു.

പെറു മിഷനിലേയ്ക്കുള്ള കവാടം മലർക്കെ തുറന്നതു് മഹാത്മാവായ ഗൗച്ചിയാണു്.. അദ്ദേഹം സി.എം.ഐ. സഭയുടെ മഹത്തായ പാരമ്പര്യങ്ങളേയും അംഗസംഖ്യയേയും പററി കേട്ടിരുന്നു. കുറെ അച്ചന്മാരെ കേരളത്തിൽനിന്നു കിട്ടുന്നതിനായി അദ്ദേഹം ദാഹിച്ചു; അപേക്ഷിച്ചു. അതിൻെറ ഫലമായി ഇവിടെനിന്നു് മദ്ധ്യവയസ്കരായ മൂന്നുപേർ അവിടെ എത്തി. അവിടുത്തെ ഭാഷയും പുതിയ രീതിയിലും റീത്തിലുമുള്ള തിരുക്കർമ്മങ്ങളും പരിചയപ്പെടാൻ അഞ്ചാറുമാസം ചിലവഴിച്ച മിഷനറിമാർ മേച്ചിൽപ്പുറങ്ങരം കണ്ടെത്തി. 1976_ൽ ചുക്കിബാംബായുടെ ചുമതല അവർക്കു് ഏല്പിച്ചുകൊടുത്തു. അതൊരു ഗ്രാമമാണു്. മൂവായിരം കത്തോലിക്കരുള്ളൊരു മേച്ചിൽ സ്ഥലം. പ്രധാനമായും ചുക്കിബാംബായുടെ കാര്യം നോക്കാനാണദ്ദേശിച്ചതെങ്കിലും 20_ൽ അധികം വേറെ ചെറു ഗ്രാമങ്ങളുടെ ചുമതലയും പിന്നീടു് ഏററു. പത്തുകൊല്ലം മുമ്പുവരെ ആ സ്ഥലങ്ങളിൽ വൈദികർ താമസിച്ചിരുന്നതാണു്. വൈദികരുടെ വൈരള്യം വന്നപ്പോരം അവിടങ്ങളിൽ പള്ളിയും പള്ളിക്കെട്ടിടവും മാത്രം അവശേഷിക്കുകയാണു്. വൈദികരെന്നല്ല കന്യാസ്ത്രീകളും അവിടെ സേവനം അനുഷ്ഠിക്കുന്നില്ല ചുക്കിബാംബായിൽമാത്രം നാലു കന്യാസ്ത്രീകരം ജോലി ചെയ്യുന്നു. അതും വിദ്യാഭ്യാസ മണ്ഡലത്തിൽ. ഗ്രാമങ്ങളെല്ലാംകൂടി എടുത്താൽ 15 000 കത്തോലിക്കരുണ്ടു്.

## ജീവിതം എളുപ്പമല്ല

അവിടുത്തെ ജീവിതം പരുപരുത്തതുതന്നെ. വടക്കെ അമേരിക്കയുടെ സുഖശീതളതയും സമൃദ്ധിയും പെറുവിന്റെ പ്രാന്തപ്രദേശത്തു് കണികാണാൻ കിട്ടുകയില്ല. കുതിരസവാരി പഠിക്കാതെ ഒക്കുകയില്ല വാഹനങ്ങളുടെയും വഴികളുടെയും ദൗർല്ലഭ്യം വളരെയാണു്. കൊടും തണുപ്പിനെ അതിജീവിക്കാനുള്ള കരുത്തുവേണം. ദീർഘമായ യാത്രയുടെ അവസരങ്ങളിൽ ഭക്ഷണംപോലും ലഭിക്കാതെവരും. പുറമേയുള്ള ഗ്രാമങ്ങളിലെല്ലാം എത്തുപെടുക ദുഷ്കരമാണു്. ആണ്ടിൽ ഒന്നോ രണ്ടോ തവണ എത്തിയെന്നിരിക്കും. അതും വല്ല തിരുനാൾദിവസങ്ങളിൽ. ആയിരം കത്തോലിക്കരുള്ള സ്ഥലങ്ങളുണ്ടങ്ങനെ. വാഹനങ്ങൾ കിട്ടാമെന്നുവച്ചാൽത്തന്നെ പെട്രോൾച്ചിലവു വഹിക്കാൻ വിഷമം. പെട്രോളിനു് അവിടെ വില 8 ഇരട്ടിയായിത്തീർന്നിരിക്കുന്നു ജനങ്ങൾ താല്പര്യത്തോടെ മിഷനറിമാരെ വീക്ഷിക്കുകയും അവരുടെ പ്രവർത്തനങ്ങളെ വിലമതിക്കുകയും ചെയ്യുന്നുണ്ടു്. ജോസ് മുണ്ടയ്ക്കലച്ചൻ ഗ്രാമവാസികളുടെ കണ്ണിലുണ്ണിയായി മുന്നേറുന്നു. മാത്യു അൽഫോൻസ് ചക്കാംകുന്നേലച്ചൻ അരേകിപ്പാ എന്ന സ്ഥലത്തെ ഇടവകയിൽ വിജയപൂർവ്വം ജോലി ചെയ്യുന്നു. തണുപ്പിനോടു മല്ലിടുവാൻ ഏറെ പരിശ്രമിക്കുന്നുണ്ടദ്ദേഹം കുതിരസവാരിയും അദ്ദേഹത്തിനത്ര എളുപ്പമല്ല. പക്ഷേ, ശരീരത്തിന്റെ ശക്തി തണുപ്പിനൊ കാററിനൊ കീഴടക്കുവാൻ ഒക്കുകയില്ലായെന്നാണു് അദ്ദേഹത്തിന്റെ മതം. അതിലേറെ മനസ്സിന്റെ സന്നദ്ധതയും, ആവേശവും. മലയാമ്പുറത്തച്ചൻ ചുക്കിബാംബാ രൂപതയുടെ ചാൻസലറായി ഇപ്പോൾ ജോലി നോക്കുകയാണു്.

## വിധവയുടെ കൊച്ചുകാശ്

വടക്കെ അമേരിക്കയിലുള്ള സി.എം.ഐ മിഷനറിമാർ പണംകൊണ്ടു സഹായിക്കുന്നുണ്ടു് എന്ന കാര്യം പെറു മിഷനറിമാർ അനുസ്മരിച്ചു. ഫാദേഴ്സ് കാമ്മൽ, ജസ്റ്റിൻ (റോം), പോൺഷ്യൻ, പോളച്ചിറ എന്നിവർ അകമഴിഞ്ഞു് സഹായിക്കുന്നുണ്ടു്. ഒരു വൈദികന്റെ പാദസ്പർശമേല്ക്കാൻ ഇടയുണ്ടാകാത്ത ഗ്രാമങ്ങൾ ധാരാളമുണ്ടു് പെറു മിഷനിൽ. സാമ്പത്തികമായ പരാധീനതകളും കുറവല്ല. അവർ സന്തോഷവാന്മാരാണു്. അർപ്പണബോധത്തോടെ മുന്തിരിത്തോപ്പിൽ പണിയെടുക്കുന്നു.

## പെറുവിലെ സഭ

16-ാം നൂററാണ്ടിൽ സ്പെയിനിൽനിന്നു് കുടിയേററക്കാർ പെറുവിൽ എത്തി. കത്തോലിക്കാസഭയും അവിടെ അന്നു് മുളയെടുത്തു. ''ഇൻകാ സാമ്രാജ്യം'' സ്പാനിഷ് കോളനിയായി മാറി. കാലക്രമേണ ജനങ്ങൾ നൂറുശതമാനവും കത്തോലിക്കരായി ബ്ഭവിച്ചുവെന്നതാണു് സത്യം. സഭയും രാഷ്ട്രവും സ്വരുമയോടെ മുന്നേറി. സഭ പുഷ്ടിച്ചു പൂത്തുമണം തൂകി. വിശുദ്ധർ ഉണ്ടായി. മാർട്ടിൻ ഡി പോറസ്, റോസ ദെ ലീമാ, തൊറീബിയോ എന്നീ വിശുദ്ധർ പെറുവിൻെറ സന്താനങ്ങളത്രെ. അതുപോലെ ഇന്നു് വിശുദ്ധപദവിയിലേയ്ക്കുള്ള പട്ടികയിൽ സ്ഥലം പിടിച്ചിരിക്കുന്ന അനേകരുമുണ്ടു്.

പുഷ്ടിക്കൽ കഴിഞ്ഞു് ഇന്നു് സഭാതരുവിനു മുരടിപ്പാണനുഭവപ്പെടുന്നതു്. വൈദികർ കുറഞ്ഞു. ദൈവവിളി കുറഞ്ഞു. സെമ്മിനാരികൾ പലതും അടഞ്ഞു. വിളവു നൽകിയ വയലുകൾ വരണ്ടു. ഇപ്പോൾ പെറുവിൽ ആകെയുള്ള 1094 ഇടവകകളിൽ 284 എണ്ണത്തിൽ മാത്രമേ സ്ഥിരം വികാരിമാരുള്ളുവെന്നു് ഓർക്കണം. ആൻഡീസ് പർവ്വതമടക്കുകൾക്കിടയിൽ വസിക്കുന്ന ആയിരക്കണക്കിനു് ആത്മാക്കളുടെ ദാഹം തീർക്കാൻ കഴിയുന്നവർ ഇല്ലേ? ഒരുകോടി അറുപതുലക്ഷം വരുന്ന വിശ്വാസികളുടെ ആദ്ധ്യാത്മിക കാര്യങ്ങൾ നോക്കാൻ 2454 വൈദികർ. അതിൽ 1492 പേർ സന്യാസികളാണു്. വിദേശവൈദിവർ 1573. സ്വദേശികൾ 881.

അരക്വിപ്പാ അതിരൂപതയിലെ 48 ഇടവകകളിൽ 15 എണ്ണത്തിലും വികാരിയില്ല. ചുക്കിബാംബയിലെ സ്ഥിതി ഇതിലും കഷ്ടമാണു്. പെറുവിലെ ഈ വെല്ലുവിളികളെ നേരിടാൻ മാന്നാനംകുന്നിൽനിന്നു് കുറേക്കൂടി പുതുജീവൻ അങ്ങോട്ടു പ്രവഹിക്കണമെന്നാഗ്രഹിക്കുകയാണു് അവിടെയുള്ള സി. എം. ഐ. മിഷനറിമാർ.

## അമേരിക്കൻ ഐക്യനാടുകൾ

### വിഹഗവീക്ഷണം

സമൃദ്ധിയുടെ മടിത്തട്ടിൽ ഇരിക്കുന്ന യു.എസ്.എ യിലോ മിഷൻ പ്രവർത്തനം? ചോദ്യം പ്രസക്തമായിരിക്കാം. പക്ഷെ, ഒരുകാര്യമുണ്ട്. അമേരിക്കയിൽ വൈദികരുടെ എണ്ണം കുറഞ്ഞിരിക്കുന്നു. ജനങ്ങൾക്ക് സേവനമനുഷ്ഠിക്കുവാൻ പല സ്ഥലത്തും വൈദികരില്ല. ഇൻഡ്യാനയിലുള്ള ഗേറി രൂപതയിൽ 6 സി.എം.ഐ മിഷനറിമാർ സേവനമനുഷ്ഠിക്കുന്നുണ്ട്. ന്യൂജേഴ്സിയിലുള്ള ട്രെൻറൺ രൂപതയിൽ പല വർഷം സേവനമനുഷ്ഠിച്ചിട്ടുമുണ്ട്. തെക്കെ അമേരിക്കയിലേയും വടക്കേ അമേരിക്കയിലേയും സി എം.ഐ. മിഷൻ വിജയത്തിന്റെ പാതയിലൂടെ നീങ്ങിക്കൊണ്ടിരിക്കുകയാണ്.

1956-ലാണ് ഗേറി രൂപത ഉടലെടുത്തത്. അതു ഷിക്കാഗൊ അതിരൂപതയോടു തൊട്ടു കിടക്കുന്നു. രണ്ടു ലക്ഷത്തിലേറെ കത്തോലിക്കരുണ്ടവിടെ. 112 വൈദികരാണ് രംഗത്തുള്ളത്. ഗേറിയിലെ മെത്രാൻ നിരന്തരം ആവശ്യപ്പെട്ടതനുസരിച്ച് 1976-ൽ ഏതാനും സി എം.ഐ. അംഗങ്ങൾ യു എസ്.എ.യിൽ എത്തി. ഹാമണ്ടിലെ ''ബിഷപ്പ് നോൾ ഇൻസ്റ്റിറ്റ്യൂട്ടി''ൽ പഠിപ്പിക്കുക, അജപാലനപരമായ ജോലികളിൽ സഹായിക്കുക എന്നിവയായിരുന്നു ആവശ്യം. സി.എം ഐ.ക്ക് അമേരിക്കയിൽ ഒരു കാനോനികഭവനം ഉണ്ടാക്കാൻ സൗകര്യപ്പെടും എന്ന് മെത്രാനച്ചനറിയിച്ചിരുന്നു. 1976 ഒക്ടോബർ 4-ന് വിക്ടോറിയനച്ചനും റൂപ്പെർട്ടച്ചനും ഗേറിയിലെത്തി സേക്രട്ട് ഹാർട്ട് റെക്ടറിയിൽ വാസമുറപ്പിച്ചു ആ കേന്ദ്രം സി.എം.ഐ. മിഷനറിമാരുടെ സ്ഥിരം വാസസ്ഥലമാണിന്ന്. അവിടത്തെ പാസ്റ്റർ എന്ന നിലയിൽ വിക്ടോറിയനച്ചൻ നിയമിതനായി. ഐവാൻസച്ചനും ജോർജ്ജ് കളപ്പുര അച്ചനും അചിരേണ എത്തിച്ചേർന്നു. ബി എൻ ഐ. എന്ന ചുരുക്കെഴുത്തിൽ അറിയപ്പെടുന്ന ബിഷപ്പ് നോൾ ഇൻസ്റ്റിറ്റ്യൂട്ടിൽ അവർ ജോലി തുടങ്ങി. അവിടം സന്ദർശിച്ച തിയോബാൾഡച്ചൻ, തോമസ് ഐക്കര അച്ചൻ എന്നീ സി.എം ഐ, ജനറാളന്മാർക്ക് അമേരിക്കയിലെ മിഷൻ പുരോഗമിക്കുന്നുവെന്നും അവരുടെ സേവനം ആദ്ധ്യാത്മിക ചൈതന്യം പരത്തുന്നുവെന്നും മനസ്സിലാക്കാൻ പ്രയാസമുണ്ടായില്ല. 1978-ൽ വീണ്ടും കേരളത്തിൽ നിന്ന് അവിടേക്കു് മിഷനറിമാർ കടന്നുചെന്നു ഫാ. കാവുങ്കൽ, ഫാ. കല്ലൂക്കളം, ഫാ. പൂണ്ടിക്കുളം, ഫാ പടയാട്ടി എന്നിവർ. അവർ എല്ലാവരും വിവിധ കേന്ദ്രങ്ങളിൽ അസിസ്റ്റൻറ് പാസ്റ്റർമാരായി നിയമിതരായി വിക്ടോറിയനച്ചന് ശൈത്യമേറിയ

അമേരിക്കൻ അന്തരീക്ഷത്തോടു മല്ലടിച്ച് പിടിച്ചുനില്ക്കാനായില്ല. ആരോഗ്യം ക്ഷയിക്കുന്നുവെന്നു കണ്ട് കേരളത്തിലേക്കു തിരിച്ചുപോന്നു. റൂപ്പെർട്ടച്ചന് ആ പ്രശ്നം ഇല്ലായിരുന്നുവെങ്കിലും എത്തുരുത്തിലെ കോളേജിൽ അദ്ദേഹത്തിന്റെ സേവനം അനിർവാര്യമായിത്തീർന്നപ്പോൾ അദ്ദേഹവും തിരികെ വിളിക്കപ്പെട്ടു. ഇപ്പോൾ ആറ് പേരുണ്ട് ഗേറി മിഷനിൽ. അവർ അമേരിക്കൻ സ്റ്റൈലിൽ, ഭാരതീയ ചിന്തയിലൂടെ പ്രേഷിതജോലി നിർവിഘ്നം തുടരുന്നു.

## ചില ഏടുകളിലൂടെ

ഫാ. ജെ. ഐവാൻസ്, സി.എം.ഐ.ക്കാരുടെ പൊതുവാസസ്ഥലമായ സേക്രട്ട് ഹാർട്ട് റെക്ടറിയിൽ താമസിക്കുന്നു. ബി എൻ ഐ യിൽ ദൈവശാസ്ത്രം പഠിപ്പിക്കലാണു ജോലി. ശനി, ഞായർ ദിവസങ്ങളിൽ ഇടവകകളിൽ അജപാലനപരമായ കാര്യങ്ങളിൽ അങ്ങേയററം സഹായിച്ചുപോരുന്നു. കരിസ്മാററിക്ക് പ്രാത്ഥനാ ഗ്രൂപ്പുകളിൽ സജീവമായി പങ്കുകൊള്ളുന്നുണ്ട് അദ്ദേഹം. ആശുപത്രി സന്ദശനം, കൗൺസലിംഗ് ജ്ഞാനോപദേശങ്ങൾ എന്നിവയും ഇതിനിടെ നടത്തുന്നുണ്ട്. ജോർജ് കളപ്പുര അച്ചനും ഐവാൻസച്ചന്റെ ആലയത്തിൽതന്നെ. അതൊരു വലിയ ഇടവകയായിരുന്നു. കറുത്തവർഗ്ഗക്കാരുടെ ആഗമനവും അക്രമങ്ങളുടെ വേലിയേററവും വെള്ളക്കാക്കു രുചിച്ചില്ല. അവർ അവിടം വിട്ടുതുടങ്ങി. 800 വീട്ടുകാരിൽനിന്നു് ഇപ്പോൾ 52 വീട്ടുകാരായിക്കുറഞ്ഞിരിക്കുകയാണ്. അഞ്ചും പത്തും മൈലുകൾ അകലെയാണ് കുടുംബങ്ങൾ പള്ളിയിൽനിന്നു്. മുട്ടിനുമുട്ടിനു പള്ളിയും പള്ളിക്കു ചുററും കുടുംബങ്ങളും എന്ന കേരള മോഡൽ ഇടവകകൾ ഇവിടെ ഒരു സ്വപ്നം മാത്രമാണ്. ജോർജ്ജച്ചനു് തന്റെ ഇടവകയിൽ ഏതാണ്ട് നൂറ് വയോധികരുടെ ആദ്ധ്യാത്മികകാര്യങ്ങൾ നോക്കണം. പ്രായംചെന്നു് പെൻഷൻപററിയ വയോധികരാണവർ. അനുദിനം കുർബാനയും കുമ്പസാരങ്ങളും അവിടെയുണ്ട്. പഠിപ്പിക്കാൻ സൗകര്യം കിട്ടുമ്പോൾ സ്കൂളിൽ പഠിപ്പിക്കും. അകത്തോലിക്കരും അക്രൈസ്തവരുമായുള്ള ആളുകളെ വിശ്വാസത്തിലേക്കു നയിക്കാനുള്ള ഒരു പരിശ്രമം നടത്താനാണ് അവിടത്തെ മെത്രാനച്ചൻ ആവശ്യപ്പെടുന്നതു്. റെക്ടറിയുടെ ഭരണകത്താവായിരുന്ന വിക്ടോറിയനച്ചൻ നാട്ടിലേക്കു തിരിച്ചപ്പോൾ ജോജ്ജച്ചൻ പാസ്റ്റർ ആയി ചാർജ്ജെടുത്തു.

ഗേറി രൂപതയിലെ രണ്ടാമത്തെ വലിയ ഇടവകയാണ് സെൻറ് തോമസ്മൂർ പള്ളി. രണ്ടായിരം കുടുംബങ്ങളുണ്ട് അവിടെ. ആ ഇടവകയിലെ രണ്ടു സഹപാസ്റ്ററന്മാരിൽ ഒരാളാണ് ജോർജ് കാവുങ്കലച്ചൻ. ഒരാഴ്ചയിൽ പത്തുപന്ത്രണ്ടുതവണയെങ്കിലും വി. കുർബാനയുംകൊണ്ടു രോഗികളുടെ അടുത്തേക്കു പോകണം. രോഗീസന്ദർശനം, സ്കൂളിൽ മതപഠനക്ലാസ്സ് നടത്തൽ, കുട്ടികൾക്ക് സദുപദേശങ്ങൾ, വലിയവർക്കു സെമ്മിനാറുകൾ, സഭാപ്രവേശനത്തിനായി കാത്തു നിൽക്കുന്നവർക്കു മാർഗ്ഗരേഖകൾ വരച്ചുകാട്ടൽ തുടങ്ങിയ നിരവധി കാര്യങ്ങളുമായി അദ്ദേഹം നീങ്ങുന്നു. ഒരു നല്ല ബാസ്കറ്റുകളിക്കാരൻ കൂടിയായ കാവുങ്കലച്ചനു് ആരോഗ്യം കാത്തുകൊണ്ടു പോകാൻ വൈഷമ്യമൊന്നുമില്ല. ഇടവകക്കാരായ നല്ല മനുഷ്യരുടെ പ്രോത്സാഹനവും സഹകരണവും സമൃദ്ധമായുണ്ട്.

1500 കുടുംബങ്ങളുള്ളൊരു ഇടവകയാണ് വി. പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ നാമത്തിലുള്ള പള്ളി. ജോസഫ് കല്ലുക്കളമച്ചൻ അവിടെ അസിസ്റ്റൻറ് പാസ്റ്റർ എന്ന നിലയിൽ പ്രവർത്തിക്കുന്നു. അവിടെ വേറൊരു അസിസ്റ്റൻറുംകൂടി ഉണ്ട്. ഇടവകയുടെ ബഹുമുഖങ്ങളായ പ്രവർത്തനമണ്ഡലങ്ങളിൽ കല്ലുക്കളമച്ചൻ നിസ്വാർത്ഥമായി പണിയെടുക്കുന്നു. മൂന്നു് വലിയ ആശുപത്രികൾ സമീപത്തായി പ്രവർത്തിക്കുന്നുണ്ട്. അവിടുത്തെ ആവശ്യങ്ങൾ നിറവേററണം. ക്രൈസ്തവജീവിതത്തിൽ മന്ദതയുള്ളവരുടെ ഹൃദയങ്ങളെ ഊതിക്കത്തിക്കണം. വിവാഹമോചനം, പുനർവിവാഹം തുടങ്ങിയ കുഴപ്പംപിടിച്ച പ്രശ്നങ്ങളും അവിടെ തലപൊക്കുന്നുണ്ട്.

ഇമ്മാക്കുലേററ് കൺസപ്ഷൻ പള്ളി വ്യവസായ പ്രധാനമായ ഷിക്കാഗൊയുടെ അടുത്താണതു്. മുന്നൂറു് വീട്ടുകാരുണ്ട് ഇടവകയിൽ. ലൂക്കാസ് പൂണ്ടിക്കുളം അച്ചൻ അവിടെ അസിസ്റ്റൻറു പാസ്റ്ററാണ്. സ്കൂളിൽ വേദപാഠം പഠിപ്പിക്കും. ജനങ്ങളുടെ നാനാവിധമായ അഭിവൃദ്ധിയെ മുന്നിൽക്കണ്ടു് അദ്ദേഹം സഹകരിച്ചു പ്രവർത്തിച്ചുവരുന്നു. അൾത്താര ബാലസംഘം ഉഷാറായി പ്രവർത്തിക്കുന്നു. ഗായകനായ പൂണ്ടിക്കുളമച്ചൻ കുട്ടികളുടെ ഇഷ്ടതോഴനാണ്. വിവാഹിതരാകാൻ പോകുന്നവർക്ക് ഉപദേശങ്ങൾ, ക്ലാസ്സുകൾ, വൃദ്ധരും രോഗികളുമായവർക്ക് സഹായങ്ങൾ എന്നിവയൊക്കെ നടത്തിക്കൊടുക്കണം. 16 കൊല്ലം മലബാർ മിഷനിൽ പണിയെടുത്തു് വ്യക്തിമുദ്ര പതിപ്പിച്ച ലൂക്കാസച്ചനു് ഗേറി രൂപതയിലെ മിഷൻ പ്രവർത്തനം കൂടുതൽ ആത്മസംതൃപ്തിക്കു വക നല്കുന്നുണ്ട്.

പൊക്കത്തിലും വണ്ണത്തിലും പിമ്പോട്ടു നിൽക്കുമെങ്കിലും ആശയത്തിലും ആവിഷ്ക്കാരത്തിലും മുമ്പോട്ടു നില്ക്കുന്ന പടയാട്ടിയച്ചൻ സെൻറ് മേരി ചർച്ചിലെ അസിസ്റ്റൻറു പാസ്റ്ററാണ്. കഷ്കപ്രധാനമായൊരു ദേശം. പള്ളിയിൽ വരുന്നവരുടെ സംഖ്യ ഏറെയാണു. ഭക്തരും വിശ്വസ്തരുമാണവിടുത്തെ ജനങ്ങൾ. ഇടവകയിലെ എല്ലാ നല്ല പ്രസ്ഥാനങ്ങൾക്കും മുമ്പിൽ ജോസച്ചനുണ്ട്. സ്കൂളിൽ വേദാദ്ധ്യാപനം നടത്തുന്നു. കത്തോലിക്കാസഭയിലേയ്ക്കു ചേരുവാനാഗ്രഹിക്കുന്നവർക്ക് ഉപദേശവും നിർദ്ദേശവും നൽകുന്നു. വൃദ്ധരും രോഗികളും ആയവർക്ക് വേണ്ടത്ര സഹായസഹകരണങ്ങൾ നൽകിക്കൊണ്ട് അജപാലനത്തിൽ പങ്കുകൊള്ളുന്നു. സി എം.ഐ. വൈദികർ ഐക്യനാടുകളിലെ മിഷൻ രംഗങ്ങളിൽ വിരചിക്കുന്ന ആദ്ധ്യാത്മിക വിപ്ലവത്തിനു് തിരികൊളുത്തിയിട്ടേയുള്ളൂ. മേച്ചിൽപ്പുറങ്ങൾ ധാരാളമുണ്ടവിടെ.

# VI

# ഓർമ്മകളിലൂടെ

**ഫാ. പീററർ തോമസ്**

മധുരിപ്പിക്കുന്ന ഓർമ്മകളുടെയും സാഹസികമായ പ്രവർത്തനങ്ങളുടെയും തരംഗങ്ങളിലൂടെ ഒരു സിംഹാവലോകനമാണിവിടെ ലക്ഷ്യംവച്ചിരിക്കുന്നതു്. എല്ലാവരുടെയും എല്ലാ അനുഭവങ്ങളുമല്ല; ചിലരുടെ ചില സാക്ഷ്യങ്ങൾ മാത്രം. ഇന്നലെകളിലൂടെയുള്ള കടന്നുപോക്കിൽ, ഇന്നും നാളെയും നാം അനുഷ്ഠിക്കേണ്ടവയ്ക്കു ജീവനും ഓജസ്സും കണ്ടെത്താനാവും. കാലം ആർക്കുവേണ്ടിയും കാത്തു നിൽക്കുകയില്ല. അവസരങ്ങൾ കാലത്തിൻെറ കനകപ്പൊടിയാണു്. അവസരങ്ങൾ പക്ഷേ, ഒരിക്കൽ മാത്രമേ നമ്മെത്തേടിയെത്തുകയുള്ളു. ദൈവസ്നേഹത്താൽ പ്രേരിതരായി ആത്മാക്കളെത്തേടി നടന്ന മിഷനറിമാരുടെ ജീവിതശൈലിയും അവർ കണ്ടുമുട്ടിയ മനുഷ്യരും അനുഭവിച്ച ത്യാഗങ്ങളും അവരുടെ ജീവിതാഭിമുഖ്യങ്ങളും അവർ പകരുന്ന സന്ദേശങ്ങളും തീർച്ചയായും വിലപ്പെട്ടതുതന്നെ.

**ഫാ. കാസിയ്യൂസ്**

ഫാ. കാസിയ്യൂസ്. ഇന്നദ്ദേഹം പരിണതപ്രജ്ഞനായൊരു മിഷനറിയാണു്. കേരളത്തിൻെറ തെക്കെ അററം മുതൽ ഭാരതത്തിൻെറ അങ്ങേയററംവരെ മിഷൻപ്രവർത്തനം നടത്തിയെന്ന ചാരിതാർത്ഥ്യവും അദ്ദേഹത്തിനുണ്ടു്. ഹിമവാൻെറ അടിവാരത്തിൽ ബിജ്നോർ രൂപതയിൽ അദ്ദേഹം വിശ്രമം എന്തെന്നറിയാതെ ഇന്നും ജൈത്രയാത്ര തുടരുകയാണു്. 1941–ൽ വൈദികപട്ടം സ്വീകരിച്ചതു മുതൽ മിഷനറിപ്രവർത്തനരംഗമാണു് കാസിയ്യൂസച്ചൻെറ മേച്ചിൽപ്പുറം. തിരുവനന്തപുരം രൂപതയിലെ ചെങ്ങന്നൂർ മിഷനിൽ യാക്കോബായക്കാരുടെ ഇടയിലും തിരുവല്ലാരൂപതയിലെ കുന്നക്കുരുടിയിൽ വികാരിയെന്ന നിലയിലും ജോലി നോക്കി. വീടുകൾ കയറിയിറങ്ങി അദ്ദേഹം അക്ഷീണം പ്രവർത്തിച്ചു. പഠനകാലത്തു് കായി

കരംഗത്തും മികവു കാട്ടിയിരുന്ന അദ്ദേഹത്തിനു് അദ്ധ്വാനം ഒരു ഹോബിയായി മാറി. മണപ്പുറം കൊവേന്തയുടെ പ്രാന്ത പ്രദേശത്തുള്ള മാക്കേക്കടവിലെ ഹൈന്ദവകേന്ദ്രങ്ങളിൽ സധൈര്യം കടന്നുചെന്നു് സുവിശേഷത്തിന്റെ സന്ദേശം പകന്നു. ''ആ പിരുപിരെ നടക്കുന്ന പാതിരിയെ ഞങ്ങൾ അടിക്കും ഇടിക്കും കൊല്ലും'' എന്നൊക്കെ അവിടത്തെ പ്രമാണികൾ പറഞ്ഞു. അന്നുവരെ കൂട്ടോടുകൂടി പോയിരുന്ന അദ്ദേഹം ധൈര്യമായി തനിയെ അതിലെക്കൂടെ സഞ്ചരിച്ചു. ഒരാൾക്കുപോലും അദ്ദേഹത്തെ തൊടാനൊത്തില്ല. മാക്കേക്കടവിലും പരിസരപ്രദേശങ്ങളിലും അനേകർ മാനസാന്തരപ്പെട്ടു. അവരെ അനാഥരായി വിടാതെ സഹായിച്ചുകൊണ്ടിരുന്നു. വിവാഹപ്രായമായ പെൺകുട്ടികൾക്കു് ഭർത്താക്കന്മാരെ കണ്ടുപിടിച്ചു കൊടുക്കാനും മറന്നില്ല അറക്കുളം, കരിമണ്ണൂർ, ഏഴുമുട്ടം, ഏഴല്ലൂർ, മുത്തോലി തുടങ്ങിയ സ്ഥലങ്ങളിൽ അക്കൂട്ടർ ഇന്നും നല്ല നിലയിൽ ഉത്തമ ക്രൈസ്തവരായി വിശ്വാസചൈതന്യത്തിൽ ജീവിക്കുന്നു താൻ മാനസാന്തരപ്പെടുത്തുന്നവരെ നല്ലനിലയിലെത്തിക്കാനും വിവാഹം നടത്തുന്നതിൽ നേരിടുന്ന തടസ്സങ്ങളെ നീക്കം ചെയ്യാനും കാസിയൂസച്ചൻ എന്നും ശ്രദ്ധിച്ചിരുന്നു. ഇന്നും ശ്രദ്ധിക്കുന്നു.

മിഷൻ പ്രവർത്തനങ്ങളിൽ പൂർണ്ണമായി ഇട്ടപെട്ടു് ജീവിതകാലമത്രയും കഴിക്കുവാൻ പ്രാർത്ഥിച്ചുകൊണ്ടു് ദിനരാത്രങ്ങൾ അദ്ദേഹം കഴിച്ചുകൂട്ടിയിരുന്നു. അന്നൊരുദിവസം പത്താം പീയൂസ് പാപ്പായെ വിശുദ്ധനെന്നു പേരു വിളിക്കുന്ന മംഗളമുഹൂർത്തമായിരുന്നു. പ്രൊവിൻഷ്യാളച്ചന്റെ ഒരു കത്തു് അന്നു് ബ കാസിയൂസച്ചനു് അടിയന്തിരമായി ഒരു ദൂതൻ വഴി ലഭിച്ചു റയിഗാർ_അംബികപ്പൂർ മിഷൻ നടത്തുവാൻ അവിടത്തെ മെത്രാനച്ചൻ നമ്മോടാവശ്യപ്പെട്ടിരിക്കുന്നു. അച്ചനു് അങ്ങോട്ടുപോകാൻ സമ്മതമാണോ? ആഗ്രഹിച്ചതു ലഭിച്ചു. തേടിയ വള്ളി കാലിൽ ചുററി. അദ്ദേഹം സസന്തോഷം സമ്മതിച്ചു. ദിയാഗോവച്ചൻ, വിയാന്നിയച്ചൻ, എന്നിവരോടൊപ്പം കാസിയൂസച്ചനും വിന്ധ്യന്നപ്പുറം വടക്കുള്ള മിഷനിലെ പ്രഥമ മിഷനറിയായി പുറപ്പെട്ടു.

മലയാളികൾക്കു മറുഭാഷയായ ഉറാവിൽ പ്രസംഗിക്കാനും ഗ്രാമങ്ങൾതോറും ചുററി നടക്കാനും തൊഴുത്തുപോലുള്ള ഇടങ്ങളിൽ അന്തിവിശ്രമിക്കാനും എല്ലാവക്കും എല്ലാമായിത്തീരാനുമുള്ള ശക്തിയും ധൈര്യവും അദ്ദേഹം ഗെലേങ്ങ് എന്ന മിഷൻ സ്റ്റേഷനിൽ നിന്നു സംഭരിച്ചു. ജോഡ്പൂർ, ബാലരാംപൂർ എന്നിങ്ങനെയുള്ള സ്ഥലങ്ങളിലായി പതിനാലുവർഷം സേ

വനം ചെയ്യാൻ കാസിയൂസച്ചനു സാധിച്ചു. 25 മൈൽ സൈക്കിളിൽ പോകുവാനൊ ആഹാരമില്ലാതെ സഞ്ചരിക്കുവാനൊ അദ്ദേഹത്തിനു് പ്രയാസം തോന്നിയില്ല. മിഷൻ പ്രദേശത്തുള്ളവരുടെ വിദ്യാഭ്യാസപരവും സാമുദായികവുമായ കാര്യങ്ങളിലും അങ്ങേയററം അദ്ദേഹം ശ്രദ്ധപതിപ്പിച്ചിരുന്നു. ഉത്തര ഇൻഡ്യയിൽ പിന്നെയും വിസ്തൃതമായ പ്രേഷിതവയലുകൾ നമുക്കു് ലഭിക്കാൻ അതു കാരണമായിട്ടും ഉണ്ടു്. റെയ്ഗാർ–അംബികപ്പൂരിൽ നിന്നു് കാസിയൂസച്ചൻ സാഗർ രൂപതയിൽ എത്തി അവിടെ ഒരുകൊല്ലം പ്രവത്തിച്ചു. 1970–ൽ അവിടെനിന്നു് കേരളത്തിലേയ്ക്കു തിരിച്ചു. കൊട്ടവേലി കൊവേന്തയിൽ താമസിച്ചു് തൊമ്മൻ കുത്തു് ഇടവക ഭരിച്ചു. അതിനിടെ കോതമംഗലം കൊവേന്തയുടെ പ്രിയോറായി തിരഞ്ഞെടുക്കപ്പെട്ടു. അതിനെപ്പററി അദ്ദേഹം അനുസ്മരിക്കുന്നതു്, ''ഇതുവരെ കിട്ടാത്തതും ഇനി കിട്ടുകയില്ലാത്തതുമായ ഒരു സ്ഥാനം'' എന്നാണു് 1972–ൽ ബിജ്നോർ മിഷൻ സഭയ്ക്കു് ലഭിച്ചപ്പോൾ പ്രിയോർ സ്ഥാനം ഉപേക്ഷിച്ചു് അങ്ങോട്ടു തിരിക്കാൻ മിഷൻ അഭിരുചി അദ്ദേഹത്തെ പ്രേരിപ്പിച്ചു.

## ഫാ. ദിയേഗോ

ബ. ദിയേഗോവച്ചൻ റെയ്ഗാർ–അംബികപ്പൂരിലെ തൻെറ ചില അനുഭവങ്ങൾ അയവിറക്കുന്നതു് നോക്കുക; മതപരിവത്തനത്തിനെതിരായി നിയോഗിക്കപ്പെട്ട കമ്മീററി തൊടുത്തുവിട്ട പ്രചണ്ഡമാരുതൻെറ കാലമായിരുന്നു അതു്. യൂറോപ്യൻ മിഷനറിമാർക്കു പ്രവേശനം നിഷേധിക്കുകയും സ്വദേശ വൈദികരില്ലാതിരിക്കയും ചെയ്ത ഒരു കാലം. അപ്പോഴാണു് കേരളത്തിലെ കർമ്മലീത്താ മിഷനറിമാർ ഭാരതത്തിൻെറ ഉത്തര മേഖലകളിലേയ്ക്കു് കടന്നു ചെന്നതു്. ഗവൺമെൻറിൻെറ സി. ഐ. ഡി കൾ ജാഗരൂകരായി പുതിയ മിഷനറിമാരെ ചുററിപ്പററി നിലകൊണ്ടിരുന്നു. കേരളസഭ ഈ സാഹചര്യം കണ്ടിട്ടും കണ്ണടച്ചിരുന്നതിൽ പ്രതിഷേധിച്ചു് റെയ്ഗാർ–അംബികപ്പൂർ വിട്ടുപോരുവാനുള്ള പ്രേരണ അക്കാലത്തുണ്ടായി മിഷനറിമാർക്കു്. എങ്കിലും സ്വന്തം സന്യാസസഭയിലെ സഹോദരങ്ങളുടെ പ്രാത്ഥനയും ത്യാഗവും സ്നേഹവും മിഷനറിമാരെ ശക്തിപ്പെടുത്തി. ഗ്രാമസന്ദർശനം, ഉറാവുഭാഷയിൽ തപ്പിത്തടഞ്ഞുള്ള പ്രസംഗം, സൈക്കിൾ യാത്ര തുടങ്ങിയവവഴി പ്രവ

ത്തനങ്ങൾക്ക ചുട്ടപിടിച്ചു. മിഷനറിമാരെ ബ്രഹ്മചാരികളായ ബ്രാഹ്മണരായിട്ടാണ് തദ്ദേശവാദികൾ കരുതിയിരുന്നതു്. ബ്രാഹ്മണരെ അവർ ബഹുമാനിക്കുന്നു. ബ്രഹ്മചാരികളെ അവർ ആദരിച്ചു വന്ദിക്കുകയും ചെയ്യുന്നു.

കേരളത്തിൽ ഒരു ഭാഷകൊണ്ടു് കാര്യം നടത്താം. വടക്കുള്ള സംസ്ഥാനങ്ങളിൽ സ്ഥിതി മറിച്ചാണു്. ഏഴു് അംഗങ്ങളുള്ള ഒരു കുടുംബത്തെ ക്രിസ്തുവിൽ സ്വീകരിച്ചു് പങ്കുചേർത്തതാണു് തൻെറ പ്രേഷിതജീവിതത്തിലെ പ്രഥമ നേട്ടമെന്നു് ജീവചരിത്രമെന്ന മട്ടിൽ ദിയോഗോ അച്ചൻ അനുസ്മരിക്കുന്നു. പിന്നീടു് വർഷംതോറും നൂറുകണക്കിനു് അനാഗതരെ സഭയുടെ മടിത്തട്ടിലേയ്ക്കു് കൊണ്ടുവന്നിട്ടുണ്ടെങ്കിലും ആ ആദ്യത്തെ അനുഭവം പ്രത്യേകത നിറഞ്ഞതായിരുന്നുവെന്നു് അദ്ദേഹം സാഭിമാനം അനുസ്മരിക്കുന്നു. റെയ്ഗാറിൽ ഫാ. ഡിമോൺഡർ എസ്. ജെ. വിപ്ലവകരമായ രീതിയിൽ അനേകരെ ക്രിസ്തുമതത്തിലേയ്ക്കു ചേർത്തിട്ടുണ്ടു്. സംശയം തോന്നിയ സഭാധികൃതർ അദ്ദേഹത്തെ സ്ഥലം മാററി. ആ സ്ഥലത്തേയ്ക്കുപോയി പ്രവർത്തിക്കാൻ ദിയേഗോവച്ചൻ നിയുക്തനായി. സ്ഥലവാസികൾക്കു് അതു രുചിച്ചില്ല. പുതിയ അച്ചനു് എതിരായി അവർ മെമ്മോറാണ്ഡങ്ങൾ പലതുണ്ടാക്കി. ടിഗ്ഗാ മെത്രാനച്ചൻ മാത്രമായിരുന്നു അച്ചനു തുണ. ദിയേഗോവച്ചനെപ്പററിയും പഴയ മിഷനറിയെ സ്ഥലം മാററിയതിൻെറ ന്യായാന്യായം ചോദിച്ചുമായിരുന്നു മെമ്മോറാണ്ഡം. സംഗതികൾ അതിമാത്രം രൂക്ഷമായി. മെത്രാനച്ചൻ നേരിട്ടിടപെടുകയും ദിയേഗോവച്ചൻെറ കാൽക്കൽ ആവലാധിക്കാർ താണു വീണു ക്ഷമ ചോദിക്കുകയും ചെയ്തതോടെ ജനം മനസ്സുതിരിഞ്ഞുവെന്നു പറഞ്ഞാൽ മതി. പിന്നീടു് ദിയേഗോവച്ചൻ അവിടെ സുഗമമായി പ്രവർത്തിച്ചു. നാട്ടുകാർക്കും വൈദികർക്കും മെത്രാനച്ചനും ഇഷ്ടമായി. ഒരോട്ടം പൂർത്തിയാക്കിയ ചാരിതാർത്ഥ്യത്തോടെ, 14 കൊല്ലത്തെ മിഷൻ പ്രവർത്തനത്തിനുശേഷം അദ്ദേഹം കേരളത്തിലേയ്ക്കു തിരിച്ചു അധികം താമസിയാതെതന്നെ അംബികപ്പൂരിൽ ഒരു മിഷൻ സ്ഥാപനം ഉണ്ടാക്കാൻ വീണ്ടും പുറപ്പെട്ടു. മിഷൻ രംഗത്തുതന്നെ പയററിക്കൊണ്ടു് സാഗാറിൽ ഇന്നും അദ്ദേഹം പ്രവർത്തിക്കുന്നു.

## ഫാ. സർഗീസ്

നാല്പത്താറുവർഷത്തെ മിഷനറി പ്രവർത്തനപാരമ്പര്യമുള്ള സർഗീസച്ചൻ തൻെറ ചെറുപ്പകാലത്തെ അനുസ്മരിക്കുന്നതി

പ്രകാരമാണ്: ''ഞാൻ ഒരു ചെറു ബാലനായിരിക്കയിൽ, മാമ്മോദീസായിൽ എനിക്കു നല്കപ്പെട്ട പരിശുദ്ധാത്മാവു്, മിഷൻ പ്രവത്തനത്തിൽ അഥവാ, അനാഗതരുടെ മാനസാന്തരത്തിൽ, ഏതോ ഒരഭിരുചിയും താത്പര്യവും എന്നിൽ ഉളവാക്കിയിരുന്നുവെന്നു് ഞാൻ ചിന്തിച്ചുപോവുകയാണു്. കാരണം, അന്നു് ഒരു ഗണം അക്രൈസ്തവർ ഞങ്ങളുടെ കുടുംബങ്ങളിൽ ആശ്രിതരായും സമീപവാസികളുടെ സ്വാധീനവലയത്തിലുമായി ജീവിച്ചുപോന്നിരുന്നു. അക്കൂട്ടർ ചേരമർ, സാംബവർ എന്നീ വർഗ്ഗത്തിൽപ്പെട്ടവരായിരുന്നു. അവർ കത്തോലിക്കാസഭയിൽ ചേർന്നിരുന്നുവെങ്കിൽ എത്ര നന്നായിരുന്നുവെന്നു് ഞാൻ ചിന്തിച്ചു. അന്നു് എൻെറ മനസ്സിൽ അങ്കുരിച്ചിരുന്ന ശുഭസൂചകമായ ആ ചെറുമൊട്ടു് ഒരു സുന്ദരസുരഭിലകുസുമമായി വിരിഞ്ഞ കഥ ഞാനിന്നോർത്തുപോവുകയാണു്''.

വന്ദ്യവയോധികനായ സർഗീസച്ചൻ കേരളത്തിൻെറ വിവിധഭാഗങ്ങളിൽ ആത്മാക്കളെത്തേടി നടന്നിട്ടുണ്ടു്. പുതുപ്പള്ളി, ചെത്തിപ്പുഴ എന്നിവിടങ്ങളിലെ ഏതാനും രംഗങ്ങൾ മാത്രമേ ഇവിടെ അനാവരണം ചെയ്യാൻ ഉദ്ദേശിക്കുന്നുള്ളു. പട്ടമേററിട്ടു് ഒരു മാസം തികയുന്നതിനുമുമ്പുതന്നെ 1934 ജൂൺ 21-നു് അദ്ദേഹം പുതുപ്പള്ളി വി, അന്തോനീസിൻെറ മിഷൻ ഭവനത്തിൽ മതപ്രചാരണജോലിയിൽ നിയമിതനായി. മാന്നാനംകുന്നിൽനിന്നു് നടന്നു് പുതുപ്പള്ളിയിൽ എത്തി. പിന്നെ മടിച്ചുനിന്നില്ല. ഭവനസന്ദർശനം, ഉപദേശം, വേദപാഠം തുടങ്ങിയ കാര്യങ്ങൾ നടത്തുകയായി. കറുത്ത ഉടുപ്പും കുടയും തൊപ്പിയും ആയി രാത്രിയിൽ നടന്നുവന്നതുകണ്ടു് പേടിച്ച ഒരു മനുഷ്യൻ പറഞ്ഞുവത്രേ ''അച്ചോ ദയവായി വെട്ടവും കൊണ്ടു നടക്കണം'' എന്നു് അകമേ സ്നേഹസാന്ദ്രമായ ഹൃദയമുണ്ടെങ്കിലും പുറമേയുള്ള വേഷഭൂഷാദികൾ ആ മനുഷ്യനെ പേടിപ്പിച്ചുകളഞ്ഞു ''പുതുപ്പള്ളിയിലെ പുണ്യവാൻ'' എന്നു പേരു കേട്ട ഒരു വ്യക്തിയുണ്ടായിരുന്നു. അതാണു് വർഗീസു് സാർ—മാർത്തോമ്മാക്കാരനായൊരദ്ധ്യാപകൻ. അദ്ദേഹം ഒരഗതിമന്ദിരം സ്ഥാപിച്ചു് നടത്തിപ്പോന്നു. രോഗികളെ അവിടെപ്പാർപ്പിച്ചു് അദ്ദേഹംതന്നെ അവക്കു ശുശ്രൂഷ ചെയ്തിരുന്നു. വർഗീസ്‌സാറുമായി പരിചയപ്പെട്ട സർഗീസച്ചൻ അദ്ദേഹത്തിൻെറ ഉററമിത്രമായി. കുഷ്ഠരോഗം ബാധിച്ച ഒരു സ്ത്രീ അവിടെ ഉണ്ടായിരുന്നു. അവളെ മതതത്ത്വങ്ങൾ പഠിപ്പിച്ചു് ജ്ഞാനസ്നാനപ്പെടുത്തിയതു് തൻെറ മാനസാന്തരവേലയിലെ ആദ്യഫലമായി സർഗീസച്ചൻ കാണുന്നു.

പുതുപ്പള്ളിയുടെ പ്രാന്തപ്രദേശങ്ങളിൽ വസിച്ചിരുന്ന ഭൂരിപക്ഷംവരുന്ന യാക്കോബായക്കാരുടെയിടയിൽ സർഗീസച്ചൻ പുനരൈക്യത്തിന്റെ ദീപശിഖയുമായി കടന്നു ചെന്നിട്ടുണ്ട്. എന്നാൽ അദ്ദേഹത്തിന്റെ പ്രധാനലക്ഷ്യം അക്രൈസ്തവരുടെ മാനസാന്തരമായിരുന്നുവെന്നു കാണാം. അനേകരെ അവിടെ തിരുസ്സഭാമടിത്തട്ടിലേയ്ക്കു് ആനയിച്ചിട്ടുണ്ട്.

ഒരു വഷം മാത്രം ദീർഘിച്ച പുതുപ്പള്ളി മിഷൻ ജീവിതത്തിൽനിന്നു് സർഗീസച്ചനു് ചെത്തിപ്പുഴയ്ക്കു് സ്ഥലംമാററം ലഭിച്ചപ്പോൾ ആകെപ്പാടെ ഒരു വ്യത്യാസം ഉണ്ടായി. പുതിയക്കൂററുകാർ തിങ്ങിപ്പാർത്തിരുന്ന പുതുപ്പള്ളിയേക്കാൾ പഴയക്കൂററുകാരുടെ ഇരിപ്പിടമായ ചെത്തിപ്പുഴയിൽ വിശ്വാസചൈതന്യവും ക്രൈസ്തവധീരതയും മൊട്ടിട്ടു നിന്നിരുന്നു. 5 വർഷം അവിടെ അധഃകൃതരുടെ മാനസാന്തരവേലയിൽ വ്യാപൃതനായിക്കഴിഞ്ഞു അഭിവന്ദ്യ ജെയിംസ് കാളാശ്ശേരി മെത്രാനച്ചൻ, മർസലീനോസ് അച്ചൻ, യൊവാക്കിം അച്ചൻ തുടങ്ങിയവരുടെ അകമഴിഞ്ഞ സഹായസഹകരണങ്ങളോടെ ചെത്തിപ്പുഴ കേന്ദ്രമാക്കി നടത്തപ്പെട്ട മിഷൻ വിജയപ്രദമാക്കാൻ സർഗീസച്ചനു കഴിഞ്ഞു. ചെത്തിപ്പുഴ ആശ്രമം പ്രാരബ്ധങ്ങളിൽ മുഴുകിയിറങ്ങിയ ഒരു കാലഘട്ടമായിരുന്നു അതു്. അന്നത്തെ പ്രിയോരായിരുന്ന യൊവാക്കീമച്ചൻ സർഗീസച്ചനോടു പറയുന്നതു് ശ്രദ്ധിക്കുക: ''അച്ചാ, നമുക്കിവിടെ മിഷൻ പ്രവർത്തനത്തിനു് അനുകൂലമായ ഒരന്തരീക്ഷമല്ല നിലവിലിരിക്കുന്നതു്. കാരണം, നാലണപോലും കുർബാനധമ്മം ലഭിക്കുന്നില്ല. റബറിനു വിലയില്ല, മററു് ആദായമാഗ്ഗങ്ങൾ ഒന്നുമില്ല. നാം—വൈദികർ, ശെമ്മാശ്ശന്മാർ, ഭൃത്യഗണങ്ങൾ ഉൾപ്പെടെ—90—ൽ പരം പേർക്കു് നിത്യച്ചിലവിനുപോലും തികയുന്നില്ല. നമ്മുടെ ശെമ്മാശ്ശന്മാക്കു്, മുമ്പു്, കാലത്തും വൈകുന്നേരവും അപ്പവും പാലും കൊടുത്തിരുന്നതു നിറുത്തി. ഇപ്പോൾ. വെറും കഞ്ഞിയാണു് രണ്ടു നേരവും കൊടുക്കുന്നതു്.'' എന്നാൽ പ്രാത്ഥനയുടെയും മിഷൻ അരൂപിയുടെയും മനുഷ്യനായിരുന്ന യൊവാക്കിം അച്ചൻ തുടന്നു പറഞ്ഞു: ''സർഗീസച്ചാ, കാര്യമിങ്ങനെയൊക്കെയാണെങ്കിലും മാമ്മോദീസാമുങ്ങാൻവരുന്ന നല്ല മനസ്സുള്ള എല്ലാവരേയും, യാതൊരു തരം തിരിവുമില്ലാതെ, തിരുസ്സഭാതത്വങ്ങൾ നന്നായി പഠിപ്പിച്ചു്, പണം കടംവാങ്ങിച്ചെങ്കിലും, തിരുസ്സഭയിൽ ചേക്കണം.'' ഈ ഉപദേശം സർഗീസച്ചനെ കൂടുതൽ ഉന്മേഷവാനാക്കി.

ചങ്ങനാശ്ശേരി പട്ടണത്തിലുള്ള വ്യവസായികളിൽനിന്നും മററു നല്ല മനുഷ്യരിൽനിന്നും ധാരാളം സഹായം ലഭിച്ചു. മാനസാന്തരപ്രക്രിയ ശക്തിപ്പെട്ടു. ആരാധനക്രമങ്ങളിൽ അഭൂതപൂർവ്വകമായ ഭാഗഭാഗിത്വം ഉണ്ടായി. ആകെപ്പാടെ ഒരു നവജീവൻ ചെത്തിപ്പുഴയും പരിസരത്തും സമൃദ്ധമായി. മുഹമ്മദീയർ, നായന്മാർ എന്നിവർ പല തടസ്സങ്ങളും സൃഷ്ടിച്ചെങ്കിലും എല്ലാററിനേയും മറികടക്കാൻ അദ്ദേഹത്തിനു സാധിച്ചു. മാമ്മോദീസാമുങ്ങുവാൻ ഒരുങ്ങുന്നവർക്കു ക്രമേണ പ്രതിദിനം ഭക്ഷണവും കൊവേന്തയിൽനിന്നു കൊടുക്കുവാനുള്ള ചുററുപാടുണ്ടായി. അങ്ങനെ, ചേരമർ, സാംബവർ, നായന്മാർ ഈഴവർ തുടങ്ങിയവരെ ക്രിസ്തുവാകുന്ന വെളിച്ചത്തിലേയ്ക്കു നയിക്കുവാൻ സർഗീസച്ചനു സാധിച്ചു.

## ഫാ. സിൽവേരിയൂസ്

രോഗിയും വൃദ്ധനുമായിരിക്കുന്ന, അനുഭവസമ്പന്നനായൊരു മിഷനറിയാണ് ബ. സിൽവേരിയൂസച്ചൻ. അദ്ദേഹം അനുസ്മരിക്കുന്നു : ''കാൽനൂററാണ്ടിലേറെ മിഷൻ പ്രവർത്തനം ചെയ്യാനുള്ള മഹാഭാഗ്യം എനിക്കു ലഭിച്ചു. കഴിവുള്ളകാലത്തു് ഏകദേശം മുപ്പത്തേഴായിരം മൈൽ കാൽനടയായി ജോലി ചെയ്തു. ആയിരത്തിലേറെപ്പേരെ മാനസാന്തരപ്പെടുത്തി. മിഷൻ പ്രവർത്തനത്തോടൊപ്പം ചികിത്സയും നടത്തിയിരുന്നു. ഇന്നും തെക്കൻ സ്ഥലങ്ങളിൽ ഞാൻ അറിയപ്പെടുക 'ഞങ്ങളുടെ വലിയച്ചൻ,' ''മരുന്നച്ചൻ'', എന്നിങ്ങനെയാണ്. സിൽവേരിയൂസച്ചൻ മിഷൻ കാര്യങ്ങളിൽ ഒരു വിജ്ഞാനവൃദ്ധനുംകൂടിയാണ്. അദ്ദേഹത്തിനു ചില ഉറച്ച അഭിപ്രായങ്ങളുണ്ട്. ചിലതു് നോക്കു. ''സന്യാസി എപ്പോഴും സന്യാസിതന്നെ. നമുക്കില്ലാത്തതു് മററുള്ളവർക്കു കൊടുക്കുവാൻ സാധിക്കുകയില്ല. ഭക്തകൃത്യങ്ങൾ ഉപേക്ഷിച്ച് സാമൂഹികപ്രവർത്തനത്തിനായിപ്പോയാൽ വീഴ്ചയുണ്ടാകും, തീർച്ച. ഓരോ മിഷൻ കേന്ദ്രത്തിലും രണ്ടുപേർ ഉണ്ടായിരിക്കണം. അല്ലെങ്കിൽ അനർത്ഥങ്ങൾ ഉണ്ടാകും. മാമ്മോദീസാ സ്വീകരിച്ചവരെ കത്തോലിക്കാ തത്വങ്ങളിലും ആചാരങ്ങളിലും ഉറപ്പിക്കുവാൻ യത്നിക്കണം. മാസത്തിൽ ഒരിക്കലെങ്കിലും പുതുക്രൈസ്തവരുടെ ഭവനങ്ങൾ സന്ദർശിച്ച് പ്രാർത്ഥന നടത്തണം''– 1923 മുതൽ മിഷൻ പ്രവർത്തനം നടത്തി 80–ാം വയസ്സിലെത്തിയ ഒരു മിഷനറിയുടെ സ്ഫുടപാകം വന്ന സന്ദേശമാണിതു്.

## ഫാ. തറപ്പേൽ

ഫാ തോമസ് തറപ്പേൽ സി.എം.ഐ. ബസ്താർ മിഷനിൽ പ്രവർത്തിക്കുന്ന മിഷനറിയാണ്. ലിററർജിയിലൂടെ ആളുകളുടെ ഹൃദയം കവരുന്ന മാർഗ്ഗം അദ്ദേഹത്തിനു പറയാനുണ്ട് : മനുഷ്യർ മിശിഹായെ അറിയുക, അനുഭവിക്കുക എന്നതാണ് പ്രധാനം. അതിനു് ഏററം പററിയ രീതി ബലിയർപ്പണമാണ്. ധ്യാനാന്തരീക്ഷത്തിൽ കുർബാന തുടങ്ങുന്നു. മൌനം ഇവിടെ അത്യാവശ്യമാണ്. എങ്കിലേ കുർബ്ബാനയിലടങ്ങിയിരിക്കുന്ന മഹാരഹസ്യത്തെ അനുഭവിക്കാനൊക്കൂ. സ്ഥലത്തെ ആളുകളുടെ സംസ്കാരത്തിനനുയോജ്യമായരീതികൾ അവലംബിക്കണം ആദ്യമേ തന്നെ പാപത്തെക്കുറിച്ച് പശ്ചാത്തപിച്ച് നിർമ്മലഹൃദയത്തോടെ ബലിയർപ്പിക്കുവാൻ ജനങ്ങളെ ഒരുക്കുന്നു. പിതാവായ ദൈവത്തിൻെറ മുമ്പിൽ ചിന്തകളെല്ലാം കേന്ദ്രീകരിക്കണം. ഇടയ്ക്കിടയ്ക്ക് കുർബാനയുടെ ആന്തരാർത്ഥം വിശദീകരിക്കണം. സുവിശേഷത്തെപ്പററി ചെറുപ്രസംഗം ആവശ്യമാണ്. കാഴ്ചയർപ്പിക്കുവാൻ എന്തെങ്കിലും ഉണ്ടായിരിക്കണം. പൂജയ്ക്കണയുന്നവർ പ്രസാദം വാങ്ങണം. പ്രസാദം കൈപ്പററാതെയുള്ള പൂജയെപ്പററിച്ചിന്തിക്കുവാൻതന്നെ പ്രയാസം. മിശിഹായുടെ ശരീരരക്തങ്ങളായിപ്പകരുന്ന അപ്പവും വീഞ്ഞും ലഭിക്കാതെവരുമ്പോൾ ജനങ്ങൾ ചോദിക്കും എന്തുകൊണ്ട് ഞങ്ങൾക്കതു തരുന്നില്ല ! അവിടെയാണ് പ്രധാനമായ കാര്യം ഇരിക്കുന്നതു്. അതു് പരംപ്രസാദമാണെന്നും ആ പരംപ്രസാദം കൈക്കൊള്ളണമെന്നുണ്ടെങ്കിൽ മിശിഹായെ ഹൃദയത്തിൽ രാജാവായി സ്വീകരിക്കണമെന്നും ആയിരിക്കും മിഷനറിയുടെ മറുപടി.

## ബ്ര. ആൽബർട്ട് തോമസ്

ഹൈറേഞ്ചിലെ മഞ്ഞുമൂടിയ മലകളിൽ മരംകോച്ചുന്ന തണുപ്പത്തു് സുവിശേഷം പ്രസംഗിച്ചു നടക്കുന്ന ഡീക്കൺ ബ്ര. ആൽബർട്ടു തോമസ്, തമിഴ് പേശുന്ന സാധുക്കളുടെ "സ്വാമിയാണ്. ഒരിക്കൽ തേവരു് വർഗ്ഗത്തിൽപ്പെട്ടൊരു മനുഷ്യൻ വാദമുഖങ്ങളുമായെത്തി. "ഉങ്കളുടൈയ കടവുകൾ എങ്കേ പോയിരിക്കിറാൻ? ഏൻ ഭയപ്പെട്ടും പോയിരിക്കിറാൻ? ഇങ്കേ വാര ചൊല്ലുങ്കൾ, എങ്കൾ പാർക്കട്ടും എൻെറ്"
— നിങ്ങളുടെ ദൈവം എവിടെപ്പോയിരിക്കുന്നു, എന്താ ഭയപ്പെട്ടുപോയിരിക്കയാണോ? ഇവിടെ വരാൻ പറയൂ. ഞങ്ങൾ

കാണട്ടെ_അയാരം ഒററ ശ്വാസത്തിൽ പറഞ്ഞു നിറുത്തി. സ്വാമി, സുവിശേഷവും പാരമ്പര്യവും ഒക്കെ അവന്റെ മു മ്പിൽ അവതരിപ്പിച്ചു. അവനു വിശ്വാസമായില്ല. വണ്ടി യിൽ മൂന്നാററിലേയ്ക്കു തിരിച്ചു. ഇടയ്ക്കുവച്ച് വണ്ടി മറിഞ്ഞു. അപകടത്തിൽ നിന്നു രക്ഷപെട്ട അയാരം സ്വാമിയുടെ ദൈവ ത്തെ സ്തുതിച്ചു. ഭയപ്പെട്ടു മാറി നിൽക്കുന്ന ദൈവമല്ല അപക ടത്തിൽ ഓടിയെത്തുന്ന ദൈവമാണ് എന്നു ഗ്രഹിച്ച് അയാരം മനസ്സു തിരിഞ്ഞു. വീട്ടിൽ തിരുഹൃദയരൂപംവച്ച് ഭക്തിപാര വശ്യത്തോടെ അയാളും കുടുംബവും പ്രാർത്ഥിച്ചു. ദൈവത്തി ന്റെ നിഗൂഢവഴികരം ആരറിഞ്ഞു

പറുദീസായുടെ നാട്ടിൽ ഫാബിയാനച്ചനും വെർജില ച്ചനും മാർസെലച്ചനും എമ്മാനുവലച്ചനും കണ്ടുമുട്ടിയ മനുഷ്യരും സാഹചര്യങ്ങളും ഒട്ടൊക്കെ ഇറാക്കു മിഷൻ എന്ന അദ്ധ്യായ ത്തിൽ വിവരിക്കപ്പെട്ടിട്ടുണ്ട്. റോമയിൽ, നീറോ ചക്രവർത്തി അഴിച്ചുവിട്ട മതമർദ്ദനത്തിന്റെ കാലത്ത് കൽദയാ രാജ്യത്ത് സഭ വളരുകയായിരുന്നു. അഞ്ചാം നൂററാണ്ടിൽ അവിടുത്തെ കത്തോലിക്കരുടെ എണ്ണം 150 മില്യൺ ആയി, ക്രമേണ പാഷണ്ഡതകരം പലതാക്കി നെസ്റ്റോറിയൻ, ദിയസ്ക്കോറ സ്, തുടങ്ങിയവർ സഭയിൽ വിഷബീജം വിതറി കത്തോ ലിക്കർ ഭിന്നവിഭാഗങ്ങളിൽപ്പെട്ടു 625_ൽ മുഹമ്മദീയർ യുദ്ധത്തിനുവന്നു. കത്തോലിക്കർ ചിതറിക്കപ്പെട്ടു അവർ പത്തുലക്ഷമായി ചുരുങ്ങി ഇരുപതാം നൂററാണ്ടിലവർ നാമമാത്ര കത്തോലിക്കരായിതീർന്നു.

## ഫാ. വെർജിൽ

ഇറാക്കിൽനിന്നു് ഇറാനിലേയ്ക്കു് മിഷൻ ജോലിക്കായി പോയ വെർജിലച്ചൻ ജയിൽവാസം അനുഭവിക്കാൻ വരെ തയ്യാറായി. മുഹമ്മദീയ ഭൂരിപക്ഷമുള്ള മിഡിൽ ഈസ്റ്റിൽ കത്തോലിക്കാവിശ്വാസം ഊതിക്കത്തിക്കാൻ നന്നേ വിഷമ മാണ്. ''നടക്കണം ജയിലിലേയ്ക്കു്'', പോലീസുകാരൻ ആജ്ഞാപിച്ചു. വെർജിലച്ചൻ അനുസരിച്ചു. ശരീരം തളരു ന്നതുപോലെ തോന്നി. അന്യനാട്, ആരും സഹായത്തിനി ല്ല. ഭാഷ വശമില്ല. പോലീസുകാരനോടുകൂടി ജയിലിൽ എത്തിയപ്പോരം കൊമ്പൻ മീശക്കാരനായ മേലധികാരിയുണ്ട് അവിടെ ഇരിക്കുന്നു. വിശുദ്ധഗ്രന്ഥത്തിലെ വാക്യം അച്ചൻ ഓർത്തു. ''എന്തു പറയണമെന്നു് ആകുലപ്പെടരുത്. ദൈവ ത്തിന്റെ അരൂപി സംസാരിക്കും'' വെർജിലച്ചൻ ധൈര്യം

പൂണ്ടു പറഞ്ഞുതുടങ്ങി; സലാം അലൈക്കം; ഞാൻ ഇംഗ്ലീഷിൽ സംസാരിച്ചുകൊള്ളട്ടെ''. കപ്പടമീശക്കാരൻ തലകുലുക്കി. ശക്തി വീണ്ടെടുത്ത മിഷനറി ശരിക്കും വാദിച്ചു. ഇൻസ്പെക്ടർസാർ അപരാധം സമ്മതിച്ചു. ജയിലിൽക്കിടന്നു് നരകിക്കാൻ വിധിക്കപ്പെട്ട വെർജിലച്ചൻ രക്ഷപ്പെട്ടു—ടെഹ്റാനിലേയ്ക്കു് തീവണ്ടിയിൽ യാത്രചെയ്യുകയായിരുന്നു അദ്ദേഹം. 30 മണിക്കൂർ സഞ്ചരിക്കണം. മെത്രാപ്പോലീത്തയേയും വെർജിലച്ചനേയും ചീത്തപറഞ്ഞുകൊണ്ടു് ഒരു നാമമാത്ര ക്രിസ്ത്യാനിയും വണ്ടിയിൽ ഉണ്ടായിരുന്നു. ഉറങ്ങാൻ കിടന്ന ആ മനുഷ്യൻ മരണവെപ്രാളം കാണിക്കുന്നു. യാത്രക്കാർ മാറിനിന്നു. അച്ചൻ അയാളുടെ അടുത്തെത്തി ശുശ്രൂഷിച്ചു. ടെഹ്റാനിൽ എത്തിയപ്പോൾ അയാളുടെ വീട്ടിലേയ്ക്കു് ഫോൺ ചെയ്തു. പക്ഷേ, വന്നതു് പോലീസാണെന്നുമാത്രം. ജയിലിലേയ്ക്കു പോയ അവർ കാര്യം നന്നായി ഗ്രഹിച്ചുകഴിഞ്ഞപ്പോൾ രോഗിയെ വീട്ടിലെത്തിക്കാനും ഡോക്ടറെ വിളിക്കാനും ഏർപ്പാടു ചെയ്തു. രോഗി സുഖം പ്രാപിച്ചുവരുന്നതു കണ്ട വെർജിലച്ചൻ അല്പം ആഹാരവും ആ വീട്ടിൽനിന്നു കഴിച്ചു് ഒരു കാറിൽ 100 മൈൽ യാത്രചെയ്തു് ടെഹ്റാൻ മെത്രാപ്പോലീത്തയുടെ അരമനയിലെത്തി, ഒരു നല്ല സമറായക്കാരനാവാൻ കിട്ടിയ അവസരത്തെ ഓർത്തു സന്തോഷിച്ചുകൊണ്ടു് ആയിരം മൈൽ യാത്ര ചെയ്യേണ്ട തീവണ്ടിയിൽ ഒരു ഡോക്ടറുടെ സേവനം ഉണ്ടാകാത്തതിനെ ഉറച്ച സ്വരത്തിൽ വെർജിലച്ചൻ പോലീസധികാരിയോടു ചോദ്യം ചെയ്യുകയും അയാളെക്കൊണ്ടു് തെററു സമ്മതിപ്പിക്കുകയും രോഗിയെ സഹായിക്കാനെത്തിയ താൻ രോഗിയെ കൊല്ലാനല്ല രക്ഷിക്കാനാണു് തുനിഞ്ഞതെന്നു തൻേറടത്തോടെ വാദിച്ചു് വിപദിധൈര്യം കാട്ടിയതുമായ കഥയാണിതു്.

മിഷനറിമാരുടെ ഓർമ്മകളുടെ ചുരുളുകൾ നിവർത്തിയാൽ രോമാഞ്ചജനകങ്ങളായ സംഭവങ്ങളും പേടിപ്പെടുത്തുന്ന സാഹചര്യങ്ങളും ദൈവാനുഭവത്തിൻെറ സുന്ദരമായ ഏടുകളും ആശാസത്തിൻെറയും നിർവൃതിയുടെയും നിശ്വാസങ്ങളും നമുക്കവിടെക്കാണാം. ഓരോന്നും വിവരിക്കാൻ ഈ താളുകൾ മതിയാവില്ല.

# തുമ്പമൺ വലിയപ്പനെ കത്തോലിക്ക സഭാപ്രവേശനത്തിനു പ്രേരിപ്പിച്ച കാരണങ്ങൾ

**ബ. ഗ്രിഗരി നീരാക്കൽ സി. എം. ഐ. അച്ചൻ 1936 സെപ്റ്റംബർ 18-ാം തിയതി "നസ്രാണി ദീപിക"യിൽ പ്രസിദ്ധീകരിച്ചതും, പിന്നീട് ബ. തോമസ് ഇഞ്ചക്കലോടി അച്ചൻ 1942-ലും, ബ. ഗ്രിഗറി അച്ചൻ തന്നെ 1947-ലും, 1971-ലും പുനഃപ്രസിദ്ധീകരണം നടത്തിയിട്ടുള്ളതുമായ ഒരു ലേഖനമാണിത്.**

തുമ്പമൺ ഭദ്രാസന ഇടവകയിൽനിന്നും ഇദംപ്രഥമമായി കത്തോലിക്ക സഭയിൽ പ്രവേശിച്ച ധനാഢ്യനും ധീരനും വയോവൃദ്ധനുമായ ഒരു മഹാത്മാവാണ് 1936 ആഗസ്റ്റ് 11-ൽ 84-ാം വയസ്സിൽ ഭാഗ്യമരണം പ്രാപിച്ച ചക്കാലമണ്ണിൽ ഇടയിലെ വീട്ടിൽ തൊമ്മൻ കോരുതു് അഥവാ 'തുമ്പമൺ വലിയപ്പൻ'. സഭാപ്രവേശനത്തിനു അദ്ദേഹത്തെ പ്രേരിപ്പിച്ച പല കാരണങ്ങളാണ് ചുവടെ ചേർക്കുന്നതു്.

പന്തളത്തു കുളനടയിൽ ഞങ്ങൾ താമസിക്കുകയിൽ 1922 മേയ് മാസത്തിലാണ് ഞാൻ മി. കോരുതിനെ ആദ്യമായി കണ്ടതു്. അദ്ദേഹം ഞങ്ങളെ സന്ദർശിക്കാനായിത്തന്നെ ഞങ്ങളുടെ വസതിയിലേക്കു വന്നതാണ്. ആ പ്രഥമ സന്ദർശനാവസരത്തിൽ അദ്ദേഹം ഇങ്ങനെ പറഞ്ഞു:— ഞാൻ യാക്കോബായക്കാരനായി ജനിച്ചു. എന്നാൽ ചെറുപ്പത്തിലേ മാർത്തോമ്മാ സഭയിൽ ചേർന്നു. പക്ഷെ, എന്റെ പരിശോധനയിൽ അതിനേക്കാൾ പൂർവ്വികവും, സത്യമായതും യാക്കോബായ സഭയാണെന്നു തോന്നിയതിനാൽ അതിലേക്കു തന്നെ പിന്തിരിഞ്ഞു. ഇപ്പോൾ ആ നിലയിലാണു നില്ക്കുന്നതു്. ഇവിടങ്ങളിൽ ആ രണ്ടു സഭക്കു പുറമേ മിക്ക പ്രോട്ടസ്റ്റന്റു സഭകളുമുണ്ടു്. അവയെപ്പററി അറിഞ്ഞിട്ടുമുണ്ടു്. കത്തോലിക്കാ സഭ മാത്രം ഇവിടെയാകട്ടെ സമീപസ്ഥലങ്ങളിലാകട്ടെ ഇല്ല. അതാണെങ്കിൽ ഏററം പുരാതനമായ സഭയാണെന്നും, ലോകത്തിലെ ഭൂരിപക്ഷം ക്രിസ്ത്യാനികളും അതിലെ അംഗങ്ങളാണെന്നും ഞാൻ കേട്ടിട്ടുണ്ടു്. എന്നാൽ അതിനെ അത്യന്തം വെറുത്തുദ്വേഷിക്കുന്ന പ്രോട്ടസ്റ്റന്റുകാരിൽ നിന്നും ചിലതെല്ലാം കേട്ടിട്ടുള്ളതല്ലാതെ അതിനെപ്പററി യാതൊരു ജ്ഞാനവും എനിക്കില്ല.

എങ്കിലും ഇത്രയധികം ദ്വേഷിക്കുന്നതു് എന്തുകൊണ്ടാണെന്നും ഇതിൻെറ ബോധനങ്ങൾ എന്തെല്ലാമാണെന്നും ഒന്നു ഗ്രഹിച്ചാൽ കൊള്ളാമെന്നു ഞാൻ അതിയായി ആഗ്രഹിച്ചിരിക്കയായിരുന്നു. അങ്ങനെയിരിക്കയിലാണു് കത്തോലിക്കരും പഴയ കൂറു സുറിയാനിക്കാരുമായ രണ്ടു സന്യാസപട്ടക്കാർ ഇവിടെ എൻെറ സമീപത്തു തന്നെ വന്നു താമസിക്കുന്നുണ്ടെന്നു എനിക്കു് അറിയാൻ ഇടയായതു്. ഇതിൽ ഞാൻ വളരെ സന്തോഷിക്കുന്നു.

X X X X X X X X

ഈ പ്രഥമസന്ദർശനം കഴിഞ്ഞ ശേഷം ഞങ്ങൾ പന്തളത്തു താമസിച്ചിരുന്നപ്പോഴും, പിന്നീടു ഞങ്ങളുടെ ആസ്ഥാനം തുമ്പമൺ യാക്കോബായ പള്ളിയുടെ തെക്കുഭാഗത്തേയ്ക്കു മാററിയ ശേഷവും മി. കോരുതു മതസംഗതികളെപ്പററി ഞങ്ങളുമായി ദീർഘ സംഭാഷണങ്ങൾ നടത്തുന്നതിനും, ഏതന്മൂലം കത്തോലിക്ക സഭയെപ്പററി സാമാന്യമായ ജ്ഞാനം സമ്പാദിക്കുന്നതിനും ഇടയായിട്ടുണ്ടു്. ഇങ്ങനെയിരിക്കെ, 1923-ൽ ഞങ്ങളുടെ വാസം തുമ്പമണ്ണിൽനിന്നും കൊട്ടാരക്കരെയ്ക്കു മാററുകയുണ്ടായി. മതാന്വേഷിയായിരുന്ന മി. കോരുതിനു ഞങ്ങളുടെ ഈ വേർപാടു ദുസ്സഹമായിത്തോന്നി. അതിനാൽ, ഞങ്ങൾ കൊട്ടാരക്കര ചെന്നു കുറെ ദിവസങ്ങൾ കഴിഞ്ഞപ്പോൾ അദ്ദേഹവും അവിടെയെത്തി. അദ്ദേഹത്തിൻെറ പുത്രിമാരിൽ രണ്ടുപേരെ അവിടെയുള്ള രണ്ടു കുടുംബങ്ങളിൽ വിവാഹം ചെയ്തുകൊടുത്തിട്ടുണ്ടു്. അവരുടെ വീടുകളിൽ കുറെ ദിവസങ്ങൾ താമസിച്ചുകൊണ്ടു് ഞങ്ങളെ വന്നു സന്ദർശിച്ചിരുന്നു. ഇങ്ങനെയിരിക്കയിൽ ഒരു ദിവസം മി. കോരുതു ഞങ്ങളുടെ പക്കൽ വന്നു ഇങ്ങനെ പറയുകയുണ്ടായി; "ഇനി എൻെറ സഭാപ്രവേശനം ഒട്ടും താമസപ്പിക്കാൻ നിവൃത്തിയില്ല. അച്ചന്മാർക്കു വിരോധമൊന്നുമില്ലെങ്കിൽ എന്നെ ഉടനെ തന്നെ സഭയിൽ സ്വീകരിക്കണം. ഇതുപെട്ടന്നു ഇതിനു എന്നെ പ്രേരിപ്പിച്ച കാരണവും പറയാം. ഇന്നലെ ഞാൻ ഇവിടെനിന്നും മകളുടെ വീട്ടിലേക്കു പോകുംവഴി, ഈ പള്ളിയിൽ കയറി കാണിക്കയും ഇട്ടുംവെച്ചു് കുന്നിക്കോട്ടു ചന്തയിലേക്കു മീൻകൊട്ടകളും ചുമന്നുകൊണ്ടു് ധൃതിയിൽ പോയിരുന്ന കുമ്പളങ്കാരും കാഞ്ഞിരകോട്ടുകാരുമായ കുറെ മരയ്ക്കാത്തികൾ എന്നെക്കാണുന്നതിനും 'വലിയപ്പാ, ഇങ്ങോട്ടു വേഗം ചേരണേ' എന്നു എന്നോടു പറയുന്നതിനും ഇടയായി. അതു കേട്ടപ്പോൾ "എങ്ങോട്ടു്? മരയ്ക്കാന്മാരുടെ കൂടെയോ" എന്നു ഞാൻ ചോദിച്ചു. അപ്പോൾ "അതല്ല വലിയപ്പാ' കത്തോലിക്കാ സഭയിലേക്കു്". എന്നു് അവർ മറു

പടിയും നല്കി. അതിനു് ''ഉം. അകട്ടെ'' എന്നു മാത്രം തല്ക്കാലം ഞാൻ പറഞ്ഞെങ്കിലും അതു കേട്ടപ്പോൾ മുതൽ എനിക്കു വലിയൊരു മനഃചാഞ്ചല്യമാണു്. കാരണം, ധനസ്ഥിതികൊണ്ടും, പൂർവ്വികമായ ക്രിസ്തീയ പരമ്പര്യംകൊണ്ടും, ജാത്യാഭിമാനവും കുടുംബസ്ഥിതിയുംകൊണ്ടും, അവരെക്കാൾ വളരെ ഉയന്ന നിലയിലിരിക്കുന്ന എന്നോടു കത്തോലിക്കരായ ആ സാധു സ്ത്രീകൾ ഇങ്ങനെ സധൈര്യം പറയുവാനും എനിക്കതു കേൾക്കാനും കാലമായല്ലോ എന്നുള്ളതാണു് അതു്. അതുകൊണ്ടത്രെ ഉടനെയുള്ള സഭാപ്രവേശനത്തിനു ഞാൻ ആവശ്യപ്പെടുന്നതു്.

X X X X X X X X

വൃദ്ധൻെറ അപേക്ഷയനുസരിച്ചു് സഭാസ്വീകരണം അടുത്തുതന്നെ നടത്തിക്കൊടുക്കാമെന്നു സമ്മതിച്ചു, അതോടെ അദ്ദേഹം തുമ്പമണ്ണിലേക്കു മടങ്ങുകയും, തൻെറ കളത്രപുത്രാദികളോടും ബന്ധുമിത്രാദികളോടും വിവരമറിയിക്കുകയും ചെയ്തു. അവരിൽ ഓരോരുത്തരോടും പറഞ്ഞിരുന്നതു "ഞാൻ കത്തോലിക്കാ സഭയിൽ ചേരാൻ തീർച്ചയാക്കിയിരിക്കുന്നു ഇതു എൻെറ ആത്മരക്ഷയ്ക്കു ഏതെങ്കിലും തരത്തിൽ തടസ്സമാകുന്നെങ്കിൽ കാരണസഹിതം ഉടനെ പറയണം'' എന്നായിരുന്നു അതിനു് ''പത്താൽ എങ്ങനെയാണു്? പള്ളി എവിടെയാണു്? ആരോടുകൂടിയാണു സഹകരിക്കുക?'' എന്നിങ്ങനെ ചിലരും, ''യാക്കോബായ സഭയിലും രക്ഷയുള്ള സ്ഥിതിക്കു് ഇപ്പോഴത്തെ നിലയിൽത്തന്നെ നിന്നാൽ മതിയല്ലോ'' എന്നു മററുചിലരും പറഞ്ഞു. അതിനുള്ള വൃദ്ധൻെറ മറുപടി ഇതായിരുന്നു:—''ആത്മരക്ഷയെ ഉദ്ദേശിച്ചു മാത്രമാണല്ലോ നാം ഒരു മതം സ്വീകരിക്കുന്നതു്. ഒരു കർത്താവും ഒരു മാമ്മോദീസായും ഉള്ളതുപോലെ സത്യവിശ്വാസവും ഒന്നേ ഉണ്ടാകാവൂ എന്നുണ്ടല്ലോ. കത്തോലിക്കരാണെങ്കിൽ ഏകസത്യവിശ്വാസം തങ്ങളുടേതാണെന്നും അതിനു പുറമേയുള്ള വിശ്വാസങ്ങളെല്ലാം അസത്യങ്ങളാണെന്നും രക്ഷയ്ക്കുള്ള ഏകസഭ കതോലിക്കാ സഭയാണെന്നും ധൈര്യസമേതം പറയുന്നു. യാക്കോബായ ഉടപ്പെടെയുള്ള ഇതര ക്രൈസ്തവസഭകളിൽ ഓരോന്നും തങ്ങളുടേതു സത്യമാണെന്നു് പറയുന്നുണ്ടെങ്കിലും, അതു മാത്രമാണു് സത്യമെന്നോ കത്തോലിക്കാ സഭയിൽ രക്ഷയില്ലെന്നോ പറയാൻ ധൈര്യപ്പെടുന്നില്ല. ആ സ്ഥിതിക്കു, രക്ഷയ്ക്കു് തടസ്സമില്ലാത്തതായി എതുകക്ഷികൾ കൂടെയും സമ്മതിക്കുന്ന കാതോലിക്കാ സഭയിൽ ഞാൻ ചേരേണ്ടതല്ലെയൊ? അത്മരക്ഷ സർവ്വപ്രധാനമായൊരു കാര്യമായിരിക്കെ, അതു സംശയസ്ഥാനത്തു കൊണ്ടുപോയി വെയ്ക്കുന്നതു അവിവേകവും ബുദ്ധിഹീനതയും ആയിരിക്കയില്ലെ?''

ഈ വിധം വേണ്ടപ്പെട്ട ഏവരോടും വിവരങ്ങൾ അറിയിച്ച ശേഷം മി. കോരുതു താമസംവിനാ കൊട്ടാരക്കര എത്തുകയും അവിടത്തെ കത്തോലിക്കാ പള്ളിയിൽവച്ച് 1923 മേയ് 8–ാം തിയതി 71–ാമത്തെ വയസ്സിൽ മുറപ്രകാരം കത്തോലിക്കാ സഭയിൽ സ്വീകരിക്കപ്പെടുകയും ചെയ്തു.

X X X X X X X X

സഭാപ്രവേശനവും കഴിഞ്ഞു തുമ്പമണ്ണിൽ തിരിച്ചെത്തിയ വൃദ്ധനോടു പലരും ചോദിച്ചിരുന്ന ഒരു ചോദ്യം ''ഇനി ചത്താൽ എങ്ങനെയാണ്?'' എന്നായിരുന്നു. അതിനു മി കോരുതു സന്ദർഭം നോക്കി നൽകിയിരുന്ന മറുപടി രസാവഹമാണ്, ''ചത്താൽ എങ്ങനെയാണ്?'' എന്നു നിങ്ങൾ ചോദിക്കുന്നു. ഇവിടെ അടുത്തെങ്ങും കാതോലിക്കാ പള്ളികളോ, ശവക്കോട്ടകളൊ ഇല്ലാത്ത സ്ഥിതിക്കു ശവം എവിടെ സംസ്കരിക്കും എന്നതായിരിക്കുമല്ലോ നിങ്ങളുടെ ഈ ചോദ്യത്തിന്റെ സാരം. കൊള്ളാം. ഞാൻ അന്വേഷിച്ചിട്ട് ആവശ്യമില്ലാത്ത ഏക കാര്യം അതാണെന്നാണ് ഞൻ വിചാരിക്കുന്നത്. അതു ഇന്ന വിധത്തിൽ ഇന്ന സ്ഥലത്തു സംസ്കരിക്കണം എന്നെല്ലാം ഞാൻ മുൻകൂട്ടി വ്യവസ്ഥ ചെയ്യുകയും അതിലേക്കു വേണ്ട തുക നീക്കിവയ്ക്കുകയും ചെയ്താലും, ജീവിച്ചിരിക്കുന്ന എന്റെ ബന്ധുമിത്രാദികൾ ആ വ്യവസ്ഥയനുസരിച്ച യാതൊന്നും പ്രവർത്തിക്കാതെ വരുന്ന പക്ഷം ഞാൻ എന്തു ചെയ്യും? അതിനാൽ, മററുള്ളവരുടെ ശവം മൂടുന്നതിനെപ്പററിയല്ലാതെ, എന്റെ ശവം മൂടുന്നതിനെപ്പററി ഞാൻ ചിന്തിച്ചിട്ടേ ആവശ്യമില്ല. അക്കാര്യം എന്റെ ഭാര്യയും മക്കളുമാണ് വിചാരിക്കേണ്ടതു്. അവൾക്കും അതിന്മേൽ ചിന്തയില്ലെങ്കിൽ ഞാൻ മരിക്കുന്ന സ്ഥലത്തു തന്നെ എന്റെ മൃതശരീരം കിടന്നുകൊള്ളട്ടെ. ഒന്നുരണ്ടു ദിവസം കഴിഞ്ഞു അതു ചീഞ്ഞുനാറുന്നു എന്നു കാണുമ്പോൾ വല്ല വഴിപോക്കരെങ്കിലും അതെടുത്തു മൂടാതിരിക്കയില്ല. അതിനു അപ്പോൾ സ്ഥലമുണ്ടാകും.''

മററു ചിലരോടാകട്ടെ അദ്ദേഹം മറുപടി പറഞ്ഞിരുന്നതു ഇങ്ങനെയാണ്. ''ചത്താൽ എങ്ങനെ എന്നു നിങ്ങൾ ചോദിക്കുന്നു. ചത്താൽ എവിടെ മൂടും എന്നല്ലേ നിങ്ങളുടെ ഭയം? കൊള്ളാം, എവിടെ മൂടിയാലെന്തു്? മൃതശരീരം മൂടുന്ന സ്ഥലവ്യത്യാസമനുസരിച്ചായിരിക്കുമോ ആത്മാവു രക്ഷ പ്രാപിക്കുന്നതു്? ചീഞ്ഞഴുകി മണ്ണോടു മണ്ണായി ചേർന്നുപോകുന്ന ഈ ശരീരം മൂടുന്ന കാര്യമോർത്തിട്ടു് നിങ്ങൾ സത്യസഭയിൽ ചേരാൻ മടിക്കുന്നു. ചീഞ്ഞഴിയാത്തതും, മരണമില്ലാത്തതുമായ

ആത്മാവിന്റെ കാര്യത്തെപ്പററിയും നാം ഒന്നു ഓക്കേണ്ടതല്ലേയോ? അതിനാൽ ചത്താൽ പിന്നെ എങ്ങനെയാണ് എന്നുകൂടെ നാം ഒന്നു ചിന്തിക്കണം. ഇതാണു കൂടുതൽ സാരമായിട്ടുള്ളതു്. ചത്താൽ മൂടുന്ന കാര്യം ഓർത്തിട്ടു നിങ്ങൾ കത്തോലിക്കാ സഭയിൽ ചേരാൻ മടിക്കുന്നു. എന്നാൽ ചത്താൽ പിന്നെയുള്ള ആത്മാവിന്റെ കാര്യമോർത്തിട്ടു എനിക്കു അതിൽ ചേരാതിരിക്കാൻ നിവൃത്തിയില്ലാതെയാണു വന്നതു്.

ഇനിയും ചിലക്കു ഈ ചോദ്യത്തിനു വൃദ്ധൻ കൊടുത്ത ഉത്തരം വേറൊന്നാണു്. 'ചത്താൽ എങ്ങനെ' എന്നാണല്ലൊ നിങ്ങളുടെ ചോദ്യം. ചത്താൽ മൃതശരീരം മൂടുന്ന കാര്യത്തെപ്പററി ആയിരിക്കുമല്ലൊ ഭയം? കൊള്ളാം നിങ്ങൾ ഇത്ര പാവങ്ങളാണെന്നു ഞാൻ വിചാരിച്ചില്ല. എന്റെ പുരയിടങ്ങളിൽ കുറവർ, പുലയർ, പറയർ, ആദിയായി പലർ വസിക്കുന്നുണ്ടു്. അവർക്കൊക്കും ഒരിഞ്ചു സ്ഥലം പോലും സ്വന്തമായിട്ടില്ല. എന്നിട്ടും സാധുക്കളായ അവർ മരിക്കുമ്പോൾ അവക്കു മൂടാൻ സ്ഥലം കിട്ടുന്നുണ്ടു്. ആരും മൂടപ്പെടാതിരിക്കുന്നുമില്ല. ആ സ്ഥിതിക്കു, ദൈവാനുഗ്രഹത്താൽ ഇത്രയധികം പുരയിടങ്ങളും നിലങ്ങളുമെല്ലാമുള്ള എനിക്കു ഞാൻ മരിച്ചാൽ മൂടാൻ സ്ഥലം കിട്ടുകയില്ലെന്നാണോ നിങ്ങൾ ഭയപ്പെടുന്നതു്? കഷ്ടംതന്നെ!

X X X X X X X X

ഒരിക്കൽ മി. കോരുതിന്റെ മൂത്ത പുത്രിയോടു് ആരോ ഒരാൾ ചോദിച്ചു. ''അന്നമ്മേ, എന്താണു നമ്മുടെ ഇടയിലെ വീട്ടിലെ വല്യപ്പനു ഒരു 'കട്ട' ഇളകിയിരിക്കയാണോ?''

പുത്രി:– എന്താണു് ഇങ്ങനെ ചോദിക്കാൻകാരണം?

അപരൻ:– അല്ല, ഈയിടെ റോമായിൽ ചേന്നിരിക്കയാണെന്നു കേട്ടല്ലൊ?

പുത്രി:– ആഹാ! അത്രേയുള്ളൊ?

ഈ സംഭാഷണവിവരം വൃദ്ധൻ തന്നെ ഒരിക്കൽ ഞങ്ങളോടു പറയുകയും അതെപ്പററി ഇങ്ങനെ ഒരു വിമശനം നടത്തുകയുമുണ്ടായി. ഒരു യാക്കോബായക്കാരനായ അയാൾ ഈ വിധം പറഞ്ഞതിൽ എനിക്കു ഒട്ടും വിസ്മയം ഇല്ല. മറിച്ചു പറഞ്ഞിരുന്നെങ്കിലാണു് വിസ്മയിക്കേണ്ടിയിരുന്നതു്. എ

ന്തെന്നാൽ സർവ്വസ്വാതന്ത്ര്യങ്ങളും അനുഭവിക്കാൻ ഏവനും കാം ക്ഷിക്കുന്ന ഇക്കാലത്തു് ഒരു ക്രിസ്ത്യാനിയായി ജീവിക്കുക എന്നതു ഒരു ഭ്രാന്തായി പുറജാതികൾക്കു തോന്നാം. അങ്ങനെ തന്നെ കൂടുതൽ നിബന്ധനകളും ചട്ടംകെട്ടുകളും ഉള്ള കത്തോലിക്കാ സഭയിൽ ചേർന്നു ജീവിക്കുന്നതു 'കുത്തഴിഞ്ഞ പുസ്തകം' പോലിരിക്കുന്ന കത്തോലിക്കേതര ക്രൈസ്തവ സഭക്കാർക്കു് ഒരു ഭ്രാന്തായിത്തോന്നാം. എന്തിനു് ഒരു വൈദികനായി (സന്യാസി) ആയി ജീവിതം നയിക്കുന്നതു ഒരു ഭ്രാന്താണെന്നു കത്തോലിക്കരിൽ തന്നെയും പലർ വിചാരിക്കാറില്ലേ? ഒരുപക്ഷെ ഇതുകൊണ്ടുതന്നെയായിരിക്കുമോ സന്യാസാർത്ഥികളായി നിങ്ങൾ കൂട്ടി വളർത്തുന്ന ചെറുപ്പക്കാർക്കു് അസ്പിരാന്തുകാർ (Aspirants) എന്നോ, അരപ്രാന്തുകാർ' എന്നോ മറേറാ പേർ കൊടുത്തിരിക്കുന്നതെന്നും എനിക്കു തോന്നിയിട്ടുണ്ടു്. സന്യാസം ലോകദൃഷ്ട്യാ ഒരു മുഴുഭ്രാന്തായിരിക്കെ, അതിനെ കാംക്ഷിക്കുന്നവരെ അര ഭ്രാന്തന്മാരായി പരിഗണിക്കുന്നതിൽ തരക്കേടൊന്നുമില്ലല്ലോ. അതിനാൽ എൻെറ മകളോടു ചോദ്യം ചെയ്യുമ്പോൾ എന്നെ ഒരു 'കട്ട' ഇളകിയവനായി വിചാരിക്കുന്നതിൽ വിസ്മയിക്കാനില്ല

X X X X X X X X

സഭാപ്രവേശനം കഴിഞ്ഞതു മുതൽ മരണം വരെ മി കോരുതു് ഒരു ക്രൂശിതരൂപം സദാ കഴുത്തിൽ ധരിച്ചിരുന്നു തുമ്പമൺ ഭാഗങ്ങളിൽ ഇതൊരു അപൂർവ്വ നടപടി ആയിരുന്നതിനാൽ കാണികളെ തന്നിലേക്കു ആകർഷിക്കുന്നതിനുവേണ്ടിക്കൂടെയാണു വൃദ്ധൻ ഈ വിധം ചെയ്തിരുന്നതു്. ഇതേപ്പററി 'ക്രിസ്തുവിൻെറ പ്രതിമ' നമ്മുടെ ഹൃദയത്തിലാണു് ഉണ്ടാകേണ്ടതു്. അല്ലാതെ പുറമേയല്ല, എന്നു പറഞ്ഞ ഒരാൾക്കു അദ്ദേഹം കൊടുത്ത മറുപടി ഹൃദയത്തിൽ അതു ഉണ്ടാകുന്നതിനു ഇതു ഒരു വിധത്തിൽ സഹായിക്കുക കൂടെയും ചെയ്യുകയില്ലേ? എന്നായിരുന്നു

''വലിയപ്പാ, ഞാനുംകൂടെ കത്തോലിക്കാസഭയിൽ ചേർന്നുകൊള്ളാം. എനിക്കു അവിടെ നിന്നും എന്തുകിട്ടും ?'' എന്നു് ഒരിക്കൽ ഒരു യുവാവു് മി. കോരുതിനോടു ചോദിച്ചു. അതിനു വൃദ്ധൻ ''മറേറതൊരു കത്തോലിക്കനും സഭയിൽനിന്നും കൊടുക്കുന്നതെല്ലാം സൌജന്യമായി നിനക്കും നല്കുന്നതാണു്. കുമ്പസാരം ആദിയായവയ്ക്കു നീ പണമൊന്നും കൊടുക്കേണ്ടതുമില്ല'' എന്നുത്തരം നൽകി.

യുവാവ് – അതു എനിക്കറിയാം. പിന്നെ എന്തു കിട്ടും എന്നാണു് ഞാൻ ചോദിക്കുന്നതു്.

വൃദ്ധൻ – കൊള്ളാം. രക്ഷയ്ക്കുള്ള ഏക മാർഗ്ഗം ഇതാണു് എന്നുള്ള പരമാർത്ഥബോധത്തോടെയാണു് നീ വരുന്നതെങ്കിൽ മററു കത്തോലിക്കർക്കുള്ളതിൽ നിന്നും വ്യത്യസ്തമായ ഒരു സമ്മാനം വിശേഷാൽ നിനക്കു ലഭിക്കും. അതു മററൊന്നുമല്ല ഒരു കുരിശത്രെ. മററു കത്തോലിക്കർക്കുള്ളതിനെക്കാൾ കൂടുതൽ വിഷമതകളും ബുദ്ധിമുട്ടുകളും ക്രിസ്തുവിനെപ്രതി നീ സഹിക്കേണ്ടതായി വരും എന്നതാണു് ഞാൻ ഈ പറയുന്നതിന്റെ സാരം എന്നു നീ ഗ്രഹിക്കുമല്ലോ.

X X X X X

യാക്കോബായക്കാരുടെ ഒരു മാന്യനേതവും, ഒരു കത്തോലിക്ക വൈദികനുമായുണ്ടായ ഒരു സംഭാഷണത്തിൽ ''അച്ചാ, നിങ്ങളുടെ അപ്രമാദിത്വം (Infallibility) എന്ന താണു് ഞങ്ങളെ അധികമായി വിഷമിപ്പിക്കുന്നതു്. അതില്ലായിരുന്നെങ്കിൽ ഈ സഭകൾ തമ്മിൽ യോജിക്കുന്നതിനു ഒരു പ്രയാസവുമില്ലായിരുന്നു'' എന്നു ആ യാക്കോബായക്കാരൻ പറഞ്ഞതായി നമ്മുടെ വൃദ്ധൻ ഒരിക്കൽ കേട്ടു അതു കേട്ടപ്പോൾ ചിരിച്ചു കൊണ്ടു അദ്ദേഹം പറയുകയാണു്: ''ഹാ! അയാൾ ഇത്ര ഭോഷനാണോ? കത്തോലിക്കാ സഭയിലേയ്ക്കു എന്നെ മുഖ്യമായും ആകർഷിച്ചതു ഈ അപ്രമാദിത്വമാണു്. അതില്ലെങ്കിൽ, ഇത്രയധികം നിബന്ധനകളുള്ള പ്രസ്തുത സഭയിൽ ഒരു നിമിഷംപോലും ഞാൻ നില്ക്കുകയില്ല. അതിനും തെററിപ്പോകാമെങ്കിൽ അതും ഇതര സഭകളും തമ്മിൽ എന്താണു് വ്യത്യാസം? കുറെക്കൂടെ സ്വാതന്ത്ര്യമുള്ള ഒരു സഭയിൽ എനിക്കു നിന്നുകൂടെയൊ? എന്നുവേണ്ടാ, എന്റെ സൌകര്യമനുസരിച്ചു സ്വന്തമായി ഒരു നവീന സഭയുണ്ടാക്കി അതിൽ എനിക്കു ജീവിച്ചുകൂടെയോ? പ്രമാദമുള്ള ഏതൊരു സഭയോടും സമമുള്ളതായിരിക്കുമല്ലൊ എന്റെആ സഭയും--അതിനാൽ പ്രമാദരഹിതമായ ഏക സഭ കത്തോലിക്കാ സഭയാണെന്നു കാണുന്നതു കൊണ്ടുമാത്രമാണു് ഞാനതിൽ ചേർന്നതും, ഇന്നും അതിനുൽ ജീവിക്കുന്നതും.

X X X X X

ഒരു പ്രസിദ്ധ വാഗ്മിയും താർക്കികനുമായിരുന്ന പരേതനായ ഫൈറ്റർ വില്ലോത്തു് മി നൈനാൻ വറുഗീസിനെപ്പററി പലരും കേട്ടിരിക്കുമല്ലോ. കുറെ കൊല്ലങ്ങൾക്കുമുമ്പു്.

ഐക്യരുള്ള കർമ്മലീത്താ ആശ്രമം സന്ദർശിക്കാനായി മി. കോരുതു അവിടെ ചെന്നിരുന്ന അവസരത്തിൽ അവർ തമ്മിൽ കാണാനിടയായി. പരസ്പരം കേട്ടറിവേ ഉണ്ടായിരുന്നുള്ള. ആ പ്രഥമ സന്ദർശനവേളയിൽ സരസനായ മി. നൈനാൻ വർഗ്ഗീസ് ഇങ്ങനെ ചോദിച്ചു. ''എൻെറ വലിയപ്പാ ഇതെന്തുപററി? എന്തുകൊണ്ടാണ് ഈ അബദ്ധത്തിൽ ചെന്നു ചാടിയതു്? ഞങ്ങളാണെങ്കിൽ ചെറുപ്പക്കാരാണ്. ബുദ്ധിക്കും മററും വേണ്ട പക്വത വന്നിട്ടില്ല. അതുകൊണ്ടു് ഓരോ അബദ്ധത്തിൽ ചെന്നു ചാടിയെന്നു വരാം. അതിൽ വിസ്മയിക്കാനുമില്ല. എന്നാൽ, വലിയപ്പനെപ്പോലെ ഇത്ര നല്ല പ്രായവും ജ്ഞാനവും പക്വതയുമെല്ലാം സിദ്ധിച്ചവർ ഇങ്ങനെ നില്ക്കുന്ന നിലവിട്ടു് റോമായിലേയ്ക്കും മററും എടുത്തു ചാടിയാൽ അതേപ്പററി എന്തു പറയട്ടെ.''

വൃദ്ധൻ : എൻെറ കുഞ്ഞേ, ഞാനും അക്കാര്യംതന്നെയാണു വിചാരിക്കുന്നതു്. എനിക്കാണെങ്കിൽ വയസ്സ് എമ്പതോളമായി. ശവക്കുഴിയിലേക്കു കാൽ നീട്ടിക്കഴിഞ്ഞു. ഇനി ലോകത്തിനും വേണ്ട, ലോകത്തെയും വേണ്ട എന്ന നിലയിലായി മരണം പാർത്തിരിക്കുകയാണ്. എൻെറ അന്വേഷണത്തിൽ മരിക്കാൻ കത്തോലിക്കാസഭപോലെ ഇത്ര വിശിഷ്ടമായ വേറൊരു സഭ ഞാൻ കാണുന്നില്ല. അതിനാലാണ് ഞാൻ തത്രപ്പെട്ടു ആ സഭയിൽ ചേർന്നതു്. ജീവിക്കാൻ മാത്രമാണെങ്കിൽ ഇതു ഒട്ടും പററിയതുമല്ല. അതിനാകട്ടെ നമ്മുടെ യാക്കോബായ, മാർത്തോമ്മാ, പ്രോട്ടസ്റ്റൻറ് ആദിയായവയാണ് അധികം നല്ലതു്. അങ്ങനെയിരിക്കെ, യൗവ്വനയുക്തരായ നിങ്ങളെപ്പോലുള്ളവർ, ജീവിതസുഖമനുഭവിക്കേണ്ടതായ ഈ ചെറുപ്രായത്തിൽ പ്രസ്തുത സഭകളിൽനിന്നും മരിക്കാനുള്ളവക്കുള്ള ഈ റോമാസഭയിൽ ചെന്നു ചാടിയിരിക്കുന്നതു എന്തുകൊണ്ടാണെന്നാണ് ഞാൻ വിചാരിക്കുന്നതു്. ഇതിലാണ് എനിക്കു വിസ്മയം.

X X X X X

നല്ല ചരിത്രപടുവായ ഒരു യാക്കോബായക്കാരനുമായി മി. കോരുതു ഒരിക്കൽ സംഭാഷിച്ചുകൊണ്ടിരിക്കയിൽ ആ ചരിത്ര പ്രിയൻ ഇങ്ങനെ പറഞ്ഞു. ''ഇവിടെ വന്നു താമസിക്കുന്ന രണ്ടു സന്യാസപട്ടക്കാരെ കണ്ടുകൊണ്ടു് വലിയപ്പൻ വിചാരിക്കുന്നതു ഇതുപോലെയാണ് കത്തോലിക്കർ എവരും എന്നായിരിക്കും. എൻെറ വല്യപ്പാ, വൃഥാ തട്ടിക്കപ്പെട്ടുപോകരുതേ. ഈ രണ്ടച്ചന്മാരും നല്ലവർതന്നെ. എന്നാൽ, എല്ലാ

വരും ഇതുപോലൊന്നുമല്ല കത്തോലിക്കർ കൂട്ടമായി വസിക്കുന്ന വടക്കൻപ്രദേശങ്ങളിൽ ധാരാളം സഞ്ചരിച്ചിട്ടുള്ള ഒരാളാണ് ഞാൻ. മീനച്ചിൽ, തൊടുപുഴ മുതലായ പ്രദേശങ്ങളിൽ മദ്യപാനം, അടിപിടി, കൊലപാതകം ആദിയായവ എത്ര മാത്രമുണ്ടെന്നു വലിയപ്പന് അറിയാമോ? അവിടങ്ങളിലാണെങ്കിൽ കത്തോലിക്കരേയുള്ളു എന്നു പറയാം.

വൃദ്ധൻ; ആഹാ! അങ്ങനെയൊ? അപ്പോഠം എന്താണ് കത്തോലിക്കർ ഏവരും ഈ വിധ അക്രമങ്ങഠം നടത്തണമെന്നു അവരുടെ നിയമങ്ങളിലൊ, മേലധികാരികളുടെ കല്പനകളിലൊ, വല്ലതുമുണ്ടോ?

ചരിത്രപട്ട: ഹേയ് അതില്ല, ഇല്ലെന്നു മാത്രമല്ല, അവ്വിധമൊന്നും ചെയ്യരുതെന്നു കർശനമായ കല്പനകളുമുണ്ട്.

വൃദ്ധൻ: ഹാ! അങ്ങനെയെങ്കിൽ നിവൃത്തിയുണ്ട്, ഈ വിധ അക്രമങ്ങഠം ഓരോ കത്തോലിക്കനും പ്രവർത്തിച്ചേ മതിയാവൂ എന്നുവല്ലതുമുണ്ടായിരുന്നെങ്കിൽ ഞാൻ വിഷമിച്ചുപോകുമായിരുന്നു.

ഇതുകൊണ്ടു പരാജിതനായ ഭാവം കാണിക്കാതെ ചരിത്രപട്ട തുടർന്നുപറഞ്ഞു: ''വലിയപ്പൻ ചരിത്രങ്ങളൊന്നും വായിച്ചിരിക്കയില്ല. ചരിത്രങ്ങഠം ധാരാളം വായിക്കണം. അപ്പോഠം കാണാം ഈ കത്തോലിക്കരുടെ പൂച്ചെല്ലാം തെളിയുന്നതു്.

വൃദ്ധൻ: അതേ കുഞ്ഞേ. ഞാനും അതുതന്നെയാണ് പറയുന്നതു് ചരിത്രങ്ങഠം ധാരാളം വായിക്കണം— (അതായതു, അയാഠം ചരിത്രത്തിന്റെ ഒരുവശം മാത്രമേ കണ്ടിട്ടുള്ളു എന്നും, അതിന്റെ മറുവശംകൂടെ വായിക്കണമെന്നും, അപ്പോഠം പൂച്ച എവിടെയാണെന്നു് വേണ്ടവിധം ഗ്രഹിക്കാൻ ഇടയാകുമെന്നു മത്രെ സാരം )

X X X X X

പുത്തൻകൂറുകാരുടെ ഒരു മെത്രാപ്പോലീത്താ തുമ്പമൺ സന്ദർശിച്ച ഒരവസരത്തിൽ മി. കോരുതു അദ്ദേഹത്തെ ചെന്നു കാണുകയും, താൻ കത്തോലിക്കാസഭയിൽ ചേന്ന വിവരം ഉണർത്തിക്കുകയും ചെയ്തു. മെത്രാപ്പോലീത്തായുടെ പല ചോദ്യങ്ങഠക്കും കുററാരോപണങ്ങഠക്കും മി. കോരുതു സമാധാനം

നല്കി ഒടുവിൽ, അദ്ദേഹം ഇങ്ങനെ പറയുകയുണ്ടായി ; ''റോമ്മാ സഭയിൽ പട്ടക്കാരെല്ലാം അവിവാഹിതർ ആയിരിക്കണമെന്ന ഒരു നിർബന്ധനിയമമുണ്ടെന്നും, അതുമൂലം അവരുടെ വൈദികരുടെ ഇടയിലുള്ള വഷളത്തങ്ങൾക്കും അസാന്മാൎഗ്ഗിക നടപടികൾക്കും കണക്കില്ലെന്നും അറിയാമോ ?

വൃദ്ധൻ : തിരുമേനി ഇതുവരെ പലതെല്ലാം കല്പിച്ചു ചോദിച്ചു. അവക്കു അടിയൻ കഴിവുള്ള സമാധാനവും നൽകി. എന്നാൽ ഇപ്പോൾ ചോദിച്ച ഈ ചോദ്യത്തിനു അടിയനു തക്ക സമാധാനമില്ല കാരണം, അടിയൻ ഒരു വിവാഹിതനാണു്. അതിനാൽ അവിവാഹിതരുടെ സ്ഥിതിഗതികൾ എന്തെല്ലാമെന്നു അറിഞ്ഞുകൂടാ. തിരുമേനിയാകട്ടെ അവിവാഹിതജീവിതത്തിന്റെ അനുഭവസ്ഥനായിരിക്കെ അങ്ങനെയുള്ളവരെ സംബന്ധിച്ചു അവിടുന്നു കല്പിച്ചു പറയുന്നതിൽ അടിയൻ വിശ്വസിക്കയല്ലാതെ എന്താണു ചെയ്യുക ?

X X X X X

വേറൊരു അവസരത്തിൽ മി. കോരുതു യാക്കോബായക്കാരുടെ ഒരു ബാങ്കിൽ ചെന്നിരുന്നു. ബാങ്കിലെ സിൽബന്ധികളെല്ലാം പുതിയ ബാവാക്കക്ഷിയിലും മെത്രാക്കക്ഷിയിലും ഉൾപ്പെട്ട ചെറുപ്പക്കാർ ആയിരുന്നു. അവർ വൃദ്ധന്റെ സഭാമാററത്തെപ്പററി പല ചോദ്യങ്ങളും ചെയ്തു അവക്കുവേണ്ട സമാധാനം പറഞ്ഞശേഷം ഒടുവിൽ അദ്ദേഹം അവരോടു ഇങ്ങനെ പറഞ്ഞു: ''ഞാൻ കത്തോലിക്കാ സഭയിൽ ചേൎന്നിട്ടു കുറെ കൊല്ലങ്ങളായി. ഇവിടെ സഹകരിക്കുന്നതിനുപോലും ആരുമില്ലെന്നു പറയാം. അതിനാൽ, തിരികെ പഴയനിലയിലേക്കുതന്നെ പോയെങ്കിലോ എന്നു ചിലപ്പോൾ സംശയിച്ചു പോകുന്നു. പക്ഷേ, അവിടെയിതാ വലിയൊരു പ്രതിബന്ധം. എന്താണെന്നോ? ഞാൻ വിട്ട സഭ യാക്കോബായ ആയിരുന്നു. ഇപ്പോഴാകട്ടെ അതു പുതിയ ബാവാ കക്ഷിയെന്നോ, മെത്രാൻകക്ഷിയെന്നോ, ഓൎത്തഡോക്സോ എന്നോ ഒക്കെ ആയിരിക്കുന്നെന്നാണു് കേൾക്കുന്നതു്. ഇവയിൽ ഏതാണു് ശരിയെന്നും, ഏതിലാണു് ഞാൻ തിരികെ വന്നു ചേരേണ്ടതെന്നും നിങ്ങൾ ദയവായി ഒന്നു പറഞ്ഞുതന്നാൽ ഞാൻ അതിലേക്കു ചേൎന്നേക്കാം.''

ഈ വാക്കുകൾ കേട്ടപ്പോൾ അതു തങ്ങളെ കളിയാക്കുന്ന തിനുവേണ്ടിമാത്രം വൃദ്ധൻ പറഞ്ഞതാണെന്നു മനസ്സിലാക്കിയ വിവിധ കക്ഷികളിൽപെട്ട ബാങ്കുകാർ ക്ഷോഭിക്കാനും കത്തോലിക്കാസഭയെ ദൂഷിക്കാനും തുടങ്ങി അങ്ങനെ ആ സംഭാഷണവും അവസാനിച്ചു.

X X X X X

മി. കോരുതിന്റെ സഭാപ്രവേശനത്തിനു മുമ്പും പിമ്പും ഞങ്ങളെ പല പ്രാവശ്യം സന്ദർശിച്ചിട്ടുള്ള വിവരം മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. താദൃശ സന്ദർശനാവസരങ്ങളിൽ ചിലപ്പോൾ വീട്ടിൽ നിന്നും ചില പലഹാരങ്ങൾ കൊണ്ടുവന്നിരുന്നു. എന്നാൽ, സന്യാസികളായ ഞങ്ങൾക്കു് ആവശ്യമുള്ളതെല്ലാം ഉണ്ടെന്നും, ഇങ്ങനെയൊന്നും സദയം കൊണ്ടുവരേണ്ടതില്ലെന്നും പല തരത്തിലും പല പ്രാവശ്യവും ഞങ്ങൾ പറഞ്ഞിട്ടുണ്ടെങ്കിലും ഓരോ ഉപായങ്ങൾ പറഞ്ഞുകൊണ്ടു വൃദ്ധൻ ആ വാക്കുകളെ സസ്നേഹം അവഗണിക്കുകയാണു് ചെയ്തിട്ടുള്ളതു്. അദ്ദേഹം ഞങ്ങളുടെ വസതിയിൽ വന്നിരുന്ന ഒരവസരത്തിൽ രഹസ്യമായി ഒരു പാത്രമെടുത്തു അതിൽ എന്തോ നിക്ഷേപിക്കുന്നതായി കണ്ടുകൊണ്ടു സ്വല്പം ഉയന്ന സ്വരത്തിലും ഗൌരവഭാവത്തിലും ഒരച്ചൻ ചോദിച്ചു, ''എന്താണു് രഹസ്യമായി ഈ ചെയ്യുന്നതു്? ഇങ്ങനെയൊന്നും ഇവിടെ കൊണ്ടുവരരുതെന്നു ഞാൻ പറഞ്ഞിട്ടില്ലേ?'' എന്നു്.

ഇതിനു സരസനായ വൃദ്ധൻ അതേ സ്വരത്തിലും അതേ ഭാവത്തിലും ഉടനടി നൽകിയ മറുപടി ഇതായിരുന്നു: ''ഞങ്ങൾ പുത്തൻകൂറുകാർ പറഞ്ഞാൽ കേൾക്കുകയില്ലെന്നു അച്ചൻ അറിഞ്ഞിട്ടില്ലേ?''

ഇതിനെ തുടന്നു അദ്ദേഹം പറയുകയാണു്: ''എന്റെ അച്ചാ, എന്നെപ്പററി എന്തോ വലുതായി അച്ചന്മാർ ധരിച്ചിട്ടുള്ളതായി തോന്നുന്നു. എനിക്കു അധികമൊന്നും അറിഞ്ഞുകൂടാ. പലതും അറിയേണ്ടതായും പഠിക്കേണ്ടതായും ഉണ്ടു്. ഞാൻ ഇനിയും ഒരു പഴയകൂററു കത്തോലിക്കൻ ആയിട്ടില്ലെന്നു ഓക്കണം. എന്നെ ഒരു വെറും 'പുത്തൻകൂററു്' കത്തോലിക്കനായി മാത്രം കരുതിക്കൊണ്ടു എനിക്കു വേണ്ടതു പറഞ്ഞുതന്നു പഠിപ്പിക്കണം. ഇതാണെന്റെ ഏക പ്രാത്ഥന

X X X X X

മി. ദകോരുതിനുവേണ്ട വൈദികകർമ്മങ്ങൾ നടത്തിക്കൊടു ക്കാനായി ഞങ്ങൾ കൊട്ടാരക്കരനിന്നും ഇടയ്ക്കിടെ തുമ്പമണ്ണിൽ ചെന്നിരുന്നു. തദവസരങ്ങളിൽ ഞങ്ങൾക്കുള്ള ഭക്ഷണം സ്വ ന്തവീട്ടിൽ പാകം ചെയ്യിച്ച് ഞങ്ങൾ താമസിച്ചിരുന്ന വീ ട്ടിൽ വൃദ്ധൻതന്നെ കൊണ്ടുവന്നു തരുകയായിരുന്നു പതിവ്. ഇതിൽ ഞങ്ങൾ അക്ഷമത പ്രദശിപ്പിക്കുകയും, മററുതരത്തിൽ ഇതിലേക്കുവേണ്ട ഏർപ്പാടു ചെയ്യണമെന്നും, താന്നെത്താൻ ഈ വിധം ചുമന്നുകൊണ്ടു വരരുതെന്നും നിർബന്ധമായി പറ യുകയും ചെയ്തിട്ടുണ്ട്. എന്നാൽ, ഇതിനു ഒരവസരത്തിൽ അ ദ്ദേഹം പറഞ്ഞ സമാധാനം ഇതായിരുന്നു.

"ഞാൻ ഇത്രയും കാലം സത്യം ഗ്രഹിക്കാതെ ജീവിതം കഴിച്ചു. ഇക്കാലമെല്ലാം ഒരുവിധത്തിൽ പാഴായിപ്പോയെന്നു പറയാം. അതിനാൽ, ഇനിയുള്ള ചുരുങ്ങിയ കാലംകൊണ്ട് ഞാൻ വല്ലതും സമ്പാദിക്കണ്ടേ? എന്നെ സത്യവഴി കാണി ച്ചുതന്ന യേശുമിശിഹായുടെ സ്ഥാനപതികളായ ആ അച്ചന്മാ ക്കുവേണ്ടി ഞാൻ വല്ലതും ചെയ്യേണ്ടതു എൻെറ കടമയാണെ ന്നും, അവക്കുവേണ്ടി ഞാൻ ചെയ്യുന്ന ഏററം നിസ്സാരമായ സം ഗതിക്കുംകൂടെയും തക്ക സമ്മാനം പരലോകത്തിൽ എനിക്കു കിട്ടുമെന്നുമാണ് എൻെറ വിശ്വാസം. അതുകൊണ്ടു, ഇങ്ങ നെ ചെയ്യുന്നതിൽ അച്ചന്മാർ എന്നെ തടയരുതെന്നാണ് എൻെറ അപേക്ഷ.

X X X X X

മി. കോരുതു കത്തോലിക്കാസഭയിൽ പ്രവേശിച്ചിട്ട് കുറെ കാലങ്ങളായിട്ടും കുടുംബാംഗങ്ങൾ അതിൽ പ്രവേശിക്കാ തെ നിൽക്കുന്നതു എന്തുകൊണ്ടാണെന്നും, അവരോടു ഒന്നും പറ യുന്നില്ലയോ എന്നും ചോദിച്ചിരുന്നവക്കു വൃദ്ധൻ കൊടുത്തിരു ന്ന മറുപടി ഇതാണ്.

''ഞാൻ സത്യം ഗ്രഹിച്ചു മാത്രമാണ് കത്തോലിക്കനാ യിത്തീർന്നതെന്നു അവക്കറിയാം. ഞാൻ നിർബന്ധമായി പറഞ്ഞാൽ അവരും സഭയിൽ പ്രവേശിച്ചേക്കും. പക്ഷേ, അങ്ങനെ ചെയ്യേണ്ടാവശ്യം ഞാൻ കാണുന്നില്ല. സ്വയം ബോ ദ്ധ്യം വന്നിട്ടു അവർ ചേരട്ടെ എന്നാണ് ഞാൻ വിചാരിക്കുന്ന തു്. സഭയെ സംബന്ധിച്ചു ഞാൻ അവരോടു പറയുന്നതിനും



ഫാ. ഗ്രീഗറി നീരാക്കൽ
[പുനരൈക്യ മർമ്മജ്ഞൻ]



സുവിശേഷത്തിൻെറ പുത്തൻവെളിച്ചത്തിൽ

പുറമേ, സഭാനടപടികൾ അനുസരിച്ചു ജീവിക്കാനും ഞാൻ ശ്രമിച്ചുവരുന്നു. എന്റെ ജീവിതം കണ്ടിട്ടു അവർ വേണ്ടതു ചെയ്തുകൊള്ളട്ടെ എന്നാണു് ഞാൻ വെച്ചിരിക്കുന്നതു് അവക്കു വേണ്ടി ഞാൻ നിരന്തരം പ്രാത്ഥിക്കുന്നുമുണ്ടു്.

ഈ മനഃസ്ഥിതിയുടെ ഫലമായി മി. കോരുതിന്റെ വൃദ്ധയായ ഭാര്യ ബഥനിപ്രസ്ഥാനത്തിന്റെ ആവിർഭാവത്തോടെ സഭയിൽ പ്രവേശിക്കുകയും, 1934-ൽ മരണം പ്രാപിക്കുകയും ചെയ്തു ഇരു പുത്രന്മാരിൽ ഒരു മാത്തോമ്യനായിരുന്ന ഇളയപുത്രൻ മി. സി.കെ, കോശി കുടുംബസഹിതം മററു ചില ആളുകളോടുംകൂടെ വൃദ്ധന്റെ ശവസംസ്കാരദിവസം തന്നെ, 1936-ലും, യാക്കോബ്യനായിരുന്ന മൂത്ത പുത്രൻ മി. സി.കെ. തോമ്മസും കുടുംബവും 1942-ലും കത്തോലിക്കാസഭയിൽ ചേരുകയുണ്ടായി.

# APPENDIX

## I അന്ത്യോക്യൻ റീത്തിനു വേണ്ടി 1924-ൽ ശ്ലൈഹിക സന്ദർശകനായി ഇന്ത്യയിലേക്കു വന്നിരുന്ന ലപ്പീസ്യേ തിരുമേനിക്കു ഫാ. ഗ്രിഗരി നിരാക്കൽ സി.എം.ഐ. യും, സഹപ്രവർത്തകരും സമർപ്പിച്ച അപേക്ഷയും, അതിനുള്ള മറുപടിയും.

To

His Excellency,
The Most Rev. A. H. M. Lepicier, O. S. M,
Visitor Apostolic to India,
Bishop's House, Olikara, Quilon

വിഷയം :— യാക്കോബായക്കാരുടെ ഇടയിലെ മിഷൻ പ്രവർത്തനം

അഭിവന്ദ്യ പിതാവേ,

ഈ കൊല്ലം രൂപതയിൽ ഇത്തരത്തിലുള്ള ഏക പ്രസ്ഥാനമായ ഞങ്ങളുടെ ഈ മിഷനെപ്പററി അറിയുന്നതു അവിടുത്തേക്കു സന്തോഷകരമായിരിക്കും എന്നുള്ള പൂർണ്ണ പ്രതീക്ഷയോടെ കീഴെ പറയുന്ന കാര്യങ്ങളിലേക്കു അങ്ങയുടെ ദയാദൃഷ്ടി പതിക്കണമെന്നു സവിനയം അപേക്ഷിക്കുന്നു.

ഒരു സുറിയാനി കർമ്മലീത്താ വൈദികനായ എന്നെ കൊട്ടാരക്കരവെച്ചും കൊല്ലത്തുവെച്ചും അവിടുന്നു കണ്ടതാണു്. നമ്മുടെ ഭിന്ന സഹോദരങ്ങളായ യാക്കോബായക്കാരുടെ പുനരൈക്യാർത്ഥം പ്രയത്നിക്കുന്നതിനുവേണ്ടി അഭിവന്ദ്യ ബൻസിഗർ മെത്രാനച്ചൻ ആവശ്യപ്പെട്ട പ്രകാരം എൻെറ മേലധികാരികൾ എന്നെ ഈ കൊല്ലം രൂപതയിലേക്കു അയച്ചിരിക്കുകയാണു്. ഒരു സഹസന്യാസ വൈദികനുമൊന്നിച്ചു ഞാനി

വിടെ ജോലിചെയ്യാൻ തുടങ്ങിയിട്ട മൂന്നു കൊല്ലമായി. രൂപതാദ്ധ്യക്ഷന്റെ നിർദ്ദേശമനുസരിച്ച് ദിനംതോറും നാനാസ്ഥലങ്ങളിൽ പുററിസ്സഞ്ചരിച്ച് ജനങ്ങളും സ്ഥലങ്ങളുമായി പരിചയപ്പെടുകയും, യാത്രാവേളയിൽ കണ്ടുമുട്ടുന്നവരോടും, ഇടയ്ക്കൊക്കെ ഞങ്ങളുടെ വസതിയിൽ വരുന്നവരോടും നമ്മുടെ വിശുദ്ധമതത്തെപ്പററി സംസാരിക്കുകയും ചെയ്യുക എന്നിതാണ് ഞങ്ങളുടെ പ്രവർത്തന പരിപാടി ഇതത്ര ഫലപ്രദമായ ഒരു മാർഗ്ഗമാണെന്ന് തോന്നുന്നില്ല. ഈ മുറയനുസരിച്ചു പ്രവർത്തിച്ചതിന്റെ ഫലമായി ഈ മൂന്നുകൊല്ലത്തിനകം ചുരുക്കം ചിലരെ, കഷ്ടിച്ച് അരഡസൻ പേരെ മാത്രമേ, പുനരൈക്യപ്പെടുത്താൻ ഞങ്ങൾക്കു സാധിച്ചിട്ടുള്ളു.

ഞങ്ങളുമായി കണ്ടുമുട്ടുന്ന യാക്കോബായക്കാരോടു നമ്മുടെ മതത്തെപ്പററി ഞങ്ങൾ പറയുന്നവയെല്ലാം ശരിയെന്നു അവർ മിക്കവരും സമ്മതിക്കുമെങ്കിലും, അവർ ആത്മാർത്ഥതയില്ലാതെ അവരുടെ പഴയ വഴിയേതന്നെ പോകുന്നതായിട്ടാണ് കാണുന്നതു്. അവരുടെയിടയിൽ മതത്തെപ്പററി ഗൌരവമായി ചിന്തിക്കുന്നവർ ചുരുക്കമത്രെ മതം ഏതായാലും അതൊരു ക്രിസ്തുമതം ആയിരിക്കുന്നപക്ഷം നിത്യരക്ഷാപ്രാപ്തിക്കു അതു മതി എന്നൊരു ധാരണയാണ് അവരിൽ മിക്കവക്കും ഉള്ളതു്. ഒരു നൂറിൽപരം കൊല്ലത്തെ പ്രോട്ടസ്റ്റന്റുകാരുമായുള്ള അവരുടെ സംസർഗ്ഗത്തിന്റെ ഫലമാണിതു്. അതിനാൽ, ഞങ്ങളുടെ ഇപ്പോഴത്തെ പദ്ധതിയനുസരിച്ചുതന്നെ ജോലി തുടരുന്നപക്ഷം അടുത്ത ഭാവിയിലെങ്ങും അവരുടെ പുനരൈക്യകാര്യത്തിൽ വലിയ പ്രതീക്ഷയ്ക്കൊന്നും വഴി കാണുന്നില്ല. ഇതുവരെയുള്ള ഞങ്ങളുടെ മിഷൻ പ്രവർത്തനം ഒരു പരാജയമാണെന്നത്രെ തോന്നിപ്പോകുന്നതു്.

ഈ സാഹചര്യത്തിൽ, കീഴെ പറയുന്ന പദ്ധതി കൂടുതൽ ഫലദായകമായിരിക്കുമെന്നു തോന്നുന്നു. സിറിയായിൽ ശുദ്ധസുറിയാനി (Pure Syrian) കത്തോലിക്കർ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന തങ്ങളുടെയും സ്വന്തമായ അന്ത്യോക്യൻ റീത്തു അനുവദിച്ചുകിട്ടുന്നപക്ഷം തങ്ങളുടെ സ്വാധീനത്തിലുള്ള കുറെ കുടുംബങ്ങളോടുകൂടെ ഉടൻതന്നെ കത്തോലിക്കാസഭയിൽ ചേരുന്നതിന് തയ്യാറാണെന്നു ആത്മാർത്ഥമായി പറയുകയും പുനരൈക്യത്തിനുവേണ്ടി ശ്രമിക്കുകയും ചെയ്യുന്ന ചില യാക്കോബായ വൈദികർ ഇവിടങ്ങളിൽ ഉള്ളതായി എനിക്കറിയാം. സ്വന്തറീത്തും ക്രമങ്ങളും ഉടനടി മാററി സീറോ മലബാർ റീത്തു സ്വീകരിക്കുന്ന കാര്യം പ്രയാസമാണെന്നത്രെ അവർ പറയുന്നതു്. ഇക്കാര്യം സംബന്ധിച്ച് സമുദായ പ്രമുഖനായ ഒരു

യാക്കോബായ വൈദികൻ എറണാകുളത്തുവെച്ച് അങ്ങയെ കണ്ടു സംസാരിച്ചതായും അറിയുന്നു. ചില പൌരസ്ത്യറീത്തു കാർ അല്പമാത്രമായ അവരുടെ വിശ്വാസത്തെക്കാൾ സ്വന്ത റീത്തിനെ കൂടുതൽ കാര്യമായി ഗണിക്കുന്നവരാണെന്നു് അവി ടത്തേയ്ക്കും അറിയാമല്ലൊ.

ഇവരുടെ മദ്ധ്യേ വസിച്ചുകൊണ്ടുള്ള എന്റെ അനുഭവ ത്തിൽനിന്നും ഇവരുടെ പുനരൈക്യത്തിനുള്ള ഒരു മാർഗ്ഗം—എന്നു വേണ്ടാ ഇവരുടെ കൂട്ടമായുള്ള സഭാ പ്രവേശനത്തിനുള്ള ഏക മാർഗ്ഗം—ഇതായിരിക്കുമെന്നാണു് എനിക്കു തോന്നുന്നതു്. കേര ളത്തിന്റെ ഇതരഭാഗങ്ങളിൽ പുനരൈക്യത്തിനായി ജോലി ചെയ്യുകൊണ്ടിരിക്കുന്ന രണ്ടു മൂന്നു വൈദികരുടെ അഭിപ്രായവും ഇതുതന്നെയാണെന്നറിയാം. ഇക്കഴിഞ്ഞ രണ്ടുമൂന്നു കൊല്ല ങ്ങൾക്കിടയിൽ എഴുപതെമ്പതു കുടുംബക്കാരോടുകൂടെ മൂന്നു നാലു വൈദികരെ യാക്കോബായ സഭയിൽനിന്നും കത്തോ ലിക്ക സഭയിൽ ചേർക്കുന്നതിനു കോട്ടയം മെത്രാനച്ചനു സാ ധിച്ചിട്ടുണ്ടു്. അദ്ദേഹത്തിനു സിദ്ധിച്ച ഈ വലിയ നേട്ടത്തി നുണ്ടായ കാരണം, അദ്ദേഹത്തിന്റെ അധികാര സീമയിൽ ഉൾപ്പെട്ടിരുന്നവർക്കു് അവരുടെ റീത്തു അനുവദിച്ചു കൊടുത്ത താണു്. എന്നാൽ, യാക്കോബക്കാരിൽ ഒരു പ്രധാനഭാഗം ഞങ്ങൾ ജോലിചെയ്യുന്ന കൊല്ലം രൂപതാതൃത്തിയിലാണു് വസിക്കുന്നതു്. കൊല്ലം മെത്രനായ ബൻസിഗർ തിരു മേനിയാകട്ടെ, ഏതോ കാരണങ്ങളാൽ, തന്റെ രൂപത യിൽ ഇങ്ങനെ ഒരു റീത്തിനു പ്രവേശനം നൽകുന്ന കാര്യത്തിൽ തീർത്തും എതിരാണു്. തന്നിമിത്തം, ചില യാക്കോബായ വൈദികർ ഇവിടെ വിസ്മയ പൂർവ്വം എറന്നാടു ചോദിക്കുന്നു: ''ഇതെന്തു്? നിങ്ങളുടെ ഒരു മെത്രാൻ – കോട്ടയം മെത്രാൻ– തന്റെ അധികാര സീമയ്ക്കകത്തുള്ള ഏതൊരു യാക്കോബായ വൈദികനും കത്തോലിക്കാ സഭയിൽ ചേരുമ്പോൾ ഉദാര മായി റീത്തനുവദിച്ചു കൊടുക്കുന്നു. അതേ സമയം നിങ്ങ ളുടെ മറെറാരു മെത്രാൻ—കൊല്ലം മെത്രാൻ—അതിനു കടകവിരു ദ്ധമായും നില്ക്കുന്നു. ഇതു എന്തുകൊണ്ടു്?''

യാക്കോബായ സഭയിൽനിന്നും പൂർണ്ണ ബോദ്ധ്യത്തോടെ അങ്ങമിങ്ങും ഒന്നും ഒററയുമായി കത്തോലിക്കസഭയിൽ ചേരു ന്നവർ അനുഭവിക്കുന്ന സാമൂഹ്യ വിഷമതകൾ തന്നെ അവർ ണ്ണനീയങ്ങളാണു്. ഒരു ഉദാഹരണം പറയാം. നവമായി സഭയിൽ ചേർന്നിട്ടുള്ള ചില യുവതീ യുവാക്കന്മാർ വിവാഹ പ്രായം കഴിഞ്ഞെങ്കിലും അവിവാഹിതരായി കഴിയുന്നതായി എനിക്കറിയാം. തക്കതായൊരു സഹചാരിയെ കിട്ടാനുള്ള

പ്രയാസമാണ് ഇതിന്നു കാരണം. വിദ്വേഷം മൂലം യാക്കോബായക്കാർ അതിന്നു വഴിപ്പെടുകയില്ല. ലത്തീൻ കത്തോലിക്കരെ അധഃകൃതരായി അവർ പരിഗണിക്കുന്നതിനാൽ അവരുമായുള്ള ബന്ധുതകൾ സാമാന്യമായി അവർ ആവശ്യപ്പെടുകയില്ല. ഇനി, പഴയ സുറിയാനി കത്തോലിക്കരാണെങ്കിൽ, മിക്കവാറും വിദൂരത്തിലും യാക്കോബായക്കാരുടെ മദ്ധ്യത്തിലും വസിക്കുന്ന പുതുകത്തോലിക്കരായ ഇവർക്കു് തങ്ങളുടെ പെൺകുട്ടികളെ വിവാഹത്തിന്നു നൽകുന്നതിൽ സാമാന്യമായി വിമുഖരുമാണ്.

ഇതും ഇതിന്നു സമാനമായ ഇതര വൈഷമ്യങ്ങളും നീങ്ങിക്കിട്ടണമെങ്കിൽ പുനരൈക്യപ്പെടുന്നവരുടെ സംഖ്യ വർദ്ധിച്ചേമതിയാവൂ. അതിനാകട്ടെ തല്ക്കാലത്തേയ്ക്കെങ്കിലും അവരുടെ റീത്തു അനുവദിച്ചുകൊടുക്കുന്നതാണു് ഏകമാർഗ്ഗമായി എനിക്കു തോന്നുന്നതു്. വിശിഷ്യാ, ഇപ്പോൾ റീത്താവശ്യപ്പെട്ടുകൊണ്ടിരിക്കുന്നവരെപ്പോലുള്ളവരിൽ നിന്നും ജനസ്വാധീനമുള്ള ചില യാക്കോബായ വൈദികർ സഭാപ്രവേശന ശേഷം ഞങ്ങളോടു സഹകരിച്ചുകൊണ്ടു് സ്വജനങ്ങളുടെ പുനരൈക്യത്തിന്നു വേണ്ടി യത്നിക്കാത്ത പക്ഷം ഞങ്ങളുടെ പരിശ്രമങ്ങൾ കൊണ്ടു് വലിയ ഫലമൊന്നുമുണ്ടാകയില്ലെന്നാണു സ്വാനുഭവത്തിൽ നിന്നും തോന്നുന്നതു്. മാത്രമല്ല, താദൃശമായ ഒരു സഹകരണം കൂടാതെ ഞങ്ങൾക്കു അപരിചിതമായ ഈ പ്രദേശങ്ങളിൽ ഞങ്ങൾ കൂടുതൽ ക്ലേശങ്ങൾ, അതും വലിയ ഫലമൊന്നുമില്ലാതെ, സഹിക്കേണ്ടതായും വരും. ഈ കാരണങ്ങളാൽ, അവർക്കു റീത്തു് അനുവദിച്ചുകൊടുക്കേണ്ടതാണു്.

അതുകൊണ്ടു്, എവിടെയെങ്കിലും നമ്മുടെ സഭയിൽ ചേരുന്ന ഏതൊരു യാക്കോബായ വൈദികനും, അവർ ഉപയോഗിച്ചുവരുന്ന റീത്തുതന്നെ, അതിൽ എന്തെങ്കിലും വിശ്വാസപിശകു് ഉണ്ടെങ്കിൽ അതു തിരുത്തിയ ശേഷം, ഉപയോഗിക്കുന്നതിന്നു അനുവദിക്കുകയോ, അതിന്നുള്ള അനുവാദം അവിടുന്നു വാങ്ങിച്ചുകൊടുക്കുകയോ, ചെയ്യണമെന്നു വിനയപൂർവ്വം അപേക്ഷിക്കുന്നു. അവ്വിധമുള്ള ഒന്നു സിറിയായിലെ കത്തോലിക്കാ അന്ത്യോക്യൻ റീത്തുപോലെ തന്നെ ആയിരിക്കുമല്ലൊ. സ്വതേ തടസ്സമൊന്നുമില്ലാത്തതും, നമ്മുടെ സഭാമാതാവിൻെറ വിശാലമനസ്ഥിതിക്കും അനുരൂപിക്കും യോജിക്കുന്നതുമായ ഈ മാർഗ്ഗത്തിലൂടെ ഭിന്നസഹോദരങ്ങളിൽ ഒരു നല്ല എണ്ണം വി. പത്രോസിൻെറ തോണിയിലേക്കു വരുന്നതായാൽ, അതു നിശ്ചയമായും ദൈവസ്തുതിയുടെ വർദ്ധനവിന്നു ഉപകരിക്കുന്നതും ഞങ്ങളുടെ പ്രിയപ്പെട്ട ഭാരതത്തിലേക്കുള്ള അങ്ങയുടെ

സന്ദർശനത്തിന്റെ ഒരു ശാശ്വത സ്മാരകമായി ഇരിക്കുന്നതു മാണല്ലോ. ഇതത്രെ ഈ ആനുകൂല്യം അങ്ങയോടു അർത്ഥിക്കുന്നതിലുള്ള എന്റെ ഉദ്ദേശ്യം.

ഇക്കാര്യങ്ങളെപ്പററിയും, യാക്കോബായക്കാരുടെ ഇടയിലെ ഞങ്ങളുടെ പ്രവർത്തനങ്ങളെപ്പററിയും അങ്ങയെ നേരിട്ടു കണ്ടു സംസാരിക്കുന്നതിനായി കഴിഞ്ഞ 11-ാം തീയതി ഞാൻ കൊല്ലത്തെ മെത്രാസന അരമനയിൽ വന്നിരുന്നെങ്കിലും അങ്ങയോടു സംസാരിക്കുന്നതിനുള്ള ഒരവസരം എനിക്കു കിട്ടിയില്ല അതിനാലാണു് അവിടെനിന്നും മടങ്ങിയെത്തിയ ശേഷം അങ്ങയുടെ ദയാപരമായ ചിന്തനത്തിനായി ഞാൻ ഇത്രയും എഴുതി അയയ്ക്കുന്നതു്.

അടുത്തുവരുന്ന ക്രിസ്തുസിന്റെയും നവവത്സരത്തിന്റെയും മംഗളങ്ങറം ആശംസിച്ചുകൊണ്ടും ഞങ്ങറംക്കും നമ്മുടെ പരിശുദ്ധ അമ്മയുടെ ഭക്തരായ യാക്കോബായക്കാരുടെ ഇടയിലെ ഞങ്ങളുടെ മിഷൻ പ്രവർത്തനങ്ങറംക്കും അങ്ങയുടെ പൈതൃകമായ ആശിസ്സു അപേക്ഷിച്ചുകൊണ്ടും വിരമിക്കുന്നു.

എന്നു മിശിഹായിൽ ഏററം വിനീത പുത്രൻ,

(Sd) Fr. Gregory, C. D.

(വിവർത്തനം)

Catholic Mission House,
Kottarakara P. O.
21-12-'24.

ഈ അപേക്ഷയ്ക്കു് ഉടനെ ലഭിച്ച
മറുപടിസന്ദേശം.

J. M. J.

Quilon, 23-XII-'24.

Dear Rev Father,

I was sorry not to have been able to see you when you calld here. However, I read carefully your communication and I shall not omit to apprise the Sacred Oriental Congregation of your proposal. Meanwhile, you will continue praying and working for the good object you have in view, and for which I invoke upon you, dear father, the abundance of Divine blessings.

Yours Sincerely in Christ,

(Sd.) † Alexis Henry M. Lepicier O. S. M.,
Abp. of Tarsus & Visitor Ap. to India

To

The Rev Fr Gregory, C. D.
Catholic Mission House,
Kottarakara, P O

## II 1978 മുതൽ 81 വരെ മിഷൻ സെക്രട്ടറിയായിരുന്ന ബ്ര. കനീസിയൂസച്ചൻ 1980-ൽ നടത്തിയ മിഷൻ പര്യടനത്തിനു ശേഷം മിഷനറിമാർക്കെഴുതിയ കത്താണ് താഴെ ചേർത്തിരിക്കുന്നത്

**To my beloved brothers in the Missions,**

With a heart full of gratitude to you my dear brothers, I am writing to you, on my return from my one-month long visit to our missions in the North (Jan. 19 – Feb. 17, 1980), where I have had a unique experience of your exquisite charity and the wonderful hospitality of our sisters.

This visit gave me untold joy, rich material for deep reflection and fresh energy to be up and doing at this Central Secretariate for Evangelization.

### UNTOLD JOY

It was a matter of untold joy to me to see with my own eyes the realization of :

1) *the forecast of the Venerable Prelate* who directed our First Fathers in choosing their way of life with the question: "If the few elite like you withdraw into the wilderness for prayer who will be there to instruct the people in the world?" Today that Prelate as well as our Founding Fathers look upon our missions from heaven and thank God for that first inspiration;

2) *the expectations of our Congregation* which presented the very cream of her sons to be the leaders of our missionaries in the North - her beloved sons - now Bishops Januarius, Clemens, Paulinus, Gratian and Jonas;

3) *the dreams of our Prior Generals and Provincials* who prayerfully picked out the very ones the Master had foreseen for His work in the field;

4) *the dreams of our Founder-Father Kuriakose Elias* in founding convents in Kerala for the all-round formation of our girls, many of whom are now, among "the Brave Virgins" who turn out tremendous work in the "Vineyards" of the north; and finally.

5) *the prophecy of Fr. Lucius (senior)* who, 14 years ago, at a reception at Dharmaram, asserted with unflinching certianty, that I (then Prior General) would, before long, travel through our missions stretching right from the Himalayas to Kerala, visiting our brothers spread all over, from station to station.

## RICH MATERIAL FOR DEEP REFLECTION

The following are episodes of perennial edification which are already on the lips of many.

1) that of Bishop Januarius winning over with an intrepid look and serene words, the ring leader Francis who came to attack him with a stick, in his "cottage" at Balharshah.

2) that of Fr. Daniel Thottakkare winning over the first six families of Brahmapuri by his honesty and integrity of character,

3) that of Fr. Zacharias Moorkattil declining the offer for transfer from Navada where the previous night he had but a narrow escape from a bullet from a ruffian's gun, and

4) that of Bishop Gratian turning a formidable critic, by his Christ-like behaviour, into a worshipping friend who dedicated last January, the first number of his new journal to Bishop Gratian's Christmas message and to articles on Christ whose witness Bishop Gratian is.

Here follow just a few specimen from my recent collection:

I

The "Blessed Virgin of the Mahwah Tree" at Vetoonipally who drove away the evil one who had established his reign on the tree and around, "the Blessed Virgin of the Silvani Tree" who presides over the Silvani project with the inspiring leadership of Fr. Diego and co., Fr. Christian's "Supreme Pontificate" over the village "Poojaries" and the Cross set up by them on their traditional "Tree of Worship" the reign of the Sacred Heart in the recess of the Adivasi forest of Bastar and the Cross on the hill-top of Kanker, set up by Fr. Thomas Vadaparampil.

II

The beautifully painted churches at Bellampalli and Warur which offer wonderful catechetical aid to the neophites, the sweet melody of Bhajans from the lips of young Catholic boys and girls (more the 1200 of them) of the several Children's Homes of Chanda, who sing at the best of their voices and the height of their devotion, the marvellous effect of cultural programmes in local dialects, like dances, dramas and music concerts, arranged by Frs. A. Thaliaparampil, Michael Palamparampil and the group of our Regents at Sagar and Fr. L. F. Jose's, Cultural Centre which has become an attraction to the elite of Jamnagar and suburbs.

III

The youthful Postulant communities vibrant with joy and cheer, at Meerut (Bijnor), Pally (Jagdalpur), Sagar and Tukum (Chanda) getting themselves prepared for, and dreaming of heroic adventures for the Lord of the Harvest, the intrepid missionary in Bishop Clemens who with a limping leg travels about, visiting stations and presiding over functions with youthful energy, Fr. Joseph Savio Pattara who lavishes his

originality and initiative in the planning of schools for children and in relief projects for the poor and needy (Surendranagar -Morvi), Fr. M. S. Kandathil's marvellous ability to move easily with the poor and illiterate and to become their trusted friend so as to bring warm sunshine to the villagers of Gangaloor and the "Muni" in Fr Augustine Manjooran whose company gives you an experience of the zeal of Elija for the Lord God ot Sabbath.

## IV

The "Prayer Group" of Sionj under the leadership of Fr. J. Alengattukaran which thrills the villagers and their accredited "Guru" and transforms them into admirers of Christ and seekers of Christ-experience, the charming liturgical and paraliturgical prayer of Kothgaon, Karithgaon and Keskal that invite several of the villagers for daily prayers with Frs. Thomas Tharappel, Simon Joseph Puthukulangara, Bro. Joseph Incheri and co., Fr. Michael Purattukara's way of life as a "Guru" among the villagers, Dharsans of "Guruji Dominic (OSB) and "Girnar Devi" on the Girnar Hills and the Ashram building of Sr. Aquina and co., at Rajkot.

## V

The marvellous achievements of our missionarie in the short period eight years, at the cost of heroic adventures, at Kotdwara, Bijnor, Navada, Najibabad and Satpuli not to speak of the other nine stations of Bijnor which I could not visit, the Masterplan of Bishop jonas for the Mission of Raikot unanimously accepted by his missionaries, creative of wonderful attraction to every one concerned, "the man of prayer" in Bishop Paulinus, ever calm and serene, meeting undisturbed, the problems of the unique Adivasi Belt of Bastar, and silently scoring success after success in the name of the Lord, as also Bishop Jonas' ever-increasing Trust in the Sacred Heart of Jesus reaping its marvellous fruits day by day.

*N. B.* What one feels almost everywhere in the Missions of the North is a general allergy of the people to flesh -meat and in some particular areas, to certain forms of it.

## REFLECTIONS

My reflections on this and other rich material I have been able to collect from our Missions have confirmed me in my long-standing personal convictions which I wish to share with you.

1) In the actual historical situation of our Congregation, our formation cannot be considered complete unless one gets a fairly good experience of the life in the missions.

2) We have a tremendous lot to do in conscientizing ourselves and the public on our various mission challenges.

3) In acculturation programmes, primary importance has to be given to adoption of vegetarian food by us, at least while in the missions. I do admit it will be a heroic venture but I feel it is very important.

4) C. M. I.s with specialization in Theology, Sacred Scripture and Spiritual Theology should give priority to calls from our missions where our missionaries need up-dating and the enormous number of sisters (including Novices) look for Courses from the best authorities available in India.

5) Memoirs of each missionary and the chronicles of each mission station form the bulk of our Congregation's family wealth Hence the missionaries should find time to enrich our Congregation in this respect, even though they will hardly find time to afford to write memoirs and chronicles. They can be assured that correspondence of the kind will be kept as sacrosanct in the archives and will eventually form the source material for studies on our missions.

6) What the teeming millions of India seek above all is the "Darsan" the blessing and the guidance of genuine "Gurus".

## FRESH ENERGY

Now I am again at my desk with renewed energy and I am sending you a copy of the first number of the Mission Bulletin which I am sure you will like. I request you to pray for me and not to deny any help you can render me in my work, in the form of mission news, memoirs, new mission challenges, happy suggestions, recommendations etc.

With prayerful best wishes, sweet memories, humble gratitude,

Yours devotedly in Our Lord,

**Fr. Canisius, C. M. I.**
*Secretary for Evangelization.*

# III 'പൂർണ്ണോദയാ' മിഷൻ ഇൻസ്റ്റിട്യൂട്ട്-ഭോപ്പാൽ

ഭോപ്പാലിലെ മിഷൻ ഇൻസ്റ്റിട്യൂട്ട് ഉത്തരേന്ത്യയിലെ മിഷൻ പ്രവത്തനരംഗത്തു് ഒരു മുതല്ക്കൂട്ടാണു്. മിഷനെ സംബന്ധിച്ച ശാസ്ത്രീയവും, പ്രായോഗികവുമായ പരിജ്ഞാനവും പരിശീലനവും നൽകുകയാണു് ഈ ഇൻസ്റ്റിട്യൂട്ടിന്റെ ഉദ്ദേശം. 1977_78_ൽ സാഗാർ മിഷനിലാണു് ആരംഭിച്ചതു്. ധമ്മാരാമിൽ നിന്നെത്തിയ ഒന്നാം വർഷ ദൈവശാസ്ത്ര വിദ്യാത്ഥികൾ സാഗാർ മിഷനിലെ വിവിധ സ്റ്റേഷനുകളിൽ മിഷനറിമാരെ സഹായിച്ചും, സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ചും, വില്ലേജുകളിൽ താമസിച്ചും ഏതാനും മാസങ്ങൾ പരിശീലനപരിപാടികളിൽ സജീവമായി പങ്കെടുത്തു. തുടന്നു് ഭോപ്പാലിലുള്ള ററി.ററി. നഗറിൽ രണ്ടുമാസത്തോളം കോഴ്സുകൾ നടത്തി. ബ. ആന്റോ കാരോക്കാരൻ, ബ. തോമസ് കാടങ്കാവിൽ, ബ. ജോർജ് കുവക്കൽ എന്നീ അച്ചന്മാരാണു് പരിപാടികൾക്കു് നേതൃത്വം കൊടുത്തതു്.

'പൂർണ്ണോദയാ'യ്ക്കു സ്വന്തമായി കുറെ സ്ഥലവും കെട്ടിടവും ഉണ്ടാക്കുന്നതിനായുള്ള ശ്രമം ഇതിനിടെ നടത്തിവന്നിരുന്നതിന്റെ ഫലമായി ഭോപ്പാലിൽ ആനന്ദ് നഗറിനടുത്തു് ഏതാനും ഏക്കർ സ്ഥലം വാങ്ങി കെട്ടിടം പണിയുന്നതിനുള്ള നടപടികൾ ആരംഭിച്ചു. 1982-ൽ ഒരു ഭാഗം പൂത്തിയായതോടെ പൂർണ്ണോദയായുടെ പരിപാടികൾ പുതിയ കെട്ടിടത്തിലേക്കു് മാററി. പണികൾ പൂത്തിയായിവരുന്നു. 1985 ജനുവരിയിൽ പൂർണ്ണോദയാ പൂർണ്ണമായി പ്രവത്തനമാരംഭിക്കുന്നതോടെ സഭാംഗങ്ങളുടെ ഒരു ചിരകാലാഭിലാഷം ഫലമണിയുകയാണു്.

സി.എം.ഐ. സഭയിലെ മിഷനുകൾക്കായി 1983 ജൂലൈ മാസത്തിൽ പ്രവത്തനമാരംഭിച്ച തത്വശാസ്ത്ര സെമിനാരി (ദശ്നാ ഇൻസ്റ്റിട്യൂട്ട് ഓഫ് ഫിലോസഫി) യുടെ ക്ലാസ്സുകൾ ഇപ്പോൾ താൽക്കാലികമായി നടന്നുവരുന്നതു് പൂർണ്ണോദയായിൽ വച്ചാണു്. ദശ്നായുടെ പണി പൂത്തിയാകുന്നതോടെ സഭയുടെ പൊതുമിഷൻ ഡിപ്പാർട്ടുമെന്റിന്റെ ഉത്തരേന്ത്യൻ വിഭാഗം പൂർണ്ണോദയായിലേയ്ക്കു് മാററുന്നതിനു് തീരുമാനിച്ചിട്ടുണ്ടു്.

ഉത്തരേന്ത്യയിലെ വിവിധ മിഷൻ പ്രദേശങ്ങളിൽ സേവനമനുഷ്ഠിക്കുന്നവർക്ക് പൊതുവായും, സി.എം.ഐ. മിഷനറിമാരെ പ്രത്യേകമായും ഉദ്ദേശിച്ചുകൊണ്ടുള്ള ഈ മിഷൻ ഇൻസ്റ്റിട്യൂട്ടിനു വേണ്ടി ആരംഭം മുതലേ അധ്വാനിച്ച് അതിനു് രൂപഭാവം നൽകിവരുന്നതു് ബ. ആൻേറാ കാരോക്കാരനച്ചനാണ്. സി.എം.ഐ. സഭയിൽ ആദ്യമായി മിസ്സിയോളജിയിൽ ഡോക്ടറേററ് ബിരുദം നേടിയ അദ്ദേഹത്തിൻെറ നേതൃത്വത്തിൽ മിഷനെ സംബന്ധിച്ച ശാസ്ത്രീയവും പ്രായോഗികവുമായ പഠനത്തിനും, ഗവേഷണത്തിനും ഈ മിഷൻ ഇൻസ്റ്റിട്യൂട്ട് സഹായമാകുമെന്നു് പ്രതീക്ഷിക്കാം.

# IV കെനിയാമിഷൻ

1981 നവംബർ 11–ാം തിയതിയാണ് മിഷൻ പ്രവർത്തനത്തിനായി ബ. എഡ്‌വേർഡ് അച്ചൻ കെനിയായിൽ എത്തിയതു്. മച്ചാക്കോസ് രൂപതയിലെ കമ്പാ എന്ന സ്ഥലത്തുള്ള ഹൈസ്ക്കൂളിൽ അധ്യാപനവും മററു ചെറിയ മിഷൻ പ്രവർത്തനങ്ങളുമായി തുടങ്ങിവച്ച ആഫ്രിക്കയിലെ (കെനിയ) സി.എം.ഐ. പ്രേഷിത പ്രവർത്തനം 1983 ഏപ്രിൽ 10–ാം തിയതി ബ. ജോസ് കല്ലേലി അച്ചൻെറ ആഗമനത്തോടെ ഊർജ്ജസ്വലമായി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

തെക്കെ ഇന്ത്യയേക്കാൾ വലിപ്പമുള്ള കെനിയായിലെ ജനസംഖ്യ ഒരു കോടി എൺപതു ലക്ഷത്തോളം വരും. ഏകദേശം അമ്പതോളം വർഗ്ഗക്കാർ (Tribes) ഉണ്ട് കെനിയായിൽ. മലകളും താഴ്‌വരകളും നിറഞ്ഞ പ്രകൃതിരമണീയമായ അവിടത്തെ കാലാവസ്ഥ സുഖപ്രദമാണ്. നൈറോബിയാണു തലസ്ഥാനം. മററു പ്രധാന പട്ടണങ്ങൾ മൊംബാസോ, എൽദോരെററ്, കിസുമു, നാക്കുരു, കിത്താലെ, മച്ചാക്കോസ് എന്നിവയാണ്. ഇംഗ്ലീഷ് ഭാഷ ഔദ്യോകിക കാര്യങ്ങൾക്കായി ഉപയോഗിക്കുന്നു. സ്കൂളുകളിലും കോളേജുകളിലും ഇംഗ്ലീഷാണു മാധ്യമം. സ്വാഹിലിയാണു രാഷ്ട്രഭാഷ. കൂടാതെ ഓരോ വർഗ്ഗക്കാർക്കും അവരുടേതായ പ്രത്യേകഭാഷയുണ്ട്. ഏകദേശം എഴുപതിനായിരത്തോളം ഇന്ത്യാക്കാരുണ്ട് കെനിയായിൽ. ഭൂരിഭാഗവും വടക്കേ ഇന്ത്യാക്കാരാണ്. ഗുജറാത്തികളും, സിക്കുകാരും, മുസ്ലിമുകളും വലിയ ബിസിനസ്സുകാരാ

ണ്ട്. അവിടെയിവടെയായി ഏതാനും മലയാളികളും ജോലി ചെയ്യുന്നുണ്ട്; മലയാളികളിൽ ഭൂരിഭാഗവും അധ്യാപകരാണ്.

കത്തോലിക്കാസഭ കെനിയായിൽ ബീജാവാപം ചെയ്തിട്ട് എഴുപതുവർഷമേ ആയിട്ടുള്ളൂ. ഇന്നു 40 ലക്ഷത്തോളം കത്തോലിക്കരുണ്ട്. ഇനിയും ധാരാളംപേർ കത്തോലിക്കാസഭയിലേക്കു വന്നുകൊണ്ടിരിക്കുന്നു. 1982_ൽ തന്നെ പതിനാറായിരത്തോളംപേർ മാമ്മോദീസാ സ്വീകരിച്ചു. കെനിയായിൽ ഇപ്പോൾ 16 രൂപതകളുണ്ട്. വളരെ വിസ്തൃതങ്ങളാണ് അവ ഓരോന്നും. അഞ്ചുമെത്രാന്മാർ യൂറോപ്യരും ബാക്കിയുള്ളവർ ആഫ്രിക്കാക്കാരുമാണ്. ആഫ്രിക്കയിൽനിന്നുള്ള കർദ്ദിനാൾ, നൈറോബി അതിരൂപതയുടെ ചുമതല വഹിക്കുന്ന മാവുറിസ് ഒട്ടുംഗാ ഒരു ആഫ്രിക്കാക്കാരനാണ്.

സി. എം. ഐ അച്ചന്മാർ ജോലിചെയ്യുന്ന മച്ചാക്കോസ് രൂപതയുടെ മെത്രാൻ റൈററ്. റവ. ഉർബാനോസ് ജോസഫ് കിയ്ക്കോയാണ്. രണ്ടര ലക്ഷത്തോളം കത്തോലിക്കർ ഉണ്ട് അവിടെ. ആകെയുള്ള 56 വൈദികരിൽ 20 പേർ ആഫ്രിക്കാക്കാരും 6 പേർ ഇന്ത്യാക്കാരും ബാക്കി യൂറോപ്യരുമാണ്. ഇന്ത്യക്കാരിൽ 4 പേർ (2 സി. എം. ഐ. ഉൾപ്പെടെ) സുറിയാനിക്കാരായ മലയാളികളാണ്; എല്ലാവരും തന്നെ സന്ന്യാസ സഭാംഗങ്ങളുമാണ്. എട്ടു സന്ന്യാസ സഭകളിൽപെട്ട കന്യാസ്ത്രീകൾ അവിടെ ജോലി ചെയ്യുന്നുണ്ട്. അവരിൽ കേരളത്തിൽ നിന്നുള്ള St. Tresa's Sisters, Nirmala Dasikal എന്നിവരും ഉൾപ്പെടുന്നു, അവിടെതന്നെ രൂപംകൊണ്ട സഹോദരന്മാരുടെ ഒരു സഭയുമുണ്ട് മച്ചാക്കോസ് രൂപതയിൽ. Irish Holy Ghost സഭാംഗങ്ങളാണ് അവിടെ പ്രധാനമായും ജോലി ചെയ്തിട്ടുള്ളത്.

മച്ചാക്കോസിൽ കാംബാവർഗ്ഗക്കാരാണുള്ളത്. അവരുടെ ഭാഷ കിക്കാംബയാണ്. കിക്കാംബയും സ്വാഹിലിയും അറിഞ്ഞിരുന്നാൽ അവിടെ മിഷൻ പ്രവർത്തനത്തിന് എളുപ്പമുണ്ട്. ഈ ഭാഷകൾ പഠിക്കാൻ വലിയ പ്രയാസമില്ല; മിഷൻ ഇടവകയിൽ താമസിച്ചാൽ ആറുമാസംകൊണ്ടു ഭാഷ പഠിച്ച് നിഷ്പ്രയാസം കൈകാര്യം ചെയ്യാൻ സാധിക്കും—

ഭൂരിഭാഗം ആളുകളും പാവപ്പെട്ടവരാണ്. പാവപ്പെട്ട സാധാരണ ജനങ്ങൾ വൃത്തിയും വെടിപ്പും കുറവുള്ളവരാണ്. ധാർമ്മികമൂല്യങ്ങളെക്കുറിച്ചുള്ള അറിവ് നമ്മുടേതിൽനിന്നു വളരെ വ്യത്യസ്തമാണ്. പലതും തെററായിട്ടു കാണാൻ അവർക്കു കഴിയുന്നില്ല. കത്തോലിക്കർ പള്ളിയിൽ വരുന്നതിൽ ഉത്സുകരാണ്. എല്ലാ ഞായറാഴ്ചകളിലും കുർബ്ബാന കാണുവാൻ പലർക്കും സൗകര്യമില്ല. പള്ളികൾ കുറവാണ്, വളരെ ദൂരവുമുണ്ട്; വൈദികർ ചുരുക്കവും. പാട്ടിനോട് വലിയ താല്പര്യമാണ്. പള്ളിയിൽ എല്ലാവരും പാടുകയും പ്രാർത്ഥനകൾ ചൊല്ലുകയും പതിവാണ്. കർബ്ബാന കഴിഞ്ഞ് പല ഗ്രൂപ്പുകളായി തിരിഞ്ഞു വിവിധ വിഷയങ്ങളെക്കുറിച്ചു ചർച്ചചെയ്യും പഠിച്ചും രണ്ടു മൂന്നു മണിക്കൂർ ചിലവഴിച്ചശേഷമേ ജനങ്ങൾ പള്ളിയിൽനിന്നും മടങ്ങിപ്പോകൂ.

സംഘടിച്ച്, ആത്മാർത്ഥമായി പ്രവർത്തിച്ചാൽ ദൈവാനുഗ്രഹംകൊണ്ട് ഭൂരിഭാഗം ആളുകളേയും ക്രിസ്തുമതത്തിലേയ്ക്കു കൊണ്ടുവരാൻ സാധിക്കും. ഇപ്പോൾ കുറച്ച് എളുപ്പമാണ്. രാഷ്ട്രീയപരിതസ്ഥിതികളും അനുകൂലമാണ്. Irish Holy Ghost അച്ചന്മാരും മററു ഇടവകവൈദികരും ജനങ്ങളും വളരെയേറെ താല്പര്യത്തോടും സ്നേഹത്തോടുംകൂടെയാണു നമ്മെ സ്വീകരിക്കുന്നത്. കർദ്ദിനാൾ ഉൾപ്പടെ എല്ലാ മെത്രാന്മാരും നമ്മുടെ സേവനം ആവശ്യപ്പെട്ടിട്ടുണ്ട്. ഓരോവർഷവും ധാരാളം മാനസാന്തരം നടക്കുന്നുണ്ട്. പൊതുവെ മിഷൻപ്രവർത്തനത്തോടും മിഷനറിമാരോടും എതിർപ്പു കാണിച്ചിട്ടില്ല, എന്നല്ല വലിയ സഹകരണവും സ്നേഹവും ആണ് ലഭിക്കുന്നത്. കുറെനാൾ കഴിഞ്ഞാൽ സാഹചര്യങ്ങൾ വ്യത്യാസപ്പെട്ടു എന്നു വരാൻ പാടുണ്ട്. വിളഞ്ഞു കിടക്കുന്ന വയൽ; കൊയ്യാൻ അരിവാളുമായി ചെല്ലേണ്ട താമസംമാത്രം. നമ്മുടെ ഏതാനും സഹോദരങ്ങളുടെ ഒത്തൊരുമിച്ചുള്ള പരിശ്രമം കെനിയാ മുഴുവനും ഒരു ക്രിസ്തീയരാജ്യമാക്കിത്തീർക്കും.

''വയലുകൾ വിളഞ്ഞു പാകമായിക്കിടക്കുന്നു; എന്നാൽ കൊയ്ത്തുകാർ വളരെ ചുരുക്കമാണ്'' എന്നുള്ള നമ്മുടെ കർത്താവിന്റെ വാക്കുകൾ ഇന്ന് അന്വർത്ഥമായിരിക്കുകയാണ് കെനിയായിൽ.

# V ദർശന ഇൻസ്റ്റിട്യൂട്ട് ഓഫ് ഫിലോസഫി

മിഷൻ പ്രദേശങ്ങളിൽ ജോലി ചെയ്യാനുള്ള സഭാംഗങ്ങളെ പരിശീലിപ്പിക്കുവാൻ ഒരു പ്രത്യേകപഠനഗൃഹം ഉണ്ടാകണമെന്ന സഭയുടെ ചിരകാലാഭിലാഷം യാഥാർത്ഥ്യമാകുന്നതു് 1983 ജൂൺ 20-ാംനു- യാണു്. പ്രവർത്തിച്ചു തുടങ്ങുവാൻ സ്വന്തമായി ഒരു സ്ഥലം ഇല്ലാതിരുന്നതുകൊണ്ടു് ഭോപ്പാലിലെ പൂർണ്ണോദയാ മിഷൻ ഇൻസ്റ്റിട്യൂട്ട് ഒരു കൊല്ലത്തേയ്ക്കായി ദർശനയ്ക്കു വിട്ടുതരാമെന്നു് ബ. ജനറാളച്ചൻ സമ്മതിച്ചിരുന്നു. എങ്കിലും ജൂണായപ്പോഠം താമസസ്ഥലം അവിടെ സൗകര്യപ്പെടാഞ്ഞതിനാൽ പരിയാരത്തുള്ള നമ്മുടെ സാക്ഷാൽക്കാരയിൽ ക്ലാസ്സുകഠം ആരംഭിച്ചു.

സാഗാർ, രാജകോട്ടു്, ചാന്ദാ, ജഗദൽപൂർ, മൈസൂർ എന്നീ മിഷനിൽ നിന്നുള്ള 21 പേരാണു് ആദ്യ ബാച്ചിൽ ഉണ്ടായിരുന്നതു്. ബ. ജനറാളച്ചൻ വിദേശത്തു പോയിരുന്നതിനാൽ വികർ ജനറാൽ ബ. വിജയാനന്ദ് അനൗപചാരികമായി ദർശനയുടെ ഉൽഘാടനം നടത്തി. ഭോപ്പാലിൽ താമസ സൗകര്യം ഉണ്ടായപ്പോഠം ജൂലൈ 11-നു- പരിയാരത്തു നിന്നും അങ്ങോട്ടു പുറപ്പെട്ടു.

ദർശനയുടെ ഔപചാരികമായ ഉൽഘാടനം 1983 ആഗസ്റ്റ് 15-ാം തീയതി ഭോപ്പാലിലെ പൂർണ്ണോദയായിൽ വച്ചു്, ബ. ജനറാളച്ചൻ, ഫാ. തോമസ് ഐക്കരയുടെ സാന്നിദ്ധ്യത്തിൽ ഭോപ്പാൽ ആർച്ച് ബിഷപ്പ് യൂജിൻ ഡിസൂസാ നിർവഹിച്ചു. ആദ്യത്തെ സ്റ്റാഫ് അംഗങ്ങഠം ബ. തോമസ് കാടങ്കാവിൽ (റെക്ടർ), ജോർജ് ജോസഫ് ഓലിക്കൽ, റെയ്മണ്ടു് മഞ്ചേരിൽ (സ്പിരിച്ച്വൽ ഡയറക്ടർ), പ്രീമൂസ് ആലപ്പാട്ടു് (ഫിനാൻഷ്യൽ അഡ്മിനിസ്ട്രേറ്റർ) തോമസ് കൊച്ചുമുട്ടം (ഡീൻ) എന്നിവരായിരുന്നു.

മിഷൻ പ്രദേശത്തിൻെറ സാഹചര്യം കണക്കിലെടുത്തുകൊണ്ടു് ഗ്രാമീണ ഇൻഡ്യയെ സ്നേഹിക്കുകയും സേവിക്കുകയും ചെയ്യാൻ ഉതകുന്ന ഒരു പരിശീലനപദ്ധതിയാണു് ദർശന

ലക്ഷ്യം വച്ചതു്. ക്ലാസ്സുകളോടൊപ്പം ഗ്രാമസന്ദർശനവും പരിശീലനത്തിന്റെ ഒരു ഭാഗമാണു്.

പേരു സൂചിപ്പിക്കുന്നതുപോലെ ജീവിതത്തിലും പ്രവർത്തിയിലും ഈശ്വരദർശനം സ്വയമായും, മറ്റുള്ളവർക്കും സാദ്ധ്യമാക്കുകയാണു് ദർശനയുടെ അംഗീകൃതാദർശം. വിശുദ്ധിക്കായുള്ള സാധനതന്നെ ദൈവദർശനമാണെന്ന ബോദ്ധ്യം വളർത്തിയെടുക്കാൻ അതു് ശ്രമിക്കുന്നു.



# സി.എം.ഐ
# മിഷൻ
# അന്നും ഇന്നും

Indic Digital Archive Foundation
gpura.org